R

Gk
VI
22 cb

N12<511952317 021
R
UB Tübingen

H Gundert
Jan 1857

കൎണ്ണാടകത്തു മലയാളത്തു

ദെശങ്ങളിലും ഗൎമ്മാന്യബൊധകരാൽ

ഉണ്ടായ സുവിശെഷസഭകളിൽ

വായിച്ചുനടക്കുന്ന

പ്രാൎത്ഥനാസംഗ്രഹം

Prārtthanāsamgraha

Tellicherry

തലശ്ശെരിയിലെ ഛാപിതം

൧൮൫൭

1857

1.

UNIV. BIBL. TÜBINGEN
R
Glc VI 22 cb

മുഖവുര

പള്ളിപ്രാൎത്ഥനെക്കും സ്നാനം തിരുവത്താഴം മുതലായ സഭാക്രിയകൾക്കും മാത്രമായുള്ള പ്രാൎത്ഥന ചട്ടം വെണം എന്നെ നമ്മുടസംഘത്തിൽ ചെൎന്ന ബൊധകന്മാർ മിക്കവാറും ആഗ്രഹിച്ചിരിക്കുന്നു - സഭകളുടെ ഗ്രന്ഥീകരണ കാലത്തിൽ ഉണ്ടാക്കീട്ട അന്നു മുതല്ക്കുണ്ട ഉപയൊഗിച്ചുവരുന്ന പ്രാൎത്ഥനക്രമങ്ങളും നാം എല്ലാവരും ശ്ലാഘിച്ചും വരുന്നു - ഇരിക്കുന്ന സഭകളിൽ നടക്കുന്നതു കൂടാതെ ഗ്രാമങ്ങളിൽ പിന്നെയും പുതുതായി ചെൎന്നുവരുന്ന സഭകൾക്കു പ്രാൎത്ഥനയുടെ ഉപദെശവും നല്ല ദൃഷ്ടാന്തങ്ങളുടെ സംക്ഷെപവും ആവശ്യം എന്നു നമ്മുക്കു തൊന്നിയിരിക്കുന്നു - ഹൃദയത്തിൽ തൊന്നുമ്പൊലെ തന്റെ വാക്കുകളെ കൊണ്ടു പ്രാൎത്ഥിക്കുന്നതു സംശയം കൂടാതെ നല്ലതും പ്രയൊജനവും ഉള്ളതു എങ്കിലും - എഴുതിവെച്ചുക്രമത്തെ അനുസരിച്ചു പ്രാൎത്ഥിക്കുന്നതും ദൈവസ്തുതിക്കായും നല്ലശക്തിയൊടും ഫലത്തൊടും നടക്കുന്നു എന്നു പണ്ടും എല്ലാ സമയത്തും ദൈവപുരുഷന്മാരിൽ പഴക്കം ഏറെ ഉള്ളവർ കണ്ടിരിക്കുന്നു -

ആകകൊണ്ടു കൎത്താവിൽ നമ്മെ നടത്തുന്ന സംഘക്കാർ നമ്മിൽ മൂവരെ നിയൊഗിച്ചു നമ്മുടെ സഭകളുടെ ഉപകാരത്തിന്നായി ഒരു പ്രാൎത്ഥനാസംഗ്രഹം ചമെക്കെണം എന്നു കല്പിച്ചിരിക്കുന്നു - നമ്മെ നടത്തുന്നവരും അവർ അയച്ചവരും വെവ്വെറെ സഭകളിൽ ഉത്ഭവിച്ചുവരുന്നവരും പുറജാതികളിൽ സുവിശെഷവ്യാപനത്തിന്നായി ഒരുമിച്ചു കൂടി അദ്ധ്വാനിക്കുന്നവരും ആകയാൽ - ഒരൊരൊ സഭകളിൽ നടക്കുന്ന അതത വിശ്വാസപ്രമാണങ്ങളെയും നാനാവിധാചാരങ്ങളെയും ഈ രാജ്യക്കാരിൽ മാത്രമായി നടത്തുവാൻ മനസ്സു തൊന്നീട്ടില്ല - എങ്കിലും ഈ രാജ്യത്തിൽ നമ്മുടെ ശുശ്രൂഷയാൽ ചെൎന്നുവന്ന സഭകൾ പ്രാൎത്ഥനകളിലും ആരാധനകളിലും ഒന്നിച്ചുകൂടുക

ഴിയുന്നെടത്തൊളം ഏകാചാരത്തൊടെ ക്രമിച്ചു നടന്നു സ്നെഹത്തി
ൽ ഒരുമനപ്പെട്ടിരിക്കെണ്ടതിന്നു നാനാസഭക്കാരായ പലസഭജ്ജ
നങ്ങളുടെ പ്രാൎത്ഥനകളിൽ നിന്നും സാരമുള്ളവ ചെൎപ്പാൻ നിശ്ചയി
ച്ചിരിക്കുന്നു — സകല വ്യാഖ്യാനങ്ങളിലും ഉപദെശങ്ങളിലും ഐകമത്യം
വരെണമെന്നാത്താത്പൎയ്യമല്ലും ദെവാരാധനയിൽ നല്ലൊരു മൎയ്യാദയെ
പാലിക്കുന്ന ക്രിസ്തന്റെ ജീവനുള്ള അവയവങ്ങൾക്കു കഴിയാത്ത
തല്ലല്ലൊ — അത്രയല്ല പ്രാൎത്ഥനാസംഗ്രഹം എഴുതിക്കൊടുത്താലും ഹൃ
ദയപ്രാൎത്ഥനകൾക്കു നിരക്കെണ്ടതല്ലൊ സ്തൊത്രയാചനകളിലും അവ
രവരുടെ സ്വാതന്ത്ര്യത്തിന്നു മുടക്കം വരെണ്ടതും അല്ല എന്നുള്ളതും ക്രു
ഷൈത്രറന്നു ചൊല്ലുന്നു — ഇതിൽ വായിക്കുന്നതിനെക്കാൾ വാചകത്തി
ലും ഭാഷയിലും മാത്രമല്ല അൎത്ഥത്തിലും സാരം ഏറെ ഉള്ളതുകൾക്ക
താന്നിയാലും കൂടക്കൂടെ ഈ പുസ്തകം പ്രയൊഗിക്കാതെ അവരെ സ്ഥ
ക്കുത്തക്കവണ്ണം പ്രാൎത്ഥിപ്പാൻ മനസ്സുമുട്ടിയാലും ഇഷ്ടം പൊലെ ചെയ്തു
കൊള്ളു — സ്നാനം അത്താഴം ഇവരങ്ങിൽ നടക്കെണ്ടും മൂലവാക്യങ്ങ
ളെമാത്രം എല്ലാടവും ഒരു പൊലെ ചൊല്ലെണ്ടതു — എങ്ങനെ എന്നായാ
ലും ഇതു തെറ്റില്ലാത്തതും എല്ലാഴും മാറാതെ പ്രയൊഗിക്കെണ്ടു
ന്നതുമായ സ്ഥിരപ്രമാണം എന്നല്ല ഇപ്പൊൾ വരിക്കയെ ചെല്ലു ദൈവാ
നുഗ്രഹം ഉണ്ടായാൽ മെല്ലമെൽ എഴുതിച്ചു സമാപ്തി വരുത്തെണ്ടുന്ന
തത്രെ. എന്നു വെച്ചു സഭക്കാൎക്കു ഏല്പിച്ചുകൊടുക്കുന്നതു —

ഇതിന്നു ജ്ഞാനികളെ അനുസരിച്ചു സംഗ്രഹത്തെ ചമെപ്പാൻ
നിയുക്തരായവർ സ്വയമായിട്ടൊന്നും തീൎക്കാതെ ഗൎമ്മാന്യ ആദിസഭ
കളിൽ നടപ്പുള്ള പ്രാൎത്ഥനകളിൽ നിന്നു തെരിഞ്ഞവ തെരിഞ്ഞെടു
ത്തും ചെൎത്തും ഇരിക്കുന്നു — ഇന്ന പ്രാൎത്ഥന ഇന്ന പള്ളിപുസ്തകത്തി
ൽ നിന്നു എടുത്തിരിക്കുന്നു എന്ന് അതതിന്റെ അവസാനത്തിൽ അക്ഷരങ്ങളാൽ
കുറിച്ചു കാണുന്നു — പ്രാൎത്ഥനകളും സ്തൊത്രങ്ങളും അല്ലാതെ നിത്യം വാ
യിക്കെണ്ടും സുവിശെഷലെഖനഖണ്ഡങ്ങളും കൎത്താവിന്റെ കല്പ്പാ

നദവചരിത്രവും വെദപാഠങ്ങളുടെ ക്രമവും ചെൎത്തിരിക്കുന്നു — സ്വീകരണത്തിന്നുള്ള ഉപദെശം ഷില്നസ്ഥസഭക്കളിൽ നടക്കുന്നതിൽനിന്ന് അല്പം സംക്ഷെപിച്ചിട്ടുള്ളത — മാനംഷാമായുണ്ടായിട്ടുള്ളതിനെ വായിച്ചു കെൾക്കുന്നതിനാൽ അനെകം ഹൃദയങ്ങൾക്ക ഉൎണ്ണനുഗ്രഹം ഉണ്ടാകെണം എന്നും സഭയുടെ കൎത്താവൊട പ്രാൎത്ഥിച്ചു കൊണ്ടു ഇതിനെ കൂട്ടവെലക്കാരുടെ സഭകൾക്കും സമ്മാനിച്ചു കൊടുക്കുന്നു —

പ്രാൎത്ഥനാസംഗ്രഹത്തെ

രചിച്ചാൻ തെയ്യുത്താരായിരുന്നവർ

മൂലഗ്രന്ഥങ്ങളെ കുറിക്കുന്ന

അക്ഷരങ്ങളായിതു.

1.	ae	Agende f. evang. kirchen
2.	aw	Alt würtemberg. k. buch
3.	bn	Bern. k. Gebete
4.	br	Braunschweig. k. Ordnung
5.	bs	Basler k. Gebete
6.	cp	Commonprayer
7.	hs	Heſs. k. Ag
8.	lu	Luther
9.	oest	Oestreich. k. Ag.
10.	sfh	Schaffhausen k G
11.	sl	Schleswig k.
12.	stb	Strasburg k B.
13.	std	Stadische k. O.
14.	u	Ulmer k. O.
15.	ub	United Brethren's Liturgy
16.	w	Würtemb. k. Buch

അടക്കം

ഭാഗം

ഒന്നാം അംശം

സഭാ പ്രാൎത്ഥനകൾ

I. കൎത്താവിൻ ഞായറിൽ ഉച്ചെക്കു മുമ്പെയുള്ള പ്രാൎത്ഥന. - - - - - - - - - - - - - ൧

II. കൎത്താവിൻ ഞായറാഴ്ച ഉച്ചയിൽ പിന്നെയുള്ള പ്രാൎത്ഥന - - - - - - - - - - - - - ൧൭

III. ബാലൊപദെശം - - - - - - - - - - - - - ൨൰

A a. ഒരൊ ഞായറാഴ്ച പ്രാൎത്ഥനകൾ - - - - - - - - ൨൰൪

b, ഉത്സവപ്രാൎത്ഥനകൾ - - - - - - - - - - - ൨൰൮

B. വിശെഷപ്രാൎത്ഥനകൾ - - - - - - - - - - - ൪൰൧

C. പ്രാൎത്ഥനെക്കു ക്ഷണിവാക്കുകൾ - - - - - - - - - ൫൰൪

D. വെദപാഠങ്ങൾ

I. അതതു ദിവസത്തിന്നുള്ള സുവിശെഷലെഖനാംശങ്ങൾ. - - - - - - - - - - - - - - - ൬൰൪

II. ഞെറുപത്രവളിഞ്ഞിനാൾക്കുള്ള വെദപാഠങ്ങൾ നാലുവൎഷങ്ങൾക്കുള്ളിൽ വായിപ്പാൻ വെച്ചിരിക്കുന്നത് - - - - ൭൰൪

III. കഷ്ടാനുഭവചരിത്രം - - - - - - - - - - - - ൨൰൯

രണ്ടാം അംശം

സഭാക്രിയകൾ

I. സ്നാനം

൧., സഭയിലുള്ള ശിശുസ്നാനം - - - - - - - ൱൧൧

൨., പ്രായമുള്ളവരുടെ സ്നാനം - - - - - - - ൱൨൪

II. സ്ഥിരീകരണം - - - - - - - - - - - - ൱൩൰

III. തിരുവത്താഴം. - - - - - - - - - - - - ൱൩൯

IV. വിവാഹം - - - - - - - - - - - - - - ൧൭൪
V. ശവസംസ്കാരം - - - - - - - - - - - - ൧൮൧
VI. സഭാശുശ്രൂഷക്കാരക്ക
൧., ഉപബോധകന്മാരെ ഗ്രഹിക്ക - - - ൧൯൧
൨., ബോധകന്മാൎക്കഹസ്താൎപ്പണം - - - - - - - ൧൯൫
സ്ഥിരീകരണത്തിന്നുള്ള ഉപദേശം - - - ൧൯൪

ഒന്നാംഅംശം

സഭാപ്രാർത്ഥനകൾ

I. കർത്താവിൻ ആഘോഷത്തിൽ

ഉച്ചക്കു മുമ്പെയുള്ള പ്രാർത്ഥന

സാമാന്യവന്ദനങ്ങൾ

൧. നമ്മുടെ കർത്താവായ യെശു ക്രിസ്തുവിന്റെ കരുണയും ദൈവത്തിന്റെ സ്നെഹവും വിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരൊടും കൂടെ ഇരിക്കുമാറാക — ആമെൻ. (൨ കൊ. ൧൩)

൨. നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യെശു ക്രിസ്തുവിൽനിന്നും നിങ്ങൾക്കു കരുണയും സമാധാനവും ഉണ്ടാവുമാറാക — ആമെൻ (൨ കൊ. ൧)

൩. പിതാവായ ദൈവത്തിൽനിന്നും പിതാവിൻ പുത്രനായ യെശു ക്രിസ്തുൻ എന്ന കർത്താവിൽനിന്നും സത്യത്തിലും സ്നെഹത്തിലും നിങ്ങളൊടു കരുണ കനിവു സമാധാനവും ഉണ്ടാവൂ — ആമെൻ (൨ യൊ)

൪. നമ്മുടെ ആരംഭം പിതാപുത്രൻ വിശുദ്ധാത്മാവ് എന്നുള്ള ദൈവനാമത്തിൽ ഉണ്ടാകിരിക്കെണമെ — ആമെൻ

ഉത്സവവന്ദനങ്ങൾ

ആഗമനനാൾ — ൧) ദാവിദുപുത്രനു ഹൊശിയന്നാ — കർത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാക — ഉന്നതങ്ങളിൽ ഹൊശിയന്ന (മത്താ. ൨൧)

വ.) പ്രമാണവും സർവ്വഗ്രാഹ്യവുമായ ഒരു വചനം ആയിതു- ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു (൧ തിമൊ ൧)

തിരുജ്ജനനനാൾ- (൧.) കണ്ടാലും സകല ജനത്തിന്നും ഉണ്ടാകും മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു- ഇന്നു തന്നെ കർത്താവാകുന്ന ക്രിസ്തൻ എന്ന രക്ഷിതാവ് ദാവീദിൻ നഗരത്തിൽ നിങ്ങൾക്കായി ജനിച്ചു (ലൂക്ക ൨)

വ.) ദൈവത്തിന്ന് അത്യുന്നതങ്ങളിൽ തേജസ്സും ഭൂമിയിൽ സമാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടു (ലൂക്ക. ൨)

ആണ്ടുപിറപ്പു- (൧.) ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും ആയവനിൽ നിന്നും അവന്റെ സിംഹാസനത്തിൻ മുമ്പിലുള്ള ഏഴാത്മാക്കളിൽ നിന്നും വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂമിരാജാക്കന്മാരെ വാഴുന്നവനും ആകിയ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്കു കരുണയും സമാധാനവും ഉണ്ടാക (വെളി ൧)

വ.) ദൈവം നമുക്കു ആശ്രയവും ബലവും ആകുന്നു ക്ലേശങ്ങളിൽ അവൻ ഏറ്റം തുണയായി കാണപ്പെടുന്നു- അതുകൊണ്ടു ഭൂമിയെ മാറ്റുകിലും സമുദ്രമദ്ധ്യേ മലകൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല (സങ്കീ ൪൬)

പ്രകാശനദിനം- എഴുനീറ്റു പ്രകാശമാക- നിന്റെ പ്രകാശം വന്നുവല്ലൊ യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിക്കുന്നു (യശ ൬൦)

തിരുവെള്ളിയാഴ്ച- അറുക്കപ്പെട്ട കുഞ്ഞാടായവൻ ശക്തിയും ധനം ജ്ഞാനം ഊക്കു ബഹുമാനം തേജസ്സ് സ്തോത്രങ്ങളും ലഭിപ്പാൻ യോഗ്യമാകുന്നു (വെളി ൫)

പുനരുത്ഥാനനാൾ- (൧.) യേശുക്രിസ്തൻ മരിച്ചവരിൽനിന്ന് എഴു

തിറത്തിനാൽ തന്റെ കരുണയിൻ ഐശ്വൎയ്യപ്രകാരം നമ്മെ
പിന്നെയും ഉയിൎപ്പിച്ചവനാകുന്ന നമ്മുടെ കൎത്താവായ യെശുക്രിസ്തു
വിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം (൧ പെത ൧)

൨-൨ ആടുകളുടെ വലിയ ഇടയനാകുന്ന നമ്മുടെ കൎത്താവായ യെ
ശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ചവരിൽനിന്നു
മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവ
ന്റെ ഇഷ്ടം ചെയ്യുവാനായിട്ടും സകല സൽക്രിയയിലും യഥാ
സ്ഥാനപ്പെടുത്തി നിങ്ങളിൽ തനിക്കു പ്രസാദമുള്ളതിനെ യെ
ശുക്രിസ്തുമൂലം നടത്തിക്കെണമെ — അവന്നു എന്നെന്നെ
ക്കും തെജസ്സ് ഉണ്ടാവുതാക - ആമെൻ (എബ്ര ൧൩)

സ്വൎഗ്ഗാരൊഹണനാൾ — ദൈവം ഉച്ചഘോഷത്തോടും യഹോവ കാഹ
ളനാദത്തോടും കരെറുന്നു - ദൈവത്തെ കീൎത്തിപ്പിൻ നമ്മുടെ രാ
ജാവെ കീൎത്തിപ്പിൻ (സങ്കീ ൪൭)

പെന്തെകൊസ്തെനാൾ — നിങ്ങൾ പുത്രന്മാരാകകൊണ്ട് അബ്ബാ പിതാ
വെ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം
നമ്മുടെ ഹൃദയങ്ങളിൽ അയച്ചു (ഗല ൪)

ത്രിത്വത്തിനാൾ — സൎവ്വശക്തനായ യഹോവയെന്ന ദൈവം പരിശുദ്ധ
ൻ പരിശുദ്ധൻ പരിശുദ്ധൻ — ഭൂമി മുഴുവനും അവന്റെ തെ
ജസ്സുകൊണ്ടു നിറഞ്ഞിരിക്കുന്നു (യെശ. ൬. അ. ൩) W

[പിന്നെ സ്തോത്രമൊ പ്രാൎത്ഥനയൊ ഉള്ളൊരു
ശ്ലോകം പാടുക]

പിന്നെ പ്രാൎത്ഥനാരംഭം

വിളിക്കപ്പെട്ട വിശുദ്ധരായുള്ളൊരെ ദൈവസന്നിധിയിൽ നിങ്ങ
ളുടെ പ്രാൎത്ഥനയൊടും കൂടെ എത്തുവാൻ ഹൃദയങ്ങളെ ഉയൎത്തുവി
ൻ — ഉപവിടെയും നിത്യസ്ഥാപിച്ചി ദൈവഭവനവും ഐശ്വൎയ്യമായിട്ടുമുള്ള
ള്ള ഉപവിടെയും കൂടെ ആത്മാവിന്റെ കൃപ വിളങ്ങുന്നതു-

ധ്യാനം കൊണ്ടും വിലയേറിയ ചൊല്ക്കുറികളെക്കൊണ്ടും രാജ്യ
ത്തിന്റെ മക്കളിൽ സ്വൎഗ്ഗീയ ജ്ഞാനം ആകുന്ന നല്ല വെളിച്ച
ത്തെയും ബുദ്ധിയെ കടക്കുന്ന സമാധാനസന്തോഷങ്ങൾ ഉളവാക്കി
ദിവ്യജീവനെയും ഇവിടെ പരത്തുവാൻ പിതാവിനാലും പുത്ര
നാലും പരിശുദ്ധാത്മാവിനോടും പ്രസാദം തോന്നുന്നു - അപ്രകാ
രം തന്നെ സകല നരകൾക്കും ജീവനുള്ള ഉറവാകുന്ന ത്രിയേക
ദൈവത്തോടു ചേരുവാനും പ്രാൎത്ഥനയും ആത്മികസ്തുതിയും ന
ല്ല ആരാധനയും കഴിപ്പാനും നിങ്ങൾക്കു അനുവാദം ഉണ്ടു - ആകയാ
ൽ നാം ഹൃദയത്താഴ്മയോടും മക്കൾക്കു ഏററ ആശ്രയത്തോടും കൂ
ടെ കൃപാസനത്തിൻ മുമ്പിൽ ചെന്നും കൊണ്ടു ഒന്നാമതു പാപങ്ങ
ളെ മനസ്താപം പൂണ്ടു ഏറ്റുപറയുമാറാക *Sfh*

പാപസ്വീകാരം

[എല്ലാവരും മുട്ടുകുത്തീട്ടു]

അരിഷ്ടപാപികളായ ഞങ്ങൾ സ്വൎഗ്ഗസ്ഥപിതാവായ ദൈവത്തി
ന്മുമ്പിൽ സങ്കടപ്പെട്ടു അറിയിക്കുന്നിതു - ഞങ്ങൾ നിന്റെ വി
ശുദ്ധകല്പനകളെ പല വിധത്തിലും നിരന്തരമായി ലംഘിച്ചുപോ
യന്നു - ആകാത്തവിചാരങ്ങളാലും വാക്കുകളാലും ക്രിയകളാലും-
നാനാപ്രകാരം അവിശ്വാസം കൃതഘ്നത വ്യാജങ്ങളാലും - എ
ല്ലാ നടപ്പിലും സഹോദരസ്നേഹമില്ലായ്മയാലും - വളരെ പാപം ചെ
യ്തിരിക്കുന്നു - അതുകൊണ്ടു നിന്റെ ശിക്ഷയാകുന്ന നിത്യമര
ണത്തിന്നു ഞങ്ങൾ യോഗ്യരാകുന്നു - എങ്കിലും ഈ സകല
പാപം നിമിത്തം ഞങ്ങൾക്കു അനുതാപവും മനഃക്ലേശവും ഉണ്ടു - ഞ
ങ്ങളുടെ കടങ്ങളെ കടക്കുന്ന ദൈവകൃപയും കൎത്താവായ യേശുവി
ന്റെ പുണ്യമാഹാത്മ്യവും അല്ലാതെ ഞങ്ങൾ ഒരു ആശ്വാസവും വ
ഴിയും കാണുന്നതും ഇല്ല - ഈ കൃപയെ അവലംബിച്ചു ഞങ്ങൾ പാ

ല്ലുന്നിതു- പിതാവെ ഞാൻ സ്വർഗ്ഗത്തിങ്കലും നിന്റെ മുമ്പിലും പാപം ചെയ്തു പൊയി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യൊഗ്യനുമല്ല- എങ്കിലും എല്ലാ പാപത്തിന്നും ക്ഷമയും ദൈവത്തിങ്കലെ പ്രാഗത്ഭ്യവും ആത്മാവിന്റെ വിശുദ്ധീകരണത്തിന്നു ശക്തിയും നിത്യജീവനും ലഭിക്കേണം എന്നു യെശുക്രിസ്തന്റെ നാമത്തിൽ വന്നു യാചിക്കുന്നു- ആമെൻ SL

അല്ലെങ്കിൽ

സർവ്വശക്തിയും കൃപയും ഉള്ള നിത്യദൈവമെ ഞങ്ങടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തന്റെ പിതാവായുള്ളൊവെ- അതിപ്പാപികളായ ഞങ്ങൾ നിന്തിരുമുമ്പിൽ സങ്കടപ്പെട്ട് അറിഞ്ഞും അറിയിച്ചും കൊള്ളുന്നിതു- ഞങ്ങൾ പാപത്തിൽ ഉത്ഭവിച്ചു ജനിക്കകൊണ്ടു സ്വഭാവത്താൽ കൊപത്തിൻ മക്കൾ ആകുന്നു- ഞങ്ങളുടെ നടപ്പിൽ ഒക്കയും വിചാരത്താലും വാക്കിനാലും ക്രിയയാലും നിന്നെ പലവിധെന കൊപിപ്പിച്ചിരിക്കുന്നു- ഞങ്ങളെ സൃഷ്ടിച്ചും രക്ഷിച്ചും വിശുദ്ധീകരിച്ചും പൊരുന്ന നിന്നെ പൂർണ്ണഹൃദയത്തൊടും പൂർണ്ണമനസ്സൊടും എല്ലാ ശക്തികളൊടും സ്നെഹിച്ചിട്ടില്ല ഞങ്ങളെ പൊലെ തന്നെ കൂട്ടക്കാരെ സ്നെഹിച്ചതും ഇല്ല- ആകയാൽ നിന്റെ ക്രൊധത്തിന്നും ന്യായവിധിക്കും ഇത്ര മരണൊപായങ്ങൾക്കും ഞങ്ങൾ പാത്രമാകുന്നു സത്യം- എങ്കിലും നിന്റെ അളവില്ലാത്ത കനിവിനെ ശരണമാക്കി ഞങ്ങൾ കണ്ണു തെളിഞ്ഞിരിക്കുന്നു- നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവും രക്ഷിതാവും ആകുന്ന യെശുക്രിസ്തൻ നിമിത്തവും നിന്റെ വിശുദ്ധനാമത്തിന്റെ ബഹുമാനം നിമിത്തവും ഞങ്ങളിൽ കനിവുതൊന്നുകയും സകല പാപം ക്ഷമിക്കയും ഹൃദയത്തിന്നു നല്ല പുതുക്കം നല്കുകയും വെണ്ടു എന്നു ഞങ്ങൾ ഉള്ളൊഴിഞ്ഞ് അപെക്ഷിക്കുന്നു- അല്ലെ

ളായ കർത്താവെ അരിഷ്ടവാസികളായ ഞങ്ങളൊടു കരുണ ഉണ്ടാ
കെണമെ- ആമെൻ. hS

കെട്ടഴിപ്പിന്റെ വാചകം

൩൮ പാപങ്ങളെ ചൊല്ലി അനുതപിച്ചു ഞങ്ങളുടെ പ്രായശ്ചിത്ത
മാകുന്ന ക്രിസ്തുവിൽ വിശ്വസിച്ചും ഹൃദയത്തിന്റെയും നടപ്പിന്റെയും പു
തുക്കം ആഗ്രഹിച്ചും കൊള്ളുന്ന നിങ്ങൾ എല്ലാവരും പാപമൊച
നം എന്നുള്ള ആശ്വാസത്തെ വിശുദ്ധ സുവിശെഷത്തിൽ നി
ന്നു കെട്ടുകൊള്ളിൻ- സർവ്വശക്തനായ ദൈവം നിങ്ങളിൽ കനിഞ്ഞി
ട്ടു നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണ
ത്തിനായി ഉണർത്തപ്പെട്ടും ഇരിക്കുന്ന യെശു ക്രിസ്തുവിനെ പ്രി
യപുത്രൻ മൂലം നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചുവി
ട്ടു- ക്രിസ്തു സഭയുടെ ശുശ്രൂഷക്കാരൻ എന്നു നിയമിക്കപ്പെട്ട
ഞാനും കർത്താവായ യെശുവിന്റെ കല്പന പ്രകാരം സകല പാപ
ങ്ങൾക്കും ഉള്ള മൊചനത്തെ നിങ്ങളൊട് അറിയിക്കുന്നതു പിതാവ് പു
ത്രൻ വിശുദ്ധാത്മാവ് എന്നീ ദൈവനാമത്തിൽ തന്നെ-

(നിങ്ങളിൽ അനുതാപമില്ലാത്തവരും അവിശ്വാസി
കളും ആകുന്നവരൊ പാപങ്ങൾ വിടപ്പിക്കപ്പെട്ടിരിക്കുന്നു- അ
വർ മനംതിരിയാതെ പൊയാൽ ദൈവകൊപവും ശിക്ഷയും അവരുടെ മെൽ വ
സിക്കും. എന്നുള്ളതും അറിയിക്കുന്നതു നമ്മുടെ കർത്താവും രക്ഷിതാവും ആ
കുന്ന യെശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ) ആമെൻ W(hS)

[പിന്നെ എല്ലാവരും നിന്നു പ്രബൊധിപ്പിക്കുന്നിതു]

കനിവുള്ള ദൈവം കരുണ വിചാരിച്ചു അനുതാപികളായ നിങ്ങളു
ടെ പാപങ്ങളെ മൊചിച്ചതു കൊണ്ടു വിശ്വാസമുള്ള ദൈവഭൃത്യ
ന്മാരുടെ ക്രിയകളാൽ നിങ്ങൾ ത്രിയെക ദൈവത്തെ പുകഴ്ത്താൻ വന്നു കൊ
ണ്ട് എല്ലാ കാലത്തും എല്ലാ സ്ഥലത്തും അവനാലുള്ള വിശ്വാസത്തെ

വാക്കിനാലും ക്രിയയാലും ഏറ്റുപറയെണം എന്നതിങ്ങളെ പ്രബോധിപ്പിക്കുന്നു— അതുകൊണ്ട് നാം വ്രതങ്ങൾ ഒരുമയത്തിൽ ഒന്നിച്ചുപറഞ്ഞുകൊള്ളുമാറാക.

വിശ്വാസപ്രമാണം

സ്വർഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി സർവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു— അവന്റെ ഏകപുത്രനായി നമ്മുടെ കർത്താവായ യെശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു— ആയവൻ വിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉൽപാദിതനായിജ്ജനിച്ചു— പൊന്ത്യപിലാത്തന്റെ താഴെ കഷ്ടമനുഭവിച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു— അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി മൂന്നാം ദിവസം ഉയിർത്തെഴുനീറ്റു— സ്വർഗ്ഗാരോഹണമായി— സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു— അവിടെനിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്തരിപ്പാൻ വരികയും ചെയ്യും—

വിശുദ്ധാത്മാവിലും— വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധസാധാരണസഭയിലും— പാപമോചനത്തിലും— ശരീരത്തോടെ ജീവിച്ചെഴുനില്ക്കുന്നതിലും— നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു— ആമെൻ.

നാം പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവവും സകല കരുണകൾക്കും പിതാവുമായുള്ളോവെ— നീ ഞങ്ങളിലും സകല മനുഷ്യരിലും കാട്ടിയ ദയാവാത്സല്യങ്ങൾക്കായിക്കൊണ്ടു പാത്രമല്ലാത്ത അടിയങ്ങൾ താഴ്മയോടെ സ്തോത്രം ചൊല്ലുന്നു— ഞങ്ങളെ നീ സൃഷ്ടിച്ചു പാലിച്ചു ഐഹികത്തിൽ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന എല്ലാം ഞങ്ങൾ [illegible]—

ങ്ങളുടെ കൎത്താവാകുന്ന യെശുക്രിസ്തുവെക്കൊണ്ടു നീ ലൊകത്തെ
വീണ്ടെടുത്തിട്ടുള്ള അളവില്ലാത്ത സ്നെഹത്തെയും- തിരുവചനവും
ചൊല്ലുറികളും ആകുന്ന ദാനങ്ങളെയും- തെജസ്സിന്റെ പ്രത്യാ
ശയെയും ചൊല്ലി നിന്നെ വാഴ്ത്തുന്നു- ഇനി നിന്റെ കരുണകൾ
വെണ്ടും വണ്ണം ബൊധിച്ചിട്ടു ഞങ്ങൾ ഹൃദ്യൂജമായ കൃതജ്ഞ
തകാട്ടി നിന്റെ സെവകരായിട്ടു ഞങ്ങളെ മുഴുവൻ സമൎപ്പിച്ചും വാ
ഴുനാൾ ഒക്കയും വിശുദ്ധിയിലും നീതിയിലും നിന്റെ മുമ്പാകെ
നടന്നുകൊണ്ടു ഇങ്ങനെ അധരങ്ങളാൽ മാത്രമല്ല നടപ്പിനാ
ൽ തന്നെ നിന്റെ സ്തുതിയെ പരത്തുമാറാക്കെണമെന്നു- ഞങ്ങൾ
കൎത്താവായ യെശുക്രിസ്തുമൂലം നിന്നൊടപെക്ഷിക്കുന്നു- ആയ
വൻ നിയ്യും വിശുദ്ധാത്മാവുമായി എന്നെക്കും സകല ബഹുമാനവും
തെജസ്സും അനുഭവിച്ചു വാഴെണമെ- ആമെൻ. *C.P.*

p. 24 [A എന്ന അക്കത്തിലെ പ്രാൎത്ഥനകൾ ഒന്നൊ രണ്ടൊ
ഇവിടെ ചെൎത്തുവായിക്കാം— പിന്നെ
പക്ഷവാദങ്ങൾ ആയിതു]

സൎവ്വശക്തിയും ഇത്രകനിവും ഉള്ള ദൈവവും ഞങ്ങളുടെ കൎത്താവാ
യ യെശുക്രിസ്തുവിന്റെ പിതാവും ആയുള്ളൊവെ- പ്രിയപുത്രൻ നി
മിത്തം കടാക്ഷിച്ചു തിരുവുള്ളം ഇങ്ങൊട്ട് ആക്കെണമെ- ദൈ
വമെ നിന്റെ ദയെക്കു തക്കവണ്ണം ഞങ്ങളൊട് കൃപചെയ്തു നിൻ ക
നിവുകളുടെ പെരുമപ്രകാരം ഞങ്ങളുടെ ദ്രൊഹങ്ങളെ മാച്ചുകളക-
അടിയങ്ങളൊട് ന്യായവിധിക്കിൽ പ്രവെശിയാതെ മദ്ധ്യസ്ഥ
നായ യെശുക്രിസ്തുവിൻ നിമിത്തം ഞങ്ങളുടെ അകൃത്യം ഒക്കയും
ക്ഷമിക്കെണമെ- തിരുസഭയെ കരുതിനൊക്കി വചനത്തെ
യും ക്രിയാകര ചൊല്ലുറികളെയും ശുദ്ധിപ്പാതെ വെളിപ്പാക്കി കാത്തു
കൊൾ്ക- നിന്റെ കൊയ്ത്തിൽ വിശ്വസ്തരായ വെലക്കാരെ അയച്ചു

തിരുവചനത്തിൻ ഘൊഷണത്തിന്നായി നിന്റെ ആത്മാവെയും ശക്തിയെയും നല്കി അതിനെ സകല രാജ്യങ്ങളിലും പ്രസ്താപിച്ചു പുറജാതികളെ മനംതിരിയുമാറാക്കി ഇസ്രയെലിൽ ചിതറിയ ആടുകളെ ചെൎത്തുകൊള്ളെണമെ — എല്ലാ ഇടൎച്ചകളെയും തെറ്റു ഭ്രമമുള്ളവരെയും പാപത്തിൻ ചതിയിൽ കുടുങ്ങിയവരെയും രക്ഷാവഴിയിൽ നടത്തി ഞങ്ങളെ ശത്രു കലിച്ചു ലൊകത്തൊടും താന്താന്റെ ജഡത്തൊടും പൊരാടി ജയിപ്പാറാക്കെണമെ — ഞങ്ങളുടെ അധികാരസ്ഥന്മാരെയും തിരുമുമ്പിൽ ഒൎക്കെണമെ (*B*. 2, *)

അവൎക്ക ജ്ഞാനത്തിൻ ആത്മാവെ കൊടുത്തു ശുദ്ധവിചാരങ്ങളെ ഏല്പിച്ചും കൊണ്ട ഈ ദെശത്തിൽ തെജസ്സ് യശസ്സും കരുണാസത്യങ്ങളും നീതിസമാധാനങ്ങളും ഞങ്ങളിൽ വാഴുവാനും സംഗതിവരുത്തെണമെ — എല്ലാവൎക്കും ദിവസവൃത്തി കൊടുത്തു ഞങ്ങളുടെ തൊഴിലും ഉത്സാഹവും അനുഗ്രഹിച്ചു വാനത്തിൽനിന്നു മഴകളും ഫലപുഷ്ടിയുള്ള സമയങ്ങളും ഇറക്കെണമെ — (*B*. 3.) നിലത്തെ വിളയെ സൂക്ഷിക്ക — ഞങ്ങളുടെ നാടുതന്റെ ഫലങ്ങളെ കാക്കുമാറാക — വിവാഹ കുഡുംബങ്ങളിലും സമാധാനവും ഐകമത്യവും പള്ളികളിലും വീട്ടിലും മക്കളെ വളൎത്തുന്നതിന്നു സാമൎത്ഥ്യവും ജനിപ്പിച്ചു ഇളയവരുടെ ഹൃദയങ്ങളെ വിശുദ്ധാത്മാവെ കൊണ്ട എല്ലാ നല്ല വഴികളിലും നടത്തുക — നാട്ടും നഗരവും പിതാവായിട്ടു വൈറ്റി യുദ്ധകലഹങ്ങൾ ക്ഷാമം രൊഗം മുതലായ ദുസ്സമയങ്ങളും ദുഷ്ടമൃഗഭയവും അഗ്നിഭയവും എല്ലാം അകറ്റി വല്ലാത്ത അപമൃത്യുവിൽനിന്നും ര

---

*, ഇവിടെയും മറ്റുള്ള സ്ഥലങ്ങളിലും *B*. എന്ന അക്ഷരത്തിൽ നിന്നു ആവശ്യം പൊലെ ഒരൊന്നു ചെൎത്തു വായിക്ക. —

ങ്ങളെ കാത്ത വിശുദ്ധദൂതന്മാർ വഴിയിൽ ഞങ്ങളെ രക്ഷി
ച്ചു ചുറ്റും പാളയം ഇറങ്ങുമാറാക്ക — ദരിദ്രരെയും അഗതി
കളെയും പൊറുക്ക വിധവമാൎക്കും അനാഥൎക്കും തുണനില്ക്ക ബ
p. 52 ലഹീനരെയും രൊഗികളെയും താങ്ങുക — (P. 7) ആത്മികസ
ങ്കടവും ഭയവും ഒക്കയും നീക്കുക — ഞങ്ങളുടെ രക്ഷയൊട് ചെ
ൎന്നിട്ടുള്ളത് ഒക്കയും ഞങ്ങൾ വിശ്വാസത്തിൽ ഉറന്നിട്ടൊരിച്ചും
പ്രാൎത്ഥിച്ചും കൊണ്ട പൊരുതു തട്ടുമാറാക — സ്നെഹസമാധാ
നങ്ങളിലും വിനയ സൌമ്യതകളിലും ഇന്ദ്രിയജയ സുബോ
ധങ്ങളിലും നടന്നുകൊണ്ടു ഞങ്ങൾ അവസാനത്തോളം യെ
ശുവിൽ തന്നെ നിലനില്പാറാക — ഒടുക്കം ഈ ലൊകത്തെ
പിരിയുമ്പൊൾ മരണസങ്കടത്തിലും സൎവ്വശക്തിയുള്ള കരുണ
യാലെ തുണനില്ക്ക — ഞങ്ങൾ വിശ്വാസത്തിൽ നിദ്രകൊണ്ടു സ
മാധാനത്തോടെ പ്രാണങ്ങളെ നിന്നിൽ ഭരമെല്പിക്കുമാറാക —
തെജസ്സിന്റെ രാജ്യത്തിൽ ഞങ്ങളെ പ്രവെശിപ്പിച്ചു തിരു
മുഖത്തെ ആനന്ദത്തോടെ കാണ്മാനും സകലദൂതരൊടും തെ
രിഞ്ഞെടുത്ത കൂട്ടത്തോടും ഒന്നിച്ചു നിന്നെ എന്നെന്നെക്കും വാ
ഴ്ത്തി സ്തുതിപ്പാനും സംഗതി വരുത്തി രക്ഷിക്കേണമെ — ആമെ
ൻ - W.

അല്ലാക്കിൽ

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തന്റെ പിതാവായി കനി
വുനിറഞ്ഞ ദൈവമെ — നീ ഞങ്ങളിൽ ചെയ്ത എല്ലാ കരുണെ
ക്കും സൎവ്വ വിശ്വസ്തതെക്കും ഞങ്ങൾ എത്രമാത്രം — കൎത്താവെ
ഞങ്ങളിൽ കനിഞ്ഞു പ്രിയപുത്രനായ യെശുവെ വിചാരി
ച്ചു ഞങ്ങളുടെ സകല പാപങ്ങളെയും പൊറുത്തരുളെണമെ
— വിചാരവും ശങ്കയും ഇല്ലാത്ത സകല പാപികളെയും ഉണൎത്തി

മാനസാന്തരപ്പെട്ട ഹൃദയങ്ങൾ നിങ്കലെക്ക തിരിയുമാറാക്കുക-
-പുത്രനായി ജനിച്ചവർ അകമെ മനുഷ്യനിൽ ബലപ്പെട്ടു വളരു
വാനും യെശുക്രിസ്തന്റെ സുവിശെഷം വിശ്വസിക്കുന്നവന്ന ര
ക്ഷയും രക്ഷക്കു ദെവശക്തിയാകുന്നു എന്നത അനുഭവത്താൽ
ബൊധിച്ചുറെപ്പാനും സംഗതി വരുത്തുക- ജീവനിലും മരണത്തി
ലും ഈ സുവിശെഷം ഞങ്ങൾക്ക ഉത്തമജ്ഞാനവും ആശ്വാ
സവും ആക്കിതെളിക്കുക- അങ്ങിനെ ഞങ്ങൾക്കും സന്തതികൾക്കും
കൂട്ടില്ലാതെ ശുദ്ധമാകി കാത്തുകൊൾക- ദിവ്യസത്യത്തെ വെറുക്കു
ന്ന അവിശ്വാസത്തെയും യെശു എന്ന ഏക മൂലക്കല്ലായ അടിസ്ഥാന
ത്തിൽനിന്നു തെറ്റിക്കുന്ന ഏതു ദുർവിശ്വാസത്തെയും അകറ്റി
ഞങ്ങളെ വിശ്വാസത്തിൽ രക്ഷിച്ചുകൊള്ളെണമെ

തിരുസഭെക്ക എപ്പൊഴും പ്രകാശിതരും ഉത്സാഹികളും
ആയ ഉപദെഷ്ടാക്കളെ നല്കി അവർക്കു വെലെക്കു വെണ്ടിയ
ധൈര്യവും അറിവും പ്രാഗത്ഭ്യവും ശക്തിയും ഇറക്കുക- ഞങ്ങ
ൾ എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ പരിജ്ഞാന
ത്തിലും ഐക്യത്തൊട്ടും തികഞ്ഞ പുരുഷത്വത്തൊട്ടും ക്രിസ്തന്റെ
നിറവുള്ള പ്രായത്തിന്റെ അളവൊട്ടും എത്തുവൊളം വിശുദ്ധ
ന്മാരുടെ യഥാസ്ഥാനത്തിന്നും ഇഷ്ടമുള്ള ശുശ്രൂഷയുടെ വെലക്കും
ക്രിസ്തശരീരത്തിന്റെ കെട്ടുവളർച്ചെക്കും വരുവാനും ആക്കിത്തരെ

വിശെഷിച്ചു മഹാ ദൈവവും കർത്താധികർത്താവുമായു
ള്ളൊവെ ഞങ്ങളുടെ രാജ്ഞിയായവളെ അനുഗ്രഹിച്ചുകൊ
ൾക- അവൾക്കും മന്ത്രികൾക്കും വിശെഷാൽ ഈ രാജ്യത്തിൽ മുൽപ്പെ
ട്ടവർക്കും വാഴുന്നവർക്കും ക്രിസ്തിയ ജ്ഞാനത്തെയും പക്ഷപാത
മില്ലാത്ത ന്യായം വിധിക്കുന്ന സൂക്ഷ്മബുദ്ധിയെയും ഈ നാട്ടുക
ളിൽ ദൊഷത്തെ നിറുത്തി നന്മയെ വർദ്ധിപ്പിച്ചു ഭരിപ്പാൻ പ്രാ
പ്തിയെയും നല്കെണമെ-- നിന്റെ കൃപയുടെ ബാഹുല്യപ്രകാ

രം ഞങ്ങൾക്ക് എല്ലാവൎക്കും ദിവസവൃത്തിക്കു തന്നും അവര
വരുടെ തൊഴിലും വ്യാപാരവും അനുഗ്രഹിച്ചും നിലങ്ങളിൽ വി
ത്തയെ വിളയിച്ചും തത്സമയത്തു വെയിലും മഴയും അയച്ചും പുല
ൎത്തേണമെ — ഈ ദെശം കൂടെ നിന്റെ തെജസ്സുകൊണ്ടു നിറ
ഞ്ഞു ചമക്കുക — നീ ചെയ്ത നന്മകളെ ഞങ്ങൾ മറക്കാതെ ദരി
ദ്രരിലും സങ്കടപ്പെടുന്നവരിലും മനസ്സലിഞ്ഞു നീ കാണിച്ച ദയ
പൊലെ ഞങ്ങൾ കാണിച്ചും പ്രിയ പിതാവെ നീ കനിവുള്ള
വൻ ആകും പ്രകാരം കനിവുള്ളവരായും വരുമാറാക —
വിലയെറിയ സമാധാനത്തെ ഞങ്ങളിൽ കാത്തുകൊ
ണ്ടു — വിവാഹസ്ഥന്മാൎക്ക ഒക്കയും ഐക്യവും അലംഭാവവും —
അദ്ധ്യക്ഷന്മാൎക്ക പ്രവൃത്തിക്കിൽ ഫലസിദ്ധിയും മക്കളെ വള
ൎത്തുന്നതിൽ ജ്ഞാനവും ഭാഗ്യവും ഏകെണമെ — കുട്ടികൾ മന
സ്സൊടെ അനുസരിച്ചും പിതാക്കളെ ഭയപ്പെട്ടും സ്നെഹിച്ചും വളരു
വാൻ വരം കൊടുക്ക — പണിക്കാരെ ശുദ്ധമനസ്സാക്ഷിയിൽ നി
ന്നു സെവിപ്പാറാക്കുക — യജമാനന്മാരെ തങ്ങൾക്കും സ്വൎഗ്ഗത്തി
ൽ യജമാനൻ ഉണ്ടെന്നു വിചാരിപ്പിക്ക — എല്ലാ മനുഷ്യരിലും
കടാക്ഷിച്ചും കൊള്ളെണമെ — വഴി തെറ്റി ഉഴലുന്നവരെ നെ
രെയുള്ള മാൎഗ്ഗത്തിലാക്കുക — ശത്രുക്കളു തമ്മിൽ ഇരപ്പു വരുത്തുക — ദുഃ
ഖിതന്മാരെ ആശ്വസിപ്പിക്ക — എളിയവരെ പൊറുക്ക — വിധവ
മാരെയും അനാഥരെയും പുലൎത്തുക — നിരാധാരന്മാരെ താങ്ങുക —
രൊഗികൾക്കു ചികിത്സകനും ചാകുന്നവൎക്ക ശരണവും ആയിരിക്ക —
— ഒടുക്കം ഞങ്ങളെ നിത്യസന്തൊഷത്തിന്റെ രാജ്യത്തിൽ എറ്റു
കൊള്ളെണ്ടതു അവിടെ നിന്റെ മക്കളുടെ സകല കണ്ണീരും തു
ടെക്കയും ഹൃദയങ്ങളിലെ ആഗ്രഹം ഒക്കയും നിവൃത്തിക്കയും ചെയ്യു
മല്ലൊ — ഞങ്ങൾ യാചിക്കുന്നതു എല്ലാറ്റെയും യാചിക്കുന്നതിന്നു ഇ
തെയും പ്രിയപുത്രനായ യെശുക്രിസ്തൻ നിമിത്തം കനിഞ്ഞു

അംഗ്ഗിക്കെണമെ—ആമെൻ. W

[പിന്നെ കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ സഭക്കാർ ഒരൊരൊ
രൊ അപെക്ഷയെ കെട്ട് ആവർത്തിച്ചു പറക—

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ— നിന്റെ നാമം പരിശുദ്ധീ
കരിക്കപ്പെടെണമെ— നിന്റെ രാജ്യം വരെണമെ— നിന്റെ ഇ
ഷ്ടം സ്വർഗ്ഗത്തിലെ പൊലെ ഭൂമിയിലും നടക്കെണമെ— ഞങ്ങൾക്ക
വെണ്ടുന്ന അപ്പം ഇന്നു തരെണമെ— ഞങ്ങളുടെ കടക്കാർക്ക
ഞങ്ങളും വിടുന്നതു പൊലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരെണ
മെ— ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദൊഷത്തിൽ നിന്ന
ഞങ്ങളെ ഉദ്ധരിക്കെണമെ— രാജ്യവും ശക്തിയും തെജസ്സും
യുഗാദികളിലും നിനക്കല്ലൊ ആകുന്നു ആമെൻ.

ഒരു ശ്ലൊകം പാടിയ ശെഷം അതതു ദിവസത്തി
നുള്ള വെദപാഠങ്ങളെ വായിക്കാവു (ഇ.)
പിന്നെ ഒരു പാട്ടു പാടുക— ശെഷം പ്രസംഗിക്ക— അതി
ന്റെ ആരംഭത്തിലും അവസാനത്തിലും മനസ്സു മുട്ടുമ്പൊ
ലെ പ്രാർത്ഥിക്ക— അനന്തരം ഒരു ശ്ലൊകം പാടിച്ചു
തീർന്നാൽ തിരുവത്താഴം വിവാഹം മുതലായതിനെ സം
ബന്ധിച്ചുള്ള പരസ്യങ്ങളെ അറിയിക്ക— ഒടുക്കം ഒർ p. 137 / 154
ആശീർവചനം ചൊല്ലുക]

ആശീർവ്വചനങ്ങൾ

൧. യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക— യഹൊവ തിരുമു
ഖത്തെ നിങ്ങളിലെക്ക് പ്രകാശിപ്പിച്ചു കരുണചെയ്ക— യഹൊ
വ തിരുമുഖത്തെ നിങ്ങളുടെമെൽ ആക്കി നിങ്ങൾക്കു സമാ
ധാനം ഇടുമാറാക— (൪ മൊ. ൬) ആമെൻ.

൨. എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളു

ടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയെശുവിങ്ക
ൽ കാക്കക (ഫിലി. ൪) ആമെൻ-

൩. സമാധാനത്തിന്റെ ദൈവമായവൻ തന്നെ നിങ്ങളെ
ഒ അശെഷം വിശുദ്ധീകരിക്ക നിങ്ങളുടെ ആത്മാവും ദെ
ഹിയും ദെഹവും നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ
പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടാക-
(൧ തെസ്സ- ൫) ആമെൻ

൪. എന്നാൽ നമ്മെ കുറയ കഷ്ടപ്പെട്ടശെഷം യെശു
ക്രിസ്തുവിൽ തന്റെ നിത്യ തെജസ്സിന്നായി വിളിച്ചവ
നായി സൎവ്വകൃപാവരമുടയ ദൈവം താൻ നിങ്ങളെ
യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അടി
സ്ഥാനപ്പെടുത്തുകയും ആം— അവന്നു തെജസ്സും ബല
വും യുഗാദിയുഗങ്ങളിൽ ഉണ്ടാവൂതാക— ആമെൻ (൧
പെ. ൫)

൫. എന്നാൽ യാചിക്കുന്നതിലും നിനെക്കുന്നതിലും അത്യ
ന്തം ബഹുമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തി
പ്രകാരം കഴിയുന്നവന്നു- സഭയകത്തു യുഗാദികാലത്തി
ലെ സകല തലമുറകളോളവും ക്രിസ്തുയെശുവിങ്കൽ തെ
ജസ്സുണ്ടാവൂതാക- ആമെൻ (എഫെ. ൩)

II കൎത്താവിൻ ശുശ്രൂഷെക്ക്

൧ ചൂഷയിൽ പിന്നെയുള്ള പ്രാൎത്ഥന

[ഒരു വന്ദനം ചൊല്ലിയശേഷം ഒരു ശ്ലോകത്തെ പാടു
ക. പിന്നെ A. അക്കത്തിലെ പ്രാൎത്ഥനകളാൽ ഒന്ന് p. 24
എങ്കിലും ഇവിടെ കാണുന്നത് എങ്കിലും പ്രാൎത്ഥിക്ക]

സൎവ്വസ്ഥനായ പിതാവെ — നീ സ്വൎഗ്ഗീയ വിളി കൊണ്ടു ഞങ്ങളെ വിളിച്ചതിനാലും രാജ്യപുത്രരാക്കി തിരുമുമ്പിൽ പിന്നെയും വരുവാൻ അനുവദിക്കുന്നതിനാലും ഞങ്ങൾ സ്തോത്രം ചൊല്ലുന്നു — കൎത്താവെ നീ വിശുദ്ധനും കരുണാസമ്പന്നനും അത്രെ — ഞങ്ങളൊ ഈ വിളിയുടെ വലിപ്പത്തെയും ധന്യതയെയും കൃതഘ്നരായി വിചാരിക്കായ്കയാൽ ലജ്ജിതരായി തീരുന്നു — അയ്യൊ ഞങ്ങൾ വിശുദ്ധാത്മാവിന്റെ വ്യാപാരങ്ങളോട് എത്രവട്ടം മറുത്തു — തിരുവചനത്തിന്റെ വിത്ത് എത്രവട്ടം പ്രപഞ്ചമോഹം സംശയം അവിശ്വാസം ഈ മുള്ളുകളിൽ അകപ്പെട്ടു ഞെരുങ്ങി മുടിഞ്ഞു പോയി — പ്രിയ രക്ഷിതാവെ ഞങ്ങളുടെ കൃതഘ്നതെക്കു യോഗ്യമായ ശിക്ഷയെ വിധിക്കല്ലെ — നിന്റെ സത്യത്തിൻ വെളിച്ചത്തെ ഇവിടെനിന്നു നീക്കരുതെ — നിന്റെ കരുണാരാജ്യത്തിന്നു ഇങ്ങു മാറ്റം വരുത്തരുതെ — ദയയുള്ള ദൈവമെ പ്രിയ പുത്രന്റെ രക്തം കൊണ്ടു ഞങ്ങളുടെ സകല അധൎമ്മങ്ങളെയും മാച്ചു കളയെണമെ — ഞങ്ങളിൽ കനിഞ്ഞു വിശുദ്ധവചനത്തെയും ചൊല്ലുകളെയും ഇനിയും കൂട്ടില്ലാതെ നിൎമ്മലമായി ഈ സഭയിൽ കാത്തു നടത്തിക്ക — പുതിയ ഹൃദയത്തെ ഞങ്ങളിൽ സൃഷ്ടിക്ക — ഇന്നെത്തെക്കും കനിവിൻ സമൃദ്ധിയെ അവെച്ചും കൊണ്ടു തിരുവചനത്തിൻ ശക്തിയാൽ പ്രകാശവും വിശുദ്ധിയും നിത്യജീവന്റെ ഫ

വിശ്വാസവും നിറഞ്ഞു വഴിയുന്നതിൽ ആഗ്രഹം ജനിപ്പിക്ക — ഇങ്ങനെ സംഭവിക്കേണ്ടതിന്നു നിന്റെ ഹൃദയപ്രകാരമുള്ള ബോധകരെയും ഇടയന്മാരെയും തിരുസഭെക്കു കൊടുത്തരുളുക — ഒരോരൊ ജാതികളിൽ നിന്റെ ആത്മമുഖേന വാഴുക — പള്ളികളിൽ കേൾക്കുന്നവരെയും പഠിക്കുന്നവരെയും അനുഗ്രഹിക്ക — എല്ലാ ക്രിസ്തീയ അധികാരങ്ങൾക്കും ജ്ഞാനവും പ്രാപ്തിയും നല്കി അവർ കല്പിക്കുന്നതും നടത്തുന്നതും ഒക്കയും നിന്റെ ബഹുമാനത്തിന്നും തിരുസഭയുടെ പരിപാലനത്തിന്നും വളൎച്ചെക്കും സത്യവിശ്വാസവും ശുദ്ധനടപ്പും എങ്ങും വ്യാപിക്കുന്നതിന്നും അനുകൂലമാക്കി തീരുമാറാകേണമെ —— ഈ രാജ്യത്തെ മുഴുവൻ കടാക്ഷിക്കയും — നിന്റെ ജനത്തെ ആദരിച്ചു കൊള്ള തിരുവവകാശത്തിന്റെ ശേഷിപ്പു നാണിച്ചു പോകാതവണ്ണം രക്ഷിക്കേണമെ — തിരുസഭയോട്ടു കലഹിച്ചു വരുന്ന സകല ഉപായത്തെയും സാഹസത്തെയും ഇല്ലാതാക്കുക — നിന്തിരു നാമത്തെ ഏറ്റുപറഞ്ഞിട്ടു ഉപദ്രവപ്പെട്ടും ഉഴെച്ചും പോകുന്നവരെ ബലപ്പെടുത്തി ഉദ്ധരിക്ക — ഭൂമിയിൽ മനുഷ്യർ വസിപ്പേടത്തോളം നിന്റെ സുവിശേഷത്തെ ഇഷ്ടത്തെ സകലഹൃദയങ്ങളിലും പ്രകാശിപ്പിച്ചു ദുഃഖിതർ അനാഥർ രോഗികൾ ദരിദ്രർ മുതലായവരുടെ സങ്കടത്തെ അശ്ശനാലിട്ടു കനിഞ്ഞു വിചാരിക്ക — ഭൂമിയുടെ ഫലങ്ങളെയും കാത്തുകൊള്ള — ഇഹജീവനത്തിന്റെ ആവശ്യവും ആശ്വാസവും സംബന്ധിച്ചുള്ളത് ഒക്കയും ദിവ്യവരങ്ങളുടെ നിറവിൽ നിന്ന് ഇറക്കി ചൊരികയല്ലാതെ — ഒടുക്കം ഈ ഞങ്ങളെ കഷ്ടതയുടെ താഴ്വരയിൽ നിന്നു നിന്റെ നിത്യസ്വസ്ഥതയിൽ പ്രവേശിപ്പിച്ചു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തൻമൂലം എന്നേക്കും രക്ഷിക്കേണമെ — ആമെൻ — W.Sfh

അല്ലെങ്കിൽ

സൎവ്വശക്തിയുള്ള ദൈവവും ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പിതാവും സ്വൎഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബത്തിന് ഒക്കെയും പെർ വരുവാൻ യൊഗ്യമായുള്ളൊവെ– ഞങ്ങൾ നിന്റെ മുഖത്തിൻ മുമ്പിൽ നിന്നു ഹൃദയങ്ങളുടെ സ്തൊത്ര ബലികളെ കഴിക്കുന്നു–

നിന്റെ സൌന്ദൎയ്യത്തിൽ ഞങ്ങളെ സൃഷ്ടിച്ചു ചെറുപ്പം മുതൽ ഇന്നെവരെ യാതൊരു പുണ്യവും യൊഗ്യതയും ഇല്ലാത്തവരായ ഞങ്ങളെ ആത്മാവിലും ശരീരത്തിലും ഉള്ള നന്മകളെ കൊണ്ടു അനുഗ്രഹിച്ചതിനാൽ പിതാവെ ഞങ്ങൾ സ്തുതിക്കുന്നു– വിശെഷാൽ നീ മനസ്സലിഞ്ഞു അരിഷ്ട പാപികളെ കനിഞ്ഞു കൊണ്ടു പ്രിയ പുത്രനായ യെശുക്രിസ്തുവിനെ ഞങ്ങൾക്കു സമ്മാനിച്ചതിനാലും– ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്റെ വിശുദ്ധാത്മാവിനെ അയച്ചു പൊന്ന വഴിയിൽ ആശ്വാസ സമാധാനങ്ങളെയും നിത്യജീവന്റെ പ്രത്യാശയെയും നിറെക്കുന്നതിനാലും ഞങ്ങൾ നിന്നെ വാഴ്ത്തുന്നു– ഞങ്ങളുടെ ദൈവമായ കൎത്താവെ ഈ സകല കൃപകൾ നിമിത്തവും ഇങ്ങെ സ്തൊത്ര ബലികളെ പ്രസാദിച്ചു പരിഗ്രഹിക്കെണമെ–

ഇനി ഞങ്ങൾ അപെക്ഷിക്കുന്നിതു– നിന്നെ അറിയാത്ത നിർഭയരായ പാപികളെ നിന്റെ വചനത്തിന്റെ ഒച്ചയെ കെൾപ്പിച്ചുണൎത്തി സൎവ്വ സഭകളിലും നിന്റെ ജീവിപ്പിക്കുന്ന ആത്മാവെ പകരെണമെ– മരണത്തിന്റെ നിഴലിൽ ഇരിക്കുന്ന സകല ജാതികളിലും മനസ്സലിഞ്ഞു നിന്റെ വെളിച്ചത്തെയും സത്യത്തെയും അയക്കെണമെ– എല്ലാ രാജ്യങ്ങളിലും പ്രജാ ശ്രെഷ്ഠന്മാരെ പാലിച്ചുകൊണ്ടു വാഴുവാൻ വെണ്ടുന്ന ജ്ഞാനവും ശക്തിയും ക്ഷാന്തിയും കൊടുക്കെണമെ–

യെശുക്രിസ്തുവിന്റെ പിതാവെ സാധാരണ സഭയുടെ ശ്രെ

ഹരെ ഒക്കയും ഞങ്ങൾ നിന്നാൽ സമർപ്പിച്ചുയിടുന്നു — എല്ലാ ക്രിസ്ത്യ
യ അധികാരങ്ങളെയും ഞങ്ങൾ ഒപ്പെക്ഷിക്കുന്നിത്രു — അവർ
നിന്റെ മനസ്സിൻ പ്രകാരം നാട്ടുകാരെ ഭരിപ്പാനായി അവരെ നി
ന്റെ ആത്മാവിനാൽ നടത്തുക — തിരുവചനത്തിന്നു വിശ്വസ്ത ശു
ശ്രൂഷക്കാരെ ഉളവാക്കി അവരെ തന്റെ വചനം നിന്റെ മാ
നത്തെയും ആത്മ കൂട്ടത്തിന്റെ രക്ഷയെയും അന്വേഷിപ്പാറാ
ക്കുക — വിവാഹസ്ഥന്മാർ ജീവനോടും ദൈവ ഭക്തിയോടും
ചേരുന്നവരെയും സമ്മാനിച്ചു പിതാക്കൾ മക്കളെ നിന്റെ ഭ
യത്തിൽ വളർത്തുവാനും മക്കൾ ഭക്തന്മാരായി അനുസരിച്ചുട
ക്കുവാനും അനുഗ്രഹിച്ചുകൊള്ളേണമെ — ഐശ്വര്യവും സമൃദ്ധി
യും വരുന്ന വെയിലും മഴയും നല്ല നിലത്തിൽ ഫലങ്ങളെ വിളയി
ച്ചു മഹാവ്യാധി യുദ്ധം മുതലായ ബാധകളെ ഒഴിച്ചു നീക്കേ
ണമെ — രോഗികൾ വിധിതർ അഗതികൾ ദരിദ്രർ വിധവമാർ
അന്യർ ആദിയായവർക്ക് എല്ലാം നിന്റെ സഹായവും ഉറപ്പുള്ള ആധാ
രവും മതിയായുള്ള ആശ്വാസവും ആപത്തിലകപ്പെട്ട സകലർക്കും ര
ക്ഷയും ഭാഗ്യമുള്ള അരുളി വരുത്തുക — നിന്റെ പ്രജകളെ
പീഡിപ്പിക്കുന്ന സഹോദരങ്ങളെ എല്ലാരും ആത്മ സ
ന്തോഷത്തോടും തിരിച്ചും ക്ഷമിച്ചുകൊള്ളുമാ — ഞങ്ങൾക്കും സന്താ
നിക്കും വന്നിരിക്കുന്ന സമയത്തിലും നിന്റെ സുവിശേഷ സത്യ
ത്തെയും ദിവ്യ സമാധാനത്തെയും രക്ഷിച്ചു ഉത്തമ സമാധാന പ്ര
ഭുവായ യേശു ക്രിസ്തുൻ എന്നവന്റെ പ്രിയപുത്രനും ഞങ്ങളു
ടെ കർത്താവും ആയവനെ കൊണ്ടു ഞങ്ങളെ കേൾക്കേണമെ —
— ആമേൻ W. bs.

[അതിന്റെ ശേഷം വേദവാക്യം വായിച്ചു പാട്ടുപാ
ടിച്ചു അനന്തരം മനസ്സു മുട്ടും പോലെ പ്രാർത്ഥിച്ചു പ്ര
സംഗിത്തി — ഒടുക്കം ഹൃദയത്തിൽ നിന്നു പ്രാർത്ഥിച്ചു ക

ന്റു പ്രാൎത്ഥന ചൊല്ലി ചൊല്ലിച്ചു ഒരു ശ്ലോകം ചൊല്ലിച്ചു.
തിരിച്ചു ഞാൻ ന്മെശിഷ്യരാം ഒന്നിനെ കൊല്ലിക്കു] p.13

III ബൊധൊപദെശം

ഞായറാഴ്ച തൊറും ബൊധൊപദെശം എന്ന ആരാധന കൊണ്ടാടുക — ഒരു വന്ദനം ചൊല്ലി പാട്ടു പാടിച്ചശെഷം ഈ പ്രാൎത്ഥനയെ പ്രാൎത്ഥിക്ക.

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവെന്ന വലിയ പ്രവാചകനും അല്ല മനുഷ്യരുടെ ഉപദെഷ്ടാവും ആയുള്ളൊവെ — നീയും ബൊധ്യത്തിങ്കൽ പന്ത്രണ്ടു വയസ്സായപ്പൊൾ ഗുരുക്കന്മാരുടെ നടുവിൽ ഇരുന്ന അവൎക്ക ചെവി കൊടുക്കയും അവരൊട്ടു ചൊദിക്കയും ചെയ്തുവല്ലൊ — ഞങ്ങൾ ഇവിടെ കൂടി വന്നിരിക്കുന്നത ദൈവഭക്തിയുടെ ഉപദെശത്തെയും രക്ഷാകരമായ ക്രിസ്തുമതത്തിന്റെ സാരാംശങ്ങളെയും കെൾപ്പാൻ മാത്രമല്ല — ചൊദ്യങ്ങൾക്ക ഉത്തരം പറവാനും നിന്റെ ജ്ഞാനത്തിൽ പെരുകി വിട്ടു വളൎന്നു വൎദ്ധിപ്പാനും ആകുന്നു — ആകയാൽ നിന്റെ വിശുദ്ധാത്മാവിന്റെ കരുണ നല്കെണമെ — നിന്റെ ധൎമ്മൊപദെശത്തിലെ അതിശയങ്ങളെ കാണെണ്ടതിന്നു ഞങ്ങളുടെ കണ്ണുകളെയും ഹൃദയങ്ങളെയും തുറക്കെണമെ — നിന്റെ വിശുദ്ധ വചനത്തെ മെല്ലെമെൽ അധികം ഗ്രഹിക്കെണ്ടതിന്നു ഞങ്ങൾക്ക ബുദ്ധി കൊടുത്തരുളെണമെ — ഇപ്രകാരം ഞങ്ങൾ കൎത്താവായ യെശുവെ നീ മൂലക്കല്ലാകുന്ന മൂലയതിൽ അപ്പൊസ്തല പ്രവാചകന്മാരുടെ അടിസ്ഥാനത്തിന്മെൽ കെട്ടപ്പെട്ടു വരുന്ന ദൈവാലയത്തിന്റെയും ലൊകത്തിന്റെയും സകല പരീക്ഷകൾക്കും തെറ്റി ജയം കൊള്ളുന്നവരായി ആത്മാക്കളുടെ രക്ഷ പ്രാപിക്കുന്ന വിശ്വാസത്തിന്റെ ലാക്കിൽ എത്തെണ്ടതിന്നു കരുണ ചെയ്തു പരിപാലിക്കെണമെ — ആമെൻ. W

അല്ലെങ്കിൽ

കതിവെറിയവനും ഉൽകൃഷ്ടനായുമായ പിതാവും ദൈവവുമാ
യുള്ളോവെ — ഞങ്ങൾ പാപത്തിലും അറിയായ്മയിലും ജനിക്കയാൽ
ഏകദൈവമായ നിന്നെയും നീ ലോകത്തിൽ അയച്ച യെശുക്രിസ്തു
നെയും അറിയുന്നതിൽ നിത്യജീവൻ ഉണ്ടാകുന്നു എന്നി
ട്ടും — രക്ഷയൊടെ ഇപ്പൊൾ ഞങ്ങളാൽ കഴിയാതിരിക്കെ — ഒരുത്താ
ൻ ഈ കാരിയത്തെ ചിന്തിക്കെണമെ — പാപമുക്തംമുതൽ നിന്നൊ
ടു ചെരുവാൻ തന്റെ ഒട്ടത്തെ ദൊഷമകററി ക്രമത്തിലാക്ക
ന്നു ചിന്തിക്കെണമെ — നിന്റെ വചനത്തെ ആത്മാക്കൾക്ക ഉണർത്തിയല്ലൊ. [illegible]
ആയതത്രെ ഞങ്ങളുടെ കാലുകൾക്കു ദീപം ~~[illegible]~~ ഞങ്ങ
ൾ ഈ ഭൂമിമെൽ പരദെശികളും അന്യന്മാരും ആകിനടക്കുമ്പോ
ൾ ഒക്കെയും ദിവസവും ഞങ്ങളിൽനിന്നു മറെക്കരുതെ — ജ്ഞാ
നത്തിന്റെ ആത്മാവെ തന്നു ഞങ്ങൾ നിന്റെ പരമാർത്ഥത്തെ ശു
ദ്ധമായി ഗ്രഹിക്കയും എന്ന് ഉള്ളങ്ങളെ പ്രകാശിപ്പിക്കെണമെ —
സത്യത്തെ ഗ്രഹിച്ച പ്രകാരം ഞങ്ങൾ വിശ്വസിച്ചും നിന്റെ സന്നി
ധിയിൽ പ്രസാദം വരുത്തിനടന്നും കൊള്ളെണ്ടതിന്നു ഹൃദയങ്ങ
ളെ ശുദ്ധമാക്കുംചെയ്ക — ഇതൊക്കെയും ഞങ്ങൾ യാചിക്കുന്നതു പിതാവൊ
ടു കൂടെ വാഴുന്നവൻ ഏക വഴിയും സത്യവും ജീവനും ആകിയിരിക്കുന്ന യെ
ശുക്രിസ്തൻ എന്ന ഞങ്ങളുടെ കർത്താവിനാലത്രെ — ആയവന്റെ നാമത്തിൽ ഞ
ങ്ങൾ ഇനിയും വിളിച്ചപെക്ഷിക്കുന്നു — സ്വർഗ്ഗസ്ഥനായ SPh p.13

[പിന്നെ ചൊദ്യൊത്തരത്താലെ ഉപദെശവും അനന്ത
രം ഹൃദയ പ്രാർത്ഥനയും ചൊല്ക — പിന്നെ ആരാധനക്കാർ
നമുക്കും ചൊല്ലുന്നു - പെട്ടെന്നെ കുട്ടികൾ ഉള്ള സ്ഥലത്തിൽ
ഹൃദയ പ്രാർത്ഥനെക്കു പകരം ഇതിനെയും

വായിക്കാം.

ഞങ്ങളുടെ കർത്താവായ യഹൊവെ നിന്റെ പ്രമാണങ്ങളൊ

നങ്ങളിന്മെൽ ഇട്ടവനെ - നിൻ നാമം ഭൂമിക്കിൽ ഒക്കയും ശ്രെഷ്ഠമാ
യിരിക്കുന്നു - ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽ
നിന്നു നീ നിന്റെ ബലത്തെയും സ്തോത്രത്തെയും നിശ്ചയിച്ചു ഞങ്ങളെ
ഉൽകൃഷ്ട വാത്സല്യത്തോടെ വിളിച്ചു ക്ഷണിച്ചിരിക്കുന്നു - എൻ മക
നെ എന്റെ വെദധൎമ്മത്തെ മറക്കാതെ നിന്റെ ഹൃദയം എൻ കല്പനക
ളെ സൂക്ഷിക്കാവു - അവ ദീൎഘനാളുകളും ജീവന്റെ ആണ്ടുകളും സമാ
ധാനവും നിണക്കു കൂട്ടിവെക്കും - അവറ്റെ കഴുത്തിൽ കെട്ടി കൊ
ൾക ഹൃദയ പലകമെലും എഴുതുക - എന്നാൽ ദൈവത്തിന്റെയും
മനുഷ്യരുടെയും കണ്ണുകളിൽ കരുണെയും ബഹുസമ്മതിയും കണ്ടെ
ത്തും - എന്നതല്ലാതെ നിന്റെ ഏകജാതനായ യെശുക്രിസ്തൻ
പൈതങ്ങളെ തനിക്കു കൊണ്ടു വരുവാൻ ഏറ്റ താല്പൎയ്യത്തോടെ
ചൊദിച്ചും ഇപ്രകാരമുള്ളവൎക്കു ദൈവരാജ്യം ഉണ്ടെന്നു ചൊല്ലി
അനുഗ്രഹിച്ചും ഇരിക്കുന്നു - നീ ചെറുപ്പത്തിൽ ഞങ്ങളെയും ര
ക്ഷിച്ചു വിശുദ്ധ സ്നാനത്താൽ ദൈവപുത്രത്വത്തിൻ വാഗ്ദത്തം തന്ന
തു ഒഴികെ - നീ വെളിപ്പെടുത്തിയ ദിവ്യവചനങ്ങളാകുന്ന കൂട്ടില്ലാത
പാല്കൊണ്ടു നിത്യം വളൎത്തി വിശുദ്ധ സംയോഗത്തിൽ നടത്തി വരുന്ന
തു കൊണ്ടു ഞങ്ങൾ ഹൃദയത്തിൽ നിന്നു സ്തുതിക്കുന്നു - - ഇനി
ഞങ്ങൾ ഏററവും ചെറിയ കൊള്ളുന്നിത്ര - ഞങ്ങൾ വളരുന്തോറും
ജ്ഞാനത്തിൽ ശക്തിപ്പെട്ടു വൎദ്ധിക്കയാവു - വിശ്വസ്ത ദൈവമായ
പിതാവെ നിന്നോടും നിന്നെ സെവിക്കുന്ന സകല മനുഷ്യരൊടും
ഞങ്ങൾ പ്രസാദം വൎദ്ധിക്കുന്നതിൽ വളരുമാറാക - ഇപ്രകാരം
നിന്നെ അറിഞ്ഞും സെവിച്ചും നിന്നാൽ ജീവിച്ചും പൊരുന്ന ഭാഗ്യ
ത്തിൽ വൎദ്ധിക്കയും ഞങ്ങളുടെ കൎത്താവും രക്ഷിതാവും ആയ യെശു
ക്രിസ്തു മൂലം അവന്റെ വരവൊളം വരെ നില്ക്കയും ചെയ്യുമാറാക
ആമെൻ. SFh.

അല്ലെങ്കിൽ

കരുണെയുള്ള ദൈവമായ പിതാവെ നീ ഞങ്ങൾക്കു പിന്നെയും രക്ഷാമാ
ർഗ്ഗത്തെ ഗ്രഹിപ്പിച്ചു തന്നതുകൊണ്ടു ഞങ്ങൾ സ്തോത്രം ചൊല്ലുന്നു- മെ
ട്ടു വചനത്തിന്മെൽ നിന്റെ അനുഗ്രഹം വെക്കെണം- വലിയവരും
ചെറിയവരും എല്ലാവരും അതിനെ നല്ല ഹൃദയത്തൊടെ സൂക്ഷിപ്പാ
ൻ സംഗതിവരുത്തെണമെ- നിന്റെ വചനവും ആത്മാവും ഞങ്ങ
ളിൽ നിന്നും മക്കളിൽ നിന്നും മാറിപൊകയില്ല എന്നുള്ള വാഗ്ദത്ത
ത്തിന്നു നിവൃത്തി വരുത്തെണമെ- തിരുവചനത്തെ കാത്തുകൊണ്ടാലല്ലാ
തെ നടപ്പു നിൎദ്ദൊഷമായിരിക്കയില്ല എന്നു ഞങ്ങളുടെ കുട്ടികൾക്കു
ചെറുപ്പത്തിൽ തന്നെ ഉപദെശിക്ക- അവർ ബാല്യത്തിലും തങ്ങളു
ടെ സ്രഷ്ടാവെ ഒൎക്കെണ്ടതിന്നും- അതിവിശുദ്ധ ബാലനായ യെശു
വിന്റെ മാതൃകപ്രകാരം പ്രായത്തിൽ വളരുന്നതൊടും ജ്ഞാനത്തി
ലും നിന്നൊടും മനുഷ്യരൊടും കൃപയിലും വളരെണ്ടതിന്നും- ഇവ
ൎക്കും ഇഹത്തിലും പരത്തിലും വിടാതെ സൌഖ്യം സാധിക്കെണ്ടതിന്നും
കരുണ ചെയ്യെണമെ- പ്രിയപുത്രനായ യെശുക്രിസ്തുനെ വിചാ
രിച്ചു ഞങ്ങളെ കെൾക്കയാവു- ആമെൻ. W

A. a.)

ഒരൊ ഞായറാഴ്ച പ്രാൎത്ഥനകൾ

൧.)

ഞങ്ങളുടെ ദൈവമായ യഹോവയെ നീ വെളിച്ചമാകുന്നു ഇരിട്ടു
നിന്നിൽ ഒട്ടും ഇല്ല — നീ ഏകജാതനായ പുത്രനെ ഈ ലൊകത്തി
ൽ അയച്ചത് അവനെ പിഞ്ചെല്ലുന്നവൻ ഒരുത്തനും ഇരിട്ടിൽ നട
ക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകിരിക്കെണ്ടതിന്നത്രെ —
ഇന്നും കൂടെ നിന്റെ വെളിച്ചവും സത്യവും ഞങ്ങളെ നടത്തെ
ണ്ടതിന്ന അയക്കുക — ഇന്നും ഞങ്ങളിൽ അറിയിക്കുന്ന നിന്റെ
വചനം ഞങ്ങളുടെ കാല്ക്കു ദീപവും വഴിക്കൽ വെളിച്ചവും ആക്കു
ക — താന്താന്റെ ഹൃദയത്തിന്റെ അവസ്ഥ ഇന്നത് എന്നു ഞ
ങ്ങൾക്കു വെളിപ്പെടുത്തി തരിക — തന്നെത്താൻ ചതിക്കുന്ന മായയെ
അകറ്റുക — അഹംഭാവത്തെ ഒടിക്കുക ഞങ്ങളെ ഉയൎത്തുവാ
ൻ കഴികെയുന്നതിന്ന താഴ്ത്തി വെക്കുക — നല്ല ദാനങ്ങളും തിക
ഞ്ഞ വരങ്ങളും ഞങ്ങളിൽ നിറെച്ചും താനും ഞങ്ങളിൽ വ
സിച്ചും കൊൾവാൻ വെണ്ടി [illegible]
സകല ദൊഷത്തിൽ നിന്നും ഞങ്ങളെ വെടിപ്പാക്കെണമെ — ഞ
ങ്ങളെ നിന്റെ ദിവ്യപ്രതിമയാക്കി രൂപാന്തരപ്പെടുത്തി നിന്റെ
അത്യന്ത ജ്ഞാനത്തെ ഞങ്ങൾക്ക ഇപ്പൊൾ തന്നെ ദിവ്യജീവ
ന്റെ ഉറവാക്കി ചമെക്കെണമെ — നിനക്കു വെറുപ്പുള്ള
ഈ ആശയെ സമൃദ്ധിയാക്കി അനുഗ്രഹിക്ക — ഇന്നു നിന്റെ വ
൨ ചനത്തെ വായിച്ചും കെട്ടും പ്രസ്താവിച്ചും കൊള്ളുന്ന എല്ലാവരിലും
നിന്റെ ആത്മാവ് കൊണ്ടെ ശക്തിയൊടെ പ്രവൃത്തിക്ക — നിന്റെ വി
ലയെറിയ സുവിശെഷത്തെ നിന്ദിക്കുന്നവരൊടും നീ പൊറുത്തു

ഠിച്ചും കൊണ്ടു — എങ്ങനെ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുകയും തിരുരാജ്യം പരന്നുവരികയും പലജാതികളും നിത്യരക്ഷ സാധിക്കയും ആകേണമെ — സ്വൎഗ്ഗസ്ഥനായ പിതാവെ നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവും ആയ യെശുക്രിസ്തനെ വിചാരിച്ചു ഞങ്ങളുടെ യാചനകളെ കെട്ടരുളെണമെ — ആമെൻ. W

൨൯

സ്വൎഗ്ഗസ്ഥ പിതാവായ ദൈവമെ — ഇന്നു നിന്റെ സ്വസ്ഥനാളാകകൊണ്ടു ഞങ്ങൾ മുഴുമനസ്സോടും നിന്റെ വചനം കെട്ടും പഠിച്ചും കൊണ്ടു ഈ ദിവസത്തെ വെണ്ടും വണ്ണം വിശുദ്ധീകരിപ്പാനും നിന്റെ വചനത്താൽ ഞങ്ങൾ വിശുദ്ധീകരിക്കപ്പെടുവാനും നിന്റെ നല്ല ആത്മാവെ അയച്ചു ഞങ്ങളെ പ്രകാശിപ്പിച്ചു നടത്തെണമെ — നിന്റെ വചനത്തിന്നു ശുശ്രൂഷക്കാരായവൎക്കും യെശുക്രിസ്തന്റെ സുവിശെഷത്തെ ക്ലിപ്തിയില്ലാതെ വെടിപ്പായി അറിയിച്ചും തങ്ങളും അതിനാൽ ജീവിച്ചും ഇരിക്കെണ്ടതിന്നു വിശുദ്ധാത്മാവിന്റെ വെളിച്ചത്തെയും ശക്തിയെയും അവൎക്കു നല്കെണമെ — ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ എല്ലാവൎക്കും വിശെഷാൽ സങ്കടക്കാൎക്കും ഭാരം ചുമക്കുന്നവൎക്കും രൊഗികൾക്കും മരിക്കുന്നവൎക്കും വെണ്ടുവൊളം അനുഭവമാക്കുമാറാകെണമെ — ഞങ്ങൾ നിന്റെ പ്രിയ പുത്രനായ യെശുക്രിസ്തനിൽ മുറ്റും ആശ്രയിച്ചും ആശവെച്ചും കൊണ്ടു തിരുവചനപ്രകാരം നടപ്പാനും എല്ലാ ഇടൎച്ചകളെയും സൂക്ഷിച്ചൊഴിച്ചു ഞങ്ങളുടെ രക്ഷിതാവെ പിരിയാതെ പിഞ്ചെല്ലുവാനും പ്രയാണത്തിന്റെ ഒടുവിൽ നിന്റെ സ്വൎഗ്ഗീയ രാജ്യത്തിൽ പ്രവെശിപ്പാനും നിന്റെ കരുണ ഇറക്കിതരെണമെ — ആമെൻ. W

൩൦

വിശ്വസിക്കുന്ന ഹൃദയങ്ങൾക്കെല്ലാം ശ്രെഷ്ഠ വിശ്രാമവും ഭാഗ്യ

സ്ഥാനവും ആകുന്ന ഏശുവെ- അദ്ധ്യാത്മികവും ഭാരം ചുമ
ന്നും നടക്കുന്നൊരെ ഒക്കെയും എന്റെ അടുക്കൽ വരുവിൻ എ
ന്നാൽ നിങ്ങളുടെ ദെഹിക്കു വിശ്രാമം കണ്ടെത്തും എന്നുള്ള
തു നിന്റെ വാക്കാകുന്നുവല്ലൊ- ആയതുകൊണ്ട ഹൃദയത്തിന്
ഈ ലൊകത്തിൽ ഒരു തൃപ്തിയും കാണാത്ത ഞങ്ങൾ നിന്റെ
അടുക്കൽ ചെല്ലുന്നു— കർത്താവായ ഏശുവെ നിന്റെ ജീവ
നാലും കഷ്ട മരണങ്ങളാലും നീ ലൊകത്തെ ജയിച്ചുവല്ലൊ-
ഞങ്ങളുടെ ദെഹിക്കു നിന്റെ സ്നെഹത്തിലും ആശ്വാസത്തി
ലും സമാധാനത്തിലും സ്വസ്ഥത കണ്ടെത്തുമാറാകെണം എന്ന
തു ഞങ്ങളുടെ യാചന തന്നെ - ഞങ്ങൾ നിന്നെ ഉള്ളവണ്ണം
അറിഞ്ഞും നിന്നെ മാത്രം വചിച്ചും നിന്നിൽ ആശ്രയിച്ചും
സ്നെഹിച്ചും കൊണ്ടിരിപ്പാൻ സംഗതിവരുത്തെണമെ- ഒടുക്കം നിരു
പണത്തൊടു സന്തൊഷങ്ങളുടെ തൃപ്തിയും നിൻ വലഭാഗെ കൈയാൽ എ
ന്നും ക്ഷെത്രങ്ങളും ഉള്ള നിത്യസ്വസ്ഥതയിലെക്ക പ്രവെശി
പ്പിക്കയായി- ആമെൻ- W

൪൦

നിത്യനും ഞങ്ങൾക്കു രക്ഷയും ആശ്വാസവും ആകുന്ന
ദൈവവും പിതാവും ആയുള്ളൊവെ- വിശുദ്ധ ഭയത്തൊടെ
നിരുപമിച്ച ആരാധിച്ചു കൊള്ളുവാൻ ഞങ്ങൾ നിന്റെ കരുണ
യാലെ കൂടി വന്നിരിക്കുന്നു- ഞങ്ങൾ പാപികളും ദുഷ്ടവും എ
ന്നിട്ടും നിന്നൊടു പറവാൻ തുനിഞ്ഞിരിക്കുന്നു- എന്റെ മുഖ
ത്തെ അന്വെഷിപ്പിൻ എന്നു നീ കല്പിച്ചിരിക്കകൊണ്ട ഞങ്ങൾ നി
ന്റെ മുഖത്തെ അന്വെഷിച്ചും നിന്റെ സത്യവചനത്തെ കൂറ
കെൾപ്പാനും ഇരിക്കുന്നു— യഹൊവെ നിന്നെ വാഴ്ത്തുന്ന ശബ്ദം കെ
ൾപ്പിച്ചും നിന്റെ അതിശയങ്ങളെ ഒക്കെയും വർണ്ണിച്ചും പൊരുന്ന
നിന്റെ ഭവനത്തിലെ പാർപ്പും നിന്റെ തെജസ്സിൻ വാസസ്ഥല

വും ഞങ്ങൾക്കു സ്നേഹിക്കുന്ന — ദൈവവും ഞങ്ങളുടെ കൎത്താവും
ആയ യെശു ക്രിസ്തുവിന്റെ പിതാവുമായുള്ളൊവെ നിയസ്ഥാപ്പെ
ട്ടവനാക — സ്വൎല്ലൊകങ്ങളിലെ സകല ആത്മിക അനുഗ്രഹങ്ങ
ളും നീ ഞങ്ങളെ ക്രിസ്തുവിൽ പണ്ടെ അനുഗ്രഹിച്ചുവന്നുവല്ലൊ-
അവനിലും അവമൂലവും ഇന്നും എന്നും അനുഗ്രഹിച്ചുവൊരെ
ണമെ — ഞങ്ങൾ മിത്രവും സഹായരുടെ അനുഗ്രഹമുള്ളവരാ
കിരിക്കെ — ഞങ്ങളെ സകല സത്യത്തിലും നടത്തേണ്ടതിന്നു നി
ന്റെ വിശുദ്ധാത്മാവിനെ അയക്കുക — ഞങ്ങളെ വിശ്വാസത്തി
ൽ വെറുതിപ്പാൻ കരുണാത്മാവെയും — നിന്റെ കൂട്ടായ്മയെ ഉറ
പ്പിപ്പാൻ പ്രാൎത്ഥനാത്മാവെയും നല്ല പൊരാട്ടത്തിന്നായി ബല
പ്പെടുത്തുവാൻ ശക്ത്യാത്മാവെയും — ഞങ്ങളുടെ ഹൃദയങ്ങളെയും
നിനവുകളെയും ഇത്ര്യേസ്വകാലെക്ക് ക്രിസ്തുയെശുവിങ്കൽ കാപ്പാ
ൻ പ്രത്യാശയുടെയും സമാധാനത്തിന്റെയും ആത്മാവെയും
ഇറക്കിത്തരെണമെ — ആമെൻ. W

൫(·)

സൎവ്വത്തിന്നും മീതെ സ്തുതിക്കപ്പെടുന്ന കൎത്താവെ നീ വിശുദ്ധവച
നങ്ങൾ ഒക്കെയും എഴുതിച്ചതു ഞങ്ങളുടെ ഉപദെശത്തിന്നാകുന്നു
വല്ലൊ — അതിനെ ഞങ്ങൾ വായിച്ചും കെട്ടും ധ്യാനിച്ചും പഠിച്ചും ഹൃ
ദയങ്ങളിൽ സംഗ്രഹിച്ചും കൊള്ളുമാറാകെണമെ — ആവകയെ ഞങ്ങളൊ
ടും തിരുവചനത്തിന്റെ ആശ്വാസത്താലും ക്ഷാന്തിയാലും നിത്യ
ജീവന്റെ ഭാഗ്യമുള്ള ആശയെ കൈക്കലാക്കി വിടാതെ പിടി
ച്ചു കൊള്ളുമാറു കൃപ ചെയ്യെണമെ — അതിനെ ഞങ്ങളുടെ ക
ൎത്താവായ യെശുക്രിസ്തുമൂലം നീ സമ്മതിച്ചു തന്നുവല്ലൊ — ആ
മെൻ — C F.

൬.)

പ്രിയ ദൈവമെ — പിശാചിന്റെ ക്രിയകളെ അഴിപ്പാനും ഞങ്ങ

ളെ നിന്റെ മക്കളും നിത്യജീവന്റെ അവകാശികളും ആക്കുവാനും
തന്നെ നിത്യനായ നിന്റെ പുത്രൻ പ്രത്യക്ഷനായ്‌വന്നുവല്ലൊ-
ഈ പ്രത്യാശ ഉണ്ടാക്കീട്ടുള്ള ഞങ്ങൾക്ക് ആയവൻ നിർമ്മലൻ ആകെ
പോലെ ഉള്ളവണ്ണം ഞങ്ങളെ നിർമ്മലീകരിപ്പാൻ കാരുണ്യംചെയ്യേണമെ-
-എന്നാൽ അവൻ ശക്തിയോടും മഹാതേജസ്സോടും തിരികെ
വന്നു വിളങ്ങുമ്പോൾ ഞങ്ങൾ അവനോടു സദൃശന്മാരായി അവ
ന്റെ നിത്യമുള്ള തേജോരാജ്യത്തിൽ കൂടെ നിന്നു സംഗ
തിവരികയാവു- ആയതിൽ അവൻ പിതാവെ നിന്നോടും
വിശുദ്ധാത്മാവെ നിന്നോടുംകൂടെ ഏകദൈവമായി എന്നെക്കും
ജീവിച്ചും വാണുംകൊണ്ടിരിക്കുന്നു- ആമെൻ CP

6., ഉത്സവപ്രാർത്ഥനകൾ

ആഗമനനാൾ

൧.,

നിത്യവും സർവ്വശക്തിയും ഉള്ള ദൈവമെ- കാലസമ്പൂർണ്ണതവന്നേ
ടത്തു നിന്റെ ഏകജാതനായ യേശുക്രിസ്തുനെ ഞങ്ങളുടെ ഇട
യിലെക്ക് ഇറങ്ങിവരുവാൻ നീ അയച്ചത കൊണ്ടു ഞങ്ങൾ മ
നഃപൂർവ്വമായി സ്തുതിക്കുന്നു- ഇങ്ങനെ അവന് ജഡത്തിൽവ
ന്നതു ഞങ്ങൾക്ക് നിത്യാശ്വാസമായി ചമവാനും അവൻ ലോക
ത്തിൽ കിഴിഞ്ഞ അരിഷ്ടപാപികളായ ഞങ്ങളെ രക്ഷിക്കേ
ണ്ടതിന്നത്രെ എന്നുവിശ്വസിച്ചുറപ്പിപ്പാനും കരുണചെയ്യേ
ണമെ- വിശ്വസ്തനായ ദൈവമെ ഇന്നുംകൂടെ അവൻ തിരു
വചനത്താലും വിശുദ്ധചൊല്ലുകളാലും ഞങ്ങളുടെ ഇടയിൽ വ
രുമാറാക- ഞങ്ങൾ അതിന്റെ ശക്തിമൂലം ഈ ഹൃദയങ്ങളെ
രുക്കി അവന്നു നിത്യവാസസ്ഥലമാക്കേണ്ടതിന്നു സംഗതിവരുത്തു

൩൩

കൊണ്ടവു — അവൻ പിന്നെയും ഒടുക്കത്തെ സന്ദൎശനത്തിന്നായി വരു
വാനുള്ളതിനെ ഞങ്ങൾ വാഞ്ഛിക്കയും അവൻ ന്യായവിധിക്കാ
യി എറങ്ങുമ്പോൾ സന്തോഷത്തോടെ എതിരേല്ക്കയും നിത്യതെ
ജസ്സിന്റെ രാജ്യത്തിൽ അവനോടുകൂടെ പ്രവേശിക്കയും ചെ
യ്യേണ്ടതിന്ന ഞങ്ങളുടെ നിനവുകളെയും ചിന്തകളെയും ഉണ
ൎത്തി ഉത്സാഹിപ്പിക്കേണമെ — നിത്യരാജാവായുള്ള നിനക്കും നി
ന്നോട്ട് ഒന്നിച്ചു ജീവിച്ചും വാണുംകൊണ്ടിരിക്കുന്ന പുത്രനും ആത്മാവി
ന്നും ഇന്നുമുതൽ യുഗാദികാലത്തിലെ സകല തലമുറകളോളവും
സഭയകത്തു തെജസ്സുണ്ടാവുതാക — ആമെൻ. W

൩൪

കനിവും വിശ്വസ്തതയും നിറഞ്ഞ ദൈവമെ — ഏകജാതനായ പു
ത്രനെ പഴയ നിയമത്തിലെ പിതാക്കൾ വാഗ്ദത്തം ചെയ്തും വിശുദ്ധ
പ്രവാചകരെക്കൊണ്ടു മുന്നറിയിച്ചും കാലസമ്പൂൎണ്ണത വരുന്നേടത്തു
ലോകത്തിൽ അയച്ചും കൊണ്ടു നിന്റെ ഇഷ്ടത്തെയും ആലോ
ചനയെയും വെളിപ്പെടുത്തി ഭൂമിയിലെ സകല ജാതികളിലും
നിന്റെ അനുഗ്രഹത്തെ വരുത്തിയത് കൊണ്ടും ഞ
ങ്ങൾ സ്തോത്രവും പുകഴ്ചയും ചൊല്ലുന്നു — അവനായി ഞങ്ങളും ഹൃ
ദയങ്ങളെ മനസ്സോടെ തുറന്നിട്ടു അവൻ ഇങ്ങു പ്രവേശിച്ചും താ
ൻ സ്വൎഗ്ഗത്തിൽനിന്നു കൊണ്ടുവന്ന രക്ഷാകരദാനങ്ങളൊടുംകൂടെ
ഞങ്ങളിൽ നിത്യം വസിച്ചും നില നിന്നും കൊള്ളേണ്ടതിന്നു നിന്റെ
കൃപയെ സമൃദ്ധിയായി തരേണമെ — അവൻ തിരുവചനത്താ
ലും ആത്മാവിനാലും ഇടവിടാതെ ഞങ്ങളുടെ ഉള്ളങ്ങളോട് പറക
യും പാവങ്ങളുടെ അധികാരത്തെ ഞങ്ങളിൽ സംഹരിക്കയും തി
കവു വന്നുള്ള നീതിമാന്മാരുടെ കൂട്ടത്തിൽ ഞങ്ങളെ ചേൎക്കയും ചെ
യ്യേണമെ — നിന്റെ വിശ്വാസ്തതെക്കു തക്കവണ്ണം ഞങ്ങളെ അ
വസാനം വരെയും ഉറപ്പിച്ചു കാത്തു ഞങ്ങളുടെ കൎത്താവായ യെ

ക്രിസ്തുവിന്റെ നാമത്തിൽ കുറ്റം ക്ഷമിക്കപ്പെട്ടവരാക്കി തീർക്കേണമെ-
ആമെൻ- W

തിരുജനനനാൾ

സ്വർഗ്ഗസ്ഥപിതാവും കർത്താവുമായ ദൈവമെ- നീ അനാദിയായിട്ടു
നിന്റെ ഏകജാതനെ ഞങ്ങളുടെ രക്ഷക്കായി നിശ്ചയിച്ചു കാ
ലസമ്പൂർണ്ണതയിൽ മനുഷ്യനായി പിറപ്പിച്ചതുകൊണ്ടു ഞ
ങ്ങൾ ഹൃദയത്തിൽ നിന്നു സ്തുതിയും പുകഴ്ചയും ചൊല്ലുന്നു- നി
ന്റെ കരുണാധനം ഹേതുവായി നീ അവനെ ഈ നശിച്ചുപോകു
ന്നവർക്കു സമ്പാദിച്ചതു ഉത്തമമായ പിറപ്പിലെ കേടിൽനിന്നുദ്ധരിച്ചിട്ടു
ഞങ്ങൾ ധർമ്മത്തിന്റെ ശാപത്തിൽ നിന്നും പാപമരണങ്ങ
ളുടെ അധികാരത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടു നിന്റെ മക്കളും
സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും ആയിത്തീരേണ്ടതിന്നു ശ്രേ
ഷ്ഠതയുള്ള പിതാവെ നിന്റെ പ്രിയപുത്രന്റെ വിശുദ്ധമുള്ള അ
വതാരത്താൽ ഞങ്ങൾ എല്ലായ്പോഴും ആശ്വസിച്ചും ആനന്ദിച്ചും
കൊൾവാൻ ദയ ചെയ്തു ഞങ്ങളെ ആ രക്ഷിതാവിന്റെ അറിവിൽ
വർദ്ധിക്കയും ഉറപ്പിക്കയും ചെയ്യേണ്ടുന്നതു അപേക്ഷിക്കുന്നു-
ആത്മാവിൽ നിന്നു ഞങ്ങൾ വീണ്ടും ജനിച്ചിട്ടു അനുസരണമുള്ള
മക്കളായി നിന്നെ എന്നും സേവിച്ചും പൂജിച്ചും കൊണ്ടു [illegible]
സ്ഥിരത്തോടും നിന്റെ ഞങ്ങൾ ക്രിസ്തുവോടും ഒന്നിച്ചു നിന്നെ
എന്നും സ്തുതിച്ചും പുകണ്ണും പോരേണ്ടതിന്നു കൃപ ചെയ്യേണമെ-
ആമെൻ- W

൯

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായി സർവ്വശക്തി
യുള്ള ദൈവമെ- നിന്തിരുനാമത്തിന്നു എന്നും സ്തോത്രം ഭവിക്കട്ടെ
നീ ഞങ്ങളെല്ലാം രക്ഷിയാവ ചെയ്യുവാൻ ഞങ്ങൾ [illegible]

ഞങ്ങൾക്കെല്ലാം കർത്താവാകുന്ന ക്രിസ്തുൻ എന്ന രക്ഷിതാവ് ഇന്നു ജനിച്ചി
രിക്കുന്നു- ഇപ്രകാരം നീ ഞങ്ങളെ സ്നേഹിച്ചു പ്രിയപുത്രനെ ഞങ്ങൾ
അവശ്യം ജീവിക്കേണ്ടതിന്നു ഇഹലോകത്തിൽ അയച്ചിരിക്കയാ
ൽ ഞങ്ങൾ പൂർണ്ണമനസ്സോടെ സ്തുതിക്കുന്നു--- കർത്താവായ യെശുവെ നി
ന്നക്കു സ്തോത്രവും നമസ്കാരവും ഉണ്ടാവൂതാക- ഞങ്ങൾ ദൈവപുത്രർ
ആകേണ്ടതിന്നു നീ മനുഷ്യപുത്രനായ്തീർന്നു- നിന്റെ ദാരിദ്ര്യത്താ
ൽ ഞങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നീ ദരിദ്രനായ്തീർന്നു- നിന്നാ
ൽ ഞങ്ങൾ ദൈവസാദൃശ്യമായി പുതുക്കപ്പെടേണ്ടതിന്നു നീ ദാസസ്വരൂ
പം എടുത്തു കിഴിഞ്ഞു വന്നു- ഞങ്ങൾ എല്ലാവരും അന്ധകാരത്തിലും
മരണനിഴലിലും ഇരുന്നു നീയോ ദൈവത്തിന്റെ കരൾ അലിയുന്ന
കനിവിനെ ഞങ്ങളിൽ ആക്കി സമാധാന സന്തോഷങ്ങളെ ഉ
റക്കി ഞങ്ങളും നിന്റെ നിറവിൽ നിന്നു കൃപെക്കു വെറൊരു കൃപയെ
കൈക്കൊള്ളുന്നു- അതുകൊണ്ടു ഞങ്ങളുടെ ദെഹി ഉല്ലസിച്ചു ദൈവ
ത്തിന് അത്യുന്നതങ്ങളിൽ തെജസ്സും ഭൂമിയിൽ സമാധാനവും മനു
ഷ്യരിൽ പ്രസാദവും ഉണ്ടെന്നു സ്തുതിക്കുന്നു-

ഹാ ഞങ്ങളുടെ കർത്താവും രക്ഷിതാവും ആയ യെശുവെ- നി
ന്നെ കാംക്ഷിക്കുന്ന ഈ ഹൃദയങ്ങളിൽ അവതരിക്ക നിന്റെ സ്വഭാ
വരങ്ങളെല്ലാം ഞങ്ങളിൽ നിറെക്കെണമെ- നിന്റെ ആത്മാ
വ് കൊണ്ടു ഞങ്ങളെ നടത്തുക- നിന്റെ കൃപ കൊണ്ടു പാപവ്യാധി
കൾ ചികിത്സിച്ചു ഭേദം വരുത്തുക- വിശ്വസ്തനായ ത്രാണകർത്താവെ
സകല ദുഃഖത്തിലും ആശ്വാസവും- എല്ലാ ഞെരുക്കത്തിലും സഹായ
വും- ഈ ദുഷ്ടലോകത്തിലെ പരീക്ഷകളിൽ ശക്തിയും- ഒടുക്ക
ത്തെ പൊരാട്ടത്തിൽ ധന്യമായ പ്രത്യാശയും നല്കെണമെ- യെശുവെ
ഞങ്ങളെ കനിഞ്ഞു കൊണ്ടു നിന്റെ സമാധാനം തരികെ ആവൂ-
ആമെൻ. W

ആണ്ടുപിറപ്പു

സ്വൎഗ്ഗസ്ഥപിതാവായ ദൈവമെ നീ പ്രിയപുത്രനെ ഈലോക
ത്തിൽ അയച്ചു അവനെ പരിച്ഛേദനകൊണ്ടു സ്വവംശത്തി
ന്റെ സഭയോടു ചെൎക്കുന്ന ദിവസം ആ പിള്ളെക്ക യെശുനാമം
വിളിപ്പിച്ചതുകൊണ്ടു ഞങ്ങൾ സ്തോത്രം ചൊല്ലുന്നു - നീ വിശുദ്ധ
നിയമത്തെ ഓൎത്തു അബ്രഹാം വംശത്തിൽ ജാതികൾക്കെല്ലാം
അനുഗ്രഹം വരെണം എന്നുള്ള വാഗ്ദത്തത്തിന്നു നിവൃത്തിവരു
ത്തിയിരിക്കുന്നു - അതുകൊണ്ടു നിന്റെ ശേഷം വാഗ്ദത്തങ്ങ
ളും എല്ലാം ക്രിസ്തുയെശുവിൽ ഉവ്വ എന്നും ആമെൻ എന്നും വ
രെണ്ടതാകുന്നു - അവൻ ജഡത്തിൽ വിളങ്ങിയതിനാലും യെ
ശു എന്ന നാമത്തിന്റെ ശക്തിയാലും ഞങ്ങൾക്കു സ്ഥിരവിശ്വാസം
മൂലമായി ഇത്രമുള്ള ആശ്വാസവും പഴയമനുഷ്യനെ വിഴുങ്ങു
ന്നതിനാൽ പുതിയ വൎഷത്തിന്നു നല്ലാരംഭവും നിന്റെ ദയ
യുള്ള പരിപാലനത്തിനാൽ സമാധാനമുള്ള അവസാനവും വ
രെണ്ടതിന്നു വിശുദ്ധാത്മാവു കൊണ്ടു ഞങ്ങളിൽ വ്യാപരിക്കെ
ണം എന്നു വളരെ യാചിക്കുന്നു - യഹോവെ ഞങ്ങളുടെ വര
വും പൊക്കും ഇന്നുമുതൽ എന്നെക്കും കാത്തരുളെണമെ -
ആമെൻ - W

൯൰

കൎത്താവെ - നീ തലമുറ തലമുറയായിട്ടു ഞങ്ങൾക്കു ശരണമായി
രിക്കുന്നു - മലകൾ ജനിച്ചതിന്നും നീ ഭൂമിയെയും ഉലകിനെയും
നിൎമ്മിച്ചതിന്നും മുമ്പെ യുഗം മുതൽ യുഗത്തോളവും ദൈവമെ നീ
ഉണ്ടു - ഞങ്ങൾ ഇന്നലെ തുടങ്ങി പൊടിയും ഭസ്മവും ആകുന്നു -
ഞങ്ങളുടെ ആയുസ്സ് നിന്റെ മുമ്പാകെ ഇല്ലാത്തതു പോലെ
തന്നെ - നീയോ അനന്തനത്രെ നിന്റെ ആണ്ടുകൾ തീരുകയും
ഇല്ല - ഞങ്ങൾ പാപികൾ ആകുന്നു ഞങ്ങളുടെ ദ്രോഹം തിരുമു
മ്പിൽ വെളിപ്പെട്ടിരിക്കുന്നു - നീയോ യഹോവെ ഞങ്ങളുടെ

പിതാവ്- ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നതു ആദ്യംമുതൽ നിന്റെ പെർതന്നെ- നിന്റെ മഹാക്രിയകളെ പറയാനും നിന്റെ സ്തുതികളെ ഒക്കയും വൎണ്ണിപ്പാനും ആർ പൊരും- ഞങ്ങളിൽ ചെയ്യുന്ന ഉപകാരങ്ങൾക്ക് എല്ലാം ആർ പകരം ചെയ്യും- നിൻ ദയ എത്ര വിലയെറിയതു ദൈവമെ മനുഷ്യപുത്രർ നിന്റെ ചിറകുകളുടെ നിഴലിൽ ആശ്രയിച്ചും കൊള്ളുന്നു- ഞങ്ങൾക്ക് എന്നും തുണയും ബലവും ആയികൊണ്ടു തലമുറയാലെ ഞെരുക്കങ്ങളിൽ ഉളി ഷ്ട വൎഷത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവ് നിന്നെ അപെക്ഷിക്കുന്നു- ഞങ്ങൾക്ക് ഇനി ഉണ്ടാകെണ്ടുന്ന ദിവസങ്ങൾ നിന്റെ പുസ്തകത്തിൽ എഴുതി കിടക്കുന്നു- അവകളിൽ ഞങ്ങൾ ജീവനും സുഖവും ദെഹാരൊഗ്യവും ആശ്വാസവും എല്ലാം ഭരമെല്പിക്കുന്നു- നിന്റെ ഏകജാതനായ യെശുക്രിസ്തുനെ ഇന്നും ഞങ്ങളുടെ ഹൃദയങ്ങളിൽ പുത്രനായി ഉദിപ്പിക്കെണമെ- അവനല്ലൊ വെളിച്ചവും ജീവനും വരുത്തുന്ന നീതിസൂൎയ്യനായി ഉദിച്ചു- ഞങ്ങൾ കാലിടറാതെ നെരുള്ള പാതയിൽ കൂടി നടക്കെണ്ടതിന്ന പരിശുദ്ധാത്മാവിനെ ഞങ്ങളുടെ പ്രയാണത്തിൽ വഴികാട്ടിയായിട്ടു തരെണമെ- ഉറക്കവും മയക്കവും ഇല്ലാത്ത ഇസ്രായെലിൻ കാവലാളനെ നിന്റെ സൎവ്വശക്തിയുള്ള പരിപാലനത്തിൽ ഞങ്ങളെയും ചെൎത്തുകൊണ്ടു എല്ലാവഴികളിലും ഞങ്ങളുടെ ജീവനെ വെളിച്ചവും ഉണൎച്ചയുമാക്കി വെക്കെണമെ- നിത്യദൈവമെ ഞങ്ങളെ കൈവിടാതെ നിന്റെ രക്ഷയെ ഞങ്ങൾ കാത്തു നില്ക്കുന്നു- എല്ലായ്പൊഴും യഹൊവ രക്ഷിക്കെണമെ- എല്ലായ്പൊഴും യഹൊവ സാധിപ്പിക്കെണമെ (സങ്കീ. ൧൧൮) ആമെൻ. W.

പ്രകാശനദിനം

വെളിച്ചങ്ങളുടെ പിതാവായുള്ളൊവെ ഇരുളിലും മരണനിഴലി
ലും ഇരിക്കുന്നവൎക്ക വിളങ്ങി ഞങ്ങളുടെ കാലുകളെ സമാധാനവ
ഴിയിൽ നടത്തെണ്ടതിന്നു ഉയരത്തിൽ നിന്ന അരുണൊദയം ഞ
ങ്ങളെ ദൎശിച്ചു വന്ന നിന്റെ കരുണയിൻ കനിവിനെ ഞങ്ങൾ വാ
ഴ്ത്തി സ്തുതിക്കുന്നു— ഞങ്ങളുടെ സമാധാനമായ ക്രിസ്തൻ തന്റെ
കരുണയാൽ ലഭിച്ചിരിക്കുന്നു— നിന്റെ ബഹുവിധമായ ജ്ഞാ
നവും ദയയും ആകുന്ന നിക്ഷെപം അറിയാച്ചുരെണ്ടുന്നൊരു
സഭയെ അവൻ ഭൂമിയിലെ വംശങ്ങളിൽ നിന്നു തനിക്കു ചെ
ൎത്തിരിക്കുന്നു— കനിവുള്ള പിതാവെ ഞങ്ങൾ നിന്റെ ജന
വും നിന്റെ മക്കളും എന്ന നാമം പ്രാപിച്ചുള്ള അവാച്യമായ
ഉപകാരത്തിന്നു സ്തൊത്രം തന്നെ ചൊല്ലുന്നു— നിന്റെ വാത്സല്യം
ഉദിച്ചു വന്നിട്ടുള്ള നിന്റെ പക്കലൊതന്നെ സ്തുതിയും ആരാധന
യും ആകുന്ന സത്യ ബലികളെ കഴിപ്പാൻ ഞങ്ങളെ സമൎത്ഥ
രാക്കെണമെ— ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും
ആത്മാവിനെ നല്കി നിന്നെ അറിയുമാറാക്കി ഞങ്ങളുടെ ഹൃ
ദയക്കണ്ണുകളെ പ്രകാശിപ്പിച്ചിട്ടു വിശുദ്ധരിൽ നിന്റെ വി
ളിയാലുള്ള ആശ ഇന്നത് എന്നും നിന്റെ കരുണയുടെ അ
ത്യന്ത ധനം ഇന്നതെന്നും ഗ്രഹിപ്പിക്കെണമെ— നിന്റെ രാ
ജ്യം ഇത്ര്യം വരത്തിയൊന്നു ഭൂമിയുടെ അററങ്ങളിലെ ജാ
തികൾ നിന്റെ വെളിച്ചം കണ്ടു അവൎക്ക മെൽ ഉദിക്കുന്നതൊ
ടയാൽ ആനന്ദിപ്പാൻ ദയ ചെയ്യെണമെ— നിന്റെ കൃപയു
ടെ ആധിക്യബലം ലഭിച്ചുള്ള ഞങ്ങളെ വിശുദ്ധാത്മാവിനാൽ നട
ത്തി വെളിച്ചമക്കളാക്കി നിന്റെ പ്രകാശത്തിൽ സഞ്ചരിക്കുമാ
റാക്കി ഇരുട്ടിന്റെ നിഷ്ഫലക്രിയകളെ വെറുപ്പിക്കെണമെ— ഒ
ടുക്കം ഞങ്ങളെ നിന്റെ സിംഹാസനത്തെ ചൂഴുന്ന വെളിച്ചത്തി
ൽ കൂട്ടി യെശുക്രിസ്തന്റെ മുഖത്തിൽ നിൻ തെജസ്സെ കാ

ങ്ങളെയും എന്നെന്നെക്കും നിന്നെ സ്തുതിക്കയും ചെയ്യുമാറാക്കെ
ണമെ- ആമെൻ W

൨—

നിത്യ ദൈവമെ നല്ല ദാനവും തികഞ്ഞ വരവും എല്ലാം ഇറങ്ങി
വരുന്ന വെളിച്ചങ്ങളുടെ പിതാവായുള്ളൊവെ— നിന്റെ ഏക
ജാതനായ യെശു ക്രിസ്തൻ എന്ന കർത്താവിനെ മനുഷ്യരുടെ സ
ത്യ വെളിച്ചമാക്കി ഈ ലൊകത്തിൽ അയച്ചു അവമ്മൂലം എല്ലാ വം
ശങ്ങൾക്കും നിന്നെ വെളിപ്പെടുത്തി വിശ്രുദ്ധന്യവിശെഷത്താൽ
ഞങ്ങളെയും ഇരുട്ടിൽ നിന്നു നിന്റെ അത്ഭുതപ്രകാശത്തി
ലെക്കു വിളിച്ചു കാരണത്താൽ ഞങ്ങൾ സ്തുതിക്കുന്നു— ഇനിമെ
ലാൽ ദയചെയ്തു ആ ദിവ്യ വെളിച്ചത്തെ ഞങ്ങളിൽ വിളങ്ങി
ക്കയല്ലാതെ ഇഹലൊകത്തിന്റെ ഇരുട്ടിനെ സത്യത്തിന്റെ വിശ്വ
സ്ത സാക്ഷികളെ കൊണ്ടു പ്രകാശിപ്പിക്കയും എല്ലാ കണ്ണുകൾക്കും
നിന്നെയും നീ അയച്ച പുത്രനായ യെശുവിനെയും തെളിയി
ക്കയും ചെയ്യെണമെ— സകല ജഡത്തിന്മെലും നിൻ ആത്മാ
വിനെ പകൎന്നു തിരുവചനത്തിന്നു വഴിയും വാതിലും തുറന്നു അ
തിനാൽ എല്ലാടത്തും ഹൃദയങ്ങളെ പുതുക്കി ശുദ്ധികരിച്ചു തണുപ്പി
ച്ചു രക്ഷിച്ചു പൊരെണമെ-

മനസ്സലിവിൻ പിതാവെ നിന്റെ വലിയ കൊയിത്തിനായി
പ്രവൃത്തിക്കാരെ വിളിച്ചുദിപ്പിച്ചു ദൂതരെ അയച്ചു ജാതികളെ
ഇരുട്ടിൽ നിന്നു നിന്റെ വെളിച്ചത്തിലെക്കു തിരിപ്പിക്കെണ
മെ- നിന്റെ ദാസന്മാർ എല്ലാ പൊരാട്ടത്തിലും ധൈര്യം കൂട്ടി
സകലഭയത്തിലും താങ്ങി അവരുടെ വചനത്തിന്മെൽ നിന്റെ
ശക്തിയെ ഇറക്കി പാൎപ്പിച്ചു ഇങ്ങനെ അവരുടെ കൃഷിയിൽനി
യെ ക്രൂശ് പുറപ്പെട്ടു ബിംബാരാധനകളെ മുടിച്ചുകളയെണമെ-
എന്നാൽ ജാതികൾ നിനക്കു തെജസ്സ് കൊടുക്കയും ക്രൂരവഴിപുക

ത്തും രാജ്യങ്ങളും നിന്റെ കീർത്തിയെ വരുത്തുകയും കത്തോലിക്കാ
വെ നിന്റെ രാജ്യം വരികയും നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പൊ
ലെ ഭൂമിയിലും നടക്കയും ചെയ്വാറാക്കേണമെ — ആമെൻ. W

തിരുവെള്ളിയാഴ്ച

ദൈവത്തിൻ കുഞ്ഞാടായുള്ള യെശുക്രിസ്തുനെ — നീ ലൊകത്തി
ന്റെ പാപം ചുമന്നെടുത്തു തിരുകഷ്ടമരണങ്ങളാൽ ഞങ്ങൾക്കു
വെണ്ടി പ്രായശ്ചിത്ത ബലിയായി ചമകകൊണ്ടു ഞങ്ങൾ മനസ്സൊ
ടെ സ്തുതിക്കുന്നു — നീ പാപികളുടെ കൈകളിൽ നിന്നെ തന്നെ എല്പി
ച്ചു ഞങ്ങൾക്കു വെണ്ടി പരിഹാസവും അടിയും തുപ്പും മുഷ്ടിയിടവും ക്രൂശിലെ
ഖെദവും അത്യാസന്ന യാതനയും അനുഭവിച്ചുവല്ലൊ — ആ തി
രുകഷ്ടതയും മരണവും ഞങ്ങൾ ധ്യാനിച്ചു പാർത്തുകൊണ്ടു ഉ
ള്ളിൽ താഴ്ത്തപ്പെട്ടും എല്ലാ പരീക്ഷകളിലും ഉറച്ചു നിന്നും പാപ
ത്തെയും ലൊകത്തെയും ജയിക്കുന്നതിൽ ഉറെച്ചും ജീവനിലും
മരണത്തിലും ആശ്വസിച്ചും കൊണ്ടിരിപ്പാൻ കരുണ ചെയ്യേണ
മെ — ശ്രീയ രക്ഷിതാവെ നിന്റെ കാൽ വടുക്കളിൽ പിൻ ചെല്ലു
വാനായി നീ ഞങ്ങൾക്കു ഒരു പ്രമാണം വെച്ചുവിട്ടിരിക്കുന്നു — വി
ശ്വാസത്തിന്റെ നായകനും തികവു വരുത്തുന്നവനും ആയവ
നെ ഞങ്ങൾ നൊക്കിക്കൊണ്ടു ഞങ്ങൾക്കു മുൻ കിടക്കുന്ന പൊർ
പ്പാട്ടിലെ ക്ഷാന്തിയൊടെ കഴിച്ചുപോരുവാനും ദെഹികളുടെ രക്ഷ
യാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പാനും നിന്റെ പ
ചാപ്പിമുറിയാത്ത സ്നെഹത്തിനായി എന്നും സ്തുതിച്ചു വാഴ്ത്തുവാ
നും കരുണ ചെയ്തു രക്ഷിക്കേണമെ — ആമെൻ — W

ല:

കർത്താവായ യെശുവെ നീ ഞങ്ങളുടെ ഉദരങ്ങൾ കൊടുത്തു മരണത്തി
ന്റെ അധികാരിയായ പിശാചിനെ തിരുമരണത്താൽ നീക്കി മരണ

൩൬

ട്ടിരിക്കയാൽ ജീവപൎയ്യന്തം ദാസ്യത്തിൽ ഉൾപ്പെട്ട ഞങ്ങളെ ഉദ്ധരിച്ചു തരികകൊണ്ട ഞങ്ങൾ പൂൎണ്ണമനസ്സോടെ വന്ദനയും സ്തോത്രവും ചൊല്ലുന്നു — ഞങ്ങൾ ഇനി നിന്റെ മരണത്തിന്റെ ശക്തിയാൽ ഞങ്ങൾക്കും പാപത്തിന്നും മരിച്ചു മേലാൽ നിന്നോട് കനിച്ചു ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു കരുണ ചെയ്യുമാറാകേണമേ — മരണനേരത്തിലും ഞങ്ങൾ നിന്റെ വിലയേറിയ പുണ്യത്തിൽ ആശ്രയിച്ചു സന്തോഷിപ്പാനും താഴ്മയോടെ അപേക്ഷിക്കുന്നു — അന്നു ഞങ്ങളുടെ ദേഹികളെ നിന്റെ കൈകളിൽ ചേൎത്തുകൊള്ളേണമേ — വിശ്വസ്തരക്ഷിതാവായ യേശുവേ നീ ഞങ്ങളെ വീണ്ടെടുത്തിരിക്കുന്നുവല്ലോ — ആമെൻ W

൩൭

ഞങ്ങളുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പിതാവായുള്ളോവേ — ഞങ്ങൾക്ക് വേണ്ടി നിന്റെ ഏകജാതനെ മരണത്തിൽ ഏല്പിച്ചുകൊടുത്തു അവനിൽ വിശ്വസിക്കുന്നവൻ എല്ലാം നശിക്കാതെ നിത്യജീവനുള്ളവനാവാൻ സംഗതി വരുത്തുകയാൽ ഞങ്ങൾ സ്തുതി ചൊല്ലുന്നു — ഞങ്ങൾക്കു സമാധാനം വരുന്ന ശിക്ഷയെ നീ അവന്മേൽ ആക്കി അവന്റെ അടിപ്പിണരാൽ ഞങ്ങൾ സൌഖ്യപ്പെട്ടിരിക്കുന്നു — മനസ്സലിവിൻ പിതാവേ പാപത്തിൽ ഗൎഭത്തിൽ ഉൾപ്പെട്ട ഞങ്ങളുടെ സ്വഭാവരൂപത്തിലല്ല നിന്റെ പ്രേമമുള്ള വിശുദ്ധപുത്രനിൽ അത്രെ ഞങ്ങളെ നോക്കി അവൻ ഗത്സെമനിലും ഗോല്ഗോഥായിലും വെച്ചു ഞങ്ങൾക്കു വേണ്ടി കഴിച്ചിട്ടുള്ള ഏറെക്കാൻ ബലിയെ വിചാരിച്ചു എണ്ണമില്ലാത്ത അപരാധങ്ങളെ ക്ഷമിച്ചു ഞങ്ങളെ കൈക്കൊള്ളേണമേ.

ഹാ ക്രിസ്തുയേശുവേ നിന്റെ അഗാധസ്നേഹത്തെ ഓൎത്തു [illegible] ഇല്ലാതിരിക്കുന്ന ഉചിതഹൃദയങ്ങളിൽ നിന്റെ പ്രേമമാകുന്ന ജ്വാലയെ കത്തിച്ചു മരണപൎയ്യന്തം സ്നേ

ഷിച്ചുള്ള നിന്നെ സൎവ്വത്തിലും മെലെ ഉറപ്പൊടെ സ്നെഹിപ്പാറാക്കെണമെ-
നിന്റെ കഷ്ടങ്ങളെ അനുതാപമുള്ള ഹൃദയത്തൊടും ജീവനുള്ള
വിശ്വാസത്തൊടും നൊക്കി കരുതികൊള്ളുവാൻ കരുണ നല്കെണ
മെ- ഞങ്ങളുടെ നെരെ പാപങ്ങൾ എഴുതിയറ്റ നിന്റെ കല്പനയും
സ്വന്ത മനസ്സാക്ഷിയും കുറ്റം ചുമത്തി ശപിക്കുന്നൊരും തിരു
ക്രൂശിന്റെ ചുവട്ടിൽ ഞങ്ങൾക്കു ശരണം നല്കെണമെ- സ്വൎഗ്ഗങ്ങ
ളിൽ കടന്ന മഹാ പുരൊഹിതനെ പണ്ടു പ്രാൎത്ഥിച്ചതു പൊലെ
പിതാവെ ഇവൎക്കു ക്ഷമിച്ചു വിടെണമെ എന്നു ഞങ്ങൾക്കു വെ
ണ്ടി വിടാതെ പ്രാൎത്ഥിച്ചുകൊണ്ടു മദ്ധ്യസ്ഥം ചെയ്യുമാറാകെണ
മെ-

വിശ്വസ്ത രക്ഷിതാവെ നിന്റെ മരണത്തിന്റെ ശക്തി
യെ ഞങ്ങളിൽ നടത്തി ഞങ്ങൾ പാപത്തെ പകെച്ചു വെറുത്തു
ജഡത്തെ അതിന്റെ രാഗമൊഹങ്ങളൊടും ക്രൂശിച്ചു ഇഹലൊക
ത്തിൽ നിനക്കായി മാത്രം ജീവിച്ചിരിക്കുമാറാക്കെണമെ- നി
ന്റെ കഷ്ടങ്ങളുടെ കൂട്ടായ്മയിൽ ഞങ്ങളെ നടത്തുവാൻ തൊ
ന്നിയാൽ ഞങ്ങൾ നിന്നൊടു ഒന്നിച്ചു സ്ഥിരപ്പെട്ടു സഹിപ്പാനും
ഒടുക്കം നിന്റെ തെജസ്സിൽ കൂടി വാഴുവാനും വരം നല്കി രക്ഷി
ക്കെണമെ- ആമെൻ b s.w.

പുനരുത്ഥാനനാൾ

മഹാ രക്ഷിതാവായ യെശു ക്രിസ്തനെ തിരുനാമത്തിന്റെ തെജ
സ്സിന്നായും എല്ലാ വിശ്വാസികളുടെ ആശ്വാസത്തിന്നായും നീ ജ
യം കൊണ്ടു ശവക്കുഴിയെ വിട്ടുവരികയാൽ നിനക്കു സ്തൊത്രം-
നിന്റെ ബഹുമാനത്തിന്നായുള്ള ഈ പെരുനാളിൽ നിന്നെ
യൊഗ്യമാം വണ്ണം പുകഴുന്നത് എങ്ങനെ- ഞങ്ങൾ വിശ്വസിച്ചവ
ൻ ഇന്നവൻ എന്നു നിന്റെ ജയം ഹെതുവായി കിട്ടു അറിഞ്ഞു

വന്നു— ഞങ്ങളെയും അന്നാൾവരെയും കാത്തുകൊൾവാൻ നിശ്ച
ൻ എന്നതും സ്പഷ്ടം തന്നെ— നീ ന്യായവിധിക്കിൽ നിന്ന് എടുക്കപ്പെ
ട്ടതിനാൽ ഞങ്ങളുടെ മെൽ ഇരുന്ന ശിക്ഷാശാപം എല്ലാം നീങ്ങി
പൊയല്ലൊ— നിന്നൊടുകൂടെ ജീവന്റെ പുതുക്കത്തിന്നായി ഞ
ങ്ങൾ എഴുനീറ്റാൽ തന്നെ— ഹാ യെശു കൎത്താവെ നീ പുനരുത്ഥാ
നവും ജീവനും ആകുന്നു എന്നിട്ടു നിന്നെ വിശ്വസിച്ചാശ്രയിക്കു
ന്ന ഞങ്ങളിലും ജീവിപ്പിക്കെണമെ— നിന്റെ വിശുദ്ധാത്മാ
വിൻ ശക്തികൊണ്ടു ഞങ്ങളെ പാപനിദ്രയിൽ നിന്ന് ഉണൎത്തി
ഇമ്മരണശരീരത്തിൽ നിറയുന്ന ദുൎമ്മൊഹത്തെ തീരെ കൊ
ന്നു സത്യമാനസാന്തരത്താലും നിൎവ്യാജമായ വിശ്വാസത്താലും ജീ
വന്റെ പുതുക്കത്തിൽ നിന്തിരുമുമ്പിൽ നടപ്പാറാക്കെണ
മെ— ഉയരെയുള്ളവ തിരഞ്ഞു ഞങ്ങളിലുള്ള ലൊകത്തെ ജയിച്ചട
ക്കി വാഗ്ദത്തപ്രകാരം ചെറിയ ആട്ടിൻകൂട്ടത്തിന്റെ നടുവിൽ
പാൎത്തുകൊണ്ടു സമാധാനം ബലം ജയം ആശ്വാസം ആനന്ദം
തുടങ്ങിയുള്ള സ്വൎഗ്ഗീയ നിധികൾ എല്ലാം മറഞ്ഞുകിടക്കുന്ന നി
ന്റെ അത്ഭുതമായ ജീവനെ ഞങ്ങളിൽ നിറെച്ചുതരെ
ണമെ—

ഞങ്ങളുടെ ശിരസ്സായ യെശുവെ നീ വിളങ്ങിവരുമ്പൊ
ഴെക്ക് ഞങ്ങളും നിന്നൊടുകൂടെ തെജസ്സിൽ വിളങ്ങും— ഈ ക്ഷ
യമുള്ളതു അക്ഷയത്തെയും ഈ ചാകുന്നതു ചാകായ്മയെയും ധരി
ക്കുമല്ലൊ— ഇപ്പൊൾ പൊരുതു ഞെരുങ്ങി വലഞ്ഞവർ എങ്കിലും
നിന്റെ പുനരുത്ഥാനത്തിൽ ആശ്രയിച്ചു ചെരുന്നവർ എല്ലാം അ
ന്ന് ഉല്ലസിച്ചു സ്തുതിക്കും— ഹെ മരണമെ നിൻ വിഷമുൾ എവിടെ
പാതാളമെ നിൻ ജയം എവിടെ— നമ്മുടെ കൎത്താവായ യെശുക്രി
സ്തുനെകൊണ്ടു നമുക്കു ജയത്തെ നല്കുന്ന ദൈവത്തിന്നു സ്തൊ
ത്രം— ആമെൻ— W

൨.

ഒ ഈശൊ ക്രിസ്തുനും ഞങ്ങൾക്കും പിതാവും ദൈവവുമായുള്ളൊ
വെ — പ്രിയപുത്രനെ നീ മരിച്ചവരിൽ നിന്ന് ഉണൎത്തി തെജസ്സും
മാനവും അണിയിച്ചു സ്വൎഗ്ഗങ്ങളിൽ നിന്റെ വലഭാഗത്തു
ഇരുത്തി സഭെക്ക് എന്നും ശിരസ്സും ഭൎത്താവുമാക്കി വെച്ചതുകൊ
ണ്ടു ഞങ്ങൾ വാഴ്ത്തി സ്തുതിക്കുന്നു — ക്രിസ്തുയെശുവിൽ നീ ഞങ്ങളെ
ദ്രൊഹിച്ച പാപങ്ങളിൽ മരിച്ചവരാകുമ്പൊൾ അവനൊടു കൂ
ടെ ഉയിൎപ്പിച്ചു ഉണൎത്തി സ്വൎഗ്ഗങ്ങളിൽ കൂടെ ഇരുത്തുകയും ചെ
യ്തു നിന്റെ മഹാവാത്സല്യത്തിന്നു സ്തൊത്രം — കൎത്താവായ
യെശുവെ നീ മരിച്ചവനായി ഇനി യുഗാദി യുഗങ്ങളൊളവും ജീവി
ച്ചിരിക്കുന്നവനാകയാൽ നിനക്കു സ്തൊത്രവും വന്ദനവും ഉണ്ടാ
ക — ഞാൻ ജീവിച്ചിരിക്കുന്നതിനാൽ നിങ്ങളും ജീവിച്ചിരിക്കും എന്നു ഞ
ങ്ങളൊട് അരുളിച്ചെയ്കയാൽ നിന്നൊടു കൂടെ ഞങ്ങളെ സത്യജീ
വനും മഹാഭാഗ്യത്തിന്നും നിന്റെ മരണത്തിന്റെ വില ഏറിയ
ഫലങ്ങൾക്കും പങ്കാളികളാക്കി തീൎക്കുന്നു — ഇനി ഞങ്ങൾ ആകി
ന്നൊ അല്ലൊ ഞങ്ങൾക്കു വെണ്ടി മരിച്ചു ഉയിൎത്ത് എഴുന്നെറ്റ നിന
ക്കായി തന്നെ ജീവിക്കെണ്ടതിന്നു ഞങ്ങളിൽ വ്യാപരിക്കെണ
മെ — ഉറങ്ങുന്നവനെ ഉണൎന്നു മരിച്ചവരിൽ നിന്ന് എഴുനീല്ക്ക എ
ന്നാൽ ക്രിസ്തുൻ നിനക്കു ഉജ്വലിക്കും എന്നുള്ള കരുണാശ
ബ്ദത്തെ എല്ലാ മനുഷ്യരൊടും കെൾപ്പിക്കെണമെ — പ്രിയപി
താവെ — ആടുകളുടെ വലിയ ഇടയനായ ഞങ്ങളുടെ കൎത്താ
വായ യെശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ച
വരിൽ നിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവമാ
യുള്ളൊവെ — നിന്റെ ഇഷ്ടം ചെയ്യുമാറാവണ്ണം ഞങ്ങളെ സ
കല സല്ക്രിയയിലും യഥാസ്ഥാനപ്പെടുത്തി നിനക്കു പ്രസാദമുള്ള
തിനെ പ്രിയപുത്രനായ യെശുക്രിസ്തുമൂലം ഞങ്ങളിൽ നടത്തെ

ണമെ — ആയവൻ യുഗാദിയുഗങ്ങളൊളം സ്തൊത്രവും വാഴ്ത്തപ്പെട്ടവനും ഭവിക്കുമാറാക — ആമെൻ L.S.W

സ്വൎഗ്ഗാരൊഹണനാൾ

സകല മനുഷ്യൎക്കും രക്ഷിതാവും കൎത്താവുമായ ഈശൊമിശിഹാ തന്നെ ഞങ്ങളുടെ ശരീരത്തിന്റെ പ്രകൃതിയെ സ്വൎഗ്ഗത്തിലെക്ക് എഴുന്നെള്ളിച്ച് പിതാവിന്റെ വലഭാഗത്തിരുത്തിയിരിക്കുന്നവനല്ലൊ — നിന്റെ വഴിയെ ഞങ്ങൾ വിശ്വാസത്തൊടെ നടന്നു നിന്റെ മഹത്വത്തിൽ സന്തൊഷിക്കുന്നു — ഇനി ഞങ്ങളുടെ ഹൃദയങ്ങളെ ഈ നശിച്ചുപൊകുന്ന ലൊകത്തൊട് ചെരാതെ നിത്യം നിരസിച്ചു നിന്നിലുള്ള നിത്യാനന്ദത്തെ ആഗ്രഹിച്ചുകൊണ്ടിരിപ്പാൻ ആവശ്യമുള്ള ഞങ്ങളെ സഹായിക്കണമെ — ഞങ്ങളുടെ ഹൃദയം സ്വൎഗ്ഗത്തിൽ വസിച്ചു ഭൂമിയിലുള്ളവ ഒന്നും ആശിക്കാതെ തന്നെ അന്വെഷിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യണമെ — ഈ കാരിയങ്ങളുള്ള ആത്മാക്കളെല്ലാം നീ നിറവെറ്റി ഞങ്ങളുടെ ദെഹികൾ നിന്നൊട് കൂടെ നിവസിച്ചു വാഴുവാനും ഞങ്ങളുടെ ആലയവും രാജ്യവുമാകുന്ന നിന്റെ തിരുമനസ്സ് ഭാഗ്യം വന്നെത്തുവാനും ദയചെയ്തരുളിക്കൊള്ളണമെ — ആമെൻ W

൧൭

സൎവ്വശക്തിയുള്ള ദൈവമെ നിന്റെ ഏകജാതനായ പുത്രനും ഞങ്ങളുടെ രക്ഷിതാവും ആയവൻ ഇന്നു സ്വൎഗ്ഗത്തെക്ക് എഴുന്നെള്ളിയല്ലൊ — അവനൊട് കൂടെ ഞങ്ങളും സ്വൎഗ്ഗാരൊഹണം ചെയ്യണമെ — അതല്ലാതെ ഞങ്ങളുടെ പ്രാൎത്ഥനയാലും ജീവനുള്ള വിശ്വാസത്താലും ഭക്തിയെറുന്ന നടപ്പിനാലും തിരുഭവനത്തെ വാഞ്ഛിക്കുന്ന ആശയാലും കൂട്ടിൽ സ്മരണത്താലും ധ്യാനമായ പുനരുത്ഥാനത്താലും ഞങ്ങളെല്ലാം ദൈവത്തിങ്കൽ

ക്കും സ്വൎഗ്ഗത്തെക്ക കരെററികൊള്ളെണമെ - ആമെൻ - W

ന.൭

കൎത്താവായ യെശുവെ നീ ഉയരത്തിൽ കരെറി സ്വൎഗ്ഗസ്ഥപിതാവി
ൻറ വലത്തുഭാഗത്തു ഇരുന്നുവല്ലൊ - പാപമരണങ്ങളുടെ കൈ
കളിൽ നിന്നു ഞങ്ങളെ വിട്ടുവിച്ചു ഞങ്ങളുടെ ഭാഗ്യത്തിൻറ ശത്രു
ക്കളെ ഒക്കയും ജയിച്ചു കൊള്ളയാക്കിയതിനാൽ ഞങ്ങൾ സന്തൊ
ഷിച്ചു വാഴുന്നു - സ്വൎഗ്ഗത്തിലും ഭൂമിയിലും സകലാധികാരവും നി
ന്നക്കു നല്കപ്പെട്ടിരിക്കകൊണ്ടു തിരുസഭയെ പരിപാലിച്ചു ലൊക
ത്തിൻ അററങ്ങൾ വരെയും പരത്തികൊള്ളെണമെ - നിൻറ വി
ശ്വാസ്സരെ ആശ്വസിപ്പിച്ചു വിശുദ്ധീകരണം തികെച്ചുതരികയും
വാഗ്ദത്ത പ്രകാരം നിൻറ വചനത്താലും ആത്മാവിനാലും ഞങ്ങ
ളൊടുകൂടെ പാൎക്കയും തെജസ്സൊടെ പ്രത്യക്ഷനാകുന്ന നാളി
ൽ ഞങ്ങളെയും ചെൎത്തുകൊണ്ടു പിതാവിൻ ഭവനത്തിൽ ആ
ക്കി വാഴിക്കയും ചെയ്യെണമെ - ആമെൻ W

പെന്തക്കൊസ്തനാൾ

വിശ്വാസ്സരുടെ ഹൃദയങ്ങളെ വിശുദ്ധാത്മാവെകൊണ്ടു പ്രകാശിപ്പി
ച്ചു ഉപദെശിച്ചു തിരുസഭയെ ചെൎത്തുകൊണ്ട സത്യദൈവമെ - ഞ
ങ്ങളും ആ ആത്മാവിൽ തന്നെ ചെൎന്നു നടക്കെണ്ടതിന്നും അ
വൻറ കൃപാശക്തിയാലും പ്രേരണയാലും ഹൃദയങ്ങൾക്ക
ശുദ്ധിവന്നു വികടങ്ങളിൽ നിന്നു തെററെണ്ടതിന്നും കരുണ
ചെയ്യെണമെ - ശത്രുക്കൾ എത്രതന്നെ വിരൊധിച്ചാലും തിരു
സഭ ഒന്നിലും വഴിവിട്ടു പൊകാതവണ്ണം സകല സത്യത്തിലും
വഴിനടത്തിച്ചുകൊണ്ടു പ്രിയപുത്രനായ യെശുക്രിസ്തുവിൻറ ശു
ഭമായ വാഗ്ദത്തം നിവൃത്തിച്ചു തരെണമെ - ആയവൻ നിന്നൊ
ടുകൂടെ ആ ശുദ്ധാത്മാവിൻറ ഒരുമയിൽ തന്നെ സത്യദൈ

വരാക്കിയെന്നും സ്തുതിച്ചും വാണും കൊണ്ടിരിക്കുന്നു- ആമെൻ IV

൧൭

ഞങ്ങളുടെ കൎത്താവായ യെശുവിന്റെ പിതാവായ ദൈവമെ നീ വാഗ്ദത്തം ചെയ്തു കാൎയ്യസ്ഥനെ ഈ ലൊകത്തിൽ അയച്ചു സ്ഥിരീയ അവകാശത്തിന്റെ പണയവും അച്ചാരവും ആക്കി തന്നരുളുന്തരികയാൽ നിനക്കു സ്തൊത്രം ഭവിപ്പൂതാക- ക്രിസ്തു യെശുവിലുള്ള സഭയുടെ മെൽ നിന്റെ ആത്മാവിനെ ധാരാളമാക്കി പകൎന്നു ഹൃദയങ്ങളുടെ അകത്തു നിന്റെ രാജ്യം സ്ഥാപിച്ചു ഞങ്ങളെ ഇരുട്ടിൽ നിന്നു വെളിച്ചത്തെക്കും പാപദാസ്യത്തിൽ നിന്നു നിന്റെ മക്കളുടെ ശ്രെഷ്ഠമാകുന്ന സ്വാതന്ത്ര്യത്തിലെക്കും നടത്തിപ്പൊരെണമെ-

വിശുദ്ധാത്മാവായുള്ളൊവെ നീ എഴുന്നു വന്നു ഞങ്ങളിൽ ഒരൊട്ടും നിന്നെ തന്നെ സാക്ഷികൂടാതെ വിടൊല്ലാ— എല്ലാ വിശ്വാസികളിലും നിന്റെ വരങ്ങളെ നിറെക്കയും ഇരുമനസ്സുള്ളവരെ നിന്നെ മാത്രം അനുസരിപ്പിക്കയും പാപങ്ങളിൽ മരിച്ചവരെ പുതിയ ജീവങ്കലെക്ക് ഉണൎത്തുകയും ചെയ്തു— ഞങ്ങളുടെ ബലഹീനതെക്ക് തുണനിന്നു ഞങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണൎന്നും പ്രാൎത്ഥിച്ചും കൊൾവാൻ പഠിപ്പിച്ചു വിശ്വാസം സ്നെഹം അനുസരണം ക്ഷാന്തി ഈ വകയിൽ ഞങ്ങളെ സ്ഥിരീകരിക്കെണമെ— യെശുവിനെ ഞങ്ങളിൽ തെജസ്കരിക്കയും അവന്റെ ശരീരത്തിൽ ഞങ്ങൾ അവയവങ്ങളും ദെവമക്കളും ആകുന്നു എന്നു ഞങ്ങളുടെ ആത്മാവിനൊടു കൂടെ സാക്ഷ്യം പറകയും ചെയ്യെവെണ്ടു-

അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ മെലും നിന്റെ മഹാപ്രകാശം ഉദിപ്പൂതാക— തിരുസുവിശെഷത്തെ നീളെ അറിയിച്ചു നിന്റെ വക്തികളെ സകല ഭാഷകളിലും പ്ര

ന്താവിപ്പാൻ തക്കവണ്ണം വട്ടംകൂട്ടേണമെ — ഈശോമ്ശിഹാ
ന്റെ നാമത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തൊടു മിശ്രിതന്മാ
രാക്കളെ ഖബറിൽ ആവൂ — സൎവ്വസഭകളിലും താൻ ഒരുമയുടെ
കൂട്ടായിരിക്ക — ഏക ശരീരത്തിൽ ആവാൻ ഞങ്ങളെ വിളിച്ചു
പ്രകാരം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ പരിജ്ഞാ
നത്തിലും ഐക്യത്തോടും തികഞ്ഞ പുരുഷത്വത്തോടും മിശി
ഹായുടെ നിറവുള്ള പ്രായത്തിൻ അളവോട്ടും എത്രെ മാറാതിരിക്കൾ
ഉടയനും ഒൎക്കെട്ടിക്കൂട്ടവും എന്ന വാഗ്ദത്തം നിവൃത്തിച്ചുതരേണ
മെ — ദൈവം സകലത്തിലും സകലവും ആകെണ്ടതിന്നു തന്നെ.
ആമെൻ — *bs. w.*

ത്രിത്വത്തിനാൾ

എന്നും സ്തുത്യനായ വിശുദ്ധ ദൈവമെ നിന്റെ സ്വഭാവത്തിന്റെ
വലിയ രഹസ്യം നീ ഞങ്ങളൊടു വെളിപ്പെടുത്തി നീ പിതാവും
പുത്രനും ആത്മാവുമായി ഏക സത്യദൈവമാകുന്നു എന്നുള്ള
വിശ്വാസ പ്രമാണത്തെ അറിയിച്ചു ഇപ്രകാരം സ്വീകരിപ്പാനും
ആരാധിപ്പാനും പഠിപ്പിച്ചതുകൊണ്ടു നിനക്കു സ്തോത്രം — ഈ
ദിവ്യമായ അറിവിനെ ഞങ്ങളിൽ പാലിച്ചു രക്ഷിച്ചു സകല ദുൎമ്മത
ങ്ങളിൽ നിന്നും ഞങ്ങളെ തെറ്റിച്ചു രക്ഷിക്കേണമെ — നിത്യദൈ
വമെ നിന്റെ വാത്സല്യത്താൽ ഞങ്ങളെ സൃഷ്ടിച്ചും വീണ്ടെടുത്തും
വിശുദ്ധീകരിച്ചും കൊണ്ട പ്രകാരം തന്നെ നിന്റെ സ്നേഹവും
കൃപയും കൂട്ടായ്മയും ഇടവിടാതെ അനുഭവിപ്പിച്ചുവരേണമെ —
ഒടുവിൽ നിന്റെ തേജോരാജ്യത്തിൽ ഞങ്ങളെ ചേൎത്തുകൊ
ള്ളേണമെ — ഇവിടെ വിശ്വസിച്ചതിനെ ഞങ്ങൾ അവിടെ കണ്ടും
ലെ കണ്ടു സകല ദൂതരൊടും തെരിഞ്ഞെടുക്കപ്പെട്ടവരൊടും കൂടിച്ചു
നിത്യ ത്രിയേക ദൈവമാകുന്ന നിന്നെ എന്നും വാഴ്ത്തി സ്തുതിപ്പാനായി

ജനൊ- ആമെൻ. W

ഒരുസഭയെ സ്ഥാപിച്ചുദിവസത്തിന്റെ ഓൎമ്മക്കായി
അടുത്ത ഞായറാഴ്ചയിൽ പ്രാൎത്ഥിക്കെണ്ടതു

സ്വൎഗ്ഗസ്ഥപിതാവായുള്ളൊവെ— തിരുവചനത്താലും നിന്റെവി ശുദ്ധാത്മാവിനാലും നീ.. വൎഷം മുമ്പെ ഇവിടെ ഒരുസഭയെസ്ഥാ പിച്ചു ഞങ്ങളെയും പാലിച്ചു ധന്യമായ സുവിശെഷത്തിൻ ഘൊ ഷണത്തെയും ഒരുമിച്ചു പ്രാൎത്ഥിക്കുന്ന സ്ഥലത്തെയും കാത്തു കിയതുകൊണ്ടു നിനക്കു സ്തൊത്രം— ഇത്രകാലം എല്ലാം നീ നട്ടും ന നെച്ചും വളൎത്തും വന്നിരിക്കുന്ന എങ്കിലും ഫലങ്ങൾ ചുരുക്കം ത ന്നെ ആയതും— അതുകൊണ്ടു ഞങ്ങൾ തിരുമുമ്പിൽ നാണിച്ചു വി ണ്ണ എല്ലാ മടിവിനം അവിശ്വസ്തതെക്കും നീ ക്ഷമ കല്പിച്ചു ഞങ്ങൾ ക്കുടെ വിശ്വാസവും സ്നെഹവും ക്രിയയുക്തമായ യെശുക്രിസ്തന്റെ രക്തത്താലെ ശുദ്ധിക്കു തരെണം എന്നു യാചിക്കുന്നു— സത്യവി ശ്വാസത്തിന്റെ സ്ഥിരമായ അടിസ്ഥാനത്തിന്മെലും സകലവിശു ദ്ധരുടെ കൂട്ടായ്മയിലും ഞങ്ങളെയും സന്തതികളെയും സ്ഥാപി ച്ചു രക്ഷിക്കെണമെ— നല്ല ഉപദെഷ്ടാക്കന്മാർ നിന്റെ ദാനമത്രെ- ആട്ടിൻകൂട്ടത്തെ സ്നെഹിച്ചു മെച്ചും സത്യവചനത്തെ നെരെ വിഭാ ഗിച്ചും ദെവാലൊചനയെ ഒട്ടും മറെച്ചു വെക്കാതെ സമയത്തി ലും അസമയത്തിലും ഘൊഷിച്ചും തെറ്റി ഞെരുങ്ങിയവരെ ചെ ൎത്തു സകലവും സഹിച്ചും കൊള്ളുന്ന വിശ്വസ്ത വീട്ടു വിചാരക്കാ രനിത്യം ആക്കി വെക്കെണമെ— കെൾക്കുന്നവരുടെ ഹൃദയ ങ്ങളെ നിന്റെ കൃപയാലെ നടത്തി വചനത്തെ സന്തൊഷത്തൊ ടും കൂടകെട്ടു കൊൾക മാത്രമല്ലാതെ ചെയ്വാനും ഉത്സാഹിപ്പിക്കെ ണമെ— എല്ലാടത്തും നിന്റെ രാജ്യത്തെ വ്യാപിപ്പിക്ക— ഈ സ്ഥ ലത്തിലും വെദഘൊഷണത്തെ അനുഗ്രഹിക്ക— ഞങ്ങളുടെ ഭവ നങ്ങളിലും നിന്റെ വചനം ഐശ്വൎയ്യമായി വസിപ്പാറാക്ക—

ശെഷം ഞങ്ങൾ എല്ലാരും നിന്റെ സ്വർഗ്ഗീയ ന്തൊലയം പ്രവെശി
ച്ചു വിശുദ്ധരൊല ക്കാരത്തിൽ നിന്നെ സെവിച്ചും നിന്റെ തെജസ്സു
കണ്ടും കൊണ്ടിരിപ്പാൻ ഞങ്ങളുടെ കർത്താവായ യെശുക്രിസ്തു
നെ കൊണ്ടു കരുണ ചെയ്തു രക്ഷിക്കെണമെ — ആമെൻ. W

B. വിശേഷപ്രാൎത്ഥനകൾ

൧.

ദൈവരാജ്യം വ്യാപിപ്പാൻ വേണ്ടി

കനിവുള്ള ദൈവമെ നീ സകല മനുഷ്യരെയും സൃഷ്ടിച്ചവനും സൃഷ്ടികളിൽ ഒന്നിനെ എങ്കിലും ദ്വെഷിക്കാത്തവനും ആകുന്നതല്ലാതെ പാപിയുടെ മരണത്തിൽ അല്ല അവൻ മനംതിരിഞ്ഞു ജീവിക്കയിൽ അത്രെ പ്രസാദിക്കുന്നവനല്ലൊ ആകുന്നു — എല്ലാ യഹൂദന്മാരെയും മുസല്മാനരെയും അവിശ്വാസികളെയും ദുൎമ്മതക്കാരെയും കൃപ ചെയ്തു സകല അറിയായ്മ ഹൃദയകാഠിന്യം തിരുവചനത്തിൻ ഉപെക്ഷ മുതലായ പിശാചിൻ കെട്ടുകളെ അഴിച്ചു വിടുവിക്കെണമെ — കരുണയുള്ള ദൈവമെ അവരെ നിന്റെ തൊഴുത്തിലെക്കു കൂട്ടി നടത്തി സത്യമായുള്ള ഇസ്രയെലിൽ ശെഷിച്ചവരൊടും ചെൎത്തു ഒരിടയന്റെ കീഴിൽ ഒരു കൂട്ടമാക്കി രക്ഷിക്കെണമെ — ആ ഇടയനൊ നിന്നൊടും വിശുദ്ധാത്മാവിനൊടും ഒന്നിച്ചു ഏക ദൈവമായി യുഗങ്ങളൊളവും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തനത്രെ — ആയവന്നു എന്നും സ്തൊത്രവും ബഹുമാനവും ഭവിക്കുമാറാകയാമെൻ — *CP.*

അല്ലെങ്കിൽ

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തന്റെ പിതാവായുള്ളൊവെ — നിന്റെ പുത്രനിൽ തന്നെ നിന്റെ മക്കൾ ആകുവാനും അവനിൽ ജീവനും വഴിയും ഉണ്ടാവാനും ഞങ്ങൾക്കു അധികാരം കൊടുത്തതുകൊണ്ടു നിനക്കു സ്തൊത്രം — എല്ലാ ബുദ്ധിയെയും കടക്കുന്ന നിന്റെ സമാധാനം നിന്റെ പ്രിയ പുത്രന്റെ സഭയിൽ നിന്നു സൎവ്വലൊക

തിലും പുറപ്പെട്ടു വരുന്നവനെ— ഞങ്ങളുടെ ബിശൊപ്പന്മാരെയും
നിന്റെ ഉപദേഷ്ടാക്കന്മാരെയും ഉദിപ്പിച്ചിട്ടില്ല— അതുകൊണ്ട് നീ ഞങ്ങളെ
ശുശ്രൂഷിക്കുന്നവരെയും അവിടത്തെ സഭകളിൽ ആശ്രയിക്കുന്നവരെയും
നല്ലവെളിച്ചം ഉണ്ടാക്കിവെച്ച തിരുവചനത്താലും ഉപ
ദെശിക്കുന്നവരെ ചിലരെ കൂട്ടി തന്ന നിന്റെ തിരുവുള്ളത്താൽ
ഇവരിൽ ആക്കിയിരിക്കുന്ന നിന്റെ കൃപയെ വർദ്ധിപ്പിക്കേണമെ
മെ— നിന്റെ രക്ഷയുടെ സത്യമാർഗ്ഗത്തിൽ നിന്ന് അവരുടെ ശു
ശ്രൂഷയാൽ നിന്റെ രാജ്യത്തിന്റെ അതിരുകളെ വിസ്താരമാക്കി തി
രുനാമത്തിന്റെ അറിവിനെയും ആരാധനയെയും വർദ്ധനമാ
ക്കേണമെ— നിന്റെ ദൂതന്മാരെ എല്ലാം കൊണ്ടും വിശുദ്ധീകരിച്ചു
നിന്റെ വെളിച്ചത്തിന്നു തക്ക പാത്രങ്ങളാക്കി തീർക്കയായും— അ
ജ്ഞാനത്തിൽ മുങ്ങിയ വംശങ്ങൾ അവരെ സന്തോഷത്തോടും
കൂടെ കൊണ്ടു വഴിനടത്തുക്കേണ്ടതിന്നു മുമ്പിൽ ക്രിസ്തു വഴിയായു
ള്ളതിനെ— തിരുവചനത്തിന്നു വാതിൽ തുറന്നു തി
രുത്തിനെ അനുസരിച്ചു വിട്ടുപോകാത്ത സഫലമാക്കേണമെ— എ
ല്ലാ സഭകളിലും വിശ്വാസം സ്നേഹം ജ്ഞാനം ശക്തി മുതലായവ
രങ്ങളെ വർദ്ധിപ്പിച്ചു തിരുനാമത്തിന്നു ഉദയം മുതൽ അസ്തമയം
വരെ മഹത്വം ഉണ്ടാവാനും എല്ലാവരും ഏകശരീരമായി ക്രിസ്തൻ താൻ
വ് എന്നു നിന്റെ തിരുനാമത്തിന്നു പരിശുദ്ധവും ഭയവും കൊണ്ട് സ്തു
തിക്കുന്നതും രക്ഷിക്കേണമെ— ആമെൻ. W

൩൭—

രാജ്യാധികാരികൾക്കു വേണ്ടി

സർവ്വശക്തിയുള്ള ദൈവമെ രാജാക്കൾ അധികാരികൾ മു
തലായ മഹാന്മാരുടെ ഹൃദയങ്ങൾ നിന്റെ കൈയിൽ തന്നെ ഉണ്ടെ
ന്നും നീ അവരെ നീർത്തോട്ടങ്ങളെ പോലെ തിരിച്ചു നടത്തുന്നവ

ന്നും നിന്റെ വചനത്താൽ അറിഞ്ഞിരിക്കകൊണ്ടു ഞങ്ങൾ രാജ്ഞി
യൊടെ യാചിക്കുന്നിതു — നിന്റെ ദാസിയായ ഞങ്ങളുടെ രാജ്ഞി
യുടെ ഹൃദയത്തെയും എല്ലാ നാട്ടുവാഴികൾ അധികാരസ്ഥന്മാരുടെ ഹൃ
ദയങ്ങളെയും നീ കൈക്കലാക്കി അവരുടെ സകല വിചാരങ്ങളെ
യും വാക്കുക്രിയകളെയും നടത്തി സർവ്വത്തിലും നിന്റെ ബഹുമാനവും
യശസ്സും അന്വെഷിപ്പാറാക്കി അവരുടെ വിചാരണയിൽ ഭരമെ
ല്പിച്ച നിന്റെ ജനം സർവ്വ ഭക്തിയൊടും സാവധാനവും സ്വസ്ഥ
തയും ഉള്ള ജീവനം കഴിപ്പാൻ സംഗതി വരുത്തെണമെ — അവ
ർക്കും സ്വർഗ്ഗത്തിൽ യജമാനൻ ഉണ്ടെന്നും കണക്കു ബൊധിപ്പിക്കെ
ണ്ടുന്ന മഹാദിവസം ഉണ്ടെന്നും ബൊധം വരുത്തി തങ്ങളുടെ
ആത്മാക്കളെ നീ നിയമിച്ച വഴിക്കൽ രക്ഷിക്കെണ്ടതിന്നു ശ്രദ്ധയാ
ക്കെണമെ — കനിവുള്ള പിതാവെ ഞങ്ങളുടെ കർത്താവായ യെശു
ക്രിസ്തന്റെ നിമിത്തം ഞങ്ങളെ കെൾക്കെണമെ — ആമെൻ *cp*

൩

ഫലധാന്യാദികൾക്കു വെണ്ടി

സർവ്വശക്തിയുള്ള ദൈവമെ കനിവുള്ള പിതാവെ നിന്റെ ദി
വ്യശക്തിയാലെ സകലവും സൃഷ്ടിച്ചു ജീവനുള്ളവ എല്ലാം പ്രസാ
ദത്താൽ തൃപ്തിയാക്കുന്നവനാകയാൽ ഇങ്ങെ നിലം പറമ്പുക
ളിലും നിന്റെ അനുഗ്രഹത്തെ കല്പിച്ചു പ്രിതെക്ക — തൊഴിലിന്നു
നല്ലസമയവും (വെണ്ടുന്ന മഴയും) ഫലവൃദ്ധിയും തന്നു മനുഷ്യ
ന്റെ സംരക്ഷണത്തിന്നായുള്ള നിന്റെ സകല ദാനങ്ങളെയും
കരുണയാലെ നല്ല കാത്തു സഫലമാക്കി തീർക്കെണമെ — എ
ങ്ങനെ എങ്കിലും നിന്റെ വചനത്തെ ഞങ്ങളുടെ ഹൃദയങ്ങ
ളിൽ നട്ടു ഞങ്ങളെ ശുദ്ധജീവനായി നീതിയുടെ ഫലങ്ങളെ
ഉരവെണ്ണം വളരെ വിളയിപ്പിക്കെണമെ — നിന്റെ സ്വന്തനാമ

ൾ ഒക്കയും ഞങ്ങൾ ശുദ്ധമുള്ള മനസ്സോടെ കൈക്കൊണ്ട് അനു
ഭവിക്കേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുമൂലം ഞ
ങ്ങളുടെ ഹൃദയങ്ങളെ നിണക്ക തന്നെ ഒരുക്കി രക്ഷിക്കേണ
മെ—ആമെൻ. W

൫.)

സങ്കടത്തിങ്കൽ ഉദ്ധാരണത്തിന്നുവേണ്ടി

ഞങ്ങളുടെ ദൈവവും പിതാവുമാകുന്ന കൎത്താവെ അപരാധങ്ങളി
ൽ നിന്നു ഞങ്ങൾ നിന്നോടു നിലവിളിക്കുന്നു—ഞങ്ങളുടെ ശബ്ദം
കെട്ടു ഞങ്ങളുടെ യാചനാവിളികൾക്കായി ചെവിതാഴ്ച്ചു ഈ ഞ
ങ്ങൾ പെട്ടുന്ന ക്ലേശങ്ങളിൽ കനിഞ്ഞു നോക്കേണമെ—കൎത്താവെ
നീ അകൃത്യങ്ങളെ സൂക്ഷിച്ചു നോക്കി കാണുന്നുവെങ്കിൽ ആരുമുമ്പി
ൽ നിലനില്ക്കുന്നവൻ ആർ—എങ്കിലും നിങ്കൽ ഞങ്ങൾക്ക് ആശ്ര
യിക്കുന്നു ദയവും മോചനവും നിന്നോടു സമ്പത്തിയായിട്ടുണ്ടു—
എന്നിട്ടു കരുണചെയ്തുകൊണ്ടു ഇപ്പോൾ നീ ഞങ്ങളെ സന്ദൎശിച്ചു
അകപ്പെട്ടതിയ സങ്കടത്തെ ശമിപ്പിച്ചു അധികമുള്ള ക്ലേശങ്ങ
ൾ വരാതവണ്ണം പരിപാലിക്കേണമെ—ഞെരുക്കത്തിലുള്ളവരെ
താങ്ങി ആദരിച്ചു രക്ഷിക്കേണമെ—ഈ സകല കഷ്ടങ്ങളും വ
ങ്ങളാലും ഞങ്ങളുടെ ഹൃദയങ്ങളെ വലിച്ചു നിന്നോടു തന്നെ അ
ടുപ്പിക്കേണമെ—ഇപ്പോൾ കണ്ണീരോടെ വിതെക്കുന്നവർ ഒടുക്ക
ൽ ഇത്ര സന്തോഷത്തോടെ കൊയ്യുമാറാകേണ്ടു—യേശു
ക്രിസ്തുനിമിത്തം ഞങ്ങളെ കേട്ടുകൊണ്ടു ഉത്തരം അരുളിചെ
യ്യേണമെ—ആമെൻ— W

൬.)

വട കാലത്തിൽ

സൎവ്വശക്തിയുള്ള ദൈവമെ സകലരാജ്യങ്ങളെയും ഭരിക്കുന്നരാജാവും എല്ലാ കാൎയ്യങ്ങളെയും നടത്തുന്ന ആദികാരണനായുമുള്ളാവെ— നിന്റെ ശക്തിയോട എതിൎക്കുന്ന സൃഷ്ടി ഒന്നും ഇല്ല— പാപികളെ ശിക്ഷിപ്പാനും അനുതാപികളെ കനിഞ്ഞുകൊള്ളാനും ഏക സമൎത്ഥനായവൻ നീ തന്നെ— ഞങ്ങളെ ശത്രുക്കളുടെ കൈയിൽ നിന്നു രക്ഷിപ്പാൻ കടാക്ഷിക്കേണമെ— അവരുടെ ദൎപ്പത്തെ താഴ്ത്തി ദ്വെഷത്തെ ശമിപ്പിച്ചു ഉപായങ്ങളെ പഴുതിലാക്കേണമെ— നിന്റെ തുണയാൽ സകല ആപത്തും അകററി ഞങ്ങളെ പരിപാലിച്ചു ജയം നല്കുന്ന നിന്നെ എന്നും സ്തുതിപ്പാറാക്കേണമെ— നിന്റെ ഏകജാതനും ഞങ്ങളുടെ കൎത്താവുമാകുന്ന യെശുക്രിസ്തന്റെ പുണ്യം നിമിത്തമെ ഞങ്ങളെ കെട്ടരുളെണമെ— ആമെൻ. *CP.*

൩.

മഹാവ്യാധിയിൽ

സൎവ്വശക്തിയുള്ള ദൈവമെ പണ്ടു നിന്റെ ജനം മൊശ അഹരൊന്മാരുടെ നെരെ മത്സരിച്ച സമയം നീ രൊഗം അയച്ചു ശിക്ഷിച്ചതല്ലാതെ ദാവിദ്രാജാവിന്റെ കാലത്തിൽ വല്ലാത്ത വ്യാധികൊണ്ടു ദണ്ഡിപ്പിച്ചു എഴുപതിനായിരം ആളുകളെ സംഹരിച്ചു നീക്കി ശെഷിച്ചുള്ളവരെ ദയകാണിച്ചു രക്ഷിച്ച പ്രകാരം എല്ലാം ഞങ്ങൾ കെട്ടിരിക്കുന്നു— അരിഷ്ട പാപികളായ ഞങ്ങളിൽ ഇപ്പോൾ വന്ന മഹാവ്യാധിയും കാൎയച്ചാക്കും നൊക്കി വിചാരിച്ചു ഞങ്ങളുടെ പാപങ്ങളെയും അതിക്രമങ്ങളെയുമല്ല നിന്റെ ബഹുകരുണയും ദയയും ഒൎത്തു ഞങ്ങളിൽ കനിഞ്ഞിരിക്കേണമെ— പണ്ടു നീ പരിഹാരബലിയെ അംഗീകരിച്ചു സംഹാരം നടത്തുന്ന ദൂതനെ വിലക്കി ദണ്ഡത്തെ നിറുത്തിയ പ്രകാരം ഇന്നു ഞങ്ങളുടെ കൎത്താ

വായ യെശുക്രിസ്തുനെ ചൊക്കി ഈ ബാധയെയും മഹാരൊഗത്തെയും നീങ്ങി പ്രസാദിച്ചരുളെണമെ— ആമെൻ *CP*

൯.

രൊഗികൾക്കുവെണ്ടി

കനിവെറിയ ദൈവമെ ഞങ്ങളൊന്നും പകർന്നു പ്രാർത്ഥിച്ചിൽ എന്നൊരു വചനത്തിൽ കല്പിച്ചിരിക്കയാൽ ഞങ്ങളുടെ സഭയിലുള്ള ഈ വ്യാധിക്കാരൻ— (ക്കാരത്തിക്കു) വെണ്ടി നിന്നൊട യാചിക്കുന്നത്രിയെന്നു— നീ ദയയൊടെ വിശ്വസിക്കുന്ന നാഥൻ എന്നും യെശുക്രിസ്തുവാൽ ആരെ എങ്കിലും കൈക്കൊണ്ടു രക്ഷിക്കുന്നവൻ എന്നും കാണിച്ചു അവനെ(ളെ) ആശ്വസിപ്പിച്ചു താങ്ങി ക്ഷമയൊടും ധൈര്യത്തൊടും സ്വകഷ്ടങ്ങളെ സഹിപ്പാൻ ബലപ്പെടുത്തെണമെ— തിരുവാഗ്ദത്തങ്ങളുടെ ശുദ്ധം കൊണ്ടു ആവലത്തൊടെ ആയ ദെഹിയെ തണുപ്പിച്ചു പൊറുതി സങ്കടത്തിൽ ഉള്ള മക്കളൊട്ടു പിതാവാത്സല്യമുള്ള അപ്പൻ എന്നും തല്പലത്തു സഹായിച്ചു രക്ഷിക്കുന്നവൻ എന്നും സ്വപുത്രനിൽ ഒട്ടൊഴിയാതെ സകലവും നന്നാക്കുന്നവൻ എന്നും കാണിച്ചു നിന്റെ സമാധാനം നിറെച്ചുകൊടുക്കെണമെ— ആമെൻ. *W*

൰.

ഉദ്ധരിച്ചതിന്നുസ്തൊത്രം

ഞങ്ങളുടെ ദൈവമായ യഹൊവെ മനുഷ്യപുത്രർ നിന്റെ ചിറകുകളുടെ നിഴലിൽ ആശ്രയിച്ചുകൊള്ളുന്നതാൽ നിൻ ദയ എത്ര വിലയെറിയത്— നീ വലുതായ ഭയത്തെ ഞങ്ങളിൽ വരുത്തി പിടിപ്പിച്ചു ഞങ്ങൾക്കു പിന്നത്തെ മഹാകഷ്ടങ്ങളിൽ നിതന്നെ ഞങ്ങൾക്കുതുണ നിന്നില്ലെ എങ്കിൽ ഞങ്ങൾക്കിന്നു പൊക്കി എ

നായിരിക്കും— യഹൊവയെ ബഹുമാനവും സ്തൊത്രവും ചിന്തിക്ക
പറയുന്നു— അവന്റെ പരിശന്മാരെ കൂടി അവന്റെ ഐശ്വര്യങ്ങ
ളാഞ്ഞി തെറിപ്പിച്ചിരിക്കുന്നു— സ്വൎഭൂമികളെല്ലാം ഉണ്ടാക്കിയ
യഹൊവാ നാമത്തിൽ അത്രെ ഞങ്ങളുടെ ശരണം— ഏക
നായി അതിശയങ്ങളെ ചെയ്യുന്ന ദൈവമായ യഹൊവ വാഴ്ത്ത
പ്പെട്ടവനാക— അവന്റെ വിശുദ്ധ നാമത്തിന്നു എന്നും സ്തൊ
ത്രം ഭവിക്കുമാറാക— ആമെൻ W.U

C. പ്രാൎത്ഥനെക്കു വരുമ്പൊൾ

1. സാധാരണപ്രാൎത്ഥന

കൎത്താവെ കനിഞ്ഞു കൊള്ളെണമെ
ക്രിസ്തു കനിഞ്ഞു കൊള്ളെണമെ
കൎത്താവെ കനിഞ്ഞു കൊള്ളെണമെ
സ്വൎഗ്ഗസ്ഥപിതാവായ യഹോവാ ദൈവമെ
ലോകരക്ഷിതാവെന്ന പുത്രനായ യഹോവാ ദൈവമെ
വിശുദ്ധാത്മാവായ യഹോവാ ദൈവമെ-
ഞങ്ങളെ കനിഞ്ഞു കൊള്ളെണമെ
കരുണ ഉണ്ടായി രക്ഷിക്കെണമെ
ത്രിയെകദൈവമായ കൎത്താവെ കരുണ ഉണ്ടായി ഞങ്ങളെ തുണെക്കെണമെ.

സകല പാപത്തിൽ നിന്നും
എല്ലാ ബുദ്ധിമയക്കത്തിൽ നിന്നും
എല്ലാ തിന്മയിൽ നിന്നും
ത്രിയെകദൈവമായ യഹോവെ ഞങ്ങളെ കാക്കെണമെ

പിശാചിന്റെ ചതികൌശലത്തിൽ നിന്നും
ക്ഷണത്തിൽ തട്ടുന്ന ദുൎമ്മരണത്തിൽ നിന്നും
മഹാരോഗത്തിന്നും ക്ഷാമത്തിന്നും
യുദ്ധഹിംസകളിൽ നിന്നും
കലഹമത്സരങ്ങളിൽ നിന്നും
ചാഴി പുഴു ഇടികളിൽ നിന്നും.
കൊടുങ്കാറ്റു പെരുവെള്ളത്തിൽ നിന്നും
ത്രിയെകദൈവമായ യഹോവെ ഞങ്ങളെ കാക്കെണമെ

നിൻ വചനത്തിൽ ഉപെക്ഷയിൽ നിന്നും

സകലസൃഷ്ടികളിൽനിന്നും
പാപത്തിൻ വഞ്ചനയിൽനിന്നും
നിത്യമരണത്തിൽനിന്നും
ശ്രീയ ദൈവമായ യഹോവെ ഞങ്ങളെ രക്ഷിക്കെണമെ
നിന്റെ ദാസരൂപ ദാരിദ്ര്യങ്ങളാലും
നിൻ ബലഹീനതാ വെദനകളാലും
നിന്റെ സകല പരീക്ഷകളാലും
നിൻ ആത്മാസനത്തിലെ രക്തസ്വെദത്താലും
നിന്റെ ചങ്ങല പരിഹാസങ്ങളാലും
നിന്റെ ക്രൂശ കഷ്ടങ്ങളാലും
നിൻ വിലയെറിയ മരണത്താലും
തെജസ്സുള്ള ഉത്ഥാനാരൊഹണങ്ങളാലും
വിശുദ്ധാത്മാവിന്റെ വരവിനാലും
ഞങ്ങളുടെ മരണനെരത്തിലും
അവസാനന്യായവിധിയിലും
ശ്രീയ ദൈവമായ യഹോവെ ഞങ്ങളെ രക്ഷിക്കെണമെ
ഞങ്ങളെ ചെവിക്കൊൾ്കെ വെണ്ടു എന്ന്
അരിഷ്ട പാപികളായ ഞങ്ങൾ യാചിക്കുന്നു
ശ്രീയ കർത്താവും ദൈവവുമായുള്ളൊവെ
നിൻ തിരുസഭയെ നടത്തി ഭരിക്കയും
നിൻ നാമം എടുത്തവർക്ക എവർക്കും
തിരുക്രൂശിന്റെ രഹസ്യം വെളിപ്പെടുത്തുകയും
എല്ലാ ദൈവമക്കളെയും ഒർ ആത്മാവിൽ യൊജിപ്പിക്കയും
തിരുസഭയുടെ ശുശ്രൂഷക്കാർ ഇടയന്മാരെ ഒക്കയും
സത്യവചനത്തിലും വിശുദ്ധനടപ്പിലും കാത്തുരക്ഷിക്കയും
എല്ലാ മതഭെദങ്ങളെയും ഇടർച്ചകളെയും നിലക്കയും

തെററി ഉഴന്നവരെ തിരിച്ചു വരുത്തുകയും
സാത്താനെ ഞങ്ങളുടെ കാല്ക്കീഴെ ചതെക്കയും
വിശ്വസ്ത വേലക്കാരെ നിന്റെ കൊയ്ത്തിൽ അയക്കയും
വചനത്തോടു നിന്റെ ആത്മാവും ശക്തിയും കൂട്ടുകയും
ഇടിഞ്ഞു ചതഞ്ഞവരെ എല്ലാം താങ്ങി തണുപ്പിക്കയും
ഞങ്ങളെ ചെവിക്കൊള്ക്കയും ചെയ്ക
ശ്രീയകൎത്താവും ദൈവവും ആയുള്ളോവെ
സകല ജാതികൾക്കും പ്രകാശവും ആശ്വാസവും ആയുള്ളോവെ
കരമേലും സമുദ്രത്തിലും ഉള്ള നിന്റെ ഭൃത്യന്മാരെ രക്ഷിക്ക
അവരുടെ സാക്ഷ്യവാക്കിന്മേൽ ആത്മാവും അഗ്നിയും ഇറക്ക
ജാതികളിൽ നിന്നു ഇണക്കി ചെൎത്തവരെ വാഴിക്ക
ജാതികളിൽ ശേഷിച്ചവരെയും സന്ദൎശിക്ക
നിൻ ജനമായ ഇസ്രയേലെ അന്ധതയിൽ നിന്നു വിടുവിക്ക
ഇഷ്ടയെല്ലാം നിന്റെ മുമ്പാകെ ശ്ലാഘിച്ചിരിക്കുമാക
ശ്രീയകൎത്താവും ദൈവവും ആയുള്ളോവെ
ഞങ്ങളെ ചെവിക്കൊള്ളേണമെ
സകല രാജാക്കന്മാൎക്കും സന്ധിയും ഐക്യതയും നല്കുക
ഞങ്ങളുടെ രാജ്ഞിയെയും രാജകുഡുംബത്തെയും മന്ത്രി ഭൃത്യ
രെയും നടത്തി പരിപാലിക്ക.

ഞങ്ങളുടെ ദേശം ഊരും നാടും
സഭകളും പാഠശാലകളും എല്ലാം
വിവാഹവും പുത്രസമ്പത്തും
ഒക്കെ അനുഗ്രഹിച്ചു കൊള്ളേണമെ
ശ്രീയകൎത്താവും ദൈവവും ആയുള്ളോവെ
ഞങ്ങളെ ചെവിക്കൊള്ളേണമെ
സങ്കടഞെരുക്കങ്ങളിലുള്ളവൎക്കെല്ലാം

നിന്റെ സഹായത്തൊടെ പിറന്നുവന്ന
ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും
ശുഭഫലവും തഴെപ്പും ഏകുക
ശിശുക്കളെയും രൊഗികളെയും പൊറുക്ക
ബലഹീനരെയും വയസ്സന്മാരെയും താങ്ങുക
കുറവില്ലാതെ തടവിലായവരെ വിടുവിക്ക
സകല വിധവമാരെയും അനാഥരെയും
എളിയവരെയും അഗതികളെയും
പാലിച്ചു സംരക്ഷണം ചെയ്ക
യാത്രക്കാർക്കും അപകടം ഒഴിപ്പിച്ചു
എല്ലാ മനുഷ്യരിലും കനിഞ്ഞുകൊള്ളു
ശ്രീയകർത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളെണമെ
ഞങ്ങളെ ദ്വെഷിച്ചു നാണം കെടുത്തി ഹിംസിക്കുന്നവർക്കു
പാപം ക്ഷമിച്ചും മനം തിരിച്ചും കൊടുത്തു
നിലത്തിൻ അനുഭവം കാത്തുരക്ഷിച്ചു
ഞങ്ങളുടെ കൈത്തൊഴിൽ എല്ലാം സഫലമാക്കി
കരുണയാലെ ഞങ്ങളെ ചെവിക്കൊള്ളെണമെ
ശ്രീയകർത്താവും ദൈവവും ആയുള്ളൊവെ
ദൈവപുത്രനായ യെശുക്രിസ്തനെ
ഞങ്ങളൊടു കരുണചെയ്യെണമെ
ലോകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടെ
ഞങ്ങളൊടു കരുണചെയ്യെണമെ
ലോകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടെ
നിത്യസമാധാനം ഞങ്ങൾക്കു ഏകെണമെ
ക്രിസ്തനെ ഞങ്ങളെ കെട്ടരുളെണമെ.

കൎത്താവെ കരുണയുണ്ടാകേണമെ

ക്രിസ്തു ഞങ്ങളെ കേട്ടരുളേണമെ

കൎത്താവെ ഞങ്ങളോടു കരുണചെയ്യേണമെ

(കൎത്തൃപ്രാൎത്ഥനയുടെ ശേഷം

ഈ അവസാനം ചൊല്ലുക)

സൎവ്വശക്തിയുള്ള ദൈവമെ ഒരേസമയത്ത ഞങ്ങൾ ഏകമനസ്സോടെ നിന്നോട അപെക്ഷിപ്പാൻ നീ കൃപ ചെയ്തിരിക്കുന്നു— രണ്ടു മൂന്നുപെർ നിന്റെ നാമത്തിലെക്ക ഒരുമിച്ചുകൂടുന്ന ഏതുസ്ഥലത്തും യാചിച്ചപ്രകാരം തരുവാൻ വാഗ്ദത്തം ചെയ്തിരിക്കുന്നുവല്ലൊ— ഇന്നും കൎത്താവെ അടിയങ്ങളുടെ ആഗ്രഹങ്ങളെയും അപെക്ഷകളെയും ഞങ്ങൾക്ക നന്നാകുംവണ്ണം നിവൃത്തിവരുത്തി ഇഹലോകത്തിൽ നിന്റെ സത്യജ്ഞാനവും പരലോകത്തിൽ നിത്യജീവനും തരെണമെ— ആമെൻ-

നമ്മുടെ കൎത്താവായ യെശു ക്രിസ്തന്റെ കരുണയും ദൈവത്തിന്റെ സ്നെഹവും വിശുദ്ധാത്മാവിൻ കൂട്ടായ്മയും നമ്മെല്ലാവരൊടും കൂടെ ഇരിക്കുമാറാക— ആമെൻ. W. ub.

2. അല്ലെങ്കിൽ

കൎത്താവും ദൈവവുമായുള്ള യഹോവെ തിരിഞ്ഞും മനസ്സുതിഞ്ഞും ഇരിക്കുന്നവരെ ദിവ്യക്ഷമാവാൻ കരുണാസമ്പന്നൻ ഭക്തന്മാരിൽ ആയിരങ്ങൾക്കും കരുണ സൂക്ഷിച്ചും അകൃത്യദ്രോഹപാപങ്ങളെ പൊറുത്തും കൊള്ളുന്നവനെ— കുറ്റത്തെയും കുറ്റമില്ലാതാക്കി വെക്കുന്നവനല്ല അന്യഭക്തിയെ സഹിക്കാത്ത ഉഗ്രദൈവമത്രെ— ഭയത്തോടും ആശ്രയത്തോടും ഞങ്ങൾ നിന്റെ വിശുദ്ധ സന്നിധിയിലെക്ക വരുന്നു— ശരീരാത്മാക്കൾക്കും സമൃദ്ധിയായി തന്ന സകല അനുഗ്രഹങ്ങൾക്കും ഒരെ സന്തോഷത്തിൽ ഉണ്ടാ

ഷ്ടപ്രയാസങ്ങൾക്കും നിഷ്ഫലങ്ങൾക്കും ഞങ്ങൾ പാത്രവും ഉ
പദ്രവവും ആകുന്നു— അതെല്ലാം കർത്താവെ നീ ചെയ്തുവന്ന എല്ലാ ക
രുണകൾക്കും ദിവസംപ്രതി കാട്ടുന്ന വിശേഷങ്ങൾക്കും ഞങ്ങൾ ഏറ്റ
വും അപാത്രം— ഞങ്ങൾ നിൻ ദോഷാന്തികളാകുന്നു നിന്റെ കരു
ണകൾ കൊണ്ടാകുന്നു— ഇന്നും നിന്റെ കുറിവുമുട്ടിയാതെ രാജ്യ
ലെ രാജ്യത്തിലെ പുത്രന്മാരും വിശ്വാസ്യതാവല്ലഭരാകും ഇരിക്കുന്നു— ഞ
ങ്ങൾ പലപ്രകാരത്തിൽ മനസ്സിലായതെയും തെറ്റുകളെ മാ
റാതെയും നിനക്ക് അറിയും പ്രകാരം പാപങ്ങളെ അധികമാ
ക്കി നിന്റെ കോപത്തിന്ന് സാധ്യമാൽ പാത്രമാകുന്നു എങ്കിലും
നീ ഒരപ്പനെ പോലെ അധികം പൊറുത്തും ക്ഷമിച്ചും കൊണ്ടിരി
ക്കുന്നു— ഫലം തരാത്ത വൃക്ഷത്തിന്റെ ചുവട്ടിൽ നിന്റെ കോടാ
ലി ഇരിക്കുന്നു എങ്കിലും— യേശുക്രിസ്തുന്റെ പക്ഷവാദം നിമിത്തം
കൊണ്ട് ഞങ്ങളെ ഇതുവരെയും വെട്ടിക്കളയാതെ നിറുത്തുന്നു— പ
ക്ഷെ നിന്റെ ദയയും ദീർഘക്ഷമയും ഞങ്ങളെ മാനസാ
ന്തരത്തിലേക്കു നടത്തുമൊ മാറ്റം വന്ന ഹൃദയത്തിന്റെ ഫല
ങ്ങളെ ഞങ്ങളുടെ നടപ്പിൽ കാണുമൊ എന്നു വെച്ചത്രെ—

അതുകൊണ്ടു സർവ്വസ്ഥനായ പിതാവെ ഞങ്ങളെ
ഈ വലിയ ഉപകാരം വേണ്ടും വണ്ണം അറിയുമാറാക്കുക— നിന്റെ
കരുണാസമൃദ്ധിയെ ഞങ്ങൾ ചവിട്ടിക്കളയാതെയും നിന്റെ അ
നുഗ്രഹങ്ങൾക്ക് അപാത്രമായ്പോകാതെയും നിന്റെ കരുണെക്കിൽ
ഇന്നിക്കൊണ്ട സത്യ വിശ്വാസത്താൽ ശുദ്ധമനസ്സാക്ഷിയോടും
ശുദ്ധീകരണത്തിങ്കൽ നിത്യ ഉത്സാഹത്തോടും അവസാനം വരെ
നില്ക്കുമാറാകേണമെ— അതിന്നായി ഞങ്ങൾ എല്ലായ്പോഴും സത്യമാ
നസാന്തരം ഉണ്ടാക്കി ഹൃദയത്തെയും ഭാവവിചാരങ്ങളെയും മാ
റ്റി ഞങ്ങൾ ഒരുക്കം മനഃപൂർവ്വമായി പാപം ചെയ്യാതെയും നിനെ
ന്നു ദുഃഖിപ്പിക്കാതെയും ഇരിക്കുന്ന വിശുദ്ധ ദൈവമെ നിനക്ക്

ഹിതമല്ലാത്തത് എല്ലാം തള്ളിക്കളഞ്ഞു നിന്നോട് നിരപ്പും സമാധാ
നവും ഉണ്ട എന്നുള്ള സാക്ഷ്യത്തെ ഞങ്ങളുടെ ഉള്ളങ്ങളിൽ പ്രാപി
ച്ചു കൊള്ളുമാറാകുവാൻ വിടാതെ പ്രയത്നിച്ചു പൊരെണമെ — ശത്രുക്ക
ളാണ്ടെ സർവ്വശക്തിയുള്ള ദൈവമെ നിന്റെ കൃപയും അഭിമാന
ൽ ഏല്പിക്കുന്ന അനുഗ്രഹങ്ങളും മങ്ങി മറഞ്ഞു പൊവാനുള്ള ഇ
ടൎച്ചകളെ ഒക്കയും തട്ടിത്തെറിപ്പിക്കെണമെ —

വിശെഷിച്ചു സകല നാട്ടുവാഴികൾക്കും അനുഗ്രഹിക്ക —
ഇവിടെ വാഴുന്ന രാജ്ഞിക്ക വെണ്ടി പ്രാൎത്ഥന സഭകളിൽ എങ്ങും സ
ത്യവചനത്തെ നന്നായി ശുശ്രൂഷിക്കുന്നവരെ ഉദിപ്പിച്ചു പാലിക്ക —
അവരെ നിന്റെ ഹൃദയപ്രകാരമുള്ള ഇടയരാക്കി തീൎക്ക — നിന്റെ
സമാധാനത്തിൻ സുവിശെഷത്തെ അവരെ കൊണ്ടു ശുദ്ധത്വത്തി
ലും ശക്തിയിലും അറിയിപ്പിക്ക — എഴുത്തുപള്ളികളിലും വീടുക
ൾ തൊറും ബാലന്മാരെ വളൎത്തി പഠിപ്പിക്കുന്നതിനെ അനുഗ്രഹി
ക്ക — ആയാസമുള്ള വെലയിൽ അദ്ധ്വാനിക്കുന്നവൎക്ക ജ്ഞാന
വും വിശ്വാസ്യതയും ക്ഷാന്തിയും നല്കുക — ലൊകത്തിൽ നിറയു
ന്ന ഇടൎച്ചകളാലും ദുൎമ്മാൎഗ്ഗങ്ങളാലും വയസ്സു കുറഞ്ഞവർ കെട്ടുപൊ
കായ്വാൻ നീ തന്നെ അവരെ രക്ഷിച്ചു പാലിക്ക — രാജ്യത്തിലും
കുടികൾ തൊറും എല്ലാടത്തും എല്ലാവിധത്തിലും ഞങ്ങൾക്കു സമാധാ
നം നല്കുക — സഭയിൽ സകല ഛിദ്രങ്ങളെയും വിലക്കുക — തിരു
സഭെക്കു വിട്ടു വൎദ്ധനവും യുഗസമാപ്തിയോളം വ്യാപിച്ചു പൊരുന്ന
വളൎച്ചയും എകുക — അതിൻ ശത്രുക്കൾ വിചാരിക്കുന്ന ഉപായ
വിരൊധങ്ങളെയും ചെറുക്കുക — വിലയെറിയ സുവിശെഷപ
രമാൎത്ഥമാകുന്ന ഉപനിധിയെ ഞങ്ങളിൽ നിന്നു നീക്കിക്കള
യാൻ ഞങ്ങളുടെ കൃതഘ്നതയാലും ഉദാസീനതയാലും വല്ലെ
രക്കാരണം ഉണ്ടെങ്കിലും ദയയാലെ അതിനെ ഞങ്ങളൊട്
പാലിച്ചു തിരുവചനത്തെ ധാരാളമായി വസിപ്പിച്ചു സന്തതി

കല്പനകളൊടു കൂടെ നിന്റെ നിയമത്തിൽ ദൃഢതയൊടും നിന്റെ ശുദ്ധത്തി
ൽ അറിവും സ്തുതിയും കിട്ടി കൊള്ളുക—

ഞങ്ങളൊടു സമമാനമുള്ള വിശ്വാസം കിട്ടിയവർ ആകയാ
ൽ ഹിംസയിലും ഉപദ്രവങ്ങൾ കഷ്ടങ്ങളിലും അകപ്പെട്ടു പൊകുന്ന
വരെ കനിഞ്ഞു കൊണ്ടു അവൎക്കു മറ്റൊരു ശരണവും തുണയു
മാകില്ല— ഒരു ശരീരത്തിലെ അവയവങ്ങൾ എന്ന പൊലെ ഞങ്ങ
ൾ എപ്പൊഴും പ്രാൎത്ഥനയിൽ അവരെ ഒൎത്തു കൊള്ളുവാനും ദുഃഖിക്ക
യും പരീക്ഷാ സമയത്തിന്നായി ഒരുങ്ങി നില്പാനും നിൻ കൃപ
യാലെ ഞങ്ങളെ ഉണൎത്തുക— നിന്നൊടു സ്നാനത്താലുള്ള സമാ
ധാന നിയമത്തെ ഞങ്ങൾ കാത്തു നടന്നു കൊണ്ടു ദിവ്യസാധനങ്ങ
ൾ ആകുന്ന തിരുവചനവും വിശുദ്ധ ചൊല്ലുറികളും ഭക്തിയൊടെ
ഷം യതിക്കുന്ന വ്യാപാരികളെ പൊലെ അനുഭവിക്കാമനസ്സലുള്ള
പെക്ഷാവാദത്തിൽ നിന്നും ഒഴിഞ്ഞു കൊൾവാൻ തരുകെന്നല്ലൊ
മെ—

ഞങ്ങളുടെ മുട്ടുകളെ തീൎപ്പാൻ ശാരീരിക അനുഗ്രഹത്തെ ദാ
സ്ത്യത്തിൽ എങ്ങും പകരുക— ഭൂമിയെയും നിലത്തിലെ ഉല്പന്നങ്ങ
ളെയും രക്ഷിക്ക— ദൈവാസികളുടെ വൃത്തികളെ അനുഗ്രഹിച്ചിട്ടു
അവനവൻ താന്താന്റെ വിളിയിൽ ജാഗ്രതയായി വെല ചെയ്തു മു
ട്ടുള്ളവനെ വിഭാഗിച്ചു കൊടുപ്പാൻ ഉണ്ടാകെണ്ടുന്ന സംഗതി വരു
ത്തെണമെ— ഇതുവരെയും നിന്റെ കനിവിൻ പെരിപ്പു പ്രകാരം
നീ ചെയ്തതു പൊലെ ഇനിയും വറുതി ക്ഷാമം പടകലഹം തീഭയം
ജലായിത്ത്യം മഹാവ്യാധി മൃഗബാധ മുതലായ ദണ്ഡങ്ങളെ വരുത്താ
ക— നിന്റെ ശിക്ഷകൾക്കും ന്യായവിധികൾക്കും ഹെതുവാകുന്ന ഞ
ങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും എല്ലാം നിന്റെ പുത്രനായ
യെശു ക്രിസ്തുൻ നിമിത്തം ക്ഷമിക്കുകെ വെണ്ടു— ഞങ്ങളെ സന്ദ
ൎശിക്കുന്ന ഒരൊ ശിക്ഷകളും കഷ്ടങ്ങളും ഞങ്ങളെ മാനസാ

നേരത്തിലെക്കും സ്വപ്നത്തിലെക്കും ഉണൎന്നടത്തൊളം കാൎയ്യ-
ങ്ങളുടെ സകല ശത്രുക്കളൊടും പകയരൊടും ക്ഷ
മിക്ക— ചെയ്തിയ ദ്രൊഹങ്ങൾ പലെടത്തും കൂട്ടങ്ങളിൽ നടക്കുന്ന ഇരി
ട്ടിന്റെ കെട്ടുകളെ അഴിക്ക— ദുഷ്ടന്മാരുടെ പൊണ്ണത്തനത്തി
ന്ന് ഒടുക്കം കല്പിക്ക നീതിമാന്മാൎക്ക ശക്തി കൂട്ടുക— ഭക്തിയുള്ള ഹൃ
ദയത്തിന്ന് എല്ലാം നിന്റെ ദയ കാട്ടുക— വലഞ്ഞ വഴികളിൽ തെ
റ്റി പൊകുന്നവൎക്ക മനന്തിരിപ്പിച്ചു അവൎക്കും ഞങ്ങൾക്കും എല്ലാവ
ൎക്കും നിന്റെ സമാധാനം നല്കുക—

വീട്ടിലുള്ളവൎക്ക നീ തുണയും യാത്രക്കാൎക്ക ചങ്ങാതിയും ആക-
അഗതികൾ അനാഥ വിധവമാരെയും രാജ്യഭ്രഷ്ടർ പീഡിതരെ
യും രൊഗികൾ ചാവടുത്തവരെയും ഒക്കെയും കനിഞ്ഞു കൊണ്ട അവ
രെയും ഞങ്ങളെയും അനന്തായത്തിന്ന ഒരുപെട്ടി വിശ്വാസ
ത്തിൽ ഉറപ്പിച്ചു സ്നെഹത്തിൽ വെരൂന്നിച്ചു പ്രത്യാശയിൽ കുലുങ്ങാ
താക്കി തീൎക്ക— അവൎക്ക പ്രാൎത്ഥനയിൽ ഉത്സാഹവും ക്രൂശി
ൻ കഷ്ടത്തിൽ ആശ്വാസവും പരീക്ഷയിൽ സ്ഥിരതയും പാപ
ത്തൊടുള്ള പൊരാട്ടത്തിൽ മിടുക്കും സ്വൎഗ്ഗീയ വിരുന്തിനെ തെടുക
ന്നതിൽ മനൊനിശ്ചയവും ദൈവഭക്തിയെ അഭ്യസിക്കുന്നതി
ൽ വിശ്വസ്തതയും ഉറപ്പും കൊടുത്തു സകല മനുഷ്യരിലും ക
നിവുണ്ടാകെണമെ—

വിശെഷിച്ച് ദൈവജനത്തിന്ന ഒരു ശബ്ബത്തനുഭവം
ശെഷിപ്പിച്ചിരിക്ക കൊണ്ടു നിന്റെ സ്വസ്ഥതയിൽ പ്രവെശിപ്പാ
ൻ ഞങ്ങൾ ശ്രമിച്ചു കൊള്ളെണ്ടതിന്നും ആരും കാലം വൈകി
പൊകാതിരിക്കെണ്ടതിന്നും ഞങ്ങളെ ഉത്സാഹിപ്പിക്കുന്ന നി
ന്റെ വിശുദ്ധാത്മാവെ തരെണമെ— അത്ര കൊണ്ടു ഞങ്ങൾ ശ
രീരത്തിൽ നിവസിക്കിലും വിട്ടിരിക്കിലും ഉണൎന്നിരുന്നാലും ഉ
റങ്ങിയാലും ജീവിച്ചാലും മരിച്ചാലും നിനക്കുള്ളവരായി ഇരി

ക്കാറു — എന്നത്രെ ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും വീണ്ടെടുപ്പുകാ
രനും പക്ഷവാദിയും സമാധാന പ്രഭുവുമാകുന്ന യെശുക്രിസ്തു
ൻ നിമിത്തം തന്നെ യാചിക്കുന്നു - ആമെൻ W

D. വെദപാഠങ്ങൾ

I. ആണ്ടുദിവസത്തിന്നുള്ള സുവി
ശെഷ ലെഖനാംശങ്ങൾ

൧. ആഗമനനാൾ ഒന്നാമത്
　സു. മത്ഥ. 21, ൧—൯
　ലെ. രൊ. 13, ൧൧—൧൪
൨. ആഗമനനാൾ രണ്ടാമത്
　സു. ലൂ. 21, ൨൫—൩൩
　ലെ. രൊ. 15, ൪—൧൩
൩. ആഗമനനാൾ മൂന്നാമത്
　സു. മത്ഥ. 11, ൨—൧൦
　ലെ. ൧ കൊ. 4, ൧—൫
൪. ആഗമനനാൾ നാലാമത്
　സു. യൊ. 1, ൧൯—൨൮
　ലെ. ഫിലി. 4, ൪—൭
൫. ജനനനാൾ
　സു. ലൂ. 2, ൧—൧൪
　ലെ. തിത. 2, ൧൧—൧൪
൬. ജനനനാൾ രണ്ടാമത്
　സു. യൊ. 1, ൧—൧൪
　ലെ. എബ്ര. 1, ൧—൧൦
൭. ജനനനാളിൽ പിന്നത്തെ ഞായറാഴ്ച

൩൮

സു. ലൂ. 2, ൩൩-൪൦

ലെ. ഗല. 4, ൧-൭

൯. ഉണ്ണേപിറപ്പു

ലൂ. 2, ൧൮-൨൧

യശ. 9, ൬-൭

അല്ലംഫങ്ങിൽ

പുതിയനിയമത്തിൽ. ഹെബ്രെ. 13, ൭
ഹെബ്രു. 13, ൧൪
ഹെബ്രു. 10, ൩൫
വെളി. 2, ൧൦

പഴയനിയമത്തിൽ. സ. 39, ൭-൩
" . 90, ൧-൩
" . 102, ൨൩-൨൭

൰. ഉണ്ണേപിറപ്പിന്നുപിന്നത്തെഞായറാഴ്ച

സു. മത്ഥ. 3, ൧൩-൧൭

ലെ. തീത്ത. 3, ൪-൭

൰൧. പ്രകാശനദിനം

മത്ഥ. 2, ൧-൧൨

യശ. 60, ൧-൩

൰൧. പ്രകാശനത്തിന്നുപിന്ന് ഒന്നാമത്തു

ലൂ. 2, ൪൧-൫൨

രൊ. 12, ൧-൫

൰൨. പ്രകാശനത്തിന്നുപിമ്പ് രണ്ടാമത്തു

യൊ. 2, ൧-൧൧

രൊ. 12, ൩-൧൩

൧൩. പ്രകാശനത്തിന്നുപിമ്പ് മൂന്നാമത്ത

മത്താ. 8, ൧ — ൧൩

രൊ. 12, ൧൬ — ൨൧

൧൪. പ്രകാശനത്തിന്നുപിമ്പ് നാലാമത്ത

മത്താ. 8, ൨൩ — ൩൪

രൊ. 13, ൧ — ൭

൧൫. പ്രകാശനത്തിന്നുപിമ്പ് അഞ്ചാമത്

മത്താ. 13, ൨൪ — ൩൦. ൩൬ — ൪൩

കൊല. 3, ൧൨ — ൧൭

൧൬. പ്രകാശനത്തിന്നുപിമ്പ് ആറാമത്ത

മത്താ. 17, ൧ — ൯

൨ പെ. 1, ൧൬ — ൨൧

൧൭. സപ്തതിദിനം

മത്താ. 19, ൨൭ — ൩൦, ൧൬

൧ കൊ. 9, ൨൪ — ൨൭

൧൮. ഷഷ്ടിദിനം

ലൂക്ക. 8, ൪ — ൧൫

൨ കൊ. 11, ൧൯ — ൩൧ + ൧൦

൧൯. നോമ്പിന്നു മുമ്പിലത്തെ ഞായറാഴ്ച

ലൂക്ക. 18, ൩൧ — ൪൩

൧ കൊ. 13, ൧ — ൧൩

൨൦. നോമ്പിൽ ഒന്നാമത്ത

മത്താ. 4, ൧ — ൧൧

൨ കൊ. 6, ൧ — ൧൦

൨൧. നോമ്പിൽ രണ്ടാമത്ത

മത്താ. 15, ൨൧ — ൨൮

൧ തെ. 4, ൧ — ൮

൮൨. നൊമ്പിൽ മൂന്നാമത്തെ

ലൂക്ക. 11, ൧൪ — ൨൮

എഫെ. 5, ൧ — ൧൪

൮൩. നൊമ്പിൽ നാലാമത്തെ

യൊ. 6, ൧ — ൧൪

ഗല. 4, ൨൧ — ൩൧

൮൪. നൊമ്പിൽ അഞ്ചാമത്തെ

യൊ. 8, ൪൬ — ൫൯

എബ്ര. 9, ൧൧ — ൧൫

൮൫. നഗരപ്രവെശനാൾ

മത്താ. 21, ൧ — ൧൩

ഫിലി. 2, ൫ — ൧൧

൮൬. ൮൭. തിരുവ്യാഴാഴ്ചയും തിരുവെള്ളിയാഴ്ചയും ഉപവാസ

ഭെദചിത്രം

൮൮. പുനരുത്ഥാനനാൾ

മത്താ. 28, ൧ — ൧൦

കൊല. 3, ൧ — ൪

൮൯. പുനരുത്ഥാനത്തിങ്കളാഴ്ച

ലൂക്ക. 24, ൧൩ — ൩൫

അപ്പൊ. 10, ൩൪ — ൪൩

൯൦. പെസഹായിൽ ഒന്നാമത്തെ

യൊ. 20, ൧൯ — ൨൩

൧ യൊ. 5, ൪ — ൧൨

൯൧. പെസഹായിൽ രണ്ടാമത്തെ

യൊ. 10, ൧൧ — ൧൬

ഫെ. . 2, ൧൯ – ൨൨

൪൩. പെസഹായിൽ മൂന്നാമത്

യൊ. . 16, ൮ – ൧൫

ഫെ. . 2, ൧൧ – ൧൮

൪൪. പെസഹായിൽ നാലാമത്

യൊ. . 16, ൧൬ – ൨൩ (പാതി)

യാക്കൊ. 1, ൧൭ – ൨൧

൪൫. പെസഹായിൽ അഞ്ചാമത്

യൊ. . 16, ൨൩ (പാതി) – ൩൩

യാക്കൊ. 1, ൨൨ – ൨൭

൪൬. സ്വർഗ്ഗാരോഹണനാൾ

മാ. . 16, ൧൪ – ൨൦

അപ. . 1, ൧ – ൧൧

൪൭. ആരോഹണത്തിനു പിന്നത്തെ ഞായറാഴ്ച

യൊ. . 15, ൨൬ – ൧൬, ൪.

ഫെ. . 4, ൭ – ൧൧

൪൮. പെന്തക്കൊസ്തുനാൾ

യൊ. . 14, ൨൩ – ൩൧

അപ്പ. . 1, ൧ – ൧൩

൪൯. പെന്തക്കൊസ്തിൻ ഞാറാഴ്ച

യൊ. . 7, ൩൭ – ൫൩

അപൊ. . 10, ൫൨ – ൫൩

൫൦. ത്രിത്വനാൾ

യൊ. . 3, ൧ – ൧൫

രൊ. . 11, ൩൩ – ൩൬

൫൧. ത്രിത്വത്തിൽ പിന്നെ ഒന്നാമത്

ജ്യാ. . 16, ൧൩ – ൩൭

രയൊ . 4, ൯ – ൨൭

൪൧. ത്രിജ്യ-യിൻരണ്ടാമത്

ജ്യാക്ഷ. . 14, ൧൬ – ൨൫

രയൊ. . 3, ൧൩ – ൨൫

൪൨. ത്രിജ്യ-യിൻമൂന്നാമത്

മത്സ്യ. . 5, ൧ – ൧൬

രയെ. . 5, ൫ – ൧൧

൪൩. ത്രിജ്യ-യിൻനാലാമത്

മത്സ്യ . . 5, ൧൯ – ൪൯

ഒരാ . . 8, ൧൮ – ൨൯

൪൪. ത്രിജ്യ-യിൻ അഞ്ചാമത്

മത്സ്യ . . 6, ൧ – ൧൮

രയെ. . 3, ൮ – ൧൭

൪൫. ത്രിജ്യ-യിൻആറാമത്

മത്സ്യ . . 6, ൧൩ – ൩൫

ഒരാ . . 6, ൧ – ൧൧

൪൬. ത്രിജ്യ-യിൻഏഴാമത്

മത്സ്യ . . 7, ൧ – ൧൨

ഒരാ . . 6, ൧൩ – ൨൩

൪൭. ത്രിജ്യ-യിൻഎട്ടാമത്

മത്സ്യ . . 7, ൧൩ – ൨൩

ഒരാ . . 8, ൧൨ – ൧൯

൪൮. ത്രിജ്യ-യിൻഒമ്പതാമത്

ജ്യാക്ഷ. . 16, ൧ – ൧൩

രക്ഷൊ. . 10, ൧ – ൧൫

൫൯. ത്രിത്വ-പിൻപത്താമതു

ലൂ. 19, ൪൧ - ൪൭

൧ കൊ. 12, ൧ - ൧൧

൬൦. ത്രിത്വ-പിൻപതിനൊന്നാമതു

ലൂ. 18, ൯ - ൧൪

൧ കൊ. 5, ൧ - ൧൦

൬൧. ത്രിത്വ-പിൻപന്ത്രണ്ടാമതു

ലൂ. 15, ൩൧ - ൩൭

൨ കൊ. 3, ൪ - ൧൧

൬൨. ത്രിത്വ-പിൻപതിമൂന്നാമതു

ലൂ. 10, ൨൩ - ൩൭

ഗലാ. 3, ൧൬ - ൨൨

൬൩. ത്രിത്വ-പിൻപതിനാലാമതു

ലൂ. 17, ൧൧ - ൧൯

ഗലാ. 5, ൧൬ - ൨൪

൬൪. ത്രിത്വ-പിൻപതിനഞ്ചാമതു

മത്താ. 18, ൧ - ൧൧

ഗലാ. 5, ൨൫ - ൬, ൧൦

൬൫. ത്രിത്വ-പിൻപതിനാറാമതു

ലൂ. 7, ൧൧ - ൧൭

എഫെ. 3, ൧൩ - ൨൧

൬൬. ത്രിത്വ-പിൻപതിനെഴാമതു

ലൂ. 14, ൧ - ൧൧

എഫെ. 4, ൧ - ൬

൬൭. ത്രിത്വ-പിൻപതിനെട്ടാമതു

മത്താ. 22, ൩൪ - ൪൬

൧കൊ. 1, ൪ – ൯

൧൯. ത്രിത്വ-ത്തിൻ പത്തൊമ്പതാമത്

മത്താ. 9, ൧ – ൮

എഫെ. 4, ൧൭ – ൩൨

൨൦. ത്രിത്വ-ത്തിൻ ഇരുപതാമത്

മത്താ. 22, ൧ – ൧൪

എഫെ. 5, ൧൫ – ൨൧

൨൧. ത്രിത്വ-ത്തിൻ ഇരുപത്തൊന്നാമത്

യൊ. 4, ൪൬ – ൫൪

എഫെ. 6, ൧൦ – ൨൦

൨൨. ത്രിത്വ-ത്തിൻ ഇരുപത്തിരണ്ടാമത്

മത്താ. 18, ൨൧ – ൩൫

ഫിലി. 1, ൩ – ൧൧

൨൩. ത്രിത്വ-ത്തിൻ ഇരുപത്തുമൂന്നാമത്

മത്താ. 22, ൧൫ – ൨൨

ഫിലി. 3, ൧൭ – ൨൧

൨൪. ത്രിത്വ-ത്തിൻ ഇരുപത്തുനാലാമത്

മത്താ. 9, ൧൮ – ൨൬

കൊലൊ. 1, ൩ – ൧൪

൨൫. ത്രിത്വ-ത്തിൻ ഇരുപത്തഞ്ചാമത്

ലൂ. 13, ൧ – ൯

൧തെസ്സ. 4, ൧൩ – ൧൮

൨൬. ത്രിത്വ-ത്തിൻ ഇരുപത്താറാമത്

മത്താ. 25, ൩൧ – ൪൬

൨തെ. 3, ൩ – ൧൩

൨൭. ത്രിത്വ-ത്തിൻ ഇരുപത്തേഴാമത്

൭൨

മത്താ. 25, ൧–൧൩

൧തെസ്സ. 5, ൧൪–൨൪

II. ഞായറാഴ്ചകൾ നാൾക്കുള്ളവെദ പാഠങ്ങൾ നാലുവൎഷങ്ങളിൽ വായിപ്പാൻ വെൎത്തിരിച്ചതു

പഴയനിയമം

	ഒന്നാം ത്ത്ര’ഞ്ഞ	രണ്ടാം ത്ത്രഞ്ഞ
1.	ഉമൈ. 1-2, ന	ഉ.ശ്ശ. 1-2, ക്ക
2.	„ 2, [illegible]	„ 3-4, [illegible]
3.	„ 3.	„ 7-8
4.	„ 4	„ 9-10, ക്ക
5.	„ 6-7, ൭	„ 12
6.	„ 7, ക്ക-8, വവ	„ 15
7.	„ 9	„ 16
8.	„ 12, [illegible]-13, [illegible]	„ 18, [illegible]-19, [illegible]
9.	„ 15-17, [illegible]	„ 20
10.	„ 18	„ 23, [illegible]-24.
11.	„ 19, [illegible]	„ 25, [illegible]
12.	„ 21, [illegible]-22, [illegible]	„ 26. ([illegible] 12, [illegible])
13.	„ 28	„ 28, [illegible]. 31
14.	„ 32	വൈശ്ശ. 1-2, ന
15.	„ 44, [illegible]-45, [illegible]	„ 5, [illegible]-6.
16.	„ 48, [illegible]-49, [illegible]	„ 7
17.	വമൈ. 2-3, വഉ	„ 11, [illegible]-12, [illegible]
18.	„ 4	„ 15. 16, [illegible]
19.	„ 5-6, ന	„ 17
20.	„ 12, [illegible]	„ 18
21.	„ 14, [illegible]-15, [illegible]	„ 22
22.	„ 16	„ 24-23, [illegible]

പുതിയനിയമം

ഒന്നാം	ആണ്ട്	രണ്ടാം
1.	മത്ത. 1	ലൂ. 16
2.	" 2	" 17
3.	" 3	" 18
4.	" 4	" 19
5.	" 5	" 20
6.	" 6	" 21
7.	" 7	" 22
8.	" 8	" 23
9.	" 9	" 24
10.	" 10	യൊ. 1
11.	" 11	" 2
12.	" 12	" 3
13.	" 13	" 4
14.	" 14	" 5
15.	" 15	" 6
16.	" 16	" 7
17.	" 17	" 8
18.	" 18	" 9
19.	" 19	" 10
20.	" 20	" 11
21.	" 21	" 12
22.	" 22	" 13

പഴയനിയമം

ഒന്നാം ആണ്ട് രണ്ടാം

23.	൩മൊ. 17	൧ശമു. 28, ൧൫. 29, ...
24.	,, . 19–20, ൧൯	൧രാജ. 3–4, ൧൬–൨൮
25.	,, . 23, ൧൦–24, ൧൯	,, . 8
26.	,, 32–33, ൧൧	,, . 9, ൧–൧൩. 10, ൧–൧൦
27.	,, . 33, ൧൨–34, ൧൩. ൧൪–സങ്കീ.	72
28.	൪മൊ. 19, ൧–൧൯. ൧൨–൧൫. 20, ൧൯. ൨൯	2–3, ൧൯
29.	൫മൊ. 6, ൧൧–൧൪. 9, ൧൭–൧൩. 10, ൧൧ {൧൩–൧൪–൨൩}	,, . 8–9, ൧൨
30.	,, . 11.	,, . 16
31.	,, . 12	,, . 21
32.	,, . 13, ൧൭–14	,, . 28
33.	,, . 16, ൧–൪൦	൨രാജ. 11
34.	,, . 16, ൪൧–17	,, . 12
35.	,, . 20–21, ൧൦	,, . 13
36.	,, . 22. 23, ൭–൧൨	൨ദിന. 14–15
37.	,, . 23, ൧൩–24, ൧൭	൨രാജ. 17–18, ൧൨
38.	൫മൊ. 4, ൧–൪൦	,, . 18, ൧൨–19
39.	,, . 6	,, . 21
40.	,, . 7, ൧–൧൭. 8.	,, . 22, ൧–൪൦
41.	,, . 9, ൧–൧൯. ൨൪. 10, ൧൨–11, ൧൦.	൨ദിന. 20
42.	,, . 11, ൧൯–൧൮. 12, ൧൧–൧൩.	൨രാജ. 1–2, ൧൧
43.	,, . 13, ൧–൧൧. 18, ൧൦–൧൨.	,, . 4
44.	,, 28	,, . 5

പുതിയനിയമം

ഒന്നാം ആണ്ട്			രണ്ടാം	
23	മഖം	23	ഒഖാ	14
24	"	24	"	15
25	"	25	"	16
26	"	26	"	17
27	"	27	"	18
28	"	28	"	19
29	മാൎച്ച	1	"	20
30	"	2	"	21
31	"	3	അഗൈ	1
32	"	4	"	2
33	"	5	"	3
34	"	6	"	4
35	"	7	"	5
36	"	8	"	6
37	"	9	"	7
38	"	10	"	8
39	"	11	"	9, ദി-നഃ
40	"	12	"	9, ര-10, ദി
41	"	13	"	10) ദിന-ഉറ
42	"	14	"	11
43	"	15	"	12
44	"	16	"	13

പഴയനിയമം

	ഒന്നാം ആണ്ടു	രണ്ടാം
45	൧മൊ. 29	ഹൊശ. 6-7, ൧. -൧൩
46	" 30	" 9. 10, -൧൮-൨൫
47	" 32	" 11 (ഒന്നാം. 24, -൧൫൧൯)-
48	" 33. 34	" 17
49	൨മൊശ. 1, -൩-൧൨. 2.	" 18-19, ൧
50	" 3, -൧൪-5, -൧൦	" 19, ൨-20, -൧൧
51	" 6	" 20, -൧൨-൨൭ (ഒന്നാം. 33)
52	" 24	ഹൊശ. 22-23, ൩. ൨൬-൩൨.
53	ന്യായ. 2	യിറ. 52
54	" 6	ഹൊശെ. 1. 2, ൩൧൨൩
55	" 7	" 5. 6
56	" 9	" 7. 8, ൨൦-൩൨
57	" 13	ആമൊ. 1. 2
58	" 16	" 4-5, -൧൨
59	രൂത. 1. 2	" 6. 8, -൧-൧൨
60	" 4	" 9

ഛത്തിയുന്തിയുമം

ഒന്നാം ആണ്ടു് രണ്ടാം

45	ജൂ	1, ഹ-നമ്പ്ര.	അഖൊം. 14
46	″	1, നമ്പ്ര-ന്ദം	″ 15
47	″	2	″ 16
48	″	3	″ 17
49	″	4	″ 18
50	″	5	″ 19
51	″	6	″ 20
52	″	7	″ 21
53	″	8	″ 22
54	″	9	″ 23
55	″	10	″ 24
56	″	11	″ 25
57	″	12	″ 26
58	″	13	″ 27
59	″	14	″ 28
60	″	15	ഓാമ. 1

പഴയനിയമം

	മൂന്നാം ഞെണ്ട്	നാലാം ഞെണ്ട്
1.	യൊബ. 1. 2	യശ. 1
2.	" . 7. 14, [illegible]	" . 2. 4, [illegible]
3.	" . 19	" . 3, [illegible]. 5, [illegible]
4.	" . 33	" . 7, [illegible]. 9, [illegible]
5.	സങ്കീ . 1. 2.	" . 10, [illegible]. 11. 12
6.	" . 3. 4	" . 13, [illegible]–14, [illegible]
7.	" . 8. 9	" . 25. 26
8.	" . 14. 16	" . 29. 30, [illegible]
9.	" . 15. 17	" . 31. 32
10.	" . 19. 23	" . 33, [illegible]–34, [illegible]. 35
11.	" . 22	" . 40
12.	" . 24. 25	" . 42
13.	" . 27. 28	" . 43. 44, [illegible]
14.	" . 29. 30	" . 45. 46
15.	" . 31	" . 49–50, [illegible]
16.	" . 32. 36	" . 50, [illegible]–51, [illegible]. 52, [illegible]
17.	" . 34	" . 52, [illegible]–54
18.	" . 37	" . 55–56, [illegible]
19.	" . 39. 41	" . 59. 60
20.	" . 40	" . 61–63, [illegible]
21.	" . 42. 43	" . 63, [illegible]–64, [illegible]
22.	" . 45. 47	" . 65. 66

പുതിയനിയമം

മൂന്നാം ആണ്ട			നാലാം ആണ്ട	
1.	രൊ.	2	൧തെസ്സ.	1.2
2.	"	.3	. "	.3.4
3.	"	.4	. "	.5
4.	"	.5	൨തെസ്സ.	1.2
5.	"	.6	. "	.3
6.	"	.7	൧തിമൊ.	1
7.	"	.8	. "	.2.3
8.	"	.9	. "	.4
9.	"	.10	. "	.5
10.	"	.11	. "	.6
11.	"	.12	൨തിമൊ.	1
12.	"	.13	. "	.2
13.	"	.14	. "	.3.4
14.	"	.15	തീത.	1.2
15.	"	.16	. "	3
16.	൧കൊരി.	1	ഫിലെ.	
17.	"	.2.3	എബ്രെ.	1.2
18:	"	.4	. "	.3.4
19.	"	.5.6	. "	.5.6
20.	"	7	. "	.7
21.	"	8.9	. "	.8.9
22.	"	10	. "	.10

പഴയനിയമം

	മൂന്നാം ആണ്ട്	നാലാം ആണ്ട്
23.	സങ്കീ. 46. 48	യിര. 1-2, ൧൩-൨൭-൩൯
24.	" . 49. 52	" . 3-4, ൧൦
25.	" . 50	" . 5, ൧൩-൩൭. 6, ൧൩-൩൦
26.	" . 51	" . 8, ൨൦-9, ൨൩
27.	" . 57-59	" . 10
28.	" . 60. 62	" . 11, ൧൯-12
29.	" . 65. 66	" . 14, ൧-15
30.	" . 68	" . 16, ൧൪-17, ൧൯.
31.	" . 69	" . 18, ൧-൧൦. 19, ൧൪- 20, ൧൩
32.	" . 71	" . 23. ൧-൩൨
33.	" . 73	" . 26
34.	" . 74. 75	" . 30-31, ൧൪
35.	" . 76-77	" . 31, ൧൫-൪൦. 32, ൩൩-൪൪
36.	" . 78	" . 33
37.	" . 79. 80	" . 36. 45
38.	" . 81. 82	ഹെജ. 1-3, ൧൪
39.	" . 84. 86	" . 8-9. 10, ൧൯-൨൦. 11, ൨൩
40.	" . 85, 87	" . 18
41.	" . 90	" . 34
42.	" . 91	" . 36, ൧൩-37, ൧൪. ൨൭-൨൯
43.	" . 92. 95	" . 43, ൧-൧൨. 44, ൧-൩൦. 47, ൧-൧൨
44.	" . 93. 94	ദാനി. 2, ൨൩-൪൩. 3

പുതിയനിയമം

മൂന്നാം ആണ്ട്	നാലാം ആണ്ട്
23 . ൧കൊ. 11	എബ്രെ. 11
24 . ″ . 12	. ″ . 12
25 . ″ . 13	. ″ . 13
26 . ″ . 14	യാക്കൊ. 1
27 . ″ . 15	. ″ . 2
28 . ″ . 16	. ″ . 3. 4
29 . ൨കൊ. 1	. ″ . 5
30 . ″ . 2	൧പെ. 1
31 . ″ . 3	. ″ . 2
32 . ″ . 4	. ″ . 3
33 . ″ . 5	. ″ . 4. 5
34 . ″ . 6	൨പെ. 1
35 . ″ . 7	. ″ 2. 3
36 . ″ . 8. 9	൧യൊ. 1. 2
37 . ″ . 10	. ″ . 3
38 . ″ . 11	. ″ . 4
39 . ″ . 12	. ″ . 5
40 . ″ . 13	൨. ൩യൊ.
41 . ഗല . 1	യൂദ.
42 . ″ . 2	വെളി. 1
43 . ″ . 3	. ″ 2
44 . . 4	. ″ 3

പഴയനിയമം

	മൂന്നാം ആണ്ട്	നാലാം ആണ്ട്
45	സങ്കീ. 96.97	ദാനി. 6
46	" . 98.100.101	" . 7.12, ൧൪
47	" . 103	" . 9
48	" . 104	ഹോശ. 4, ൧-൧൨. 2, ൬-൨൩. 5, ൧൨-6, ൧
49	" . 107	" . 10, ൯-11, ൧൧
50	" . 109.110	" . 13, ൪-14
51	" . 111-113	യോവേ. 2, ൧. ൧൭-൩൨. 3, ൧൭. ൨൧
52	" . 114.115.117	അമൊ. 3, ൧-൬. 5, ൧൬-൨൭. 9, ൧-൧൨
53	" . 116.118	യോന. 2-4
54	" . 119, אבג ה·טל·שׁת	മീഖാ. 4-5, ൬. 6, ൧-൬. 7, ൬-൨൦
55	" . 121-124	ഹബ. 1, ൧൨-2, ൧൪. ൨൦. 3, ൨-൩. ൧൯
56	" . 125-128	ഹഗ്ഗ. 1.2.
57	" 131.133.138	ജക. 3.4
58	" 139	" . 9, ൯-10, ൩. 11, ൪-൧൩. 13, ൧-൯
59	" 143.145	" . 12, ൧. ൭. ൯-൧൪. 13, ൧. 14, ൧. ൧൧. ൧൩. ൨൦
60	" 147.148	മല. 1, ൩-2, ൧൦. ൧൭-3, ൩. ൧൩-4, ൩

പ്രശ്നനിയമം

മൂന്നാം ഖണ്ഡ്	നാലാം ഖണ്ഡ്
45 . ഗല . 5	വെളി . 4 . 5
46 . " . 6	. " . 6.7
47 . എഫെ . 1	. " . 8.9
48 . " . 2	. " . 10
49 . " . 3	. " . 11
50 . " . 4	. " . 12
51 . " . 5	. " . 13
52 . " . 6	. " . 14
53 . ഫിലി . 1	. " . 15
54 . " . 2	. " . 16
55 . " . 3	. " . 17
56 . " . 4	. " . 18
57 . കൊല . 1	. " . 19
58 . " . 2	. " 20
59 . " . 3	. " 21
60 . " . 4	. " 22

III. കഷ്ടാനുഭവചരിത്രം

൧., ആരംഭം (ശനിയാഴ്ച — ചെ[illegible])

യെശു മരിച്ചവരിൽനിന്ന് ഉണൎത്തിയ ലാജർ ഉള്ള ബെഥന്യയിൽ പെസഹെക്ക് ആറുനാൾ മുമ്പെ വന്നാറെ — അവിടെ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ അവന് സന്തോഷം ഉണ്ടാക്കി മൎത്ത ശുശ്രൂഷ ചെയ്തു — അവനോടു കൂടെ ചാരിക്കൊണ്ടവരിൽ ലാജരും ചേൎന്നിരുന്നു — അപ്പോൾ മറിയ വിലയേറിയ സ്വച്ഛ ജടാമാംസി തൈലം ഒരു റാത്തൽ ഉള്ള ഭരണി എടുത്തു വന്നു ഭരണിയെ പൊളിച്ചു തൈലം അവന്റെ തലമെൽ ഒഴിച്ചു കാലുകളിൽ പൂശി കാലുകളെ തന്റെ തലമുടി കൊണ്ടു തുവൎത്തി — തൈലത്തിന്റെ സൌരഭ്യം വീട്ടിൽ നിറകയും ചെയ്തു — അതിന്ന് അവന്റെ ശിഷ്യരിൽ ഒരുത്തനായി അവനെ കാണിച്ചു കൊടുപ്പാനുള്ള യൂദാ ഇഷ്കൎയ്യോത. ശിമോന്റെ മകൻ പറയുന്നു — ഈ തൈലം മുന്നൂറു ദ്രമെക്കു വിറ്റു ദരിദ്രൎക്കു കൊടുക്കാഞ്ഞത് എന്തിന്നു — എന്നു ദരിദ്രരെ വിചാരം ഉണ്ടാകകൊണ്ടല്ല കള്ളനാകി പണപ്പെട്ടിയെ സൂക്ഷിച്ചും അതിൽ ഇടുന്നത് ചുമന്നും കൊണ്ടിട്ടത്രെ പറഞ്ഞത് — മറ്റ ശിഷ്യന്മാരും മുഷിച്ചൽ ഭാവിച്ചു ഈനഞ്ഞിച്ചൽ എന്തിന്നു — ഈ തൈലം ഏറിയ വിലെക്കു വിറ്റു ദരിദ്രൎക്കു കൊടുപ്പാൻ സംഗതിയായല്ലൊ എന്ന് അവളോടു വഴിച്ചു പറഞ്ഞു — യെശു അത് അറിഞ്ഞു അവരോടു പറഞ്ഞിതു — ഇവളെ വിട്ടുവിൻ സ്ത്രീക്ക് അലമ്പൽ ഉണ്ടാക്കുവാൻ എന്തു — അവൾ എന്നിൽ നല്ല പ്രവൃത്തി ചെയ്തുവല്ലൊ — ദരിദ്രർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ടു ഇച്ഛിക്കുന്തോറും അവൎക്കു

നന്മ ചെയ്യാമല്ലൊ— ഞാൻ എല്ലായ്പൊഴും ഇല്ലതാനും— ഇവൾ ആവതെല്ലാം ചെയ്തു— ഈ തൈലം എന്റെ ദെഹത്തിന്മെൽ ഒഴിക്കകൊണ്ടു ഇതു അടക്കപ്പെടുവാൻ മുമ്പിൽ കൂടി തൈലം തെച്ചിട്ടുണ്ടു— ആമെൻ. ഞാൻ നിങ്ങളൊടു പറയുന്നു— ഈ സുവിശെഷം സർവ്വലൊകത്തും എവിടെ എല്ലാം ഘൊഷിക്കപ്പെട്ടാലും അവിടെ ഇവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പറയപ്പെടും (യൊ. ൧൨. മ ആ. ൨൬. മാ. ൧൪)

പെരുനാൾക്കു വന്നൊരു വലിയ പുരുഷാരം യെശു യെരുശലെമിൽ വരുന്നതു അറിഞ്ഞു പിറ്റെനാൾ ഈന്തപ്പനകളുടെ മട്ടൽ എടുത്തുംകൊണ്ടു അവനെ എതിരെല്ക്കാൻ പുറപ്പെട്ടു ചൊന്നു— ഹൊശന്നാ ഇസ്രായെലിൻ രാജാവായി കർത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു ആർത്തു കൊണ്ടിരുന്നു— യെശു ഒരു കഴുതയെ കണ്ടിട്ടു അതിന്മെൽ കയറി ഇരുന്നു— ചിയൊൻ പുത്രിയെ ഭയപ്പെടാതെ കണ്ടാലും നിന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്തു കയറി കൊണ്ടു വരുന്നു എന്നു എഴുതിയിരിക്കുന്ന പ്രകാരം തന്നെ— അവനൊടു കൂട വന്ന സമൂഹമൊ അവൻ ലാസരെ കല്ലറയിൽനിന്നു വിളിച്ചു മരിച്ചവരിൽനിന്നു ഉണർത്തി എന്നു സാക്ഷ്യം ചൊല്ലി കൊണ്ടിരുന്നു— അതുകൊണ്ടു ഈ അടയാളം ചെയ്ത പ്രകാരം പുരുഷാരം കെട്ടിട്ടു അവനെ എതിരെറ്റു കൂടി— പറീശർ നമുക്കു ഒന്നും ഫലിക്കുന്നില്ല എന്നു കണ്ടുവൊ ഇതാ ലൊകം അവന്റെ പിന്നാലെ ആയ്പൊയി എന്നു തങ്ങളിൽ പറകയും ചെയ്തു (യൊ)

പിന്നെ പെസഹ എന്ന പെരുനാള പുളിപ്പില്ലാത്തതിന്റെ പെരുനാൾ അടുക്കുമ്പൊൾ യെശു തന്റെ ശിഷ്യരൊടു— രണ്ടു ദിവസങ്ങളിൽ പിന്നെ പെസഹ ആകുന്നു എന്നറിയുന്നുവല്ലൊ അന്നു മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാൻ ഏല്പിക്കപ്പെടുന്നു എന്നു പറഞ്ഞു— അപ്പൊൾ തന്നെ മഹാപുരൊഹിതരും ശാസ്ത്രി

ക്കളും ജനത്തിന്റെ മൂപ്പന്മാരും കയ്യഫാ എന്നുള്ള മഹാപുരൊഹി
തന്റെ അരമനയിൽ വന്നുകൂടി നിരൂപിച്ചു ജനത്തെ ഭയപ്പെട്ടു
ന്നതുകൊണ്ടു യെശുവെ ഉപായംകൊണ്ടു പിടിച്ചുകൊല്ലുവാൻ
വഴി അന്വെഷിച്ചുകൊണ്ടിട്ടും ജനത്തിൽ കലഹം ഉണ്ടാകായ്വാ
ൻ പെരുനാളിൽ മാത്രം അരുത എന്നു പറഞ്ഞു (മ. മ. ലൂ. ധ)

അനന്തരം തിരുവടിയിൽ ഒരുത്തനായ യൂദാ ഇസ്കറിയൊതാ മ
ഹാപുരൊഹിതരെ ചെന്നു കണ്ടു അവനെ ഏതുപ്രകാരം അവർക്കു
കാണിച്ചുതരാം എന്നു സംഭാഷണം ചെയ്തു എനിക്കു എന്തു തരുവാ
ൻ മനസ്സായിരിക്കുന്നു എന്നാൽ അവനെ ഏല്പിച്ചുതരാം എന്നുപ
റഞ്ഞു — ആയത അവർ കെട്ടു സന്തൊഷിച്ചു ദ്രവ്യം കൊടുപ്പാൻ
വാഗ്ദത്തം ചെയ്തു അവനു മുപ്പതു ശെക്കൽ ദ്രമം കൊടുത്തു — അവ
നും കൈക്കൊണ്ടു അതുമുതൽ കൂട്ടം കൂടാതെ കണ്ടു അവനെ ഏല്പിച്ചു
കൊടുപ്പാൻ തക്കം അന്വെഷിച്ചുവന്നു (മ. മ. ലൂ)

൨. തിരുവത്താഴം (വ്യാഴാഴ്ചാന്ത്യത്തിൽ)

പെസഹായെ അറുക്കുന്ന കാലമായി പുളിപ്പില്ലാത്തതിന്റെ നാ
ൾ ആയപ്പൊൾ — ശിഷ്യന്മാർ യെശുവിന്റെ അടുക്കെ വന്നു — നിന
ക്കു ഞങ്ങൾ പെസഹ ഭക്ഷിപ്പാൻ എവിടെ ഒരുക്കെണ്ടു എന്നു
പറഞ്ഞു — അവൻ പെത്രനെയും യൊഹനാനെയും നിയൊഗിച്ചു നി
ങ്ങൾ പട്ടണത്തിൽ ചെല്ലുമ്പൊൾ അതാ ഒരു കുടം വെള്ളം ചുമക്കു
ന്ന മനുഷ്യൻ നിങ്ങളെ എതിരെല്ക്കും — ആയവൻ കടക്കുന്ന വീ
ട്ടിലെക്കു പിഞ്ചെന്നു ആ വീട്ടുടയവനൊടു പറവിൻ — എന്റെ സ
മയം അടുത്തിരിക്കുന്നു ഞാൻ ശിഷ്യരുമായി പെസഹ ഭക്ഷി
പ്പാനുള്ള ശാല എവിടെ എന്നു ഗുരു നിന്നൊടു പറയുന്നു എന്നു
ചൊല്ലുവിൻ — എന്നാൽ അവൻ ചമഞ്ഞു വിരിച്ച ഒരു വലിയ
മാളിക നിങ്ങൾക്കു കാണിക്കും — അവിടെ നമുക്കായി ഒരുക്കുവിൻ

ൻ എന്നു പറഞ്ഞു — ശിഷ്യന്മാർ പുറപ്പെട്ടു പട്ടണത്തിൽ വന്നു പറഞ്ഞപ്രകാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു (മ.മ.ത)

പിന്നെ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നറിഞ്ഞു ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ച ശേഷം അവസാനത്തോളവും അവരെ സ്നേഹിച്ചു — സന്ധ്യയായപ്പോൾ അവൻ പന്തിരുവരോടും കൂടെ വന്നു ചാരിക്കൊണ്ട ശേഷം അവരോടു പറഞ്ഞിതു — കഷ്ടപ്പെടും മുമ്പെ ഈ പെസഹാ നിങ്ങളോടു കൂടെ ഭക്ഷിപ്പാൻ ഞാൻ വാഞ്ഛയോടെ ആഗ്രഹിച്ചു — എങ്ങിനെ എന്നാൽ അതു ദൈവരാജ്യത്തിൽ പൂർണ്ണമാകുവോളം ഞാൻ ഇനി അതിൽ നിന്നു ഭക്ഷിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു — അത്താഴം തുടങ്ങും നേരം പിതാവ് തനിക്കു സകലവും കൈകളിൽ തന്നു എന്നും താൻ ദൈവത്തിൽ നിന്നു പുറപ്പെട്ടു വന്നു എന്നും ദൈവത്തിന്നടുക്കെ ചെല്ലുന്നു എന്നും യെശു അറിഞ്ഞിട്ടു — അത്താഴത്തിൽ നിന്നെഴുനീറ്റു വസ്ത്രങ്ങളെ ഊരി വെച്ചു ശീല എടുത്തു തന്റെ അരെക്കു കെട്ടി — പാത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യരുടെ കാലുകളെ കഴുകുവാനും അരെക്കു കെട്ടിയ ശീല കൊണ്ടു തുവർത്തുവാനും തുടങ്ങി — പിന്നെ ശീമോൻ പേത്രുവിന്റെ അടുക്കെ വരുമ്പോൾ കർത്താവെ നീ എന്റെ കാലുകളെ കഴുകയൊ എന്നവൻ പറഞ്ഞതിന്നു — ഞാൻ ചെയ്യുന്നതിനെ നീ ഇപ്പോൾ അറിയുന്നില്ല ഇതിൻ പിന്നെ അറിയും താനും എന്നു യെശു ചൊല്ലിയ ശേഷം — നീ ഒരുനാളും എന്റെ കാലുകളെ കഴുകുകയില്ല എന്നു പേത്രൻ പറയുന്നു — യെശു ഉത്തരം ചൊല്ലിയതു ഞാൻ നിന്നെ കഴുകാഞ്ഞാൽ നിണക്ക് എന്നിൽ പങ്കു ഇല്ല — എന്നാറെ ശീമോൻ പേത്രൻ കർത്താവെ എൻ കാലുകൾ മാത്രമല്ല കൈകളും തലയും കൂടെ എന്നു പറയുന്നു — യെശു അവനോടു കുളിച്ചിരിക്കുന്നവന് കാലുകൾ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല സർവ്വാംഗം ശുദ്ധനാകുന്നു — നിങ്ങളും ശുദ്ധരാകുന്നു എല്ലാവരും അല്ലതാനും എന്നു പറയുന്നു —

തന്നെ കാണിച്ചു കൊടുക്കുന്നവനെ അറികകൊണ്ടത്രെ എല്ലാവരും ശുദ്ധരല്ല എന്നു പറഞ്ഞത്രു — (യൊ. ൧൩)

അവരുടെ കാലുകളെ കഴുകീട്ടു തന്റെ വസ്ത്രങ്ങളെ ധരിച്ചശെഷം അവൻ പിന്നെയും ചാരികൊണ്ട് അവരൊട് പറഞ്ഞിത്രു — നിങ്ങളൊട് ചെയ്തത് ബൊധിക്കുന്നുവൊ നിങ്ങൾ എന്നെ ഗുരുവെന്നും കൎത്താവെന്നും വിളിക്കുന്നു — ഞാൻ അപ്രകാരം ആകയാൽ നന്നായി ചൊല്ലുന്നു — കൎത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാലുകളെ കഴുകെണ്ടത്രു — ഞാൻ നിങ്ങളൊട് ചെയ്തപ്രകാരം നിങ്ങളും ചെയ്യെണ്ടതിന്നല്ലൊ ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നത്രു — ആമെൻ ആമെൻ ഞാൻ നിങ്ങളൊട് ചൊല്ലുന്നിത്രു — തന്റെ കൎത്താവിനെക്കാൾ ദാസൻ വലിയവനല്ല തന്നെ അയച്ചവനെക്കാൾ ദൂതനും വലിയവനല്ല — ഇവ നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ധന്യർ ആകുന്നു — നിങ്ങളെ എല്ലാവരെയും ചൊല്ലുന്നില്ല ഞാൻ തെരിഞ്ഞെടുത്തവരെ അറിയുന്നു എന്നാൽ എന്നൊടു കൂടെ അപ്പം തിന്നുന്നവൻ എന്റെ നെരെ മടമ്പു ഉയൎത്തി എന്നുള്ള തിരുവെഴുത്തിന്നു പൂൎത്തിയാകെണ്ടിയിരിക്കുന്നു — അത്രു സംഭവിക്കുമ്മുമ്പെ ഞാൻ ഇന്നു നിങ്ങളൊട് പറയുന്നത്രു സംഭവിച്ചാൽ ഞാൻ തന്നെ ആകുന്നു എന്നു നിങ്ങൾ വിശ്വസിപ്പാനായിട്ടത്രെ — ആമെൻ ആമെൻ ഞാൻ നിങ്ങളൊട് ചൊല്ലുന്നിത്രു ഞാൻ വല്ലപ്പൊഴും അയച്ചവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു (യൊ)

എന്നിട്ട് അവർ ഭക്ഷിക്കുമ്പൊൾ ശെഷയാന പാത്രം എടുത്തു വാഴ്ത്തി പറഞ്ഞു — ഇതു വാങ്ങി നിങ്ങളിൽ തന്നെ പകുത്തുകൊൾവിൻ — എന്തെന്നാൽ ദൈവരാജ്യം വരുവൊളം ഞാൻ മുന്തിരിവള്ളിയുടെ പിറപ്പിൽ നിന്നു കുടിക്കയില്ല എന്ന് ഞാൻ നിങ്ങളൊട് പറയുന്നു — —

അവരിൽ എററം വലിയവനായി തൊന്നുന്നവൻ ആർ എന്നൊരു
ന്ന ചൊല്ലി ഒരുതൎക്കവും അവരിൽ ഉണ്ടായി — അവരൊടു അവൻ പ
റഞ്ഞിതു — ജാതികളുടെ രാജാക്കന്മാർ അവരിൽ കൎത്തൃത്വം നട
ത്തുന്നു — അവരിൽ അധികരിക്കുന്നവർ ഉപകാരികൾ എന്നു വി
ളിക്കപ്പെടുന്നു — നിങ്ങളൊ അപ്രകാരം അല്ല — നിങ്ങളിൽ എറെ
വലുതായവൻ ഇളയവനെ പൊലെയും നടത്തുന്നവൻ ശുശ്രൂഷി
ക്കുന്നവനെ പൊലെയും ആവു — എറെ വലുതായത് ആരു യൊൽ-
ചാരിക്കൊണ്ടവനൊ ശുശ്രൂഷിക്കുന്നവനൊ — ചാരിക്കൊണ്ടവനല്ല
യൊ — ഞാനൊ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ പൊലെ
ആകുന്നു — എങ്കിലും എന്റെ പരീക്ഷകളിൽ എന്നൊടുകൂടെ പാൎത്തു
വന്നവർ നിങ്ങളത്രെ — ഞാനും എൻ പിതാവ് എനിക്കു നിയമി
ച്ചതു പൊലെ രാജ്യത്തെ നിങ്ങൾക്കു നിയമിച്ചു തരുന്നുണ്ടു — നിങ്ങ
ൾ എന്റെ രാജ്യത്തിൽ എൻ മെശമെൽ ഭക്ഷിച്ചു കുടിക്കയും ഇസ്ര
യെലിൻ ഗൊത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിച്ചു സിംഹാസനങ്ങളി
ൽ ഇരിക്കയും ചെയ്യാന്തക്കവണ്ണമെ (ലൂ)

ഇവ പറഞ്ഞിട്ടു യെശു ആത്മാവിൽ കലങ്ങി ആമെൻ ആ
മെൻ ഞാൻ നിങ്ങളൊടു ചൊല്ലുന്നിതു നിങ്ങളിൽ ഒരുത്തൻ എ
ന്നെ കാണിച്ചുകൊടുക്കും എന്നു സാക്ഷി പറഞ്ഞു — ആയവർ ദുഃഖി
ച്ചു ആരെ കൊണ്ടു പറഞ്ഞു എന്നു മതിഞ്ഞു തമ്മിൽ തമ്മിൽ നൊക്കി
വരികെ ഞാനൊ ഞാനൊ എന്നു വെവ്വെറെ അവനൊടു ചൊല്ലി തുട
ങ്ങി — അവരൊടു അവൻ പറഞ്ഞിതു പന്തിരുവരിൽ ഒരുവൻ എ
ന്നൊടുകൂടെ താലത്തിൽ കൈ ഇട്ടു മുക്കുന്നവൻ തന്നെ — ശിഷ്യരി
ൽ വെച്ചു യെശു സ്നെഹിക്കുന്ന ഒരുത്തൻ യെശുവിൻ മടിയൊടു ചാ
രി കൊണ്ടിരിക്കെ — ശിമൊൻ പെത്രൻ ആംഗികം കാട്ടി ഇതു ചൊ
ല്ലിയത് ആരെ കൊണ്ടു പറക എന്ന് അവനൊടു ചൊദിക്കുന്നു —
ആയവൻ യെശുവിൻ മാൎവ്വിടത്തിൽ തല ചരിച്ചു കൎത്താവെ ആ

ർ ആകുന്നു എന്നു ചൊദിച്ചതിന്നു യെശു ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നെ എന്ന് ഉത്തരം പറഞ്ഞു ഖണ്ഡത്തെ മുക്കീട്ടു ശിമൊന്ന്യൻ യൂദാ ഇസ്കരിയൊതാവിന്നു കൊടുക്കുന്നു — ഖണ്ഡം വാങ്ങിയശെഷം സാത്താൻ ഉടനെ അവനിൽ പ്രവെശിച്ചു — യെശു പറഞ്ഞു തന്നെ കുറിച്ചു ലിഖിച്ച് എഴുതി കിടക്കുന്ന പ്രകാരം മനുഷ്യപുത്രൻ പൊകുന്നു സത്യം — മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന മനുഷ്യനൊ ഹാ കഷ്ടം — ആ മനുഷ്യൻ ജനിച്ചില്ല എങ്കിൽ കൊള്ളാമായിരുന്നു — എന്നാറെ അവനെ കാണിച്ചു കൊടുക്കുന്ന യൂദാ — റബ്ബീ ഞാനല്ലല്ലൊ എന്നുത്തരം ചൊല്ലിയതിന്നു നീ പറഞ്ഞുവല്ലൊ എന്നരുളു — പിന്നെ നീ ചെയ്യുന്നത് അതിവെഗത്തിൽ ചെയ്ക എന്നു പറകയും ചെയ്തു — ആയത് ഇന്നതിന്നു ചൊല്ലീട്ടുള്ള പ്രകാരം ചാരി ഇരുന്നവരിൽ ആരും അറിഞ്ഞില്ല — പണപ്പെട്ടി യൂദാവൊടുള്ളതാകയാൽ പെരുനാളിന്നു നമുക്കു വെണ്ടുന്നത് മെടിക്ക എന്നൊ ദരിദ്രൎക്കു ഏതാനും കൊടുക്ക എന്നൊ യെശു അവനൊട് കല്പിക്കുന്നപ്രകാരം ചിലൎക്ക തൊന്നി — അവനൊ ഖണ്ഡം വാങ്ങി ക്ഷണത്തിൽ പുറപ്പെട്ടു പൊകി — അപ്പൊൾ രാത്രി ആയിരുന്നു — (യൊ. ൩. ൩. ൩൦)

അവൻ പുറപ്പെട്ടു പൊയപ്പൊൾ യെശു പറയുന്നിതു — ഇപ്പൊൾ മനുഷ്യപുത്രൻ തെജസ്കരിക്കപ്പെട്ടു അവനിൽ ദൈവവും തെജസ്കരിക്കപ്പെട്ടു — ദൈവം അവനിൽ തെജസ്കരിക്കപ്പെട്ടു എങ്കിൽ ദൈവം അവനെ തന്നിൽ തന്നെ തെജസ്കരിക്കപ്പെടുന്ന തെജസ്കരിക്കയും ചെയ്യും (യൊ.)

പിന്നെ യെശു അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി ശിഷ്യൎക്കു കൊടുത്തു പറഞ്ഞിതു വാങ്ങി ഭക്ഷിപ്പിൻ ഇത് നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു എന്റെ ഓൎമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ — അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ ശെഷം പാനപാത്രത്തെയും എടുത്തു (വാഴ്ത്തി) പറഞ്ഞിതു — നിങ്ങ

എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ ഇതുമാത്രം എന്റെ രക്തത്തിൽ പുതിയനിയമമാകുന്നു — ഇതു പാപമൊചനത്തിന്നായി നിങ്ങൾക്കും അനെകൎക്കും വെണ്ടി ഒഴിച്ച എന്റെ രക്തം — ഇതിനെ കുടിക്കുന്നൊരും എന്റെ ഒൎമ്മക്കായിട്ടു ചെയ്വിൻ — ഞാനൊ നിങ്ങളൊടു പറയുന്നിതു — മുന്തിരിവള്ളിയുടെ അനുഭവത്തെ എന്റെ പിതാവിൻ രാജ്യത്തിൽ നിങ്ങളൊടുകൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ ഇതിൽ നിന്നു ഇനി കുടിക്കയില്ല — (മ.മ.ലൂ)

പൈതങ്ങളെ ഇനി അസാരമെ നിങ്ങളൊടു ഇരിക്കുന്നുള്ളു — നിങ്ങൾ എന്നെ അന്വെഷിക്കും — പിന്നെ ഞാൻ പൊകുന്നെടത്തു നിങ്ങൾക്കു വന്നുകൂടാ എന്നു യെഹുദരൊടു പറഞ്ഞ പ്രകാരം ഇന്നു നിങ്ങളൊടും ചൊല്ലുന്നു — നിങ്ങൾ തമ്മിൽ സ്നെഹിക്കെണം എന്നു ഒരു പുതിയ കല്പന നിങ്ങൾക്കു തരുന്നു — ഞാൻ നിങ്ങളെ സ്നെഹിച്ചതു പൊലെ നിങ്ങളും തമ്മിൽ സ്നെഹിക്ക എന്നത്രെ — നിങ്ങൾക്കു അന്യൊന്യം സ്നെഹം ഉണ്ടെങ്കിൽ അതുകൊണ്ടു നിങ്ങൾ എന്റെ ശിഷ്യർ എന്നു എല്ലാവരും ബൊധിക്കും — ശീമൊൻ പെത്രൻ അവനൊടു കൎത്താവെ നീ എവിടെ പൊകുന്നു എന്നു പറയുന്നതിന്നു — ഞാൻ പൊകുന്നതിലെക്കു നിനക്കു ഇപ്പൊൾ അനുഗമിച്ചുകൂടാ പിന്നെത്തതിൽ നീ എന്നെ അനുഗമിക്കും താനും എന്നു യെശു ഉത്തരം പറഞ്ഞു — പെത്രൻ അവനൊടു കൎത്താവെ ഇന്നു നിന്നെ അനുഗമിച്ചുകൂടാത്തതു എന്തു കൊണ്ടു — നിനക്കു വെണ്ടി എൻ പ്രാണനെ വെച്ചുകളയും എന്നു പറഞ്ഞാറെ യെശു ഉത്തരം ചൊല്ലിയതു നിൻ പ്രാണനെ എനിക്കു വെണ്ടി വെക്കുമൊ — ശീമൊനെ ശീമൊനെ കണ്ടാലും സാത്താൻ നിങ്ങളെ കൊതമ്പു പൊലെ ചെറുവാനായി നിങ്ങളെ ചൊദിച്ചുപൊയി — ഞാനൊ നിന്റെ വിശ്വാസം ഒടുങ്ങിപ്പൊകായ്വാൻ നിനക്കു വെണ്ടി യാചിച്ചു — പിന്നെ ഒരിക്കൽ തിരിഞ്ഞു വന്നാൽ നിന്റെ സഹൊദരന്മാരെ ഉറപ്പിച്ചുകൊൾക — എന്നതി

ന്ന അവൻ കൎത്താവെ നിന്നൊടു കൂടെ തടവിലും ചാവിലും ചെല്ലു
വാൻ ഞാൻ ഒരുങ്ങിനില്ക്കുന്നു എന്നു പറഞ്ഞാറെ ചൊല്ലിയതു-
പെത്രാ നീ എന്നെ അറിയുന്നില്ല എന്നു മൂന്നു വട്ടം തള്ളിപ്പറയും
മുമ്പെ പൂവങ്കൊഴി ഇന്നു കൂകയില്ല എന്നു ഞാൻ നിന്നൊടു പറ
യുന്നു (യൊ. ൧൩)

പിന്നെ അവരൊടു പറഞ്ഞു നിങ്ങളെ മടിശ്ശീല പൊക്ക
ണം ചെരിപ്പുകൾ ഇവ കൂടാതെ അയച്ചപ്പൊൾ ഒട്ടു കുറവുണ്ടാ
യൊ- എന്നതിന്ന ഒട്ടും ഇല്ല എന്നു ചൊല്ലിയാറെ അവരൊടു പ
റഞ്ഞിതു- എങ്കിലൊ ഇപ്പൊൾ മടിശ്ശീലയുള്ളവൻ അതു എ
ടുക്കെ- പൊക്കണവും അപ്രകാരം തന്നെ- ഇല്ലാത്തവൻ തന്റെ
വസ്ത്രം വിറ്റു വാൾ കൊള്ളുകയും ചെയ്ക- ദ്രൊഹികളൊടും എണ്ണ
പ്പെട്ടു എന്നു എഴുതി കിടക്കുന്നതും കൂടെ എന്നിൽ തികഞ്ഞു വരെ
ണം എന്നു ഞാൻ നിങ്ങളൊടു പറയുന്നു സത്യം- കാരണം എ
ന്നെ കുറിച്ചുള്ളവറ്റിന്നു തികവുണ്ടു- അവർ കൎത്താവെ ഇവിടെ
രണ്ടു വാൾ ഇതാ എന്നു ചൊല്ലിയാറെ മതി എന്നു അവരൊടു പറ
ഞ്ഞു (മ. മ. ൧൩)

൩. ഗൃഹശെമനിലെ പൊരാട്ടവും തൊട്ടത്തിൽ

പിടിപെട്ടതും

പിന്നെ അവർ സ്തൊത്രം പാടി യെശു എറിയൊന്നു (യൊ. ൧൭-
൧൮) പറഞ്ഞ ശെഷം അവൻ പുറപ്പെട്ടു മൎയ്യാദപ്രകാരം കി
ദ്രൊൻ തൊടിന്ന അക്കരെ ഒലിവമലക്കൽ തൊട്ടം ഉള്ളതിൽ താ
ൻ ശിഷ്യരുമായി കടന്നു- അപ്പൊൾ യെശു അവരൊടു പറഞ്ഞു-
ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറിപ്പൊകും- ഞാ
ൻ ഇടയനെ വെട്ടും കൂട്ടത്തിലെ ആടുകൾ ചിതറിപ്പൊകയുമാം-

എന്ന് എഴുതിയിരിക്കുന്നുവല്ലൊ — ഞാൻ ഉണൎന്ന വന്നശെഷം മെ
ൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു ചെല്ലും — എന്നതിന്നു പെത്രൻ ഉത്തരം പ
റഞ്ഞിതു — എല്ലാവരും നിങ്കൽ ഇടറിപ്പൊയാൽ ഞാൻ ഒരുനാ
ളും ഇടറുകയില്ല — അവനൊടു യെശു ആമെൻ ഞാൻ നിന്നൊടു
ചൊല്ലുന്നിതു ഇന്നു രാത്രിയിൽ കൊഴി രണ്ടു കുറി കൂകുമ്മുമ്പെ നീ
മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു പറയുന്നു — അവനൊ നി
ന്നൊടു ഒന്നിച്ചു മരിക്കെണ്ടിവന്നാലും നിന്നെ തള്ളിപ്പറകയില്ലം എ
ന്നു ഏററം അധികം പറഞ്ഞു — അപ്രകാരം തന്നെ എല്ലാവരും പ
റഞ്ഞു വന്നു — (മ-മ-ശ്ലൊ.)

അവർ ഗഥശെമന എന്നു പെരുള്ള പറമ്പിൽ വന്നു — അവി
ടെ യെശു പലപ്പൊഴും തന്റെ ശിഷ്യരൊടു ചെൎന്നിരിക്കയാൽ അ
വനെ കാണിച്ചുകൊടുക്കുന്ന യൂദാവും സ്ഥലത്തെ അറിഞ്ഞു — അ
തിൽ എത്തിയപ്പൊൾ യെശു ഞാൻ പൊയി അവിടെ പ്രാൎത്ഥി
ച്ചു തീരുവൊളം ഇവിടെ ഇരിപ്പിൻ — നിങ്ങൾ പരീക്ഷയിൽ കട
ക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ എന്ന് അവരൊടു പറഞ്ഞു — പെ
ത്രനെയും യാക്കൊബ് യൊഹനാൻ എന്നവരെയും കൂട്ടിക്കൊണ്ടു
സ്തംഭിച്ചും ദുഃഖിച്ചും വലഞ്ഞും പൊവാൻ തുടങ്ങി — എന്റെ ദെഹി
മരണത്തൊളം അതിദുഃഖപ്പെട്ടിരിക്കുന്നു — ഇവിടെ പാൎത്തുണൎന്നു
കൊള്ളുവിൻ എന്ന് അവരൊടു പറഞ്ഞു — താൻ അവരെ വിട്ട് ഒരു ക
ല്ലേറു ദൂരത്തൊളം വാങ്ങി മുട്ടുകുത്തി നിലത്തു വീണു — കഴിയുന്നു എ
ങ്കിൽ ആ നാഴിക നീങ്ങിപ്പൊകെണം എന്നു പ്രാൎത്ഥിച്ചു — അബ്ബാ
പിതാവെ നിന്നാൽ എല്ലാം കഴിയും ഈ പാനപാത്രം എന്നിൽ നി
ന്നു നീക്കിക്കൊള്ളെണമെ എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇ
ച്ഛിക്കുന്നതു അത്രെ ആവു എന്നു പറഞ്ഞു — പിന്നെ വന്നു അവർ
ഉറങ്ങുന്നതു കണ്ടു പെത്രനൊടു പറഞ്ഞു ശിമൊനെ ഉറങ്ങുന്നൊ
വാ — ഒരു നാഴികയും ഉണൎന്നിരിപ്പാൻ കഴിഞ്ഞില്ലയൊ — പരീക്ഷ

ക്ഷയിൽ അകപ്പെടാഴ്വാൻ ഉണൎന്നും പ്രാൎത്ഥിച്ചും കൊള്ളിൻ ആത്മാവ് മനഃപൂൎവ്വമുള്ളത സത്യം ജഡം ബലഹീനമത്രെ — പിന്നെയും രണ്ടാമത്ര പൊയി എൻ പിതാവെ ഇതു ഞാൻ കുടിക്കാതെ നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ഭവിക്കയാവു എന്നു പ്രാൎത്ഥിച്ചു — ബലപ്പെടുത്തുന്ന ഒരു ദൂതനും ഊക്കു കൂട്ടുവാൻ അവന് കാണാകുന്നു — പിന്നെ അവൻ അത്യാസന്നത്തിലായി അതിശ്രദ്ധയൊടെ പ്രാൎത്ഥിച്ചു അവന്റെ വിയൎപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളികൾ കണക്കെ ആയ്ചമഞ്ഞു — പ്രാൎത്ഥനയിൽ നിന്ന എഴുനീറ്റു മടങ്ങിവന്നു — അവർ കണ്ണുകൾക്ക ഭാരം എറുകയാൽ വിഷാദത്താൽ നിദ്രിതർ എന്നു കണ്ടു — അവർ ഉത്തരം ചൊല്ലെണ്ടു എന്നറിഞ്ഞതും ഇല്ല — അവരെ വിട്ടു മൂന്നാമത്രം ചെന്നു ആ വചനത്താൽ തന്നെ പ്രാൎത്ഥിച്ചു — മൂന്നാമത്രം വന്നു അവരൊടു പറയുന്നു ശെഷത്തെക്ക ഉറങ്ങി ആശ്വസിച്ചു കൊള്ളിൻ — മതി നാഴിക വന്നു ഇതാ മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ എല്പിക്കപ്പെടുന്നു — എഴുനീല്പിൻ നാം പൊക കണ്ടാലും എന്നെ കാണിച്ചു കൊടുക്കുന്നവൻ അണഞ്ഞുവന്നു (മത്താ. ൨൬. ൪൬)

എന്ന് അവൻ പറയുമ്പൊൾ തന്നെ വെട്ടെന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ രൊമാ പട്ടാളത്തെയും മഹാപുരൊഹിതർ മൂപ്പർ ഇവർ നിയൊഗിച്ച വലിയ പുരുഷാരത്തെയും കൂട്ടിക്കൊണ്ടു ദീവട്ടി പന്തങ്ങളൊടും വാളുവടികളൊടും കൂട വന്നു മുന്നടന്നു — തന്റെ മെൽ വരുന്നവ എല്ലാം യെശു അറിഞ്ഞിട്ടു പുറത്തു വന്നു ആരെ തിരയുന്നു എന്ന് അവരൊടു പറഞ്ഞു — നചറയനായ യെശുവെ എന്ന് അവർ ഉത്തരം ചൊല്ലിയാറെ ഞാൻ ആകുന്നു എന്നു യെശു പറയുന്നു — അപ്പൊൾ അവനെ കാണിച്ചു കൊടുക്കുന്ന യൂദാവും അവരൊടു നില്ക്കുന്നുണ്ടു — ഞാൻ ആകുന്നു എന്നു അവരൊടു പറഞ്ഞ ഉടനെ അവർ പിൻവാങ്ങി നില

ത്തുവീണു — ആരെ തിരയുന്നു എന്നു പിന്നെയും അവരൊടു ചൊദി
ച്ചതിന്നു — നസറായനായ യെശുവെ എന്നു പറഞ്ഞപ്പൊൾ യെശു ഉ
ത്തരം ചൊല്ലിയതു — ഞാൻ ആകുന്നു എന്നു നിങ്ങളൊടു പറഞ്ഞുവ
ല്ലൊ — ആകയാൽ എന്നെ തിരയുന്നു എങ്കിൽ ഇവരെ പൊകുവാ
ൻ വിടുവിൻ — എന്നതിനാൽ നീ എനിക്കു തന്നവരിൽ ആരെയും
ഞാൻ നഷ്ടമാക്കീട്ടില്ല എന്നു ചൊല്ലിയ വചനത്തിന്നു നിവൃത്തിവ
രെണ്ടിയിരുന്നു — അവനെ കാണിച്ചു കൊടുക്കുന്നവൻ ഞാൻ ഏ
വനെ ചുംബിച്ചാൽ അവൻ തന്നെ ആകുന്നു ആയവനെ പിടിച്ചു
കൊള്ളിൻ എന്നു അവൎക്കു ലക്ഷണം കൊടുത്തിരുന്നു — പിന്നെ ക്ഷ
ണത്തിൽ യെശുവിന്നു നെരിട്ടു വന്നു റബ്ബീ വാഴുക എന്നു പറഞ്ഞു
അവനെ ചുംബിച്ചു — അവനൊടു യെശു തൊഴ എന്തിനായി വന്നു
യൂദാവെ മനുഷ്യപുത്രനെ ചുംബനം കൊണ്ടൊ കാണിച്ചു കൊടുക്കു
ന്നു എന്നു പറഞ്ഞു —

ഉടനെ അവർ അടുത്തു യെശുവിന്മെൽ കൈകളെ വെച്ചു അ
വനെ പിടിച്ചു അവനൊടു കൂട ഉള്ളവരൊ വരുന്നതു കണ്ടു കൎത്താ
വെ ഞങ്ങൾ വാളാൽ വെട്ടുകയൊ എന്നു ചൊല്ലി — അവരിൽ ഒരു
വനായ ശിമൊൻ പെത്രൻ തനിക്കുള്ള വാളെ ഊരി മഹാപുരൊഹി
തന്റെ ദാസനെ വെട്ടി അവന്റെ വലത്തു കാതെ അറുത്തു കളഞ്ഞു.
ആ ദാസന്നു മല്ക്കൻ എന്നു പെർ ഉണ്ടു — അതിന്നു യെശു ഇത്രൊളം
വിടുവിൻ എന്നു ചൊല്ലി ആയവന്റെ ചെവിയെ തൊട്ടു സൌഖ്യം
വരുത്തി — പിന്നെ പെത്രനൊടു പറഞ്ഞു വാൾ ഉറയിൽ ഇടു വാൾ എ
ടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചു പൊകും സത്യം പിതാവ് എ
നിക്കു തന്ന പാനപാത്രം ഞാൻ കുടിക്കാതിരിക്കയൊ — അല്ലെങ്കിൽ ഞാ
ൻ ഇക്ഷണം എന്റെ അച്ഛനൊടു പന്ത്രണ്ടു ലെഗ്യൊൻ ദൂതരി
ലും അധികം എനിക്കു തരുത്തണ്ടതിന്നു അവനെ യാചിച്ചുകൂടാ എ
ന്നു തൊന്നുന്നുവൊ — എന്നാൽ തിരുവെഴുത്തുകൾക്ക് എങ്ങനെ

ത്തി വരും ഇപ്രകാരം സംഭവിക്കെണ്ടുന്നതുണ്ടല്ലൊ— (മത്ത. മ. ലൂ.)

ആ നാഴികയിൽ തന്നെ യെശു തന്റെ നെരെ വന്ന മഹാപുരൊഹിതരൊട്ടും ദെവാലയത്തിലെ പടനായകരൊടും മൂപ്പരൊടും പറഞ്ഞിതു— ഒരു കള്ളനെക്കൊള്ള എന്ന പൊലെ നിങ്ങൾ വാളുവടികളുമായി എന്നെ പിടിച്ചുകൊൾവാൻ പുറപ്പെട്ടുവന്നു— ഞാൻ ദിവസെന ദെവാലയത്തിൽ നിങ്ങളൊടു കൂടെ ഇരുന്നിട്ടും എന്റെ നെരെ കൈകളെ നീട്ടീട്ടില്ല— എങ്കിലും ഇതു നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു— ഇതു ഒക്കയും പ്രവാചകന്മാരുടെ എഴുത്തുകൾ നിവൃത്തിയാകെണ്ടതിന്നത്രെ സംഭവിച്ചതു— അപ്പൊൾ എല്ലാ ശിഷ്യരും അവനെ വിട്ടു മണ്ടിപ്പൊയി— അവനെ ഒരു യുവാവ് വെറുമെയ്മേൽ പുതപ്പു പുതെച്ചുംകൊണ്ടു അനുഗമിക്കുന്നുണ്ടു— ആയവനെ ബാല്യക്കാർ പിടിക്കുന്നെരം അവൻ പുതപ്പു വിട്ടും നഗ്നനായി അവരെ തെറ്റി മണ്ടിപ്പൊയി— (മ. ല. ലൂ.)

൫. മഹാപുരൊഹിതരുടെ ന്യായവിസ്താരവും

ശിമൊന്റെ വീഴ്ചയും

പടയാളികളും സഹസ്രാധിപനും യഹൂദരുടെ ചെവകരും യെശുവെ പിടിച്ചു കെട്ടി— ആ വൎഷത്തെ മഹാപുരൊഹിതനായ കയഫാവിന്നു ഹന്നാ ശ്വശുരൻ ആകകൊണ്ടു മുമ്പെ അവന്നടുക്കെ കൊണ്ടുപൊയി— കയഫാ എന്നവനൊ ജനത്തിന്നു വെണ്ടി ഒരു മനുഷ്യൻ നശിച്ചുപൊകുന്നതു ഉപകാരം എന്നു യഹൂദരൊടു മന്ത്രിച്ചവൻ തന്നെ— ശിമൊൻ പെത്രനും മറെറ ശിഷ്യനും യെശുവിൻ പിന്നാലെ ചെല്ലുമ്പൊൾ ആ ശിഷ്യൻ മഹാപുരൊഹിതനൊടു പരി

ചയമുള്ളവനാകയാൽ യെശുവൊടുകൂട മഹാപുരൊഹിതന്റെ നടുമുറ്റത്തു കടന്നു — പെത്രൻ വാതുക്കൽ പുറത്തു നില്ക്കുമ്പൊൾ മഹാപുരൊഹിതനൊടു പരിചയമുള്ള മറ്റെ ശിഷ്യൻ പുറപ്പെട്ടു വാതില്ക്കാരത്തിയൊടു പറഞ്ഞു പെത്രനെ അകത്തു വരുത്തി — എന്നാറെ വാതിൽ കാക്കുന്ന ബാല്യക്കാരത്തി പെത്രനൊടു പറഞ്ഞു നീയും ഈയാളുടെ ശിഷ്യരിൽ കൂടിയവനൊ എന്നു പറയുന്നു അല്ലെന്ന് അവൻ പറയുന്നു — അന്നു കുളിർ ഉണ്ടാകകൊണ്ടു ദാസരും ഭൃത്യരും കനൽ കൂട്ടി തീ കാഞ്ഞുകൊണ്ടു നിന്നിരിക്കെ പെത്രനും അവരൊടു കൂട നിന്നു തീ കാഞ്ഞുകൊണ്ടിരുന്നു — എന്നാറെ മഹാപുരൊഹിതൻ യെശുവിനൊടു അവന്റെ ശിഷ്യന്മാരെയും ഉപദെശത്തെയും കുറിച്ചു ചൊദിച്ചപ്പൊൾ യെശു അവനൊടു ഉത്തരം — ഞാൻ ലൊകത്തൊടു പരസ്യത്തിൽ പറഞ്ഞു — പള്ളിയിലും എല്ലാ യഹൂദന്മാരും കൂടുന്ന ദെവാലയത്തിലും ഞാൻ എപ്പൊഴും ഉപദെശിച്ചു രഹസ്യത്തിൽ ഒന്നും ഉരെച്ചതും ഇല്ല — നീ എന്നൊടു ചൊദിക്കുന്നതു എന്തു കെട്ടവരൊടു ഞാൻ അവരൊടു ചൊല്ലിയതു എന്തെന്നു ചൊദിക്ക — ഇതാ ഞാൻ പറഞ്ഞതു അവർ അറിയുന്നു — എന്നു പറഞ്ഞാറെ ഭൃത്യരിൽ അരികെ നില്ക്കുന്നവരിൽ ഒരുത്തൻ — മഹാപുരൊഹിതനൊടു ഇങ്ങനെ ഉത്തരം ചൊല്ലുന്നുവൊ എന്നു പറഞ്ഞു യെശുവിന്റെ കന്നത്തടിച്ചു — അതിന്നു യെശു ഞാൻ ദൊഷമായി സംസാരിച്ചു എങ്കിൽ ദൊഷം എന്നതിന്നു ഉറപ്പുണ്ടാക്ക നല്ലവണ്ണം എങ്കിൽ എന്നെ തല്ലുന്നതു എന്തു എന്നു പറഞ്ഞു — ഹന്നാസ് അവനെ കെട്ടപ്പെട്ടവനായി മഹാപുരൊഹിതനായ കയഫാവിന്റെ അടുക്കെ അയച്ചു —

മഹാപുരൊഹിതരും (മൂപ്പന്മാരും) സനെദ്രിയം ഒക്കയും യെശുവെ മരിപ്പിക്കെണ്ടതിന്നു അവന്റെ നെരെ കള്ളസാക്ഷ്യം അന്വെഷിച്ചു ഒന്നും കണ്ടെത്തിയില്ല താനും — കാരണം അനെകർ അവന്റെ നെരെ കള്ളസാക്ഷ്യം ചൊല്ലീട്ടും സാക്ഷ്യങ്ങൾ ഒക്കില്ല — ഒട്ടു

ങ്ങാം രണ്ടു കള്ളസാക്ഷിക്കാര് വന്നു പറഞ്ഞിതു— ഇവനെ കൈപ്പണിയായ
മന്ദിരത്തെ ഞാൻ അഴിച്ചു മൂന്നു ദിവസം കൊണ്ടു കൈപ്പണിയല്ലാ
ത്ത മറ്റൊന്നിനെ എടുപ്പിക്കും എന്ന് ഇവൻ പറയുന്നതു ഞങ്ങൾ
കെട്ടു— എന്നിപ്രകാരവും അവരുടെ സാക്ഷ്യം ഒത്തതും ഇല്ല— — എന്നി
ട്ടു മഹാപുരോഹിതൻ എഴുനീറ്റു അവനോടു നീ ഒരുത്തരവും പറയു
ന്നില്ലയൊ ഇവർ നിന്റെ നെരെ സാക്ഷ്യം ചൊല്ലുന്നത് എന്തെന്നെ—
എന്നു പറഞ്ഞാറെ യെശു മിണ്ടാതെ നിന്നു— മഹാപുരോഹിതർ ശാ
സ്ത്രികൾ മുതലായ ജനമൂപ്പന്മാർ നീ മശീഹ എങ്കിൽ ഞങ്ങളോടു പ
റ എന്നു ചൊല്ലിയാറെ— നിങ്ങളോടു പറഞ്ഞാലും നിങ്ങൾ വിശ്വസി
ക്കയില്ല— ഞാൻ ചോദിച്ചാലും എന്നോടു ഉത്തരം ചൊല്ലുകയില്ല വി
ടുകയും ഇല്ല— മഹാപുരോഹിതൻ അവനോടു ചൊല്ലിയതു— അനു
ഗ്രഹിക്കപ്പെട്ട ദൈവത്തിന്റെ പുത്രനായ മശീഹ നീ തന്നെയൊ എ
ന്നു ഞങ്ങളോടു പറയെണ്ടതിന്നു ഞാൻ ജീവനുള്ള ദൈവത്താ
ണ നിന്നൊടു ചോദിക്കുന്നു— അവനൊടു യെശു നീ പറഞ്ഞുവല്ലൊ
ഞാൻ ആകുന്നു— ശെഷം ഞാൻ നിങ്ങളോടു ചൊല്ലുന്നിതു— ഇതു
മുതൽ മനുഷ്യപുത്രൻ സർവ്വശക്തിയുടെ വലഭാഗത്തിരിക്കുന്നതും
വാനത്തിൻ മെഘങ്ങളിന്മെൽ വരുന്നതും നിങ്ങൾ കാണും എന്നു പ
റഞ്ഞു— ഉടനെ മഹാപുരോഹിതൻ തന്റെ വസ്ത്രങ്ങളെ കീറി ഇ
വൻ ദൈവദൂഷണം പറഞ്ഞു ഇനി സാക്ഷികളെ കൊണ്ടു നമുക്കു
എന്തു ആവശ്യം ഇതാ അവന്റെ ദൂഷണം ഇപ്പോൾ കെട്ടുവല്ലൊ
നിങ്ങൾക്കു എങ്ങിനെ തൊന്നുന്നു— എന്നു പറഞ്ഞപ്പോൾ എല്ലാ
വരും അവനെ മരണയോഗ്യൻ എന്നു വിധിച്ചു കളഞ്ഞു (മ.മ.ലൂ)

ശിമൊൻ പെത്രനൊ തീക്കാഞ്ഞു നില്ക്കുമ്പോൾ ഒരു ബാ
ല്യക്കാരത്തി വന്നു സമീപത്തു നില്ക്കുന്നവരൊടു ഇവൻ ആ കൂട്ടത്തി
ൽ ഉള്ളവനത്രെ എന്നു പറഞ്ഞു തുടങ്ങി— നീയും അവന്റെ ശിഷ്യ
രിൽ ഒരുത്തൻ അല്ലയൊ എന്നു ചിലർ അവനൊടു പറഞ്ഞാറെ—

അല്ല ഞാൻ അവനെ അറിയുന്നില്ല എന്ന് ആണയിട്ടും തള്ളിപ്പറ
ഞ്ഞു- കുറയ പിന്നെത്തിൽ അരികെ നില്ക്കുന്നവർ അടുത്തുവന്നു പെ
ത്രൊസിനൊട്ടു നീ അവരുടെ കൂട്ടത്തിൽ ആകുന്നു സത്യം ഗലീലക്കാരൻ
തന്നെ നിന്റെ ഉച്ചാരണം കൂടെ നിന്നെ വെളിവാക്കുന്നുവല്ലൊ എ
ന്നു പറഞ്ഞു- അപ്പൊൾ ആ മനുഷ്യനെ അറിയുന്നില്ല എന്നു പ്രാക
വാനും സത്യം ചെയ്വാനും തുടങ്ങി- ഉടനെ ഏവൻ കൊഴി രണ്ടാമതും
കൂകി കർത്താവ് തിരിഞ്ഞു പെത്രനെ ഒന്നു നൊക്കുകയും ചെയ്തു-
പെത്രനും കൊഴി രണ്ടു കുറി കൂകുമ്പൊൾ നീ മൂന്നുവട്ടം എന്നെ തള്ളി
പറയും എന്നു യെശു തന്നൊടു ചൊല്ലിയ മൊഴിയെ ഓർത്തു പുറ
പ്പെട്ടു കൈപ്പൊടെ കരഞ്ഞു കൊൾകയും ചെയ്തു- (ലൂ. ൨൨. ൬൨)

യെശുവെ പിടിച്ചുകൊള്ളുന്ന പുരുഷന്മാരൊ അവനെ പ
രിഹസിച്ചു മുഖത്തു തുപ്പി കണ്ണ് അടിച്ചു- ചിലരും അവന്റെ മുഖം
മൂടി കെട്ടി ഹെ മശിഹെ ഞങ്ങളൊട് പ്രവചിക്ക- നിന്നെ തല്ലിയ
ത് ആര് എന്നു ചൊല്ലി കുമെക്കയും മറെറ പല ദൂഷണങ്ങൾ അവ
ന്റെ നെരെ പറകയും ചെയ്തു-

ഉഷസ്സായപ്പൊൾ മഹാപുരൊഹിതരും ജനത്തിൻ മൂപ്പ
രും ശാസ്ത്രികളുമായി സുനെദ്രിയം ഒക്കയും കൂടി യെശുവെ മരിപ്പി
പ്പാൻ നിരൂപിക്കയും ചെയ്തു- (മ. ൨൭. ൧)

൫. പിലാതന്റെ ന്യായവിസ്താരവും വിധിയും

(വെള്ളിയാഴ്. ൭ മണിയിൽ)

പുലർച്ചെക്കാ അവർ എല്ലാവരും കൂട്ടമെ എഴുനീറ്റു യെശുവി
നെ കെട്ടി കയഫാവിൻ വെശ്മത്തിൽ നിന്നു ആസ്ഥാനത്തിലെക്കു
കൊണ്ടുപൊയി നാടുവാഴിയായ പൊന്ത്യപിലാതനിൽ ഏല്പി
ച്ചു. (യൊ. ൧൮. ൨൮)

അപ്പൊൾ ദണ്ഡവിധി ഉണ്ടായത അവനെ കാണിച്ചുകൊ
ടുത്ത യൂദാ കണ്ടു അനുതപിച്ചു മുപ്പത ശെഖലിനെ മഹാപുരൊ
ഹിതന്മാൎക്കും മൂപ്പന്മാൎക്കും മടക്കി ഞാൻ കുററമില്ലാത്ത രക്തത്തെ ഏല്പി
ച്ചുകൊടുക്കയാൽ പിഴെച്ചു എന്നു പറഞ്ഞു — അത ഞങ്ങൾക്ക
എന്തു നീ തന്നെ നൊക്ക എന്ന അവർ പറഞ്ഞാറെ — അവൻ
ആ പണങ്ങളെ മന്ദിരത്തിൽ എറിഞ്ഞു കളഞ്ഞു വാങ്ങിപ്പൊയി
കെട്ടിഞാന്നു മരിച്ചു — മഹാപുരൊഹിതന്മാർ പണങ്ങളെ എടുത്ത ഇ
ത രക്തവിലയാകയാൽ (കൊൎബ്ബാൻ എന്ന) കാഴഭണ്ഡാരത്തി
ൽ ഇടുന്നത വിഹിതമല്ല എന്നു പറഞ്ഞു — പിന്നെ കൂടി നിരൂപി
ച്ചു അവ കൊണ്ടു പരദെശികളുടെ ശ്മശാനത്തിന്നായി കുശവ
ന്റെ നിലത്തെ കൊണ്ടു — ആകയാൽ ആ നിലത്തിന്ന ഇന്നെവ
രെ രക്തനിലം എന്ന പെർ ഉണ്ടായത — പ്രവാചകനായ യിറ
മിയാവെക്കൊണ്ടു ചൊല്ലിയതിന്ന അന്ന നിവൃത്തി വന്നു — കൎത്താ
വ് എന്നൊട കല്പിച്ചപ്രകാരം ഇസ്രയെൽ പുത്രരിൽ ചി
ലർ മതിച്ചൊരു മാന്യന്റെ വിലയാകിയ മുപ്പത ശെഖലി
നെ അവർ എടുത്തു — കുശവനിലത്തിന്നായി കൊടുത്തു കളഞ്ഞുവ
ന്നത്രെ (സഖ. ൧൧) —

യഹൂദരൊ തീണ്ടിപ്പൊകാതെ പെസഹ തിന്മാനൊക്കെ പ
ള്ളും ആ സ്ഥാനത്തിൽ പ്രവെശിക്കാതെ നിന്നു — അതുകൊണ്ടു പി
ലാതൻ അവരുടെ അടുക്കെ പുറത്തുവന്നു ഈ മനുഷ്യന്റെ നെ
രെ എന്തു കുററം ബൊധിപ്പിക്കുന്നു എന്നു ചൊദിച്ചതിന്നു — ഇവൻ
ദുഷ്പ്രവൃത്തിക്കാരൻ അല്ലാഞ്ഞു എങ്കിൽ അവനെ നിങ്കൽ ഏല്പിക്ക
യില്ലല്ലൊ എന്ന ഉത്തരം പറഞ്ഞു — പിലാതൻ അവരൊട നി
ങ്ങൾ അവനെ കൂട്ടിക്കൊണ്ടു നിങ്ങളുടെ ധൎമ്മപ്രകാരം വിധിപ്പിൻ
എന്നു പറഞ്ഞാറെ യഹൂദർ അവനൊട ആരെയും കൊല്ലുന്നത
ഞങ്ങൾക്ക വിഹിതമല്ലല്ലൊ എന്നു പറഞ്ഞു — ഇവ്വണ്ണം താൻ

ന്ന മരണം മരിക്കും എന്ന യെശു സൂചിപ്പിച്ച വചനത്തിന്നു നി വൃത്തി വരികയും ചെയ്തു — (യൊ.)

പിന്നെ മഹാപുരൊഹിതരും മൂപ്പന്മാരും അവൻ ക്രിസ്തു നാകുന്ന ഒരു രാജാവ് എന്നു ചൊല്ലിക്കൊണ്ടു ജാതിയെ മറിച്ചുക ളകയും കൈസറിന്നു കരം കൊടുക്കുന്നതു വിരൊധിക്കയും ചെയ്യുന്ന പ്ര കാരം ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമത്തി തുടങ്ങി — ആകയാൽ പിലാതൻ പിന്നെയും ആസ്ഥാനത്തിൽ പുക്കു യെശുവെ വിളിച്ചു നീ യഹൂദരുടെ രാജാവൊ എന്നു ചൊദിച്ചതിന്നു യെശു ഉത്തരം ചൊ ല്ലിയതു — ഇതു നീ സ്വയമായി പറയുന്നതൊ മറ്റുള്ളവർ എന്നെ കുറിച്ചു നിന്നൊടു ബൊധിപ്പിച്ചിട്ടൊ — പിലാതൻ ഞാൻ യഹൂദനൊ നിന്റെ ജനവും മഹാപുരൊഹിതരും നിന്നെ എങ്കൽ ഏല്പിച്ചു — നീ എന്തു ചെയ്തു എന്നു എതിരെ പറഞ്ഞപ്പൊൾ — യെശു ഉത്തരം ചൊല്ലിയതു — എന്റെ രാജ്യം ഇഹ ലൊകത്തിൽ നിന്നുള്ളതല്ല — എ ന്റെ രാജ്യം ഇഹലൊകത്തിൽ നിന്ന് എന്നു വരികിൽ എന്റെ ഭൃത്യ ന്മാർ ഞാൻ യഹൂദരിൽ ഏല്പിക്കപ്പെടാതവണ്ണം പൊരാട്ടം ചെയ്യുമാ യി രുന്നുവല്ലൊ എന്നിട്ട് എന്റെ രാജ്യം ഐഹികമല്ല സ്പഷ്ടം — പിലാ തൻ അവനൊടു എന്നാൽ നീ രാജാവല്ലൊ എന്നു പറഞ്ഞാറെ യെശു ഉത്തരം ചൊല്ലിയതു നീ പറയുന്നു ഞാൻ രാജാവാകുന്നു സത്യം — സത്യ ത്തിന്നു സാക്ഷി നില്ക്കെണ്ടതിന്നു ഞാൻ ജനിച്ചിരിക്കുന്നു ഇതി ന്നായി ലൊകത്തിൽ വന്നും ഇരിക്കുന്നു — സത്യത്തിൽ നിന്നുള്ളവ ൻ എല്ലാം എന്റെ ശബ്ദം കെൾക്കുന്നു — പിലാതൻ അവനൊ ട് സത്യം എന്ത് എന്നു പറഞ്ഞു വെച്ചു പിന്നെയും യഹൂദരുടെ അ ടുക്കെ പുറത്തു പൊയി അവരൊടു പറഞ്ഞിതു — ഇവനിൽ ഞാൻ കുറ്റം ഒന്നും കാണുന്നില്ല — (യൊ. ൧൮. ൩൩.൩൮.)

മഹാപുരൊഹിതർ അവനിൽ ഏറിയൊന്നു ചുമത്തുകയാ ൽ പിലാതൻ പിന്നെയും അവനൊടു ചൊദിച്ചിതു — നീ ഒന്നും ഉ ...

പറയുന്നില്ലയൊ നിന്റെനെരെ എത്രസാക്ഷ്യം ചൊല്ലുന്നു എന്നു
കെൾക്കുന്നില്ലയൊ — അവനൊ ഒരു മൊഴിക്കും ഉത്തരം ചൊല്ലായ്കയാ
ൽ നാടുവാഴി അത്യന്തം ആശ്ചൎയ്യപ്പെട്ടു. (മാ. ൨൭. മത്താ)

അവൻ ഗലീലയിൽ തുടങ്ങി യഹൂദയിൽ എങ്ങും ഇവി
ടത്തൊളവും പഠിപ്പിച്ചും കൊണ്ടു ജനത്തെ ഇളക്കുന്നു എന്നു നി
ൎബ്ബന്ധിച്ചു ചൊല്ലിയപ്പൊൾ — പിലാതൻ ഗലീല എന്നതു കെട്ടിട്ടു
മനുഷ്യൻ ഗലീലക്കാരനൊ എന്നു ചൊദിച്ചു — ഹെരൊദാവി
ന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്നറിഞ്ഞു ഉടനെ — ആനാ
ളുകളിൽ യരുശലെമിൽ വന്നു പാൎക്കുന്ന ഹെരൊദാവിന്റെ അടു
ക്കൽ അവനെ അയച്ചു കളഞ്ഞു — ഹെരൊദാ യെശുവെ കൊ
ണ്ടു വളരെ കെൾക്കയാൽ അവനെ കാണ്മാൻ ഇച്ശിച്ചതല്ലാതെ
അവനാൽ വല്ല അടയാളവും ഉണ്ടാകുന്നതു കാണും എന്നു ആ
ശിച്ചും കൊണ്ടു യെശുവെ കണ്ടിട്ടു അത്യന്തം സന്തൊഷപ്പെട്ടു — ഏ
റിയ വാക്കുകളാൽ ചൊദിച്ചാറെയും അവൻ അവനൊടു ഉത്തരം
പറഞ്ഞതും ഇല്ല — അവനിൽ മഹാപുരൊഹിതരും ശാസ്ത്രികളും ക
ടുമയൊടെ കുറ്റം ചുമത്തി നില്ക്കുമ്പൊൾ — ഹെരൊദാ തന്റെ പടയാ
ളികളുമായി അവനെ പരിഹസിച്ചു നിസ്സാരനാക്കി ശുഭ്രവസ്ത്രം
ഉടുപ്പിച്ചു പിലാതനരികെ അയച്ചുവിട്ടു — പിലാതനും ഹെരൊദാ
വും മുമ്പെ അന്യൊന്യം പകഭാവിച്ചു വന്നശെഷം അന്നു ഇണങ്ങി
സ്നെഹിതരായിതീൎന്നു. (ലൂക്ക)

പിലാതനൊ മഹാപുരൊഹിതരെയും ശാസ്ത്രികളെ
യും ജനത്തെയും കൂടെ വരുത്തി — നിങ്ങൾ ഈ മനുഷ്യനെ ജനത്തി
യെ മത്സരിപ്പിച്ചു വെക്കുന്നവൻ എന്നു ഇങ്ങു കൊണ്ടു വന്നു — ഞാ
നൊ ഇതാ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തി
യ കുറ്റങ്ങൾ ഒന്നും ഇവനിൽ കണ്ടിട്ടില്ല — ഹെരൊദാവും കണ്ടി
ല്ല — അവന്നടുക്കെ നിങ്ങളെ അയച്ചു എന്നിട്ടും മരണയൊഗ്യമായ

ത് ഒന്നും ഇവൻ പ്രവൃത്തിച്ചു എന്നു അറിയുന്നില്ലല്ലൊ— അതുകൊണ്ടെ അവ
നെ ശിക്ഷിച്ചു വിട്ടയക്കാം എന്നു പറഞ്ഞു— (ലൂക്ക)

ഉത്സവത്തൊറും പുരുഷാരത്തിന്നു തെളിഞ്ഞ ഒരു ചങ്ങലക്കാ
രനെ വിട്ടുകൊടുക്കുന്നതു നാടുവാഴിക്കു മര്യാദ ആകുന്നു— അന്നു പ്രസിദ്ധ
ബറബ്ബാ എന്നു പേരുള്ളൊരു ചങ്ങലക്കാരൻ അവർക്കു ഉണ്ടായിരു
ന്നു— അവൻ മററവരുമായി കലഹിച്ചു നഗരത്തിൽ വെച്ചു കുല
ചെയ്കകൊണ്ട് തടവിൽ ആക്കപ്പെട്ടവൻ— പിന്നെ പുരുഷാരം ക
രെറി വന്നു അവൻ തങ്ങളോട് എപ്പോഴും ചെയ്യുമ്പോലെ ചെയ്യേ
ണം എന്നു പ്രാർത്ഥിച്ചു തുടങ്ങി— അതുകൊണ്ട് ജനങ്ങൾ കൂടിവന്ന
പ്പോൾ പിലാതൻ അവരോട് പെസഹായിൽ നിങ്ങൾക്കു ഒരുത്തനെ വിട്ടു
കൊടുക്കുന്നതു മര്യാദ ആകുന്നുവല്ലൊ ബറബ്ബാ എന്നവനെയൊ ക്രിസ്തൻ
എന്നുള്ള യെശുവെയൊ ആരെ നിങ്ങൾക്കു വിട്ടുതരെണ്ടത് എന്നു പറ
ഞ്ഞു— മഹാപുരൊഹിതർ അസൂയകൊണ്ടു അവനെ ഏല്പിച്ചത്
അറിക കൊണ്ട് പൊലും അത്രെ—— പിന്നെ ന്യായാസനത്തിൽ ഇ
രുന്നപ്പോൾ അവന്റെ ഭാര്യ ആളയച്ചു നീതിമാനുമായി
ഇടപ്പെടരുതെ— അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ
പാടുപെട്ടുപൊയിരിക്കുന്നു എന്നു പറയിച്ചു— (മ. മ. ലൂ)

എന്നാറെ ബറബ്ബാവെ ചോദിപ്പാനും യെശുവെ സംഹരി
പ്പാനും മഹാപുരൊഹിതരും മൂപ്പരും പുരുഷാരങ്ങളെ ഇളക്കി സമ്മതി
പ്പിച്ചു— പിന്നെ നാടുവാഴി അവരോട് ഈ ഇരുവരിൽ ഏവനെ നിങ്ങ
ൾക്കു വിട്ടുവിടുവാൻ ഇച്ഛിക്കുന്നു എന്നു പറഞ്ഞു തുടങ്ങിയാറെ— ഇവനെ
നീക്കി കളക. ഞങ്ങൾക്കു ബറബ്ബാവെ വിട്ടുതരെണം എന്നു ഒക്കത്ത
ക്കൂവിളിച്ചു— പിലാതൻ യെശുവെ വിടുവിപ്പാൻ മനസ്സാകകൊണ്ടു പി
ന്നെയും അവരോട് വിളിച്ചു പറഞ്ഞു— എന്നാൽ ക്രിസ്തൻ എന്നുള്ള
യെശുവെ എന്തു ചെയ്യേണ്ടു— എന്നാറെ അവനെ ക്രൂശിക്ക ക്രൂശി
ക്ക എന്ന് അവർ പിന്നെയും വിളിച്ചു— മൂന്നാമതും അവരോട് അവൻ

ചെയ്ത ദൊഷം എന്തു — ഞാൻ മരണയൊഗ്യമായത ഒന്നും അവനിൽ
കണ്ടിട്ടില്ല ആകകൊണ്ട അവനെ ശിക്ഷിച്ചു വിട്ടയക്കുമെന്ന പറ
ഞ്ഞാറെ — അവൻ ക്രൂശിക്കപ്പെടെണ്ടതിന്ന അവർ ചൊദിച്ചു ഉറക്കെ
ഘൊഷിച്ചു പൊന്നു — അവരും മഹാപുരൊഹിതരും ശബ്ദിക്കുന്നതിന്ന
ഉന്നക്കം എറെ ഉണ്ടായി — (മ. മ. ലൂ)

അപ്പൊൾ പിലാതൻ യെശുവിനെ കൂട്ടിക്കൊണ്ടുവാറ
ടി ചമട്ടി അടിക്കയും ചെയ്തു — നാടുവാഴിയുടെ സെവകർ യെശുവെ ന്യാ
യാസനത്തിലെക്ക കൊണ്ടുപൊയി പട്ടാളം എല്ലാം അവന്റെ നെരെ കൂ
ട്ടിവരുത്തി — അവന്റെ വസ്ത്രം നീക്കി ചുവന്ന പുതപ്പ ഇട്ടു — മുള്ളു
കൾകൊണ്ട കിരീടം മെടഞ്ഞു അവന്റെ തലയിലും വലത്തെ കൈ
യിൽ ഒരു ചൂരക്കൊലും കൊടുത്തു അവന്റെ മുമ്പിൽ മുട്ടുകുത്തി യെഹൂദ
രുടെ രാജാവെ വാഴുക എന്ന പരിഹസിച്ചു തുപ്പി — കൊലെ എടുത്തു
ക്കിച്ചുതൽ എടുത്തു അവന്റെ തലയിൽ അടിക്കയും ചെയ്തു —
(യൊ. മ. മ.)

പിലാതൻ പിന്നെയും പുറത്തുവന്നു ഞാൻ അവനി
ൽ കുറ്റം കാണുന്നില്ല എന്ന നിങ്ങൾ അറിയെണ്ടതിന്ന അവ
നെ നിങ്ങൾക്ക ഇതാ പുറത്തു കൊണ്ടുവരുന്നു എന്ന അവരൊട പറ
ഞ്ഞു — ഉടനെ യെശു മുള്ളിൻ കിരീടവും ധൂമ്രവസ്ത്രവും ധരി
ച്ചു പുറത്തുവന്നപ്പൊൾ ആ മനുഷ്യൻ ഇതാ എന്ന അവരൊട പറ
യുന്നു — എന്നാറെ മഹാപുരൊഹിതരും ഭൃത്യന്മാരും അവനെ ക
ണ്ടപ്പൊൾ ക്രൂശിക്ക അവനെ ക്രൂശിക്ക എന്ന ആർത്തുപൊയി — പിലാ
തൻ അവരൊട നിങ്ങൾ അവനെ കൊണ്ടുപൊയി ക്രൂശിപ്പിൻ ഞാനൊ
ആ കുറ്റം അവനിൽ കാണുന്നില്ല എന്ന പറയുന്നു — യെഹൂദർ അവ
നൊട ഉത്തരം ചൊല്ലിയത ഞങ്ങൾക്ക ഒരു ധർമ്മം ഉണ്ടു — അവൻ തന്നെ
താൻ ദൈവപുത്രൻ ആക്കിയതുകൊണ്ടു ഞങ്ങളുടെ ധർമ്മപ്രകാരം
അവൻ മരിക്കെണ്ടു — എന്നുള്ളവാക്ക പിലാതൻ കെട്ടു എറ്റം ഭ

ഭയപ്പെട്ടു പിന്നെയും ന്യായസ്ഥാനത്തിൽ ചെന്നു നീ എവിടെ നിന്നാകുന്നു
എന്നു യേശുവിനോടു പറയുന്നു — യേശു അവന് ഉത്തരം കൊടുത്തി
ല്ല — പിലാത്തൻ അവനോടു പറയുന്നു — നീ എന്നോടു സംസാരിക്കുന്നില്ല
യൊ നിന്നെ ക്രൂശിപ്പാൻ അധികാരവും നിന്നെ അഴിച്ചുവിടുവാൻ
അധികാരവും എനിക്കു ഉണ്ടു എന്നു അറിയുന്നില്ലയൊ — യേശു ഉ
ത്തരം ചൊല്ലിയതു മേലിൽ നിന്നു നിനക്കു തരപ്പെട്ടിട്ടില്ല എങ്കി
ൽ എന്റെ നേരെ നിനക്കു അധികാരവും ഇല്ല — ആയതുകൊ
ണ്ടു നിങ്കൽ എന്നെ ഏല്പിച്ചവന്നു അധികം പാപം ഉണ്ടു — അന്നു മു
തൽ കൊണ്ടു പിലാത്തൻ അവനെ വിട്ടയപ്പാൻ അന്വേഷിച്ചു —
യഹൂദരൊ നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സഖിയല്ല — താ
ന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരെക്കു മറുക്കുന്നവ
ന്നല്ലൊ എന്നു ആർത്തു പറഞ്ഞു — ആ വചനം പിലാത്തൻ കേട്ടു യേശുവെ
പുറത്തു വരുത്തി എബ്രായ ഭാഷയിൽ ഗബ്ബഥാ എന്നു ചൊല്ലുന്ന കല്ലു
പാകിന സ്ഥലത്തു ന്യായാസനത്തിൽ ഇരിക്കുമാറാക്കി — പെസഹയുടെ
വെള്ളിയാഴ്ച ഏകദേശം ആറാം മണി നേരം — യഹൂദരോടു ഇതാ നിങ്ങ
ളുടെ രാജാവു എന്നു പറയുന്നു — നീക്കുക — അവനെ നീക്കുക — ക്രൂ
ശിക്ക എന്നവർ ആർത്തു ക്രോശിച്ചപ്പൊൾ നിങ്ങളുടെ രാജാവിനെ
ഞാൻ ക്രൂശിക്കയൊ എന്നു പിലാത്തൻ അവരോടു പറയുന്നു —
മഹാപുരോഹിതന്മാർ ഞങ്ങൾക്കു കൈസർ ഒഴികെ രാജാവില്ല
എന്നു ഉത്തരം പറഞ്ഞപ്പൊൾ അവനെ ക്രൂശിക്കേണ്ടതിന്നു അവ
ർക്കേല്പിച്ചു — (ക യാ)

പിലാത്തൻ താൻ ഒന്നും സാധിക്കുന്നില്ല എന്നും അധികാരം
കലഹം ആകുന്നു എന്നും കണ്ടു വെള്ളം വാങ്ങി പുരുഷാരത്തിന്നു
മുമ്പാകെ കൈകളെ കഴുകി — ഇന്നീതിമാന്റെ രക്തത്തിൽ എ
നിക്കു കുറ്റം ഇല്ല നിങ്ങൾ തന്നെ നോക്കുവിൻ എന്നു പറഞ്ഞു — ജനം
ഒക്കയും ഉത്തരം പറഞ്ഞിതു — അവന്റെ രക്തം ഞങ്ങളുടെ മേലും

ഞങ്ങടെ മക്കളുടെ മെലും വരിക—എന്നാറെ പിലാതൻ പുരുഷാരത്തി
ന്ന് അലമ്പതി വരുത്തുവാൻ ഭാവിച്ചു അവരുടെ ബൊദ്ധ്യം പൊലെ ആ
കെണം എന്നു വിധിച്ചു—കലഹവും കുലയും ഹെതുവായി തടവിലായവ
നെ അവർ അപെക്ഷിക്കയാൽ വിട്ടു കൊടുത്തു യെശുവെ ക്രൂശിപ്പാ
ൻ അവരുടെ ഇഷ്ടത്തിൽ ഏല്പിച്ചു വിടുകയും ചെയ്തു—(മാ.മ.ലൂ.)

൩൭. ക്രൂശാരൊഹണവും മരണവും

അവനെ പരിഹസിച്ചു കളഞ്ഞശെഷം രക്താംബരത്തെ നീക്കി
സ്വന്ത വസ്ത്രങ്ങളെ ഉടുപ്പിച്ചു അവനെ ക്രൂശിപ്പാൻ കൊണ്ടുപൊ
കയിൽ അവൻ തന്റെ ക്രൂശിനെ ചുമന്നു കൊണ്ടു—എബ്രായർ
ഗൊല്ഗഥാ എന്നു ചൊല്ലുന്ന തലയൊടിടത്തെക്കു പുറത്തുപൊയി—
പിന്നെ നാട്ടിൽ നിന്നു വന്നു കടന്നു പൊരുന്ന കുറെനയിലെ ശി
മൊൻ എന്ന അലക്സന്ത്രൻ രൂഫൻ എന്നവരുടെ അപ്പനെ അ
വന്റെ ക്രൂശിനെ ചുമപ്പാൻ രാജനാമം ചൊല്ലി നിൎബ്ബന്ധിച്ചു ക്രൂ
ശ് ചുമത്തി വെച്ചു അവനെ യെശുവിൻ വഴിയെ നടക്കുമാറാക്കി
(മ.മ.ലൂ.യൊ.)

അത്രകൂടാതെ വലിയ ജനസമൂഹവും അവനെ ചൊല്ലി
തൊഴിച്ചു മുറയിടുന്ന സ്ത്രീകളും അവന്റെ പിന്നാലെ നടന്നു—ആ
വരുടെ നെരെ യെശു തിരിഞ്ഞു യരുശലെം പുത്രിമാരെ എ
ന്നെ അല്ല നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ—
എന്തിന് എന്നാൽ മച്ചിമാരും പെറാത്ത ഉദരങ്ങളും കുടിപ്പിക്കാ
ത്ത മുലകളും ധന്യമാർ തന്നെ എന്നു ചൊല്ലുന്ന നാളുകൾ ഇതാ വരു
ന്നു—അന്നു മലകളൊടു ഞങ്ങളുടെ മെൽ വീഴുവിൻ എന്നും കുന്നു
കളൊടു ഞങ്ങളെ മറെപ്പിൻ എന്നും പറഞ്ഞു തുടങ്ങും—കാരണം
പച്ചമരത്തിൽ ഇതു ചെയ്താൽ ഉണങ്ങിയതിൽ എന്തു ആ
കും എന്നു പറഞ്ഞു—മറ്റു രണ്ടു ദുഷ്പ്രവൃത്തിക്കാരും അവനൊടു

കൂടെ അന്തരിപ്പാൻ കൊണ്ടുപൊകപ്പെട്ടു-(ലൂ)

ഗൊല്ഗൊഥായിൽ എത്തിയപ്പൊൾ കണ്ടിവെണ്ണ കൂട്ടീട്ട വീഞ്ഞ് അവന്നു കുടിപ്പാൻ കൊടുത്തു ആയത് രുചി നൊക്കിയാറെ കുടിപ്പാൻ മനസ്സില്ലാഞ്ഞു വാങ്ങീട്ടില്ല-- അവനെ ക്രൂശിക്കുമ്പൊൾ മൂന്നാം മണി നെരമാകി-- അവനൊട് കൂടെ രണ്ടു കള്ളരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും ക്രൂശിക്കുന്നു--- ദ്രൊഹികളൊടും എണ്ണപ്പെട്ടു എന്നുള്ള വെദവാക്യം നിവൃത്തിയാകയും ചെയ്തു-(മ. മ)

യെശു പറഞ്ഞു പിതാവെ ഇവർ ചെയ്യുന്നത് ഇന്നത് എന്നറിയായ്കകൊണ്ടു അവൎക്കു ക്ഷമിച്ചു വിടെണമെ (ലൂ)

അവന്റെ തലെക്കു മീതെ അവന്റെ കുറ്റത്തിന്റെ സംഗതി എഴുതി വെച്ചിരുന്നു-- പിലാതൻ ആകട്ടെ ഒരു ശാസനം എഴുതി ക്രൂശിന്മെൽ പതിപ്പിച്ചു അതിൽ നചറായനായ യെശു യഹൂദരുടെ രാജാവ് എന്നവർ എഴുതീട്ടുണ്ടു-- യെശു ക്രൂശിക്കപ്പെട്ട സ്ഥലം നഗരത്തിന്നു സമീപമാകയാൽ എബ്രയ-- യവന-- രൊമ-- ഈ മൂന്നു വക അക്ഷരങ്ങളെക്കൊണ്ടും എഴുതീട്ടുള്ള ശാസനത്തെ അനെകം യഹൂദന്മാർ വായിച്ചു-- പിന്നെ യഹൂദന്മാരുടെ മഹാ പുരൊഹിതന്മാർ പിലാതനൊടു പറഞ്ഞു-- യഹൂദരാജാവ് എന്നല്ല ഞാൻ യഹൂദരാജാവ് എന്ന് അവൻ പറഞ്ഞത് എന്ന എഴുതെണ്ടത്-- എന്നാറെ പിലാതൻ ഞാൻ എഴുതിയത് എഴുതീട്ടുണ്ടു എന്ന് ഉത്തരം പറഞ്ഞു--(യൊ. ൧. ൧൦)

സെവകർ യെശുവെ ക്രൂശിച്ച ശെഷം അവന്റെ വസ്ത്രങ്ങളെ എടുത്തു ഒരൊ സെവകന് ഒരൊ പങ്കാക്കീട്ടു നാലംശമാക്കി-- ഉള്ളങ്കിയെ എടുത്തു മീത്തലൊട് അടിയൊളം തുന്നാതെ മുറ്റും നെയ്തുവന്ന അങ്കിയായതു കണ്ടു ഇതിനെ കീറല്ല ആൎക്കു വരും എന്നു ചീട്ടിടുക എന്നു തമ്മിൽ പറഞ്ഞു-- തങ്ങളിൽ എന്റെ വസ്ത്രങ്ങളെ പകുത്തു എന്റെ ഉടുപ്പിന്മെൽ ചീട്ടിട്ടു എന്നുള്ള തിരുവെഴുത്തിന്നു നി

വൃത്തിവരുവാൻ സെവകർ ഇവ ചെയ്തുത്രെ — പിന്നെ അവിടെ ഇരുന്നു
കൊണ്ട് അവനെ കാത്തു — (യൊ. മ. മ. ശ്ലൊ)

ജനം നൊക്കി നില്ക്കയല്ലാതെ കടന്നുപൊകുന്നവർ തലക
ളെ കുലുക്കി അവനെ ദൂഷിച്ചു പറഞ്ഞിത്രു — ഹൊ മന്ദിരത്തെ മൂന്നു
നാളു കൊണ്ടു പണിയുന്നവനെ നിന്നെ തന്നെ രക്ഷിക്ക നീ ദൈവ
പുത്രൻ എങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങി വാ — എന്നതിന്നു ഒക്കവ
ണ്ണം മഹാപുരൊഹിതരും ശാസ്ത്രികൾ മൂപ്പന്മാരാദിയവർ പരിഹസി
ച്ചു പറഞ്ഞിത്രു ഇവൻ മറ്റവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാ
ൻ കഴികയില്ല — അവൻ ദൈവം തെരിഞ്ഞെടുത്ത ഇസ്രായെൽ
രാജാവെങ്കിൽ ഇപ്പൊൾ ക്രൂശിൽ നിന്ന് ഇറങ്ങി വരട്ടെ — എന്നാൽ
നാം അവനിൽ വിശ്വസിക്കും — ഞാൻ ദൈവപുത്രൻ എന്നു ചൊല്ലി
കൊണ്ടു അവൻ ദൈവത്തിൽ ആശ്രയിച്ചുവല്ലൊ ആയവൻ ഇ
വനെ ഇഷ്ടിക്കുന്നെങ്കിൽ ഇപ്പൊൾ ഉദ്ധരിക്കട്ടെ എന്നു പഴിച്ചു
പറഞ്ഞു — പടയാളികളും അടുത്തു വന്നു കാടി കൊണ്ടു കൊടുത്തു
നീ യഹൂദന്മാരുടെ രാജാവായാൽ നിന്നെ തന്നെ രക്ഷിക്ക എന്ന് അവ
നെ പരിഹസിച്ചു (മ. മ. ശ്ലൊ)

തൂക്കിയിട്ട ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ നീ മശീഹ എ
ങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക എന്ന് അവനെ ദൂഷി
ച്ചപ്പൊൾ — മറ്റവൻ അവനെ ശാസിച്ചു — നീ ഈ ശിക്ഷാവിധിയിൽ
തന്നെ ആയിട്ടും ദൈവത്തെ ഭയപ്പെടാതിരിക്കുന്നുവൊ — നാമൊ
ന്യായപ്രകാരം സത്യം — നാം വ്യാപരിച്ചതിന്നു യോഗ്യമായതു കിട്ടി
യൊ അല്ലൊ — ഇവനൊ പറ്റാത്തത് ഒന്നും വ്യാപരിച്ചില്ല എന്ന് ഉത്ത
രം ചൊല്ലി — കൎത്താവെ നിന്റെ രാജ്യത്തിൽ നീ വരുമ്പൊൾ എ
ന്നെ ഓൎക്കെണമെ എന്ന് യെശുവൊടു പറഞ്ഞു — യെശു അവനൊ
ടു — ആമെൻ ഞാൻ നിന്നൊടു ചൊല്ലുന്നിതു ഇന്നു നീ എന്നൊടു കൂടെ
പരദീസയിൽ ഇരിക്കും എന്നു പറകയും ചെയ്തു — (ശ്ലൊ)

യെശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ഹല്പായുടെ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നുകൊണ്ടിരിക്കെ—യെശു അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും നില്ക്കുന്നതു കണ്ടു സ്ത്രീയെ കണ്ടാലും നിന്റെ മകൻ എന്നു തന്റെ അമ്മയൊടു പറഞ്ഞു—അനന്തരം ശിഷ്യനൊടു കണ്ടാലും നിന്റെ അമ്മ എന്നു പറയുന്നു—ആ നാഴികമുതൽ ശിഷ്യൻ അവളെ തന്റെ കുടിയിൽ ചെൎത്തുകൊണ്ടു—(യൊ൧൯.)

ഏകദെശം ആറാം മണിനെരമായപ്പൊൾ ഒമ്പതാം മണിവരെക്കും ആ ദെശത്തിൽ ഒക്കയും അന്ധകാരം ഉണ്ടായി സൂൎയ്യൻ ഇരുണ്ടു ഏകദെശം ഒമ്പതാം മണിക്കു യെശു എലി എലി ലമാ ശബക്താനി എന്നു മഹാശബ്ദത്തൊടെ വിളിച്ചു—അത് എൻ ദൈവമെ എൻ ദൈവമെ നീ എന്നെ കൈവിട്ടത് എന്ത് എന്നാകുന്നു—അവിടെ നില്ക്കുന്നവരിൽ ചിലർ കെട്ടിട്ടു ഇവൻ എലിയാവെ വിളിക്കുന്നു എന്നു പറഞ്ഞു—(മ.മ.൨൭)

അതിൻ പിന്നെ സകലവും തികഞ്ഞുവന്നു എന്നു യെശു അറിഞ്ഞിട്ടു തിരുവെഴുത്തിന്നു നിവൃത്തിയാവാൻ എനിക്കു ദാഹിക്കുന്നു എന്നു പറയുന്നു—അവിടെ കാടി നിറഞ്ഞ പാത്രം ഉണ്ടു—ഉടനെ അവരിൽ ഒരുത്തൻ ഒരു സ്പൊങ്ങ് എടുത്തു കാടികൊണ്ടു നിറെച്ചു ഈസൊപ്പതിൽ അവനെ കുടിപ്പിച്ചു—ശെഷിച്ചവർ വിടു ഏലിയാ അവനെ രക്ഷിപ്പാൻ വരുന്നുവൊ നൊക്കട്ടെ എന്നു പറഞ്ഞു—യെശു കാടി സെവിച്ചിട്ടു നിവൃത്തിയായി എന്നു ചൊല്ലി—പിതാവെ നിന്റെ കൈകളിൽ എൻ ആത്മാവെ ഏല്പിക്കും എന്നു മഹാശബ്ദത്തൊടെ വിളിച്ചു പറഞ്ഞ ഉടനെ തല ചാച്ചു പ്രാണനെ വിട്ടു—(യൊ.ലൂ.മ.മ.)

അപ്പൊൾ മന്ദിരത്തിലെ തിരശ്ശീല മെലൊട്ട് അടിയൊളവും ചീന്തിപ്പൊയി ഭൂമി കുലുങ്ങി പാറകൾ പിളൎന്നു—തറകളും തുറന്നു നിദ്രപ്രാപിച്ച വിശുദ്ധരുടെ ഉടലുകൾ പലതും ഉണൎന്നു വരികയും—അ

വന്റെ ഉയിൎപ്പിൻ പിന്നെ കല്ലറകളെ വിട്ടു വിശുദ്ധനഗരത്തിൽ പ്രവെശിച്ചു പലൎക്കും കാണാകയും ചെയ്തു (മ. മ. ൨൭)

ശതാധിപനും അവനൊടു കൂടെ യെശുവെ കാത്തിരുന്നവരും ഭൂകമ്പവും ഇവൻ ഇങ്ങനെ നിലവിളിച്ചും കൊണ്ടു കഴിഞ്ഞതും കണ്ടിട്ടു ഇവൻ ഉള്ളവണ്ണം നീതിമാനും ദൈവപുത്രനും ആയതു സത്യം എന്നു ചൊല്ലി എറ്റം ഭയപ്പെട്ടു ദൈവത്തെ തെജസ്കരിച്ചു — ആകാഴ്ചക്കു കൂടിയ പുരുഷാരങ്ങളും എല്ലാം സംഭവിച്ചവയെ നൊക്കി കൊണ്ടു മാറത്തടിച്ചു മടങ്ങിപ്പൊയി — (ലൂ. മ. ൨൩)

അവന്റെ പരിചയക്കാരും എല്ലാം ഗലീലയിൽ നിന്നു യെശുവെ ശുശ്രൂഷിച്ചും കൊണ്ടു പിഞ്ചെന്നവരായ സ്ത്രീകളും ഇവ കണ്ടു കൊണ്ടു ദൂരത്തു നിന്നു — അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കൊബ് യൊസെ എന്നവരുടെ അമ്മയായ മറിയയും ജെബദിപുത്രരുടെ അമ്മയും ഉണ്ടു — (മ. മ. ൨൭)

എന്നാറെ അന്നു ഒരുമ്പാടാകയും വരുന്ന ശബ്ബത്തനാൾ വലിയതും ആകകൊണ്ടു ആ ഉടലുകൾ ശബ്ബത്തിൽ ക്രൂശിന്മെൽ ഇരിക്കരുതു എന്നു വെച്ചു അവരുടെ തുടകളെ ഒടിച്ചു ഉടലുകൾ എടുപ്പിക്കെണം എന്നു യെഹൂദർ പിലാതനൊടു ചൊദിച്ചു — അതുകൊണ്ടു സെവകർ വന്നു ഒന്നാമനും അവനൊടു കൂടെ ക്രൂശിക്കപ്പെട്ട മറ്റെവനും തുടകളെ ഒടിച്ചു പിന്നെ യെശുവിന്നു അടുക്കെ വന്നു അവൻ മരിച്ചു കളഞ്ഞ പ്രകാരം കണ്ടു തുടകളെ ഒടിച്ചില്ല — സെവകരിൽ ഒരുത്തൻ കുന്തം കൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു വരികയും ചെയ്തു — ഇതിനെ കണ്ടിട്ടുള്ളവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു — അവന്റെ സാക്ഷ്യം സത്യമുള്ളതു തന്നെ — നിങ്ങളും വിശ്വസിക്കെണ്ടതിന്നു താൻ ഉള്ളവ തന്നെ പറയുന്നു എന്നു അവൻ അറിഞ്ഞും ഇരിക്കുന്നു — കാരണം അവന്റെ അസ്ഥി ഒടിക്കയും ഇല്ല — എന്നുള്ള തിരുവെഴുത്തു പൂരിക്കെണ്ടതിന്നു ഇവ സം

ഭവിച്ചു— പിന്നെ അവർ ഭീതിയായ കാലെക്കു വന്നതും എന്നതിനെ
പെട്ടന്നും പറയുന്നു (യൊ)—

൯. ശവസംസ്കാരം

സന്ധ്യയായപ്പോൾ തന്നെ ശബ്ബത്തിൻ തലനാൾ ആകകൊണ്ടു വെള്ളിയാഴ്ചയാകകൊണ്ടു യഹൂദരുടെ ഊരായ അരിമത്ഥ്യയിൽ നിന്നു യോസേഫ എന്ന ധനവാനും കുലീനനായ മന്ത്രി വന്നു— ആയവൻ നീതിയുള്ള നല്ലോരു പുരുഷനായുള്ളൊണ്ടു താനും ദൈവരാജ്യത്തെ കാത്തുകൊള്ളുന്നവനും അവർ മന്ത്രിച്ചതും പ്രവൃത്തിച്ചതും സമ്മതിക്കാതെ ഇരുന്നവനും ആയതല്ലാതെ— യേശുവിൻ ശിഷ്യനും ആയി യഹൂദരെ ഭയം ഹേതുവായി മറഞ്ഞിരുന്നവൻ തന്നെ— ആയവൻ പിലാതൻ ഉള്ളത്തിൽ ധൈര്യത്തോടെ കടന്നു യേശുവിന്റെ ഉടൽ ചോദിച്ചു— അവൻ അപ്പോഴെ മരിച്ചുവോ എന്നു പിലാതൻ ആശ്ചര്യപ്പെട്ടു ശതാധിപനെ വരുത്തി— അവൻ മരിച്ചിട്ട് അധികം നേരമായോ എന്നു ചോദിച്ചു— ശതാധിപനോടു വസ്തുതയെ അറിഞ്ഞിട്ടു ഉടൽ യോസേഫിന്നു സമ്മാനിച്ചു— ആയവൻ ശുദ്ധശീലവാങ്ങി ഉടൽ ഇറക്കി— ആദ്യം രാത്രിയിൽ യേശുവിന്നടുക്കെ വന്ന നിക്കൊദേമനും കൂടെ ചെന്നു വെള്ളപ്പോളവും അകിലും ചേർത്തു കൂട്ടി നൂറു റാത്തലോളം കൊണ്ടുവന്നു എത്തി— ആയവർ യേശുവിന്റെ ഉടൽ എടുത്തുകൊണ്ടു യഹൂദർ കുഴിച്ചിടുന്ന മര്യാദപ്രകാരം ആ സുഗന്ധങ്ങളോടു ശീലകളിൽ ചുറ്റി കെട്ടി (മ. മ. ലൂ. യൊ.)

അവനെ ക്രൂശിച്ച സ്ഥലത്തു തന്നെ ഒരു തോട്ടവും തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത കല്ലറയും ഉണ്ടു— അതു യോസേഫ് താൻ മുമ്പെ തനിക്കായി പാറയിൽ വെട്ടിച്ചൊരു പുതു കല്ലറ തന്നെ— അക്കല്ലറ സമീപം ആകകൊണ്ടു അവർ യഹൂദരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെ വെച്ചു— കല്ലറയുടെ വാതിൽക്കൽ

അവനൊട്കൂടെ പൊന്ന സ്ത്രീകളും പിഞ്ചെന്നുവന്നു കല്ലറയും
അവന്റെ ഉടൽ വെച്ചപ്രകാരവും നൊക്കിയശെഷം — മടങ്ങി
പൊയി സുഗന്ധവർഗ്ഗങ്ങളും തൈലങ്ങളും ഒരുക്കി ശബ്ബത്തിൽ
കല്പനപ്രകാരം സ്വസ്ഥമായി വാണു — അപ്പൊൾ ശബ്ബത്തുദി
ക്കും നെരമായി — യൊസെഫ് അറയുടെ വാതില്ക്കൽ വലിയ കല്ല്
ഉരുട്ടി വെച്ചിട്ടു പൊകയും ചെയ്തു — (യൊ. മ. മ. ലൂ)

വെള്ളിയാഴ്ചക്ക് പിറെറ ദിവസം മഹാപുരൊഹിതരും
പറിശരും പിലാത്തന്റെ അടുക്കെ വന്നുകൂടി പറഞ്ഞിതു — കർത്താ
വെ ആ ചതിയൻ ജീവനൊടിരിക്കുമ്പൊൾ തന്നെ മൂന്നുനാളി
ലകം ഞാൻ ഉണർന്നു വരുന്നു എന്നു പറഞ്ഞപ്രകാരം ഞങ്ങൾ ഒ
ർത്തിട്ടുണ്ടു — അതുകൊണ്ടു അവന്റെ ശിഷ്യന്മാർ വന്ന് അവനെ
മൊഷ്ടിച്ചു അവൻ മരിച്ചവരിൽ നിന്നു ഉണർന്നു വന്നു എന്നു ജന
ത്തൊടു പറഞ്ഞാൽ ഒടുക്കത്തെ ചതി മുമ്പിലെത്തിനെക്കാൾ വി
ഷമമായി തീരും — എന്നു വരാതിരിക്കെണ്ടതിന്നു മൂന്നുനാൾ വ
രെ കുഴിയെ ഉറപ്പാക്കി വെപ്പാൻ കല്പിക്ക — അവരൊടു പിലാത്തൻ
നിങ്ങൾക്കു കാവൽകൂട്ടം ഉണ്ടല്ലൊ പൊയി — അറിയുന്നെടത്തൊ
ളം ഉറപ്പു വരുത്തുവിൻ എന്നു പറഞ്ഞു — അവരും ചെന്നു കല്ലിന്നു
മുദ്രയിട്ടു കുഴിയെ കാവൽകൂട്ടം കൊണ്ടു ഉറപ്പാക്കുകയും ചെ
യ്തു — (മത്ഥ.)

രണ്ടാം അംശം

സഭാക്രിയകൾ

I. സ്നാനം

൧., സഭയിലുള്ള ശിശുസ്നാനം

നമ്മുടെ കൎത്താവായ യെശു (സാമവന്ദനം ൧. SS) കൎത്താവിൽ സ്നേഹിക്കപ്പെട്ടവരെ നാം ഒക്കെയും പ്രാൎത്ഥിച്ചു ഒകൊണ്ട ഈ ശിശുവിനെ ദൈവത്തിൻ ഭരമെല്പിപ്പാനും അതിനു കൎത്താവായ യെശുക്രിസ്തുവിന്റെ കല്പന പ്രകാരം സ്നാനം കൊടുപ്പാനും ഇവിടെ കൂടി വന്നിരിക്കുന്നു-

അതുകൊണ്ട നമ്മുടെ കൎത്താവായ യെശുക്രിസ്തുവിൻ സ്നാനമെന്ന ചൊല്ലി തന്റെ അപൊസ്തലരൊട അരുളിചെയ്തതും വാഗ്ദത്തം ചെയ്തതും വായിച്ചുകെൾപ്പു

മത്ഥാ. ൨൮ാം അദ്ധ്യായത്തിൽ- അവൻ പറയുന്നിതു: സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക നല്കപ്പെട്ടിരിക്കുന്നു- (ആകയാൽ) നിങ്ങൾ പുറപ്പെട്ട പിതാ പുത്രൻ വിശുദ്ധാത്മാവ എന്നീ നാമത്തിലെക്ക സ്നാനം ഏല്പിച്ചും ഞാൻ നിങ്ങളൊട കല്പിച്ചവ ഒക്കെയും പ്രമാണിപ്പാനവരെ ഉപദെശിച്ചും ഇങ്ങിനെ സകല ലൊകരെയും ശിഷ്യരാക്കികൊള്ളുവിൻ- ഞാനൊ ഈ യുഗസമാപ്തിയൊളം എല്ലാ നാളും നിങ്ങളൊടു കൂടെ ഉണ്ടു-

പിന്നെ മാൎക്ക. ൧൬ാം അദ്ധ്യായത്തിൽ നാം വായിക്കുന്നിതു: ഭൂലൊകത്തിൽ ഒക്കെയും പൊയി സകല സൃഷ്ടിക്കും സുവിശെഷത്തെ ഘൊഷിപ്പിൻ- വിശ്വസിച്ചും സ്നാനപ്പെട്ടും ഉള്ളവൻ രക്ഷിക്കപ്പെടും

ശിക്ഷിക്കപ്പെട്ടവൻ പിശാചിന്റെ അധികാരത്തിൽ അകപ്പെട്ടും-

ഇനിയൊരു ശിശുക്കളെയും ദൈവസാന്നിധ്യത്തിൽ കൊണ്ടുവന്ന അവർക്കായി സ്നാനത്തിൽ ക്രിയാവാരം അപേക്ഷിക്കുന്നതിന്റെ കാരണം വിശുദ്ധവചനത്താൽ തെളിവുണ്ടാകുന്നു ക്രിസ്തൻ ശിശുക്കളെ സ്നേഹിച്ചു ദൈവരാജ്യത്തിൽ അവർക്കും അവകാശം ഉണ്ടെന്ന പറഞ്ഞു കാട്ടുന്ന സുവിശേഷമാകുന്നതാവിത്- മാർക്ക ൧൦ അദ്ധ്യായത്തിൽ- അപ്പോൾ അവൻ തൊടുവാനായി അവന ശിശുക്കളെ കൊണ്ടുവന്നു- വഴിയെ കൊണ്ടുവന്നവരെ ശിഷ്യർ വിലക്കി- യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോട പറഞ്ഞിതു- ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുത- ദൈവരാജ്യം ഈ പ്രകാരമുള്ളവർക്കാകുന്നു സത്യം ആമെൻ ഞാൻ നിങ്ങളോട പറയുന്നു ദൈവരാജ്യത്തെ ശിശുവെന്നപോലെ കൈക്കൊള്ളാത്തവൻ ആരും അതിൽ ഒരുനാളും കടക്കയില്ല- എന്നിട്ട അവരെ എടുത്ത അവരുടെ മേൽ കൈകളെ വെച്ചനുഗ്രഹിക്കയും ചെയ്തു-

ഈ വചനം അനുസരിച്ചുതാം ഇവിടെ ക്രമമായി ഈ ശിശുവിനെ കർത്താവിൻ സന്നിധാനത്തിൽ കൊണ്ടുവന്ന അതിനെ തന്റെ കൃപാനിയമത്തിൽ യേശുക്രിസ്തൻ മുഖാന്തരമായി ചേർത്തുകൊള്ളുവാൻ പ്രാർത്ഥിക്കുന്നു- ആദാമിന്റെ എല്ലാമക്കളും ജനനസ്വഭാവത്താൽ പാപത്തിനും അതിൽ നിന്ന വരുന്ന സകല അരിഷ്ടതകൾക്കും കീഴ്പെട്ടിരിക്കുന്നു- എന്നാൽ ചൊല്ലിയ പ്രകാരം ഒരു മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പുക്കു ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലേക്കും പരന്നിരിക്കുന്നു- എങ്കിലും എല്ലാമനുഷ്യർക്കും രക്ഷാകരമായ ദൈവാനുഗ്രഹം യേശുക്രിസ്തനിൽ ഉദിച്ചു അവമൂലം ജീവനും നിത്യഭാഗ്യവും വീണ്ടും വന്നിരിക്കുന്നു- അവന്റെ നിരപ്പുകളിൽ പങ്കുള്ളവ

ന്റെ അടയാളവും പണയവുമായിട്ട അവൻ വിശുദ്ധ സ്നാനം ആക്കു ന്ന ചൊല്ലപ്പെട്ട ശെസ്ഥാപിച്ചു— ആയത കൈക്കൊള്ളുന്നവർക്കെല്ലാം സംശയത്തിലും നമ്മുടെ ദൈവത്തിൻ ആത്മാവിനാലും കൂടി കൊണ്ടെ വിശുദ്ധീകരിക്കപ്പെട്ടിട്ട നിത്യകാലം രക്ഷപ്രാപിക്കേണം എന്നു വെച്ചത്രെ-

അത്രെ കൊണ്ടു നമ്മുടെ രക്ഷിതാവെ മഹിമപ്പെടുത്തുക— നമ്മുടെ ആത്മാവ് ഈ രക്ഷിതാവായ ദൈവത്തിൽ സന്തോഷിക്ക— അവൻ നമ്മിൽ വലിയവ ചെയ്തു പെട്ടെന്നിൽ തന്നെ നമ്മെ കാത്തു ചെയ്ത കൈക്കൊണ്ടിരിക്കുന്നു— നമ്മുടെ മനങ്ങളും സന്തോഷത്തോടെ അവന്റെ സന്നിധാനത്തിൽ കൊണ്ടുവരാം അവരും മെഴിൽ നിന്ന വെള്ളത്തിലും ആത്മാവിലും തന്നെ ജനിച്ചു ക്രിസ്ത്യാനികളായ് ക്രിസ്തുവോടു കൂടെ അവകാശികൾ ആകുന്നവരല്ലൊ— അത്രെ കൊണ്ടു നാം ഈ കുട്ടിയെയും നമ്മുടെ രക്ഷിതാവിന്റെ കരുണയിൽ ഭരമെല്പിക്ക— ഇവനും ഇവളും കൂടെ അവൻ രക്ഷിക്കുന്നവനായല്ലൊ— ഇവൻ ഇഹത്തിലും പരത്തിലും സ്വർഗ്ഗത്തിന്റെ അനുഗ്രഹങ്ങളെ ഒക്കെയും അനുഭവിച്ചു വിശുദ്ധാത്മാവിന്റെ ശക്തിയിൽ ഉന്നതി പാപങ്ങളോടും ലോകത്തോടും നല്ലപോർ പൊരുതു തന്റെ വിശ്വാസത്തിൽ നിലനില്ക്കുമെങ്കിൽ നിത്യജീവന്റെ കിരീടം പ്രാപിക്കേണ്ടതിന്ന ഇപ്പോൾ നാം പ്രാർത്ഥിച്ചു കൊൾക-

സർവ്വശക്തിയുള്ള ദൈവമെ ഞങ്ങളുടെ കർത്താവായ യെശു ക്രിസ്തന്റെ പിതാവെ സ്വർഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബത്തിന് ഒക്കെയും പേർ വരുവാൻ ഹേതുവായുള്ളോവെ വിശുദ്ധ സ്നാനത്തിനായി കൊണ്ടുവരുന്ന ഈ കുട്ടിക്കു വേണ്ടി നിന്നോടു വിളിച്ചു യാചിക്കുന്നുത്രെ— പിതാവായ അങ്ങിനെ കൈക്കൊൾകയായി— പിന്നെ നിന്റെ പ്രിയപുത്രന്റെ വാക്കിൻ പ്രകാരം യാചിപ്പിൻ എന്നാൽ

നിങ്ങൾക്കു തരപ്പെട്ടും അപെക്ഷിപ്പിൻ എന്നാൽ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കപ്പെട്ടും എന്നു കല്പിച്ചിരിക്കയാൽ — കർത്താവെ ദൈവമെ ഈ കുട്ടിക്കു വെണ്ടി ഞങ്ങൾ യാചിക്കുന്നതു കെട്ടു ഞങ്ങൾ അപെക്ഷിക്കുന്ന നിന്റെ ദയയും കരുണയും കണ്ടെത്തിച്ചു ഞങ്ങൾ മുട്ടുന്ന വാതിൽ തുറന്നു കൊണ്ടു ഈ ദിവ്യകുറിയുടെ നിത്യ അനുഗ്രഹം സമ്മാനിച്ചു ഒടുവിൽ നിന്റെ ഭാഗ്യരാജ്യത്തിൽ വാഗ്ദത്തപ്രകാരം പുക്കിക്കെണമെ — ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യെശുവിമൂലം തന്നെ — ആമെൻ —

അല്ലെങ്കിൽ

സർവ്വശക്തിയുള്ള ദൈവമെ വാത്സല്യം എറയുള്ള സ്വർഗ്ഗപിതാവെ — നീ ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ദൈവവും പിതാവും ആകിയിരിക്കും എന്നു വാഗ്ദത്തം ചെയ്തുവല്ലൊ — ദയയൊടെ ഇപ്രകാരം പറഞ്ഞതിനെ ഒക്കയും ഈ കുട്ടിയിലും നിവൃത്തിക്കെണമെ — നിൻ പുത്രന്റെ മരണത്തിലുള്ള സ്നാനത്താൽ ഇതിനെ അവന്റെ സഭയിൽ ചെർത്തുകൊൾക — അവന്റെ വീണ്ടെടുപ്പിന്റെ ഫലങ്ങളിൽ ഇതിന്നു പങ്കു കൊടുത്തു ജീവപര്യന്തം നിൻ ആത്മാവിനാൽ വിശുദ്ധീകരിച്ചു ഒടുക്കം നിന്റെ പുത്രമുഖത്താൽ നിൻ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീർക്കെണമെ — ദൈവമെ നിന്റെ കൃപ ഇതിനൊടു കൂട ഇരിക്കയും എന്നും വസിക്കയും ആക്കെണമെ — ആമെൻ —

അല്ലെങ്കിൽ

സ്വർഗ്ഗസ്ഥപിതാവെ ഈ കുട്ടിക്കു നീ ജീവനും കരുണയും നല്കി നിന്റെ വിചാരണ അതിന്റെ പ്രാണനെ പരിപാലിച്ചു വരുന്നുവല്ലൊ — ഇപ്പൊൾ ഇതിനെ ക്രിസ്തയെശുവിൽ നിന്റെ കുട്ടിയാകുവാൻ വിളി

ച്ചിരിക്കുന്നു — അതുകൊണ്ട ഞങ്ങൾ ഇതിനെ നിന്റെ വിശുദ്ധരക്ഷ
യിൽ ഭരമെല്പിക്കുന്നു — നീതാൻ അതിന്നു നിഴലും ആശ്രയമാക ദെഹ
ത്തിന്നും ദെഹിക്കും നെരിടുന്ന എല്ലാ ഭയവും അകറ്റുക എല്ലാവ
ഴികളിലും തിരുമുഖത്തെ അതിമെൽ പ്രകാശിപ്പിക്ക — യെശുക്രിസ്തു
പ്രിയരക്ഷിതാവെ ഇതിനെ നീ സ്നെഹിച്ചു നിന്റെ ഉടമയാക്കുവാൻ വി
ലകൊടുത്തുവാങ്ങിയല്ലൊ — എപ്പൊഴും ഇതിനെ നിന്റെ ശുശ്രൂഷയിൽ
ചെർത്തുകൊണ്ട ഞങ്ങൾ ആശിക്കുന്നതു ഇവർക്കു കിട്ടുകയെന്നമെ —
സ്നാനത്തിന്റെ പൂർണ്ണ അനുഗ്രഹവും എത്തിച്ചുകൂടും സ്വർഗ്ഗത്തിൽ വാ
ടാത്ത അവകാശം പ്രാപിപ്പിക്കയാവു — പിതാവിന്നും പുത്രന്നും പരിശുദ്ധാ
ത്മാവുളെളാവെ ഇന്ന ശിശുവിന്റെ ദെഹിയിൽ ഇറങ്ങിവന്നു നിത്യം വ
സിപ്പാൻ കൊള്ളിക്കെണമെ — നിന്റെ വരങ്ങളെ ഇതിൽ നിറെക്കുന്ന
ത്രി വിശ്വാസത്തിൽ വിശുദ്ധീകരിച്ചു നടത്തുക യാചിപ്പിലും കഷ്ടത്തിലും
മാവിലും അതിനെ ഉറപ്പിക്ക സ്ഥിരീകരിക്ക തികെച്ചു കൊൾക — ത്രി
യെക ദൈവമായുള്ളൊവെ ഇതിന്നു തുണയാക — ഞങ്ങൾക്ക എ
ല്ലാവർക്കും തുണയായി മരണപര്യന്തം വിശ്വസ്തതയും ദെഹികളു
ടെ രക്ഷയാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പിച്ചു ഞങ്ങ
ളുടെ സന്തൊഷം പൂർണ്ണമാക്കെണമെ — ആമെൻ

(പിന്നെ കർത്തൃപ്രാർത്ഥന — സാഷ്ടാംഗനായ — ആമെൻ)

യഹൊവാ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എ
ന്നെക്കും പാലിക്കെണ്ടം (സങ്കീ. ൧൨൧. ൮) ആമെൻ

(അമ്മയപ്പന്മാരൊടും സ്നാനസാക്ഷികളൊടും)

കർത്താവിൽ പ്രിയരായുള്ളൊരെ — യെശുക്രിസ്തുൻ പിതൃയും സ്നെഹിച്ചു
സ്വന്തമാക്കൊൾ വീണ്ടെടുത്ത ശിശുക്കളുടെ നെരെ അവന്റെ നാമത്തി
ൽ സ്നാനം ഏറ്റിട്ടുള്ളതാം എല്ലാവരും ഏത്രകടം ചെയ്തിരിക്കുന്നതി
നെ വിചാരിച്ചു കൊൾക — ഈ ശിശു അവരിൽ ഒരുത്തൻ ഉൾപ്പെട്ടവന്റെ
[illegible] — കർത്താവിൽ ഭരമെല്പിച്ചു [illegible] ശിശുവി

ന്നു വരുത്തുന്നവരുടെ ദോഷത്താൽ രക്ഷ ഇല്ലാതെയായാൽ ആയത്
അവരുടെ ദേഹികളോട് താൻ ചോദിക്കും — ശിക്ഷ്യത്തെ യോഗ്യമായ
സ്നേഹത്താലും വിശ്വസ്തതയാലും ഈ ചെറിയവരിൽ യാതൊന്നിനെ എ
കാക്കേണ്ടു രക്ഷിക്കിലൊ ആയത്ര തനിക്ക് ചൊല്ലു പ്രകാരം എല്ലായ്പൊ
ഉള്ളും — ആയതുകൊണ്ട് അമ്മയപ്പന്മാരെ ദൈവത്തിന്റെ സർവ്വശക്തിയു
ള്ള ദയ ഈ ശിശുവെ നിങ്ങൾക്കു ഏല്പിച്ചു സമ്മാനിക്കയാൽ നിങ്ങ
ൾ അവന്റെ നന്ദി അറിഞ്ഞു കർത്താവിന്റെ ബാലശിക്ഷയിലും ഉപ
ദേശത്തിലും ഇങ്ങിനെ വളർത്തി വരുത്തി ദേഹിക്കു ഗുണം വരുന്നതു ഒക്ക
യും വളർത്തി വിശുദ്ധാത്മാവിന്റെ ദേവാലയം ആകുവാൻ വരാവണ്ണം ശി
ക്ഷിച്ചുകൊള്ളേണ്ടതു — അപ്രകാരം പ്രിയമുള്ളവരെ നിങ്ങൾ സഭയുടെ
പേർക്കു ഈ സ്നാനത്തിന്നു സാക്ഷികളും ഇപ്രകാരമുള്ള ശിശുവിനെ യെ
ശുനാമത്തിൽ ഏറ്റുകൊള്ളുവാൻ പ്രത്യേകം മുതിരേണ്ടവരും ആകു
ന്നാൽ — ഇങ്ങിനെ ദൈവത്തിൻ മുമ്പാകെ പ്രാർത്ഥനയിൽ കൂടക്കൂടെ ഓർത്തും
ജ്ഞാനത്തിലും വരത്തിലും ഉള്ള സൌഖ്യത്തിന്നു മുട്ടുള്ളതെല്ലാം തീർത്തുംകൊ
ണ്ടു നിങ്ങളാലാകുന്നെടത്തോളം ശ്രമിക്കയും വേണ്ടതു.

എന്നാൽ ഈ ശിശു സ്നാനം ഏല്ക്കുന്ന വിശ്വാസം ഇന്നതെ
ന്നു വരുത്തുവാനായി ഞാൻ ഈ ചോദ്യങ്ങൾക്കു ഉത്തരം ചൊല്ലുവിൻ

൧.) സ്വർഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവാകുന്ന സർവ്വശക്തനായ പി
താവായിരിക്കുന്ന ദൈവത്തിങ്കൽ നിങ്ങൾ വിശ്വസിക്കുന്നുവൊ —

അവന്റെ ഏകപുത്രനായി നമ്മുടെ കർത്താവാകുന്ന യേശുക്രിസ്തു
വിങ്കലും ആയവൻ വിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉ
ല്പാദിതനായി ജനിച്ചു എന്നും പൊന്ത്യ പിലാത്തന്റെ കീഴ് കഷ്ടമനു
ഭവിച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി എ
ന്നും — മൂന്നാം ദിവസം ഉയിർത്തെഴുന്നീറ്റു സ്വർഗ്ഗാരോഹണമായി സർവ്വ
ശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു
എന്നും അവിടെ നിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്ത

തീൎപ്പാൻവരും എന്നും വിശ്വസിക്കുന്നുവൊ-

വിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധസാ
ധാരണ സഭയിലും പാപമൊചനത്തിലും ശരീരത്തൊടെ ഉയിൎത്തെ
ഴുനീല്ക്കുന്നതിലും നിത്യജീവനിലും വിശ്വസിക്കുന്നുവൊ-

എന്നാൽ ഉവ്വ ഞങ്ങൾ വിശ്വസിക്കുന്നു എന്ന ചൊല്ലുവിൻ-

൨.) നിങ്ങൾ പിശാചിനൊടും അവന്റെ സകല ക്രിയകളൊടും ലൊ
കത്തിന്റെ ആഡംബരമായവകളൊടും ജഡത്തിന്റെ സകല
മൊഹങ്ങളൊടും മറുത്തു പറയുന്നുവൊ

എന്നാൽ ഉവ്വ ഞങ്ങൾ മറുത്തു പറയുന്നു എന്ന ചൊല്ലുവിൻ

൩.) വിശെഷാൽ പിതാപുത്രൻ സദാത്മാവായ വിശുദ്ധ ദൈവ
ത്തിന് എന്നും വിശ്വസ്തരാവാനും അവന്റെ വചനപ്രകാരം നട
ന്നുകൊള്ളുവാനും നിശ്ചയിക്കുന്നുവൊ

എന്നാൽ ഉവ്വ ഞങ്ങൾ നിശ്ചയിക്കുന്നു എന്ന ചൊല്ലുവി
ൻ-

൪.) (അമ്മയപ്പന്മാരൊട്) നിങ്ങളുടെ ശിശുവിന് ഈ വിശ്വാസ
ത്തിൽ സ്നാനവും ക്രിസ്ത്യാനൎക്കു യൊഗ്യമായ ബാലശിക്ഷയും വ
രണം എന്ന മനസ്സൊ

എന്നാൽ മനസ്സുണ്ടു എന്ന ചൊല്ലുവിൻ

൫.) (സാക്ഷിമാരൊട്) ഈ സ്നാനത്തിന്നു സാക്ഷികളായുള്ളൊരെ
ഈ ശിശുവിനെ കൎത്താവിന്റെ ബാലശിക്ഷയിലും ചൊദ്യൊപദെ
ശത്തിലും പൊററി വളൎത്തുവാൻ നിങ്ങൾ സഭയുടെ നാമത്തിൽ സഹാ
യം ചെയ്യുകയതിനൊക്കും എന്ന മനസ്സൊ

എന്നാൽ മനസ്സുണ്ടു എന്ന ചൊല്ലുവിൻ-

[അല്ലെങ്കിൽ

(എന്നാൽ ഈ ശിശുവിന്നു ഇസ്രാമിക്കുള്ളതിന്നുവകാരം

ചൊല്ലിക്കൊടുക്കുന്നത്

നമ്മുടെ വിശുദ്ധ വിശ്വാസത്തിന്റെ സ്വീകാരവും അതിനെ അംഗീകരിക്കുന്നവർ കൈക്കൊള്ളേണ്ടുന്ന നിർണ്ണയവും നാം കേൾക്കുമാറാക—

൧. സ്വർഗ്ഗങ്ങൾക്കും —— നാം വിശ്വസിക്കുന്നു

അവന്റെ മകനാ —— നാം വിശ്വസിക്കുന്നു

വിശുദ്ധാത്മാവിലും —— നാം വിശ്വസിക്കുന്നു

൨. പിശാചിനെയും —— നാം മറുത്തുപറയുന്നു

൩. പിതാപുത്രൻ സദാത്മാ— നാം നിശ്ചയിക്കുന്നു-]

പിന്നെ ശിശുവിന്റെ തലമേൽ മൂന്നുരു വെള്ളം ഒഴിച്ചു ചൊല്ലേണ്ടിയത്

(ഇന്നവനെ) ഞാൻ പിതാപുത്രൻ വിശുദ്ധാത്മാവാകുന്ന ദൈവത്തിൻ നാമത്തിൽ നിനക്കു സ്നാനം തരുന്നു-

(ശിശുവിന്മേൽ വലംകൈ വെച്ചിട്ടു)

(ഇന്നവനെ) നമ്മുടെ കർത്താവായ യെശുക്രിസ്തന്റെ സർവ്വശക്തനായ പിതാവ് നിനക്കു പുനർജ്ജന്മം കൊടുത്തിരിക്കയാൽ യെശുക്രിസ്തുമൂലം തന്റെ സകല കരുണകളും സമ്മാനിക്കയല്ലാതെ വിശുദ്ധാത്മാമൂലം നിത്യജീവങ്കലെക്ക നിന്നെ ശക്തനാക്കുകയാവു- ആമെൻ

അല്ലെങ്കിൽ

(ഇന്നവനെ) സ്വപുത്രനായ യെശുക്രിസ്തന്റെ കൂട്ടായ്മയിൽ വിശുദ്ധസ്നാനത്താൽ നിന്നെ ചെർത്തുകൊണ്ട സർവ്വവല്ലഭനായ ദൈവവും പിതാവുമായവൻ നിന്നെ അവസാനം വരെ തന്റെ കരുണയിൽ പരിപാലിച്ചു തൻ ആത്മാവിൻ മൂലം നിത്യജീവങ്കലെക്ക നിന്നെ വിശുദ്ധീകരിക്കുമാറാക— ആമെൻ

അല്ലെങ്കിൽ

(ഇന്നവനെ) നമ്മുടെ കാൎയ്യവാദിയായ യെശുക്രിസ്തുവിന്റെ പിതാവും ദൈ
വവും ആയവൻ നിന്നെ വിശുദ്ധന്മാരിൽ കൃപയൊ സൽക്കരിക്ക
നി വിശ്വാസത്തെ കാത്തു ലൊകത്തെ ജയിച്ചു അവന്റെ ശക്തിയി
ൽ നിത്യജീവനൊളം ഉറെച്ചു നില്ക്കുമാറാക — ആമെൻ.

നാം പ്രാൎത്ഥിക്ക

സൎവ്വശക്തിയും മഹാകരുണയും ഉള്ള ദൈവമായ പിതാവെ നിന്റെ
സഭയെ നീ കരുണയാലെ പരിപാലിച്ചു വൎദ്ധിപ്പിക്കുന്നവനും ഇന്ന
ശിശുവിനെ സ്നാനം മൂലം നിന്റെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷ
കനും ആയ യെശുക്രിസ്തനിലും അവന്റെ സഭയിലും ചെൎത്തു
കൊണ്ടു നിന്റെ മകനാ(ളാ)ം സ്വൎഗ്ഗീയ വസ്തുവകകൾക്കു അവകാശിയും
ആക്കിയവൻ ആകയാൽ നിനക്കു സ്തോത്രവും വന്ദനവും ആക — നി
ന്റെതായ ഈ ശിശുവിനെ നീ കനിഞ്ഞു ഇന്നകുട്ടിയെ(ളെ) കാരത്തി
ൽ നില്പാറാക്കി നിന്റെ പ്രസാദത്തിന്നു ഒത്തവണ്ണം ദൈവഭക്തിയി
ലും വിശ്വാസത്തിലും വളൎത്തപ്പെടുവാനും ഈ ലൊകത്തിൽ പരീക്ഷക
ളിൽ നിന്റെ അനുസരണമുള്ളവനാ(ളാ)യി നില്പാനും നിന്റെ
നാമത്തിൻ സ്തുതിക്കായി എല്ലാ വിശുദ്ധന്മാരൊടും ഒന്നിച്ചു വാഗ്ദത്തം
ചെയ്യപ്പെട്ട പരമാവകാശത്തെ പ്രാപിപ്പാനും യെശുക്രിസ്തു മൂലം തു
ണ്ടിരക്ഷിക്കെണമെ — ആമെൻ. W.

അല്ലെങ്കിൽ

കരുണയുള്ള പിതാവെ — ഈ ശിശുവിനെ നീ കടാക്ഷിച്ചു സ്നാന
ത്താൽ ക്രിസ്തനൊടു ചെൎത്തു വിശുദ്ധ സഭയുടെ അവയവമാക്കിയതി
ന്നു നിനക്കു ഞങ്ങൾ സ്തോത്രം പറയുന്നു — ഇവൻ (ൾ)
പാപത്തിന്നു മരിച്ചു നീതിക്കായി ജീവിക്കാം — ക്രിസ്തന്റെ മരണ
ത്തിലെ സ്നാനത്താൽ അവനൊടു കൂടെ കുഴിച്ചിടപ്പെട്ടു ചാവുന്നിത

ത്തിന്നു നിത്യം വരെണ്ടതിന്നു പഴയ മനുഷ്യനെ നിത്യം ക്രൂശിപ്പാറാ
ക-തന്റെ മരണത്തിൻ സാദൃശ്യത്തോട് ഏകീഭവിച്ചതുകൊണ്ടു പു
നരുത്ഥാനത്തോടും ആക-ഇപ്രകാരം എല്ലാം നീ വരുത്തി തന്റെ
സകല വിശുദ്ധ സഭയോടും കൂടെ തന്റെ നിത്യരാജ്യത്തിന്നു കർത്താ
വായ യെശുക്രിസ്തുമൂലം അവകാശിയാക്കി തീർക്കണമെ-ആമെ
ൻ- C.P.

(ഒടുക്കം ആശീർവ്വാദം)

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്ക-
യഹൊവ തിരുമുഖത്തെ നിങ്ങളിലെക്കു
പ്രകാശിപ്പിച്ചു കരുണ ചെയ്ക- യഹൊവ
തിരുമുഖത്തെ നിങ്ങളുടെ മെൽ ഉയർത്തി നി
ങ്ങൾക്കു സമാധാനം ഇടുമാറാക-ആമെൻ-

൨. പ്രായമുള്ളവന്റെ സ്നാനം

കർത്താവിൽ പ്രിയമുള്ള സഹൊദരന്മാരെ സകല മനുഷ്യരും പാ
പത്തിൽ ഗർഭധാരണമായി പാപത്തിൽ പിറന്നു എന്നും ജഡത്തിൽ
നിന്നു ജനിച്ചത് ജഡമാകുന്നു എന്നും ജഡത്തിൽ ഉള്ളവരൊ ദൈ
വപ്രസാദം വരുത്തിക്കൂടാതവണ്ണം വീഴ്ചകളിലും പാപങ്ങളിലും മരി
ച്ചവർ ആകുന്നു എന്നും നാം അറിയുന്നു- എന്നാൽ മെലിൽ നിന്നു ജ
നിച്ചില്ലെങ്കിൽ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനി
ച്ചില്ലെങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴിക
യില്ല എന്നു നമ്മുടെ രക്ഷിതാവായ യെശുക്രിസ്തൻ ചൊല്ലിയിരിക്ക
ന്നു—അതുകൊണ്ടു പിതാവായ ദൈവം തന്റെ കനിവുകളിൻ പെ
രുമപ്രകാരം സ്വഭാവത്താൽ വരാത്തതിനെ ഇവിടുന്നവന്ന് (വ
ർക്ക—വർക്കു) കൊടുക്കെണ്ടതിന്നും ഇവൻ (ഇ-ർ) ജലത്തിലും വിശുദ്ധാ
ത്മാവിലും സ്നാനം ഏറ്റു ക്രിസ്തന്റെ വിശുദ്ധസഭയിൽ ചെർന്നു ചെ

ൽ സ്ഥിരമുള്ള അവയവമായിരുന്നാലും ചമയങ്ങളിന്നാംകൊ
ണ്ട പ്രായശ്ചിത്തമാക —

ദയയും കനിവും ഉള്ള ദൈവമായ പിതാവെ മഹാദയയും അ
ളവില്ലാത്ത ജ്ഞാനവും അളവില്ലാത്ത ശക്തിയുമുള്ളാവെ — നി
ങ്ങളിൽ ചെയ്തുവന്ന സകല കരുണകളും എന്നും ചെയ്തുകൊണ്ടിരിക്കു
ന്ന അതിശയങ്ങൾക്കും സ്തോത്രവും വന്ദനവും ചൊല്ലുന്നു — നിന്റെ സാ
ദൃശ്യത്തിൽ നീ മനുഷ്യനെ തെറ്റില്ലാതെ സൃഷ്ടിച്ചു അവൻ പാപത്തി
ൽ വീണ തെറ്റില്ലാതെ ചമഞ്ഞ ശേഷവും നിന്റെ പ്രിയ പുത്രനാ
യ യേശുവെ മിശിഹാ കർത്താവിന്റെ ആത്മദാനത്തിൻ പ്രകാരം മനുഷ്യ
ർക്ക സമ്മാനിച്ചിരിക്കുന്നു — അവ മൂലം എല്ലാവർക്കും രക്ഷ പ്രാപിപ്പാൻ
സത്യത്തിന്റെ വഴി ജ്ഞാനത്തിൽ ചെയ്തുവരും നിന്റെ വാക്കിലെ ആ
ത്മാവ് സകല ജാതികളെയും സുവിശേഷം കൊണ്ട് കൂടിച്ചേർക്കുന്ന —
യച്ചിപ്പാൻ കഴിയുന്ന ആരെയും നീ വെറുക്കുന്നതും നിന്റെ അ
ടുക്കെ വരുന്ന ആരെയും തള്ളുന്നതും ഇല്ല —

നിന്റെ വചനത്തോടും കൂടെ നിന്റെ ശുദ്ധ ചൊല്ലുകളെയും ഞങ്ങ
ളുടെ രക്ഷക്കായി ക്രിയാസാധനങ്ങളാക്കി നിയമിച്ചിരിക്കുന്നു —
എളിയ അടിയങ്ങളിൽ നീ ചെയ്യുന്ന ദയകളുടെ സ്തോത്രത്തോ
ടും ഒപ്പിച്ചുകൊണ്ടിരിക്കുന്നു — ഇവിടെ നില്ക്കുന്ന നിന്റെ ദാസൻ (ദാസി —
ദാസർ) വിഗ്രഹാരാധനക്കാരിൽ (യഹൂദരിൽ —) ഉത്ഭവിച്ചുവരുന്ന
ശേഷം അന്ധകാരത്തിൽ നിന്ന് ഒഴിയുവാൻ സംഗതി വന്നതു നിന്റെ
അനുഗ്രഹകാരണങ്ങളാലും ചൊല്ലി നിരന്ന കനിവിനാലും അ
ത്ര സംഭവിച്ചു — മുമ്പെ ഇവൻ (ഇവൾ — ഇവർ) ക്രിസ്തുവെ കൂടാതെ ഇന്ദ്രിയ
ൽ വെറുതെ കൊണ്ടുപോയി വെടിഞ്ഞിരുന്നു (— —) പാപത്തിന്റെ വഴികളിൽ നി
ന്ന് അന്യനം (— —) ആയിരുന്നു — ഇപ്പോഴോ വലിയവനായവൻ (—)
ക്രിസ്തു യേശുവിങ്കലെ വിശ്വാസത്താൽ ഞങ്ങളുടെ ആത്മാവിനെ — നിന്റെ
പരിശുദ്ധാത്മാവ് സുവിശേഷത്താൽ അവനെ (— —) പ്രകാശിപ്പിച്ചു

പാപമൊചനത്തിൽ രക്ഷയുടെ അറിവു കൊടുത്തു ധൈൎയ്യത്തിൽ കണ്ടു ക്രൂശാത്തിനെ കാണിച്ചിരിക്കുന്നു — അവൻ സ്വരക്ഷിതാവായ ഏകദൈവത്തിലും അവന്റെ തെജസ്സിൻ അംശത്തിലും ദിവ്യാത്മാവിലും വിശ്വാസം മൂലം ആനന്ദിച്ചു തന്റെ ദയയെ സ്തുതിക്കുന്നു —

പിന്നെ വിശ്വസിച്ചും സ്നാനപ്പെട്ടുമുള്ളവൻ രക്ഷിക്കപ്പെടും എന്നതിൻ വരികയാൽ ഇന്നതിന്റെ ദാസനും (സി. ൻ) അങ്ങൾക്കു യും ഒത്തിച്ചു പ്രാൎത്ഥിക്കുന്നിതു — പിതാവെ ഇയനിൽ (ഗ്രി. ൽ - ൻ) നല്ല പ്രവൃത്തിയെ ആരംഭിച്ചതു സ്നാനമാകുന്ന തന്റെ മുദ്രയിട്ടു സദാത്മാവിനാൽ തികെക്കുന്നുണ്ടല്ലൊ — ദിവ്യദൈവമെ അവനിൽ (—) വിശ്വാസത്തെ ഉറപ്പിച്ചു പ്രത്യാശയെ വൎദ്ധിപ്പിച്ചു സ്നെഹത്തെ പൂൎണ്ണമാക്കി ആത്മാവിൻ വരങ്ങളെ ധാരാളമാക്കി അവൻ (—) മെൽ വക്കും കൊണ്ടു ക്രിസ്തനിൽ ആയനാൾ മുതൽ മുളെച്ചുവരുന്ന പുതിയ സ്വഭാവത്തെ വൎദ്ധിപ്പിച്ചു ജഡരക്തങ്ങളൊടും സാത്താനൊടും ലൊകത്തൊടും പൊരുതുന്ന പൊരിൽ തുണ നിന്നു അവനെ (—) അവസാനം വരെ നിന്റെ നല്ല പടയാളി (—) ആക്കിത്തീൎക്കെണമെ — തന്റെ നിയമത്തിൽ അവൻ (—) ഉറെച്ചു നില്ക്കുമാറു എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം അവന്റെ (—) ഹൃദയത്തെയും നിനവുകളെയും ക്രിസ്തുയെശുവിങ്കൽ കാക്കുക — പിന്നെ ചൊല്ലുന്നതു പൊലെ ഇവൻ (—) വിശ്വാസവും നല്ല മനൊബൊധവും നിൎമ്മലതകളും വിശ്വാസത്തിൽ നിന്നു പൊരുകയും അരുളുക ദൈവത്തിന്റെ ശക്തിയാൽ അവനെ (—) വിശ്വാസം മൂലം രക്ഷെക്കായി കാക്കുക —

എന്നത്രെ ഒക്കയും ഞങ്ങൾക്കു അരുളിചെയ്യുന്നതു നിന്റെ പ്രിയതമപുത്രൻ മൂലം തന്നെ — ആശീൎവ്വാദത്തിൽ പിന്നാൽ സഭെക്കു തരപ്പെട്ടും അവൻ ... പിന്നാൽ സഭെക്കു ... എന്നു അവനെല്ലാ ചൊല്ലിക്കൊടുക്കുന്നു —

അതുകൊണ്ടു ഈ അടിയാൻ (പേ–ർ) ഇവരുടെ യാചിക്കുന്നപ്രകാരം പ്രാപി ച്ചുകൊള്ളുവാനായിട്ടു ഞാൻ പാപി— യോഗ്യതയില്ലാത്തവനെങ്കി ലും കനിഞ്ഞിട്ടു തിരുകൃപാരാജ്യത്തിൻ വാതിൽ അവന് (–) തുറന്നു തന്റെ ശേഷം അവനും (–) അങ്ങേക്കു എല്ലാവർക്കും സ്വർഗ്ഗരാജ്യ ത്തിന്നുള്ള വാതിൽ തുറന്നുതരേണമെ— ആമെൻ-

(സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ)

കർത്താവിൽ പ്രിയമുള്ളവരെ (–) ഉയിർത്തെഴുനീറ്റ നമ്മുടെ കർത്താവ് തന്റെ ശിഷ്യരോട് വിശുദ്ധ സ്നാനത്തെ കുറിച്ചു പറഞ്ഞ വചന ങ്ങളെ കേൾക്ക—

സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്ക പ്പെട്ടിരിക്കുന്നു— (ആകയാൽ) നിങ്ങൾ പുറപ്പെട്ടു പിതാ പുത്രൻ വി ശുദ്ധാത്മാവ് എന്നീ നാമത്തിലെക്കു സ്നാനം ഏല്പിച്ചുകൊണ്ടും ഞാൻ നിങ്ങളോ ടു കല്പിച്ചവ ഒക്കെയും പ്രമാണിപ്പാൻ അവരെ ഉപദേശിച്ചും ഇങ്ങനെ സ കല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ— ഞാനൊ ഇതാ യുഗസമാ പ്തിയോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു— (മത്താ. ൨൮.) ഈ ത്രി യേകദൈവത്തിന്റെ വഴിയിൽ നീ ഉപദേശിക്കപ്പെട്ടു ശിഷ്യനാവാൻ മ നസ്സുതോന്നിയതുകൊണ്ടു ഈ സഭയുടെ മുമ്പിൽ നീ ഹൃദയം കൊണ്ടു വിശ്വ സിച്ചതിനെ വായ്കൊണ്ടു സ്വീകരിപ്പാനും അവന്റെ കൃപാനിയമത്തിൽ ചേർപ്പാനും നിന്നെ അതിന്നു ക്ഷണിക്കുന്നു—

൧.) സ്വർഗ്ഗങ്ങൾക്കും— നീ വിശ്വസിക്കുന്നുവൊ
എന്നാൽ ഉവ്വ ഞാൻ വിശ്വസിക്കുന്നു എന്നു ചൊല്ലുക

൨.) പിശാചിനെയും— മറുത്തുപറയുന്നുവൊ
എന്നാൽ ഉവ്വ ഞാൻ മറുത്തുപറയുന്നു എന്നു ചൊല്ലുക.

൩.) വിശേഷാൽ പിതാ— നിർണ്ണയിക്കുന്നുവൊ
എന്നാൽ ഉവ്വ ഞാൻ നിർണ്ണയിക്കുന്നു എന്നു ചൊല്ലുക.

൪.) ഈ വിശ്വാസത്തിൽ സ്നാനം ഏല്ക്കേണം എന്നു മനസ്സൊ.

പ്രായമുള്ളവന്റെ സ്നാനം

എന്നാൽ മനസ്സുണ്ട എന്നു ചൊല്ലുക-

പിന്നെ തല കഴുകി ഞൊറിയില്ലെ സ്നാനം ചെയ്യുമ്പൊൾ പറയെ

ണ്ടത്

(ആനായനെ) ഞാൻ പിതാപുത്രൻ റൂഹാദക്കുദശാവാകുന്ന ദൈവത്തിന്റെ നാമത്തിൽ നിന്നെ സ്നാനം ചെയ്യിക്കുന്നു

അനന്തരം മീത്തൽ പറഞ്ഞ ആശീർവാദങ്ങളിൽ

ഒന്നു- ഒടുക്കം- നിന്നൊടു സമാധാനം ഉണ്ടായിരിക്ക-

അല്ലെങ്കിൽ

ഇനി പ്രിയസഹോദരനെ ജീവിക്കുന്നതു നീയായിട്ടല്ല ക്രിസ്തുവിൻ അത്രെ നി ന്നിൽ ജീവിക്ക- ഇനി നീ ദേഹത്തിൽ ജീവിക്കുന്നതൊ നിന്നെ സ്നെഹിച്ചു നിനക്ക വെണ്ടി തന്നെത്താൻ ഏല്പിച്ചുതന്ന ദൈവപുത്രനി ലെ വിശ്വാസത്തിൽ ജീവിക്കാകെണമെ- ആമെൻ-

നാം പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവമെ സ്വർഗ്ഗസ്ഥനായ പ്രിയ പിതാവെ- നി ന്റെ സഭയെ നിന്റെ കൃപയാലെ താങ്ങി വർദ്ധിപ്പിക്കുന്നതിനാലും ഇനി ന്റെ ദാസനെയും (-സി-) അതിനൊടു ചെർത്തിരിക്കയാലും നിന ക്ക സ്തൊത്രവും വന്ദനവും ആക- ഇപ്പൊൾ വിശുദ്ധസ്നാനം മുഖാന്ത രമായി അവൻ (-) നിന്റെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷിതാവും ആയവന്റെ അവയവവും (-) നിന്റെ മകനും (-) സക ലസൃഷ്ടിയമുതലിന്നും അവകാശിയും (-) ആകുമല്ലൊ- ഇതല്ലാതെ ച്ച രക്ഷകിൽ അവനെ (-) അപ്പനായി പരിപാലിച്ചു പൊറിസ ത്യ വിശ്വാസത്തിലും ദൈവഭക്തിയുള്ള നടപ്പിലും വർദ്ധിപ്പിച്ചു തല യാകുന്ന ക്രിസ്തുവൊളം എല്ലാംകൊണ്ടും വളരുമാറാക്കി സകലജ്ഞാ നത്തിലും വിശുദ്ധീകരണത്തിലും തികഞ്ഞ പുരുഷപ്രായം എത്തി

ച്ചുകളെണ്ണമെ — യാതൊരുത്തരുകൂടെയും പ്രയത്നിച്ചാരും ഉപവാ
സവും മുതലായവയും എന്നന്നേക്കുമായി നിന്റെ സന്നിധിയിൽ നി
ന്നവനെ തെറ്റിച്ചു കളയാതെ — വാഗ്ദത്തം ചെയ്തവയാകുന്ന
തൊക്കെയും വിശുദ്ധരോടും കൂടി ചേർന്നു ഞങ്ങൾ (—) പ്രാപിക്കേണ്ട
തിന്നു നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമിശി
ഹാ മൂലം അപേക്ഷിക്കുന്നു — ആമെൻ. S.t.d

അല്ലെങ്കിൽ

ഞങ്ങളുടെ പ്രിയ കർത്താവും ദൈവത്തിൻ പുത്രനും ആയ യേശുമിശി
ഹാ — നീ പണ്ടേ പറഞ്ഞിരുന്നു — ദുഷ്ടരാകുന്ന നിങ്ങൾ നല്ലവരാ
കുന്നതിനു പ്രാർത്ഥിക്കുന്നതിൽ സ്വർഗ്ഗസ്ഥനായ പിതാ
വ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധി
കം കൊടുക്കും (ലൂക്ക. ൧൧) എന്നുള്ളതല്ലാതെ — ഭൂമിമേൽ നിങ്ങ
ളിൽ ഇരുവർ യാചിക്കുന്ന ഏതു കാര്യം കൊണ്ടും ഐക്യപ്പെ
ട്ടുകയിൽ അതു സ്വർഗ്ഗസ്ഥനായ എൻ പിതാവിൽ നിന്നു അവ
ർക്കു ഭവിക്കും (മത്താ ൧൮) എന്നും ഉണ്ടല്ലോ — എന്നാൽ ഇന്നത്തെ
ദിവസം ഏറ്റവും സഹോദരനെ (—) വിശുദ്ധാത്മാവിനെ കൊണ്ടു ബ
ലപ്പെടുത്തി വിശുദ്ധ [illegible] അനുസരണത്തിൽ ഉറപ്പി
ച്ചു താങ്ങിപ്പിടിച്ചു [illegible] സ്വന്ത ബലഹീനതയെയും [illegible]
ത്തു [illegible] കർത്താവേ — അവൻ (—) വിശുദ്ധാത്മാവിനെക്കൊണ്ടും [illegible]
[illegible] ഇടർച്ച [illegible] വരുത്തു [illegible]
[illegible] ചെയ്ത പ്രകാരം നിന്റെ സ്വർഗ്ഗ
[illegible] മറ്റവരോടു [illegible] ഒക്കെയും [illegible]
[illegible] ആമെൻ.

[illegible] ഇത്യാ

൭ — oe St.

൩.—അന്തിവെളിച്ചത്തിലെ ജപം

കൎത്താവായ യെശുക്രിസ്തുവെ ഞങ്ങൾ നിന്നെ കുമ്പിടുന്നു ഞങ്ങൾ കൊണ്ടു വന്ന സമസ്തങ്ങൾക്കും — നിന്റെ കരുണകളെ ഓൎത്ത ഞങ്ങൾ വരുവാൻ വിട്ടതിൽ ദൈവമാതാവും ഈ പ്രകാരമുള്ളവൎക്കു കരുണയും ചെയ്തതിനാൽ നിന്റെ ഇഷ്ടപ്രകാരം ജീവിച്ചതായിട്ട് ഇതിനെ ചെയ്തുകൊള്ളണമെ.

ഫിലെസ്സാനാനുഷ്ഠാനം. *br.*

II. സ്ഥിരീകരണം

നമ്മുടെ ആരംഭം ബോധങ്ങളെല്ലാം ഭൂമിയോടു ഉണ്ടാകി
യ ആശയങ്ങളുടെ നാമത്തിൽ ഉണ്ടാകുന്നതെ-
കൊണ്ടു ക്രിസ്തുവിൽ ശ്രീ ശുദ്ധിയുള്ളവരെ ജ്ഞാനബാലന്മാർ സ്ഥാനമൂലം
ഞങ്ങളെ കൂട്ടി ചേർച്ച ദൈവാലയങ്ങളിൽ ക്രിസ്തുമാർഗ്ഗക്കാരുടെ കാ
ര്യങ്ങളുടെ കാര്യവും നിർണ്ണയിക്കാനായി വന്നു മുമ്പിൽ നി
ന്നുകൊണ്ടു ജ്ഞാനസ്നാനം കൊടുക്കുന്ന [illegible]
ൻ [illegible]
പരിശുദ്ധ [illegible]
ആഗ്രഹം സാധിച്ചു- [illegible]

ജ്ഞാനബാലന്മാരെ [illegible]

യും അറിഞ്ഞു പരിപാലിച്ചിരിക്കയാൽ ഞങ്ങൾ സ്തുതിക്കുന്നു — നിന്നെയും നിന്റെ പ്രിയപുത്രനെയും അറിവാൻ അവരെ പഠിപ്പിച്ചതു നിന്റെ വലിയ ഉപകാരം തന്നെ — പ്രിയപിതാവെ ഇന്നും ഈ ബാലന്മാരെ യേശുവിന്നിമിത്തം കടാക്ഷിച്ചുകൊള്ളുക — ദിവ്യമുള്ള അറിവുകൊണ്ടു പ്രകാശമാക്കുക — വിശുദ്ധാത്മാവിൻ വരങ്ങളെ അവരിൽ വർദ്ധിപ്പിക്ക — ഗ്രഹിച്ച സത്യത്തിൽ അവരെ ഉറപ്പിച്ചു ഭക്തിയെ മുഴുപ്പിച്ചു ധന്യമായ മരണപര്യന്തം വിശ്വാസ്സരാക്കി തീർക്കേണമെ — ആമെൻ

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തു യേശുവിങ്കൽ കാക്കുക — ആമെൻ.

എന്നാൽ നിങ്ങളുടെ സ്വീകാരം കേൾക്കയാവു-

(സ്ഥിരീകരണത്തിന്നുള്ള ഉപദേശം എന്നപുസ്തകത്തിലെ ചോദ്യങ്ങളെ ചോദിക്ക — പക്ഷെ ൧ . ൩ — ൨൫ . ൩൭ — ൩൯ . ൪൧ — ൪൩ . ൬൬ — ൬൭ . ൭൩ . ൯൦ . ഇത്യാദികളുമുള്ള ചോദ്യങ്ങളെ കൂടാതെ ചോദിക്കാം — അവരവർ ഒരോന്നിന്നു ഉത്തരം പറഞ്ഞതിൽ പിന്നെ എല്ലാവരോടും ചോദിക്കേണ്ടുന്നതു)

൧ . ക്രിസ്തബാലന്മാരെ സുവിശേഷസാരമാകുന്ന ഈ വിശ്വാസത്തെ നിങ്ങൾ വായാലും ഹൃദയത്താലും സ്വീകരിക്കയും വിശ്വസിക്കയും നടപ്പിന്നു മാതിരിയാക്കുകയും ചെയ്വാൻ മനസ്സുണ്ടൊ

ഉത്ത. മനസ്സുണ്ടു

൨ . പിശാചിനോടും അവന്റെ സകല ക്രിയകളോടും ലോകത്തിന്റെ ആഡംബരമായകളോടും ജഡത്തിന്റെ സകല മോഹങ്ങളോടും മറുത്തു പറയുന്നുവൊ

ഉത്ത. ഞങ്ങൾ മറുത്തു പറയുന്നു

൯. — എങ്കിലൊ പിതാ പുത്രൻ സദാത്മാവായവന് എന്നും വിശ്വാ
സ്തരായി അവന്റെ ഇഷ്ടത്തിന്നും വചനത്തിന്നും ഒത്തവണ്ണം
വിശ്വസിച്ചു നടപ്പാനും കാഴ്ചപ്പെട്ടു മരിപ്പാനും നിശ്ചയിച്ചു
കൈക്കൊള്ളുന്നുവൊ —

ഉവ്വ ഞങ്ങൾ അപ്രകാരം പൂൎണ്ണമനസ്സോടെ
കൈക്കൊള്ളുന്നു ദൈവം തന്റെ ആത്മാവിൻ കൃപയും ശ
ക്തിയും നല്കി ഞങ്ങളെ കാക്കവെണ്ടു — ആമെൻ —

പിന്നെ ഒരൊ ബാലനും ബാലയും മുട്ടുകുത്തുക — തല
മെൽ വലകൈ വെച്ചു ചൊല്ലുന്നിതു

സൎവ്വസ്വനായ പിതാവ് യെശുക്രിസ്തൻ നിമിത്തം വിശുദ്ധാത്മാവിൻ
ദാനത്തെ നിന്നിൽ പുതുക്കി വൎദ്ധിപ്പിക്ക — നീ വിശ്വാസത്തിൽ ഉറെ
പ്പാനും ഭക്തിമുഴുപ്പാനും കഷ്ടത്തിൽ പൊറുപ്പാനും ക്രിസ്ത്യന്റെ
പ്രത്യാശയിൽ ആനന്ദിപ്പാനും തന്നെ — ആമെൻ —

അല്ലെങ്കിൽ

നമ്മുടെ കൎത്താവായ യെശുക്രിസ്തന്റെ പിതാവായവൻ തന്റെ മ
ഹത്വത്തിൻ ധനപ്രകാരം നിനക്ക് അകത്തെ മനുഷ്യനിൽ സദാത്മാവി
നാൽ ശക്തിയൊടെ ബലപ്പെടുമാറും ക്രിസ്തൻ വിശ്വാസത്താൽ നി
ന്റെ ഹൃദയത്തിൽ വസിച്ചു കൊള്ളുമാറും ദൈവത്തിന്റെ സക
ല പൂൎത്തിയോളം നിറഞ്ഞുവരുമാറും നല്കുമാറാക — ആമെൻ
(എഫെ. ൩.) —

അല്ലെങ്കിൽ

യെശുക്രിസ്തനിൽ തന്റെ നിത്യതെജസ്സിലെക്ക് നിന്നെ വിളിച്ചു
വരുത്തി സൎവ്വകൃപാവരമുള്ള ദൈവം താൻ നിന്നെ യഥാസ്ഥാനത്തി
ലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അടിസ്ഥാനപ്പെടുത്തുകയും നിത്യതെ

സ്ഥിരീകരണം

[illegible] എന്നെന്നേക്കും ഉണ്ടാകട്ടെ — ആമെൻ (൧ പെത്ര. ൫)

അല്ലെങ്കിൽ

സമാധാനത്തിന്റെ ദൈവമായവൻ നിന്നെ അശേഷം ശുദ്ധീകരിക്കിന്റെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുമാറാകട്ടെ — ആമെൻ (൧ തെസ്സ. ൫)

അല്ലെങ്കിൽ

സമാധാനത്തിന്റെ ദൈവം നിന്നെ അവന്റെ ഇഷ്ടം ചെയ്വാനായിട്ടു സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി നിന്നിൽ തനിക്കു പ്രസാദം ഉള്ളതിനെ യേശുക്രിസ്തുമൂലം നടത്തിക്കുമാറാകട്ടെ — ആമെൻ (എബ്രാ. ൧൩)

നാം ഇനി പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവവും കനിവേറിയ പിതാവുമായുള്ളോവെ എല്ലാനന്മയും ഞങ്ങളിൽ വിതെച്ചു നട്ടു വളർത്തി [illegible] വനെ — ഇപ്പോൾ ഈ ക്രിസ്തന്റെ [illegible] അവയവങ്ങളായി സത്യവിശ്വാസത്തിലും [illegible] നീ തന്നെ നിത്യം കാക്കേണമേ — [illegible] സത്യത്തിൽ നിന്നു തെറ്റിപ്പാൻ [illegible] കഴിവുണ്ടാകരുതെ — അവർ തലയാകുന്ന ക്രിസ്തുവിങ്കലേക്ക് എല്ലാംകൊണ്ടും വളർന്നുപോരികാ — സകല [illegible] [illegible] [illegible] അവർ [illegible]

ക്കും വിശുദ്ധാത്മാവിനും ഏക സത്യദൈവമെന്ന് അവർക്കെല്ലാ
മൽ അറിഞ്ഞു വിശ്വസിച്ചു കൊണ്ടും ഏതിനിമിത്തസ്നാനത്തിൽ വാങ്ങിയ
ലും നടപ്പിനാലും സ്ഥിരീകരിച്ചു കൊണ്ടും അധികാരികളെ ശിക്ഷിച്ചിരി
ന്റെ ക്രമമായ മഹിമപ്പെട്ടിരിക്കുന്ന അങ്ങുന്നുടെ കൂടെ വാക്യങ്ങളോ
ക്രിസ്തുമൂലം ഗുരുവെച്ചുകളെന്നമെന്നുമെന്ന്-

സമാധാനത്തിൽ വെച്ചിരിക്കുന്നതിൽ - പലർക്കും ഭൂമിയെ
യും ഉണ്ടാക്കിയ ദൈവമായവൻ നിങ്ങൾക്ക് അനുഗ്രഹിക്കപ്പെട്ടവർ
ആകുമെന്ന്-

അപ്പോസ്തോലൻ

സ്വർഗ്ഗസ്ഥപിതാവായ ദൈവം - തന്റെ പുത്രൻമൂലമായ ജ്ഞാ
നത്താലും നീതിയാലും രാജ്യത്തിന്റെ രഹസ്യങ്ങളെ അനേകർക്കു
വെളിപ്പെടുത്തിയതു പോലെ തന്നെ മനുഷ്യജാതിക്ക് വെളി
പ്പെടുത്തിയിരിക്കുന്ന നിങ്ങൾക്കു വാഗ്ദത്തം - തന്റെ പുത്രനായ യേ
ശുക്രിസ്തുവിനെയും അവന്റെ അതിവിശേഷത്തിൽ പരമാത്മാവെയും
മനുഷ്യരുടെ വിശ്വാസിച്ചും വാങ്ങിക്കൊണ്ട് സ്ഥിരീകരിച്ചും കൊള്ളുന്ന
അറിയിക്കേണ്ട ജ്ഞാനങ്ങളുടെ മക്കൾക്കും കൂടെ കൊടുക്കുന്ന മഹാത്മ
ക്കളായ ശിഷ്യന്മാർക്കു എല്ലാവരാലും നിങ്ങളുടെ പ്രസ്താവം ഉണ്ടാ
കു - ആ തന്റെ വിശുദ്ധാത്മാവിനെ കൊണ്ട് അവരുടെ ഹൃദയങ്ങ
ളെയും ഭാവങ്ങളെയും പ്രകാശിപ്പിച്ചു ബലം കൂട്ടി കൊടുത്തു ജ്ഞാ
നപ്പെട്ട വിശ്വാസത്തിലും ഭക്തിയിലും സ്ഥിരതയിലും ദിവ്യവസ്തു
ക്കളുടെ കൂടായ്മയിലും പങ്കുപ്പെട്ട ദൈവജനത്തോടു കൂടെ സംഗ
മം പ്രാപിപ്പാൻ സഹായിച്ചു കൊണ്ടു - തിരുനാമത്തിന്റെ ബഹുമാ
നത്തിനായിട്ട് അവർ വിശ്വാസത്തിന്നും സ്നേഹത്തിന്നും നിങ്ങ
ളുടെ കാര്യത്തിൽ കർത്താവിന്റെ സന്നിധിയിൽ ഉത്സാ
ഹിച്ചു നടക്കയും യത്നം ചെയ്തു ദൈവത്തിൽ നിത്യ

സ്ഥിരീകരണം

മോക്ഷം പ്രാപിക്കയും ചെയ്യുമാറാക — ഇതെല്ലാം ഞങ്ങൾക്കു വിനയത്തോ
ടെ അപേക്ഷിക്കുന്നതു നിന്റെ പുത്രനായ യേശുക്രിസ്തുമൂലം തന്നെ — ആ
യവൻ നിന്നോട്ടുകൂടെ സദാത്മാവിന്റെ ഒരുമയിൽ തന്നെ സ
ത്യദൈവമായി എന്നേക്കും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു — ആ
മെൻ —

യൊറൊവ തിങ്ങളെ ഞങ്ങ ഗ്രഹിച്ചുകൊള്ളുക — ഇത്യാദി. IV.

III. തിരുവത്താഴം

൧., തിരുവത്താഴത്തെ കൊണ്ടുള്ളത്

മുമ്പിലെ അദ്ധ്യായാവസാനത്തിൽ അറിയിക്കുന്ന പ്രകാരമായിട്ടു

ക്രിസ്ത്യസഹോദരന്മാരെ കർത്താവിൻ ഇഷ്ടമുണ്ടെങ്കിൽ വരുന്ന കർത്താവിൻ വാരത്തിൽ ഈ സഭയിൽ തിരുവത്താഴം കൊണ്ടാടും — അതിന്നായി യേശുക്രിസ്തന്റെ നാമത്തിൽ എല്ലാ സഭക്കാരെയും ക്ഷണിക്കുന്നു — അതിൽ ചേരുവാൻ മനസ്സുള്ളവർ ദൈവസഹായത്താലെ ഹൃദയങ്ങളെ നന്നെ ആരാഞ്ഞു ഒരുങ്ങിക്കൊള്ളാവൂ — ആയതിലെ ഒറിയത്തുപാസായനം ആർക്കും ന്യായവിധിയായിട്ടല്ല എല്ലാവർക്കും ദിവ്യാനുഗ്രഹമായി തീരേണം എന്നു നൊന്തങ്ങ് കല്ലാതെയും — അതുകൊണ്ടു ദൈവവചനം മാതിരിയാക്കി നിങ്ങളുടെ നടപ്പിനെ ശോധന ചെയ്തു വിചാരത്തിലും വാക്കിലും കർമ്മത്തിലും പിഴച്ച പ്രകാരം തോന്നും തോറും സത്യമായി അനുതാപപ്പെട്ടു കൊണ്ടും വിശുദ്ധ ദൈവത്തോട് ഏറ്റുപറകയും ഇനി അവന്റെ കരുണയാലെ ഗുണപ്പെടുവാൻ നിശ്ചയിക്കയും ചെയ്യേണ്ടതു — പിന്നെ ദൈവത്തോട് മാത്രമല്ല കൂട്ടുകാരരോടും പിഴച്ച പ്രകാരം കണ്ടാൽ അവരോട് ഇണക്കം വരുത്തി അന്യായം ചെയ്തതിന്നു തക്കവണ്ണം പ്രതിശാന്തി കൊടുപ്പാനും ഒരുമ്പെടേണ്ടതു — നിങ്ങളെ പകെച്ചവരെയും ദുഷിച്ചവരെയും ഓൎക്കുന്തോറും ദൈവം നിങ്ങളുടെ സകല കുറ്റങ്ങളെയും ക്ഷമിച്ചുവിടണം എന്ന് അപേക്ഷിക്കുന്നതു പോലെ തന്നെ അവർക്കും ക്ഷമിച്ചുവിടുവാൻ മനസ്സുണ്ടാകേണം — അല്ലാഞ്ഞാൽ തിരുവത്താഴത്തിൽ അനുഭവം ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്ന പ്രകാരമത്രെ — ആയതുകൊണ്ടു തടങ്ങലാകുന്നതു എല്ലാം നീക്കി അനുതാപവും വിശ്വാസവും ഉ

ഉള്ളൊരുക്കത്തോടെ കൎത്താവിൻ പന്തിയിൽ ചേരത്തക്കവണ്ണം കൎത്താവ് താൻ നിങ്ങളെ ഒരുക്കുക – അവനവന്റെ ഹൃദയാവസ്ഥയെ ശോധനക്കവണ്ണം ദിവ്യാത്മാവ് ഒരൊരുത്തനെ നടത്തി തിരുബലിയാലെ വിശ്വസിച്ചുകൊണ്ടു ക്രമത്താലെ നാം എല്ലാവരുടെ രക്ഷയും ദിവസ്സു ഇഹത്തിലും പരത്തിലും തന്നോടുള്ള കൂട്ടായ്മയെ പ്രത്യക്ഷമാക്കിതരികെയാവു – ആമെൻ. *W. C. P.*

൨. സ്വീകരണത്തിൻ ആചാരം

(തിരുവത്താഴത്തിന്റെ തലേദിവസത്തിൽ ഹൃദയങ്ങളെ ഒരുക്കിവരുത്തെ സ്വീകരിക്കേണ്ടതിന്നു കൂട്ടമ്പോൾ ചൊല്ലേണ്ടത്)

യേശുക്രിസ്തുവിൽ പ്രിയമുള്ളവരെ – കൎത്താവിന്റെ രാത്രിഭോജനത്തിൽ ചേരുവാൻ ഭാവിക്കുന്നവർ എല്ലാം പൌൽ അപൊസ്തലന്റെ വചനങ്ങളെ ഓൎക്കേണ്ടു – എന്തെന്നാൽ മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്രത്തിൽ കുടിച്ചുംകൊൾവാൻ – അപാത്രമായി ഭക്ഷിച്ചു കുടിക്കുന്നവൻ കൎത്താവിൻ ശരീരത്തെ വിവേചിക്കായ്കയാൽ തനിക്കു താൻ ശിക്ഷാവിധിയെ ഭക്ഷിച്ചു കുടിക്കുന്നു (൧ കൊ. ൧൧) – അതുകൊണ്ടു നാം വിധിക്കപ്പെടാതിരിപ്പാൻ വേണ്ടി നമ്മെ നാം തന്നെ വിസ്തരിച്ചുകൊള്ളുക – നമുക്കു പാപം ഇല്ല എന്നു പറഞ്ഞാൽ നമ്മെ നാം തെറ്റിക്കുന്നു നമ്മിൽ സത്യവും ഇല്ലാതെയാകുന്നു (൧ യൊ. ൧) – മനുഷ്യന്റെ ഹൃദയത്തിലെ വിചാരം ബാല്യം മുതൽ എല്ലാം എപ്പോഴും ദോഷമുള്ളതാകുന്നു (൧ മൊ. ൮) – ജഡത്തിൽ നിന്നു ജനിച്ചത് ജഡമത്രെ (യൊ. ൩) – വ്യത്യാസം ഒട്ടും ഇല്ലല്ലോ എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാതെ ചമഞ്ഞു (രോമ. ൩) കൎത്താവൊ ഹൃദയങ്ങളെയും അന്തരംഗങ്ങളെയും ശോധന ചെയ്യുന്നവനാകും അവന്റെ കണ്ണു

ന്റെ കരുണയും ജലസ്നാനമായിരിക്കുന്ന (എബ്രാ. ൪) ശോധനം ചെയ്ക
സാദൃശ്യനായി — ദുഷ്ടതയിൽ ആയില്ല — (സങ്കീ. ൫) പാപത്തിൽ വ
സിച്ചു കിടന്നാൽ കാരുണ്യത്താലും അനന്ദിക്കുന്ന ഹൃദയത്തോടും ദോഷ
ദൈവത്തിന്റെ ന്യായവിധി വെളിപ്പെടുന്ന കോപദിവസത്തിൽ നമ്മു
ക്കു തന്നെ കോപത്തെ ചരതിക്കുന്നു (റോമ. ൨) ന്യായവിധി ദൈവ
ത്തിൽ അവനവന്റെ ക്രിയകൾക്കു തക്കതായ ദണ്ഡനം ചെയ്യും മുഖപക്ഷം അവ
ന്റെ പക്കൽ ഇല്ല — അതുകൊണ്ടു നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടേണ്ട
തിന്നു മാനസാന്തരപ്പെട്ടു തിരിവിൻ (അപ്പൊ. ൩) ദുഷ്ടൻ തന്റെ
വഴിയെയും അന്യായക്കാരൻ തന്റെ വിചാരങ്ങളെയും വിട്ടു യഹോ
വയുടെ അടുക്കലേക്കു തിരിയട്ടെ (യശ. ൫൫) — നിങ്ങളുടെ മാർഗ്ഗങ്ങളെ
ശോധന ചെയ്തുകൊണ്ടു അക്രമങ്ങളെ വിചാരിച്ചുകൊണ്ടു ദൈവത്തി
ങ്കലേക്കു തിരിയേണം — നിങ്ങളിൽ വല്ലവനും അവിശ്വാസത്തോടെ
കൂടിയ ദുഷ്ടഹൃദയം ഉണ്ടായിട്ടു ജീവനുള്ള ദൈവത്തോടു പിന്മാറാ
തെ ഇരിപ്പാൻ നോക്കുവിൻ (എബ്രാ. ൩) — ഇന്നു അവന്റെ ശബ്ദം
കേട്ടാൽ ഹൃദയം കഠിനമാക്കരുതെ —

ഇപ്രകാരം എല്ലാം ദൈവവചനം നിങ്ങളുടെ അയോഗ്യതയെ
വർണ്ണിച്ചു മാനസാന്തരത്തിന്നു വിളിക്കുന്നു ക്രിസ്തുവിന്റെ ദിവ്യ കാരുണ്യത്തി
ന്റെ അത്യാശ്ചര്യത്തെയും അറിയിച്ചു കൊടുക്കുന്നു — എങ്ങിനെ എ
ന്നാൽ — എൻ ജീവനാണ ദുഷ്ടന്റെ മരണത്തിൽ എനിക്കു ഇഷ്ടമി
ല്ല — ദുഷ്ടൻ തന്റെ വഴിയെ വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അ
ത്രെ (യെഹെ. ൩൩) — അപ്പൻ മക്കളിൽ കനിയുന്ന പ്രകാരം യഹോ
വ തന്നെ ഭയപ്പെടുന്നവരിൽ കനിയുന്നു (സങ്കീ. ൧൦൩) —
മനം തിരിയുന്ന ഒരു പാപിയെക്കൊണ്ടു സ്വർഗ്ഗത്തിൽ സന്തോഷം ഉ
ണ്ടു (ലൂക്ക. ൧൫) — ദൈവം ലോകത്തെ സ്നേഹിച്ച വിധമാവിതു തന്റെ
ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ എല്ലാം നശിക്കാതെ
നിത്യജീവനുള്ളവൻ ആകേണ്ടതിന്നു അവനെ തരുവോളം

അനുസരിച്ചു (൨ കൊ. ൫) — പാപത്തെ അറിയാത്തവനെ നാം
അവനിൽ ദൈവനീതി ആകെണ്ടതിന്ന അവൻ നമുക്കു വെണ്ടി
പാപം ആക്കിയതുകൊണ്ട ദൈവത്തൊട നിരന്നവരാകയിൽ —
(൨ കൊ. ൫) നിങ്ങളുടെ സമാധാനത്തിന്നുള്ള വഴി ഉണ്ടാക്കിയതുകൊ
ണ്ടും നിങ്ങളുടെ ദൊഷികളെ രക്ഷിപ്പാൻ ബദ്ധപ്പെട്ടതിൽ — സത്യ
വചനത്തിൽ നിന്ന ഈ പ്രബൊധനവും വാഗ്ദത്തവും കെട്ടിട്ടു നാം
ധൈര്യത്തൊടു കൂടി നമ്മെ താഴ്ത്തി പാപങ്ങളെ ഏറ്റുപറഞ്ഞു ക
രുണയെ അപെക്ഷിച്ചു കൊണ്ടു ചൊല്ലുതാക —

ഈശ്വരവാസിയായ ഞാൻ സർവ്വശക്ത പിതാവിൻ മുമ്പി
ൽ ഏറ്റുപറയുന്നിതു — ഞാൻ പല വിധത്തിലും കൊടിയ പാപം
ചെയ്തുകൊണ്ടും — തിരുകല്പനകളെ പുറമെ ലംഘിച്ചു നടക്കുന്നതി
നാൽ മാത്രമല്ല ഉള്ളിൽ ആത്മാവിനെ കെട്ടുള്ള വിചാരങ്ങ ക
ളാലും തന്നെ — പല മടിവും നന്മ ചെയ്യുന്നതിൽ ഉപെക്ഷയും അഹ
ങ്കാരഗർവ്വും അന്യായ കൊപ സിദ്ധാന്തങ്ങളും ക്രൊധ ചെഷ്ടകളും
മായാസക്തി പ്രപഞ്ചാനുരാഗവും ജഡസംഗ മൊഹങ്ങളും ലൊ
ഭലൌകികഭാവങ്ങളും മറ്റും ഹൃദയത്തിൽ അനെകം ആയിട്ടുണ്ടാ
കകൊണ്ടു വലുതും ഏറുകയാൽ — ഞാൻ ദൈവക്രൊധത്തിന്നു പാത്രമായ വി
ഷികും ഇഹത്തിലും പരത്തിലും നാനാശിക്ഷകൾക്കും തരതന്നിലെ നി
ത്യനാശത്തിന്നും പാത്രമായ്പൊയതു സത്യം — ഈ എന്റെ പാപങ്ങ
ളെ ഒക്കെന്റെ കർത്താവായ ദൈവം അറിയുമ്പോലെ മുറ്റും അറിഞ്ഞു
കൊള്ളുവാൻ കഴിയാത്തവൻ എങ്കിലും ഞാൻ പശ്ചാത്താപം ദുഃഖിച്ചു
സങ്കടപ്പെടുന്നു — ദിവ്യപുത്രനായ യെശു ക്രിസ്തൻ നിമിത്തം ഈ തെ
റ്റും ക്ഷമിച്ചു വിട്ടും എന്നെ കരുണയൊടെ കടാക്ഷിക്കെണമെ എന്ന
ഞാൻ കെഞ്ചി യാചിക്കുന്നു — W

നിങ്ങളുടെ പാപങ്ങളെ ഉള്ളവണ്ണം അറിഞ്ഞും ഏറ്റുപ
റഞ്ഞും വിശ്വാസത്തൊടെ കർത്താവിൻ കരുണയും ക്ഷമയും യാ

ഷിച്ചും കൊണ്ടു ഉള്ളാരെക്കാളും എങ്കിൽ—നമ്മുടെ കൎത്താവായ യെ
ശുക്രിസ്തന്റെ പിതാവും ദൈവവുമായവൻ നിങ്ങളെ കനിഞ്ഞു കൊ
ണ്ടെയൊടെ ചെൎത്തുകൊൾവാൻ മനസ്സുള്ളവൻ തന്നെ—അവ
ന്റെ പ്രിയപുത്രനായ യെശുക്രിസ്തൻ കഷ്ടപ്പെട്ടു മരിച്ചുണ്ടാക്കിയ
പ്രായശ്ചിത്തം നിമിത്തം അവൻ നിങ്ങളുടെ സകലപാപങ്ങളെയും
ക്ഷമിച്ചിരിക്കുന്നു—അതുകൊണ്ടു നമ്മുടെ കൎത്താവായവന്റെ—ആരു
ടെ എങ്കിലും നിങ്ങൾ പാപങ്ങളെ മൊചിച്ചാൽ അവൎക്കു മൊചിക്കപ്പെ
ടുന്നു—ആരുടെ എങ്കിലും പിടിച്ചിരുത്തിയാൽ അവൎക്കു പിടിച്ചിരിക്കപ്പെട്ടിരി
ക്കുന്നു എന്നുള്ള ശ്രെഷ്ഠവചനത്തിൻ ശക്തിയെ ആശ്രയിച്ചു
ക്രിസ്തുസഭയുടെ വെലക്കാരനായി വിളിക്കപ്പെട്ട ഞാൻ ചൊല്ലുന്നിതു—
മനന്തിരിഞ്ഞു വിശ്വസിച്ചുള്ള നിങ്ങൾ സകലപാപത്തിൽ നിന്നും ഒ
ഴിവുള്ളവരും നിൎമ്മലന്മാരും ആകുന്നു—യെശുക്രിസ്തൻ തന്റെ കഷ്ട
മരണങ്ങളാൽ അദ്ധ്വാനിച്ചുണ്ടാക്കി സൎവ്വലൊകത്തിന്നും അതിരി
ഷ്ടൻ കല്പിച്ചിട്ടുള്ള മൊചനം പൊലെ തന്നെ നിങ്ങളുടെ സകലപാപ
ങ്ങൾക്കും നിറഞ്ഞു വഴിഞ്ഞിരിക്കുന്ന മൊചനം ഉണ്ടാക—പിതാവി
ൻ നാമത്തിൽ ഉറെച്ചു ഈ ആശ്വാസവചനത്തെ നിങ്ങൾ കൈക്കൊ
ണ്ടു അനുതാപിച്ചു മനസ്സാക്ഷിക്കു ശമിപ്പിക്കുന്ന ആധാരം ആക്കി
എന്റെ എന്റെ പാപത്തിന്നു മൊചനം ഉണ്ടെന്നുറെച്ചുകൊ
ണ്ടു ഉറെച്ചു വിശ്വസിക്കേണ്ടതു—പിതാപുത്രൻ പരിശുദ്ധാത്മാവ്
എന്ന ദൈവനാമത്തിൽ തന്നെ—

എന്നാൽ മനന്തിരിയാതെയും വിശ്വസിക്കാതെയും ഉള്ള
വർ ഒക്കയും പാപങ്ങൾ അവൎക്കു പിടിച്ചിരിക്കപ്പെട്ടു എന്നും അവൎക്കു
മാനസാന്തരം ഉള്ളാഞ്ഞാൽ ദൈവം നിശ്ചയമായിട്ടു ശിക്ഷിക്കും
ഉള്ളു എന്നും കൎത്താവും രക്ഷിതാവുമായ യെശുക്രിസ്തന്റെ നാമത്തി
ൽ കൂടെ ഞാൻ അറിയിക്കുന്നു അവർ മനന്തിരിഞ്ഞു സുവിശെഷം
വിശ്വസിച്ചു ദൈവത്തൊടു നിരന്നുവരെണ്ടതിന്നു പ്രബൊധി

സ്വീകരണം - *h S*

അരുളപ്പാടിൽ (വിശേഷാൽ സമാപ്തം സ്വീകരിക്ക
ബോധ ഹസ്താഷ്ടങ്ങളൊടെ)

ലോകത്തിന്നു ന്യായം വിധിപ്പാനല്ല ലോകത്തിന്നു രക്ഷ ഉണ്ടാകേണ്ടതി
ന്നത്രെ ലോകത്തിൽ വന്നവനായി — അദ്ധ്യാത്മികവും ഭോജ്യവുമ
ന്നം കൊടുക്കുന്നവരെ ഒക്കെയും ശരണപ്പെടുത്തുവാൻ തന്റെ ശരീരത്തെ
ഭക്ഷ്യ പേയവുമായി വിശ്വസിക്കുന്നവൻ — എന്നിൽ ഭരമേല്പിച്ചതിന്നു
ആയവൻ നിത്യം (നിങ്ങളൊട്ടു) ചൊല്ലുന്നിതു ദൈവത്തിൻ (—) കു
ഞ്ഞാടിന്റെ (—) പാപങ്ങൾ നീക്കുന്ന (—) ദൈവകുഞ്ഞാടെ നീ കനി —
— *S L.*

നാം പ്രാർത്ഥിക്ക.

സർവ്വശക്തിയുള്ള സ്വർഗ്ഗസ്ഥപിതാവെ - നിന്റെ കനിവിന്റെ വലി
പ്പത്താൽ ഏകപുത്രനായ യേശുക്രിസ്തുവിനെ അയച്ചുതന്നു ക്രൂശിന്മേ
ൽ മരണത്താൽ ഞങ്ങളുടെ വീണ്ടെടുപ്പിന്നായി മരിപ്പാൻ ഏല്പി
ച്ചതിനാൽ നിനക്കു സ്തോത്രം ഉണ്ടാക — തന്നെത്താൻ ബലിയാക്കി
യതിനാൽ അവൻ സർവ്വലോകത്തിൻ പാപങ്ങൾക്കും ഒരു നിത്യം മതിയാ
യുള്ള പ്രായശ്ചിത്തം അനുഷ്ഠിച്ചു നിരപ്പിനെ ചൊല്ലി ഞങ്ങ
ൾക്കു ശുശ്രൂഷക്കാരെ കൊണ്ടു ഞങ്ങൾക്കും പാപങ്ങളുടെ മോചനത്തെ
അറിയിച്ചുതന്നതിനാൽ ഞങ്ങൾ വാഴ്ത്തുന്നു — കനിവേറിയ പിതാവെ
ഞങ്ങൾ അവന്റെ തിരുമൊഴിപ്രകാരം അവൻ വരുവോളം ആ മരണം
പ്രസ്താവിപ്പാൻ തക്കവണ്ണം ദയവുണ്ടാകേണമെ — ഞങ്ങളുടെ സ്വനീതി
യെ ആശ്രയിച്ചിട്ടല്ല ഞങ്ങൾ നിന്റെ പന്തിയിൽ ചേരുവാൻ തുനി
യുന്നതു നിന്റെ മഹാകരുണയെ ആശ്രയിച്ചിട്ടത്രെ — നിന്റെ മേശ
യിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങളെ പോലും പെറുക്കുവാൻ ഞ
ങ്ങൾ പാത്രമല്ല — എങ്കിലും നിന്റെ ദയാലുത്വം എല്ലായ്പോഴും ഒരു പോലെ

ന്നെ ഞങ്ങൾ ജ്ഞാനം നിന്റെ കരുണമൂർത്തിയാതെ രാവിലെയൊടിലെ
പുത്രന്മാർക്കും വിശ്വാസ്യതയും ഉള്ളവർ ആകുന്നു — അതുകൊണ്ടു ഞ
ങ്ങൾ നിന്റെ പുത്രനായ യെശുക്രിസ്തന്റെ മാംസം ഭക്ഷിച്ചു രക്തം
കുടിക്കുന്നതിനാൽ ദെഹവും ദെഹിയും പാപങ്ങളിൽനിന്നു ശുദ്ധി
വരാക്കി പുഷ്ടിപ്പെട്ടു ഞങ്ങൾ എന്നും അവനിലും അവൻ ഞങ്ങളി
ലും വസിപ്പാൻ തരുണമെ — ആമെൻ C.P.

അല്ലെങ്കിൽ

കരുണയുള്ള ദൈവവും പിതാവും ആയവനെ — നിന്റെ ഉത്രത്തിലെ
യാടെയും ഇഷ്ടത്താൽ പുത്രനായ യെശുക്രിസ്തനെ നൊക്കി സകല
വായറും കഷ്ടമിക്കയാൽ ഞങ്ങൾ സ്തുതിച്ചു വാഴ്ത്തുന്നു — വിശ്വാസത്താൽ
ദൈവമെ നിന്റെ കൃപയിൽ ഞങ്ങളെ കാത്തു രക്ഷിക്കയും
ഇവിടെ പാപങ്ങളെ ക്ഷമിപ്പാനും സാത്താന്റെ സകല പരീക്ഷക
ളൊട്ടും വിശ്വാസത്തിൽ ചെറുത്തു നില്പാനും സത്യത്തിന്റെ നീതിയിലും
പവിത്രതയിലും നിന്നെ സെവിപ്പാനും ബലം നല്കുകയും ചെയ്ക — നി
ന്റെ പ്രസാദമുള്ളതു ചെയ്വാൻ ഉപദെശിക്ക — നിന്റെ നല്ല ആത്മാ
വ് നിരപ്പുനിലത്തിൽ ഞങ്ങളെ നടത്തുമാറാകണമെ — ആമെൻ W.

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ
ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയെശുവിങ്കൽ സൂക്ഷി
വനെന്നാളും കാത്തുതാക — ആമെൻ —

൩. തിരുവത്താഴത്തിൻ ആചാരം

വീഞ്ഞും അപ്പവും മതിയാവൊളം പാത്രങ്ങളിൽ വെ
ച്ചുവന്ന ശെഷം നിരമുള്ള ഖണ്ഡങ്ങളാക്കി എല്ലാം മെശ
യിൽ നെരെ ക്രമത്തിൽ വെച്ച ശെഷം കൂടിയിരിക്കുന്ന
സഭക്കാരൊടു ചൊല്ലുന്നിതു

ക്രിസ്തുയേശുവിൽ പ്രിയസഹോദരന്മാരായുള്ളോരെ നമ്മുടെ ര
ക്ഷിതാവ് തന്റെ ശരീരം മെയ്യായി ഭക്ഷ്യവും തിരുരക്തം മെയ്യാ
യി പാനീയവും ആക്കി തിരുവത്താഴത്തിൽ നമുക്കു തന്നു വിശ്വാസത്തോ
ടെ ചേർന്നുള്ളവർ ഭക്ഷിക്കുന്നതിനാൽ — നാം കർത്താവിൻ ശരീരത്തി
ന്നും രക്തത്തിന്നും കുറ്റമുള്ളവരാകാതെയിരിപ്പാൻ കർത്താവിൻ അത്താ
ഴത്തിലെ മർമ്മം നാം ഗ്രഹിച്ചുവോ എന്ന നമ്മെ തന്നെ ശോധന ചെയ്യേ
ണ്ടു — ഈ മർമ്മമാകുന്നതോ ദൈവപുത്രനായ യേശുക്രിസ്തുവിൻ നമുക്കു
വേണ്ടി കുരിശിൽ വന്ന മരണം അതിനാൽ നമ്മുടെ പാപങ്ങളെ എല്ലാം
പരിഹരിച്ചു സ്വർഗ്ഗസ്ഥനായ പിതാവിനോടു നമ്മെ ഇണക്കി ഉദ്ധാരണം
ആകുന്ന നമ്മുടെ ആഹാരവും നിത്യജീവനുള്ള പാനീയവും ആ
കുന്നു — എന്നുള്ളതത്രേ നാം ഈ അത്താഴത്തിൽ ഓർക്കയും ക
ർത്താവിൻ മരണത്തെ അവൻ വരുവോളം പ്രസ്താവിക്കയും
ചെയ്യുന്നു —

ഈ ഭോജനത്തിൽ ചേരുന്നവൻ ഒക്കവെയും വിശേഷാൽ
തന്റെ പാപങ്ങൾക്ക് മോചനം വരുത്തു കർത്താവായ ക്രിസ്തുയേശു തൻ
ശരീരം ഏല്പിച്ചു രക്തം ചിന്തികയിനാൽ അത്രേ സാധിച്ചതെന്നും
ഉത്തമവിശ്വാസിക്കും അവൻ നിത്യജീവനെ സമ്പാദിച്ചു എന്നും കേ
വലം അറിയുന്നതാക — ആയതിനെ നാം വിശ്വസിച്ചു എത്രയും ദിവ്യം അ
നുഭവിച്ചു ഒരിക്കലും മറക്കരുതേ — ദൈവം തന്റെ ഏക
ജാതനെ നമുക്കു സ്വന്തമാക്കി തന്നു നിത്യജീവനെ സാധിപ്പിച്ചു
പാപം ശിക്ഷ മരണം നരകം ഇവറ്റിൽനിന്നു നമ്മെ വിടുവിച്ച ദൈ
വസ്നേഹത്തിൻ ആധിക്യവും അഗാധവും കണ്ടു എന്നും സ്തുതിക്കേണ്ടതാ
കുമല്ലോ — അത്രയുമല്ല മരിച്ചിട്ടുള്ളതു ആടുകൾക്ക് വേണ്ടി നല്ല
ഇടയൻ — പാപികൾക്ക് വേണ്ടി നീതിമാൻ — അയോഗ്യന്മാർക്കാ
യി തല — സകലത്തിന്നും കർത്താവായവൻ എന്നുള്ളത
ല്ലോ — മഹാ ഉപകാരിയായ ക്രിസ്തുവിൻ പിതാവിനെ അനുസരിച്ചും

അനിഷ്ടരായ നമ്മെ അത്യന്തം സ്നേഹിച്ചുകൊണ്ടു തന്നെത്താൻ ദഹ
നബലിയായി തീ ഹോമിച്ചു ദെവകാരുണ്യത്തുടെ നിയമത്തെ സ്ഥിരമാ
ക്കി മുദ്രയിട്ടിരിക്കുന്നു എന്നു വിചാരിച്ചും കൊള്ളിൻ–

പിന്നെ കൎത്താവായ യെശുക്രിസ്തൻ തന്റെ നാമത്തിൽ പിതാ
വിനോട് എന്തെല്ലാം യാചിച്ചാലും അവൻ തരും എന്നു വാഗ്ദത്തം ചെ
യ്കയാൽ– അവന്റെ സ്നേഹത്തെ നല്ലവണ്ണം വിചാരിച്ചു സന്തോഷി
പ്പാനും ദൈവത്തെ തെറ്റെന്ന വിശ്വാസത്തിന്നു ശക്തിക്കൂട്ടുവാനും ഏക
ബലിയാൽ നമ്മുടെ പാപങ്ങൾക്കു നിത്യ വീണ്ടെടുപ്പു സാധിപ്പിച്ചു വിശുദ്ധീ
കരിച്ചവരെ ഒക്കെയും ഒരു കാഴ്ചകൊണ്ടു എന്നേക്കും തികെച്ചിരി
ക്കുന്നു എന്നു സംശയംകൂടാതെ ഉറപ്പിപ്പാനും നാം പ്രാൎത്ഥിക്കേണ്ട
താകുന്നു– നാം നമ്മിലും എല്ലാ മനുഷ്യരോടും വിശേഷാൽ നമ്മുടെ
ശത്രുക്കളോടും ദ്വെഷമില്ലാത്ത മമതയിൽ നില്പാനും– ദുൎമ്മോഹ
ങ്ങളാൽ കെട്ടുപോകുന്ന പഴയ മനുഷ്യനെ നാം താല്പൎയ്യമായി
വച്ചുകളഞ്ഞു കൊള്ളുവാനും– ദൈവത്തിനൊത്തവണ്ണം സൃഷ്ടനായ പു
തുമനുഷ്യനെ ധരിച്ചുകൊള്ളുവാനും– സകല കഷ്ടസങ്കടപരീക്ഷകളെ
യും ക്ഷമയോടെ സഹിപ്പാനും– നാം തങ്ങളിൽ കൂടെ ഉണ്ടിരിക്കുന്ന
തകളും നമ്മുടെ ശരീരത്തോട് ഒന്നിച്ചു നിന്നു കൊണ്ടു പൊരുതുവാനും എളി
യൊരു ദാസരെ കൊണ്ടുതാകുന്നു– നാം പട്ടാങ്ങായി ദൈവത്തിൻ മക്ക
ളും ആത്മാവിലും സത്യത്തിലും ദൈവത്തെ കുമ്പിട്ടു ബഹുമാനിക്കുന്ന
വരായി തീരേണ്ടതിന്നു ദൈവം ഞങ്ങളെ ഉള്ള വിശ്വാസം പ്രത്യാ
ശ സ്നേഹം ശാന്തി സുബോധം ചാരിത്ര്യം മുതലായവ എല്ലാം നമ്മിൽ ഉ
ണ്ടാക്കി വളൎത്തുക–

ഒടുവിൽ ആരാനും അപാത്രമായി ഈ അപ്പം ഭക്ഷിക്കുന്നതാ
ൽ കൎത്താവിൻ പാനപാത്രം കുടിക്കുന്നതാൽ ചെയ്താൽ കൎത്താവിൻ ശരീ
രത്തിന്നും രക്തത്തിന്നും കുറ്റമുള്ളവനാകും എന്ന പൌൽ അപ്പൊസ്തൊ
ലൻ പറഞ്ഞ ബുദ്ധി പറകകൊണ്ടു നാം എല്ലാവരും ഉള്ളിൽ തന്നെ ശ

ന്നനൊക്കൊണ്ടന്നിത്രെ — ക്രിസ്സന്റെ രക്ഷാകരമായ മരണത്താൽ എ
നിക്കു അനുഭവമായ്വന്നത — അതിനാൽ എന്റെ പാപങ്ങൾക്കു ഒ
ക്കയും മൊചനം വന്ന പ്രകാരം ഞാൻ പ്രമാണിച്ചിരിക്കുന്നുവൊ — എ
ല്ലാവരും എന്നെ സ്നെഹിക്കണം എന്നു ആഗ്രഹിക്കും പൊലെ
കർത്താവിനെ വിചാരിച്ചു ഞാൻ എല്ലാ മനുഷ്യരെയും സ്നെഹിക്കു
ന്നുവൊ — ദൈവാത്മാവും ദൈവകൃപയും തുണയാക്കിട്ടു പാപത്തി
ന്റ ശക്തികളും മറിപ്പാൻ ഒരുമ്പെട്ടിരിക്കുന്നുവൊ — നമ്മുടെ കർത്താവാ
യ യെശുവിന്റെ ഉപദെശത്തിലും നടപ്പിലും മരണത്തിലും കാട്ടിയ മാതി
രിയെ എന്നൊക്കെ ശ്ലീവന്റെ ഘൃതത്തിൽ നടപ്പാൻ മനൊനിശ്ച
യമുണ്ടൊ — ഇങ്ങനെ ഉള്ളത തങ്ങളുടെ ഉള്ളിൽ കാണാ
ത്തവർക്കും പ്രയൊജനം കിട്ടീട്ടും ഇനി അനുഭവിപ്പാൻ തങ്ങളെ
ക്കള്ളിക്കാതെയും ഭയവും ശിക്ഷയും എന്നിയെ പായത്തിൽ ഭൊ
ഗിപ്പാൻ മനസ്സുള്ളവർ എല്ലാരും കർത്താവിൻ മെശയിൽ ചെര
രുത — ആകയാൽ കർത്താവിൻ ശരീരമാകുന്ന ദൈവസഭെക്കു മാത്രം
ഒരുക്കിക്കിടക്കുന്നുള്ളവസ്തു —

നാം പ്രാർത്ഥിക്ക

സർവ്വസ്ഥനായ പിതാവെ ഞങ്ങൾ പല വിധത്തിലും പിഴച്ചു ദുർവിചാ
രങ്ങളൊടും ദുർവ്വാക്കുകളൊടും ദുഷ്ക്രിയകളൊടും സ്നെഹമില്ലാത്ത നടപ്പിനൊടും കൂ
ടിയുള്ള നിന്നെ ഞങ്ങൾ വിടാതെ ലംഘിച്ചു എന്നു തിരുമുമ്പിൽ ഏറ്റുപറ
യുന്നു — ഞങ്ങൾക്കു കാണ്മാൻ കഴിയുന്നതിൽ അധികം ഹൃദയങ്ങ
ളെ ആരായുന്ന നീ തന്നെ ഞങ്ങളുടെ കെട്ടു ഒക്കയും കാണുന്നു — നി
ന്റെ പ്രിയപുത്രനായ യെശുക്രിസ്തൻ നിമിത്തം ഞങ്ങളെ ക്ഷമിച്ചു കടാക്ഷി
ക്കെണമെ — സർവ്വലൊകത്തിൻ പാപങ്ങൾക്കായിട്ടും അവൻ പ്രായശ്ചി
ത്തമായി ഞങ്ങളുടെ ദ്രൊഹങ്ങളെ തിരുരക്തത്താൽ മാച്ചു കളകയാ
ൽ നിന്നെ ക്കുസ്തൊത്രം — ഇന്നു കൃപാകരമായ ഭൊജനത്തിനായി ഞങ്ങ

ങ്ങളെ രക്ഷിക്കുന്നതിന അങ്ങെക്ക സ്തുതി ചൊല്ലുന്നു — ഞങ്ങൾക്കാ വെണ്ടി മരണത്തിൽ ഏല്പിച്ച തിരുശരീരവും ഞങ്ങളുടെ പാപങ്ങൾക്കായി ഒഴിച്ച തിരുരക്തവും ഞങ്ങൾക്ക നല്ലവണ്ണം അനുഭവിപ്പാൻ ജീവാഹാരവും ജീവനീരുമാകുന്ന യെശുക്രിസ്തുനെ സത്യവിശ്വാസത്തിൽ നിത്യജീവനായി കൈക്കൊള്ളുവാനും — ഞങ്ങളുടെ തലയായ ക്രിസ്തുനൊട ഏകീഭവിച്ച നിന്നൊട്ട യുക്തമായതെല്ലാം അനുസരണവും വിശ്വാസം കൂട്ടുകാരനെ ഉറപ്പ സ്നെഹിച്ചുംകൊണ്ട സകല ദൈവഭക്തിയിലും നിത്യജീവനായി വളരുവാനും നിന്റെ വിശുദ്ധാത്മാവിനെ തന്ന ബലപ്പെടുത്തിയൊറെണമെ — ആമെൻ — *Sfh*

അല്ലെങ്കിൽ

കർത്താവിൽ പ്രിയമുള്ളവരെ — നമ്മുടെ കർത്താവായ യെശുക്രിസ്തുന്റെ നാമത്തിൽ അവന്റെ ബലിമരണത്തിൻ ഓർമ്മ കൊണ്ടാടുവാനും തിരുവത്താഴത്തിൽ അവന്റെ മാംസരക്തങ്ങൾക്ക ഓഹരിയുള്ളവരാവാനും മനസ്സുള്ളവരെ — അപ്രകാരം ഭാവിക്കുന്നവരൊട ഒക്കയും മനുഷ്യൻ തന്നെത്താൻ ശൊധന ചെയ്തിട്ടു വെണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്രത്തിൽ കുടിച്ചും കൊള്ളുവാൻ എന്ന അപൊസ്തലൻ പ്രബൊധിപ്പിച്ചിരിക്കുന്നായി വിചാരിപ്പിൻ — കാരണം ഈ ചൊല്ലിയ പ്രത്യക്ഷമുള്ള ആശ്വാസത്തിനായി നല്കിയിരിക്കുന്നത തങ്ങളുടെ പാപങ്ങളെ ഉന്നൻ ബൊധിച്ചും ഏറ്റുപറഞ്ഞും ദൈവകൊപവും മരണവും ഭയപ്പെട്ടും നീതിയെ ദാഹിച്ചു വിശന്നും വലഞ്ഞും ഉള്ള അനുതാപമനസ്സാക്ഷികൾക്കത്രെ — നാം നമ്മെ തന്നെ ശൊധന ചെയ്യുമ്മൊ ശൊധന ആരാഞ്ഞു പുക്കെകിലൊ പാപത്തിന്റെ അറെപ്പും ഘൊരതയും അതിനാൽ വിരയുന്ന നിത്യമരണവും നമ്മിലും കാണുമല്ലൊ — പാപത്തിൻ കൂലി മരണമത്രെ അതിൽ നിന്നു വല്ലപ്രകാരത്തിലും നമുക്ക ത്രാണനം വരുത്തി കൂടാ —

ഇതു കൊണ്ടു നമ്മുടെ കൎത്താവായ യെശുക്രിസ്തുവിൻ നമ്മെ കനിഞ്ഞു നമ്മുടെ പാപങ്ങൾക്കു പരിഹാരിയാവാൻ മനുഷ്യനായി ദൈവത്തിന്റെ സകല ഹിതവും ധൎമ്മവും എല്ലാം നമുക്കു വെണ്ടി പൂരിച്ചു നമ്മുടെ പാപങ്ങളാൽ വിളയുന്ന മരണം മുതലായ അനുഭവങ്ങളെ ഒക്കയും താൻ എടുത്തു ചുമന്നു നമ്മെ വീണ്ടെടുത്തിരിക്കുന്നു— ആയതിനെ നാം ഉറച്ചു പ്രമാണിപ്പാനും അവന്റെ ഹിതത്തിൽ സന്തോഷിച്ചു ജീവിപ്പാനും വെണ്ടി അവൻ തിരുവത്താഴത്തിൽ അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി പറഞ്ഞിതു— വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു—

അതിന്റെ അൎത്ഥമൊ ഞാൻ മനുഷ്യനായി അവതരിച്ചതും ഞാൻ ചെയ്തതും കഷ്ടപ്പെടുന്നതും എല്ലാം നിങ്ങൾക്കു വെണ്ടി ആകയാൽ അശെഷം നിങ്ങൾക്കുള്ളതാകുന്നു— എന്നതിനു കുറിയായും മുദ്രയായും ഞാൻ എന്റെ ശരീരത്തെ നിങ്ങൾക്കു ഭക്ഷ്യമാക്കി തരുന്നു നിങ്ങൾ എന്നും എന്നിലും ഞാൻ നിങ്ങളിലും വസിപ്പാനായി തന്നെ— അപ്രകാരം തന്നെ അവൻ പാനപാത്രത്തെയും എടുത്തു പറഞ്ഞിതു— നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ ഇതു പാത്രം എന്റെ രക്തത്തിൽ പുതിയനിയമമാകുന്നു— ഇതു പാപമൊചനത്തിന്നായി നിങ്ങൾക്കും അനെകൎക്കും വെണ്ടി ഒഴിച്ചും എന്റെ രക്തം— അതിന്റെ അൎത്ഥമൊ നിങ്ങളെ ഞാൻ ഒക്കെ കൊണ്ടു നിങ്ങളുടെ സകല പാപങ്ങളെയും എന്റെ മെൽ ആക്കി ചുമക്കുന്നതു കൊണ്ടു ഞാൻ പാപത്തിന്നു വെണ്ടി എന്നെ തന്നെ അൎപ്പിച്ചു പ്രായശ്ചിത്തമാകുകയും എന്റെ രക്തം ഒഴിച്ചു കൊണ്ടു പാപമൊചനവും കൃപയും നിങ്ങൾക്കായി സമ്പാദിക്കയും പാപം ക്ഷമിച്ചിട്ടു അതിൻ വെർ പൊലും എന്നെക്കും ഓൎക്കാതെ ഉള്ളൊരു പുതിയ നിയമത്തെ സ്ഥാപിക്കയും ചെയ്യും— എന്നതിന്നു നിശ്ചയമാകും കുറിയും സാക്ഷ്യവും ആയിട്ടു എന്റെ രക്തം നിങ്ങൾക്കു കുടിപ്പാ

ൻ തരുന്നതു ഞങ്ങളിൽ എന്റെ ജീവൻ വരുമെങ്കിൽ അതിനെ-
ന്നതു കൊണ്ടു മെൽ പറഞ്ഞ പ്രകാരം ഈ അപ്പത്തിൽ ഭക്ഷിച്ചും
ഈ പാത്രത്തിൽ കുടിച്ചും ഈ ക്രിസ്തു വചനങ്ങളെ ഉറപ്പാക്കി പ്രമാ
ണിച്ചും കൊള്ളുന്നവൻ യെശുവിലും യെശു അവനിലും ഇത്രയി
വനൊടും വസിക്കുന്നു—

എന്നതു കൊണ്ടു നാം ഇന്നും അവന്റെ മരണം പ്രസ്താവി
ച്ചു നമ്മുടെ ഏഴ കഴിവിൻ പ്രകാരം അവൻ ചെയ്തിട്ടുള്ള നമ്മുടെ ഉപ
കാരങ്ങൾക്കായി ഉണർന്നിട്ടും ഈ ദിവസത്തിൽ ഒക്കെ സദാകാലം
സ്തോത്രവും വന്ദനവും കഴിക്കുമാറാക—പിന്നെ അവനവൻ തന്റെ
ക്രൂശിനെ എടുത്തും കൊണ്ടു അവനെ അനുഗമിക്കുമാറാക—അവന്റെ
കല്പന പ്രകാരം അവൻ നമ്മെ സ്നേഹിച്ചതു പോലെ നാം അന്യോന്യം
സ്നേഹിക്കയും അവൻ നമുക്കു സമ്പാദിച്ചു ക്ഷമിച്ച പ്രകാരം നമ്മിലും
സമ്പാദിച്ചു വിട്ടുകയും ചെയ്ക—കാരണം നാം എല്ലാവരും ഒർ അപ്പത്തി
ൽ അംശികളാകകൊണ്ടു ഒർ അപ്പം ഉള്ളതു പോലെ പലരായ
നാം ഒരു ശരീരമാകുന്നു—പല കുരുക്കളാൽ ഒരു പിണ്ഡവും പല മണികളാ
ലൊൽ ഒർ അപ്പവും ഉണ്ടാകുന്നതു പോലെ നാം എല്ലാവരും വിശ്വാസ
ത്താൽ ക്രിസ്തുനൊടു ചെൎന്നു ഭക്ഷിച്ചു അവന്റെ സ്നേഹം അനുഭവിച്ചി
ട്ടു സഹോദര സ്നേഹത്താൽ ഒരു ശരീരവും ഒരു ആത്മാവും ഒർ അപ്പ
വും ആയിരിക്കേണ്ടതു—ഇതു ഒറ്റ തിരുവാക്കായിട്ടല്ല ക്രിയയിലും
സത്യത്തിലും തന്നെ അന്യോന്യം നിർവ്യാജ സ്നേഹം കാട്ടി നടക്കേണ്ടാ
വു—നമ്മുടെ കർത്താവും രക്ഷിതാവും ആയ യെശു ക്രിസ്തുവിന്റെ ദൈവ
വും പിതാവും ആയവൻ തന്റെ കനിവിന്നും സർവ്വശക്തിക്കും തക്ക
വണ്ണം അപ്രകാരം തന്റെ സഹായം കൊണ്ടു നമ്മെ ചെയ്യിക്കുമാ
റാകേണമേ—ആമെൻ—

നാം പ്രാർത്ഥിക്ക

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പിതാവും സൎവ്വശക്തി
യുള്ള ദൈവവുമായി സകലത്തിന്റെ സ്രഷ്ടാവും എല്ലാ മനുഷ്യൎക്കും
ന്യായാധിപതിയുമായുള്ളൊവെ — ഞങ്ങൾ നിനവിലും വാക്കിലും
ക്രിയയിലും നിന്റെ മാഹാത്മ്യത്തിന്നു വിരൊധമായി പല പ്രകാ
രം ചെയ്തു ദ്രൊഹം ചെയ്തു നിന്റെ ന്യായമായ കൊപത്തിന്നും
ക്രൊധത്തിന്നും സംഗതിവരുത്തി പൊന്നതു ഞങ്ങൾ ദുഃഖിച്ചും
കൊണ്ട് ഏറ്റുപറയുന്നു — ആ അക്രമങ്ങൾ നിമിത്തം ഞങ്ങൾ വി
ഷാദിക്കുന്നു — ആയതിനാൽ അനുതാപവും ഓൎമ്മയാൽ വെദനയും
ഉണ്ടു അതിൻ ഭാരം ചുമന്നു കൂടാത്തതു — കനിവുള്ള പിതാവെ ക
രുണയിനെ വിചാരിച്ചു കനിഞ്ഞു കൊണ്ടാലും — കനിഞ്ഞു കൊണ്ടു സ
കലപാപങ്ങളെയും ക്ഷമിച്ചു ഞങ്ങളെ നിന്റെ പ്രസാദത്തിന്നാ
യും തിരുനാമത്തിൻ സ്തുതിമാനത്തിന്നായും പുതിയ ജീവനിൽ നട
ന്നു ഇടവിടാതെ നിന്നെ സെവിപ്പാറാക്കെണമെ — ദെഹിദെഹ
ങ്ങളെ ശുദ്ധീകരിക്ക — നിന്റെ പുത്രനൊടുള്ള കൂട്ടായ്മ ഈ അത്താ
ഴത്താൽ ഞങ്ങളിൽ പുതുക്കി വിശ്വാസവും പൈദാഹവും വൎദ്ധി
പ്പിച്ചു ദിവ്യാനുഭവത്തിന്നും സല്ക്രിയകൾക്കുള്ള ഉത്സാഹവും മുഴുപ്പിച്ചു
യെശുക്രിസ്തുവായ നമ്മുടെ കൎത്താവിൻ മൂലം നിന്റെ സെവെക്കു ഒരു
മ്പിക്കെണമെ — ആമെൻ — W.

ക്രിയ മുതലായവരെ തിരുവത്താഴത്തെ സ്ഥാപിച്ച വച
നങ്ങളെ വിശ്വാസത്തൊടെ കെട്ടിൻ (൧ കൊ. ൧൧, ൨൩—൨൬)

ഞാനാകട്ടെ കൎത്താവിൽ നിന്നു പരിഗ്രഹിച്ചു നിങ്ങൾക്കും ഏല്പി
ച്ചത് എന്തെന്നാൽ കൎത്താവായ യെശു തന്നെ കാണിച്ചു കൊടുക്കു
ന്നാൾ രാത്രിയിൽ അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി പ
റഞ്ഞു (വാങ്ങി ഭക്ഷിപ്പിൻ) ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന
എന്റെ ശരീരമാകുന്നു എന്റെ ഓൎമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ —
അപ്രകാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും

എടുത്തു പറഞ്ഞു— ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു ഇതിനെ കുടിക്കുന്തോറും എന്റെ ഓർമ്മക്കായിട്ടു ചെയ്യിൻ— എങ്ങിനെ എന്നാൽ നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും ഈ പാനപാത്രം കുടിക്കയും ചെയ്യുന്തോറും കർത്താവ് വരുവോളത്തിന്നു അവന്റെ മരണത്തെ പ്രസ്താവിക്കുന്നു—

(അപ്പത്തെ എടുത്തു— പാനപാത്രത്തെ എടുത്തു— എന്നു ചൊല്ലുമ്പോൾ ആ പാത്രങ്ങളെ അല്പം പൊക്കിക്കൊ)

(പിന്നെ തിരുവത്താഴം കൊടുക്ക— മുമ്പെ പ്രധാന ബോധകനൊ ബോധകന്മാരൊ കൈക്കൊള്ളുക— പിന്നെ മറ്റ സഭക്കാർ എഴുന്നു മുട്ടുകുത്തി വാങ്ങുക— അല്പം ചിലർ മാത്രം ഉണ്ടെങ്കിൽ ഒരൊരുത്തരൊടും അധികം ഉണ്ടെങ്കിൽ രണ്ടു മൂന്നു പെരൊടും ചൊല്ലിക്കൊടുക്ക)

വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്ക് വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു എന്റെ ഓർമ്മക്കായി ഇതിനെ ചെയ്യിൻ വാങ്ങി കുടിപ്പിൻ ഈ പാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു— എന്റെ ഓർമ്മക്കായി ഇതിനെ ചെയ്യിൻ—

അല്ലെങ്കിൽ

വാങ്ങി ഭക്ഷിപ്പിൻ— ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വേണ്ടി മരണത്തിൽ ഏല്പിച്ച യേശുക്രിസ്തന്റെ ശരീരം— അവന്റെ ഓർമ്മക്കായി ഇതിനെ ചെയ്യിൻ—

വാങ്ങി കുടിപ്പിൻ— ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വേണ്ടി ഒഴിച്ചുതന്ന യേശുക്രിസ്തന്റെ രക്തം— അവന്റെ ഓർമ്മക്കായി ഇതിനെ ചെയ്യിൻ—

അല്ലെങ്കിൽ

നാം അനുഭവിക്കുന്ന അപ്പം ക്രിസ്തുശരീരത്തിന്റെ ക്കൂട്ടായ്മയല്ലയൊ നാം ആശീർവ്വദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുരക്തത്തിന്റെ ക്കൂട്ടായ്മയല്ലയൊ—

(ഭൊജനത്തിൻശെഷം)

കരുണയാലെ നമ്മെ പൊഷിപ്പിച്ച പ്രിയ രക്ഷിതാവിന്നു നാം കൃതജ്ഞരായി സ്തൊത്രം ചൊല്ലി പ്രാർത്ഥിക്ക-

എൻ ദെഹിയെ യഹൊവയെ അനുഗ്രഹിക്ക എന്റെ ഉള്ളിലെവ എല്ലാം അവന്റെ വിശുദ്ധനാമത്തെ തന്നെ— എൻ ദെഹിയെ യഹൊവയെ അനുഗ്രഹിക്ക അവന്റെ സകല ഉപകാരങ്ങളെ മറക്കയുമരുതെ— നിന്റെ അകൃത്യങ്ങളെ ഒക്കയും ക്ഷമിച്ചു നിന്റെ എല്ലാ ഊനങ്ങൾക്കും ചികിത്സിച്ചു- നിന്റെ ജീവനെ കുഴിയിൽ നിന്നു വീണ്ടെടുത്തു ദയയും കനിവും ചൂടിച്ചും തരുന്നവനെ— കർത്താവായ യെശുവെ നീ ഞങ്ങളെ കടാക്ഷിച്ചു പാപമരണങ്ങളിൽ നിന്നു വീണ്ടെടുത്തതിനെക്കും ഞങ്ങൾക്കും പിതാവായവന്റെ പുത്രത്വത്തിലെക്കു വിളിച്ചതിനാലൊ ഞങ്ങൾ വാഴ്ത്തുന്നു— വിശുദ്ധരാത്രി ഭൊജനത്തിൽ നിന്റെ സ്നെഹത്തിന്റെ സ്മരണം നിസ്ഥാപിച്ചു ഈ ദിവ്യ ക്രിയാസാധനം കൊണ്ടു ഞങ്ങൾക്കു വിശ്വാസവും പ്രത്യാശയും പുതുതാക്കി ഉറപ്പിച്ചു തരികകൊണ്ടാൽ ഞങ്ങൾ സ്തൊത്രം ചൊല്ലുന്നു- ഇനി ഞങ്ങൾ നിന്നിലും നിൻ കൃപയിലും നിലനില്ക്കുമാറാക— തിരുനാമത്തെ ഞങ്ങൾ ഉത്തരമായി സ്വീകരിച്ചു വിശുദ്ധിക്കായി ഉത്സാഹിച്ചു നടന്നു കാണ്മൊടുവിൽ തികഞ്ഞ നീതിമാന്മാരുടെ സംഘത്തിൽ ചെർന്നു സ്വർഗ്ഗീയ തെജസ്സിൽ നിന്നെ കാണ്മാറാകണമെ— ആമെൻ—

അല്ലെങ്കിൽ

കർത്താവായ യെശുക്രിസ്തുവിന്റെ ശരീരവും രക്തവും ഞങ്ങളുടെ

സൌഖ്യത്തിന്നായി തന്നെ ഞങ്ങളെ ശിക്ഷിച്ചുകൊണ്ടെയിരിക്കുന്നു — ഇനി നിന്റെ ദാനങ്ങൾ ഞങ്ങളിൽ ഫലിച്ചു നിങ്കലെ വിശ്വാസം ഉറെക്കയും നിന്നോടും എല്ലാ മനുഷ്യരൊടും സ്നേഹം വളരുകയും ഭയം നീങ്ങി പ്രത്യാശ തികഞ്ഞു വരികയും ആവു — ഇപ്രകാരം പിതാവായ ദൈവത്തൊടു വിശുദ്ധാത്മാവിന്റെ ഒരുമയിൽ യുഗയുഗങ്ങളൊളവും വാണിരിക്കുന്ന കൎത്താവെ ഞങ്ങളെ നടത്തിരക്ഷിക്കേണമെ — ആമെൻ — *L.S.*

ഒടുക്കം കൎത്താവിന്റെ ആശീൎവ്വാദം കൈക്കൊള്ളിൻ —

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്ക — യഹോവ തിരുമുഖത്തെ നിങ്ങളിലെക്ക് പ്രകാശിപ്പിച്ചു കരുണ ചെയ്ക — യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി നിങ്ങൾക്ക് സമാധാനം ഉണ്ടാക്കുക — ആമെൻ —

IV. വിവാഹം

൧., പരസ്പരം ശ്രുതഞായരാഷകളിൽ

വിവാഹത്തിന്റെ അവസ്ഥയിൽ പ്രവേശിപ്പാൻ മനസ്സുള്ളവർ ഉണ്ടാകകൊണ്ട് അവർ ദോഷിക്കുന്നത് നന്നായി ആരംഭിപ്പാനും ശ്ലാഘ്യക്കയോഗ്യമാകുംവണ്ണം നടപ്പാനും ഭാഗ്യമുള്ള സമാപ്തി എത്തുവാനും സഭക്കാർ എല്ലാവരും അവർക്ക വേണ്ടി പ്രാർത്ഥിക്കേണ്ടതാകുന്നു—

ആം പ്രാവശ്യം പ്രസിദ്ധമാകുന്നവരുടെ പേരുകളാം ഇത്—

ഈ പ്രകാരം പ്രസിദ്ധിച്ചവർ വിവാഹം കഴിപ്പുക്കിന്നു യാതൊരു മുടക്കം ഉള്ള പ്രകാരം ആർക്കാനും തോന്നിയാൽ ആയത് താമസിയാതെ ബോധിപ്പിക്കേണ്ടതിലും പിന്നെതിൽ ഉണ്ടാകിലും അതുകിലും വേണ്ടത്— വിവാഹകാരണനായ ദൈവം താൻ മേൽ പ്രകാരം പ്രസിദ്ധിച്ചവർക്ക് ക്രിസ്തുവിൽ കരുണയും അനുഗ്രഹവും നൽകി അവരുടെ ആഗ്രഹത്തെ സാധിപ്പിക്കേണമേ— *W.*

൨., വിവാഹാചാരം

ക്രിയമുള്ളവരെ തമ്മിൽ വിവാഹം നിശ്ചയിച്ചിട്ടുള്ള ഈവർ ഇയിടെ സഭമുമ്പാകെ വന്നിരിക്കുന്നത് ദൈവനാമത്തിൽ വിശുദ്ധവിവാഹത്താൽ അന്യോന്യം ചേരുവാനും ദൈവവചനത്തിൽ അനുഗ്രഹം ലഭിപ്പാനും തന്നെ— എന്നാൽ തിരുവെഴുത്തുകളിൽ നിന്ന് വരുന്ന സൈന്യഉപദേശം കേൾക്കേണ്ടതാകയാൽ— ഒന്നാമത്— ദൈവം ആദിയിൽ വിവാഹത്തെ നിശ്ചയിച്ച പ്രകാരം വായിക്കുക—

(൧.മോ. ൨,൧൮. ൨൧–൨൪) യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല ഞാൻ അവന തക്കതുണ ഉണ്ടാക്കും എന്നു പറഞ്ഞു പിന്നെ യഹോവയായ ദൈവം ആദാമിന്നു

സുഷുപ്തി വരുത്തീട്ട അവൻ ഉറങ്ങി— അപ്പൊൾ അവന്റെ വാരിയെല്ലു കളിൽ നിന്ന ഒന്നിനെ അവൻ എടുത്ത അതിൻ സ്ഥലത്ത മാംസം അടെച്ചു വെച്ചു— യഹൊവയായ ദൈവം മനുഷ്യനിൽ നിന്ന എടുത്ത വാരിയെല്ലു കൊണ്ട സ്ത്രീയെ തീൎത്ത അവളെ മനുഷ്യന വരുത്തി— അപ്പൊൾ മനുഷ്യൻ പറഞ്ഞു ഇത സമയമാകട്ടെ ഇത എന്റെ അസ്ഥികളിൽ നിന്ന അസ്ഥിയും എന്റെ മാംസത്തിൽ നിന്ന മാംസവും ആകുന്നു— ഇവൾ നരനിൽ നിന്ന എടുക്കപ്പെട്ടതകൊണ്ട നാരി എന്ന വിളിക്കപ്പെടും— അതുനിമിത്തം പുരുഷൻ തന്റെ പിതാവെയും മാതാവെയും വിട്ട സ്വഭാൎയ്യയൊട പറ്റിയിരിക്കും അവരും ഒരു ജഡമായിരിക്കും—

രണ്ടാമത സ്ത്രീപുരുഷന്മാൎക്കുള്ള കെട്ടും ചെൎച്ചയും സുവിശെഷത്തിൽ വൎണ്ണിച്ച പ്രകാരം നാം കെൾക്കുക—

(മത്താ. ൧൯, ൩–൬) പറീശന്മാർ അവനെ അടുത്തു ചെന്നു— ഒരു മനുഷ്യൻ ഏത കാരണം ചൊല്ലിയും തന്റെ ഭാൎയ്യയെ ഉപെക്ഷിക്കുന്നത വിഹിതമൊ എന്ന അവനെ പരീക്ഷിച്ചു— അവൻ ഉത്തരം പറഞ്ഞിത ആദിയിൽ പടെച്ചവൻ അവരെ ആണും പെണ്ണുമാക്കി തീൎത്തു എന്നുള്ളതും— അതു നിമിത്തം മനുഷ്യൻ പിതാവെയും മാതാവെയും വിട്ട സ്വഭാൎയ്യയൊട പറ്റിയിരിക്കും ഇരുവരും ഒരു ജഡമായിരിക്കും എന്ന അവൻ പറഞ്ഞ പ്രകാരവും നിങ്ങൾ വായിച്ചിട്ടില്ലയൊ— എന്നതുകൊണ്ട അവർ ഇനി രണ്ടല്ല ഒരു ജഡമത്രെ ആകുന്നു— ആകയാൽ ദൈവം യൊജിപ്പിച്ചതിനെ മനുഷ്യൻ വെർപിരിക്കരുത—

മൂന്നാമത വിവാഹത്തിനാൽ ചെൎന്നവർ ദൈവകല്പന പ്രകാരം തങ്ങളിൽ ആചരിക്കെണ്ടുന്ന പ്രകാരം കെൾപ്പിൻ—

(എഫെ. ൫, ൨൫–൩൩) പുരുഷന്മാരായുള്ളൊരെ ക്രിസ്തുനും സഭയെ സ്നെഹിച്ച പ്രകാരം ഭാൎയ്യമാരെ സ്നെഹിപ്പിൻ— അവനല്ലൊ അവളെ ചൊൽ

ശുഭ്രായനീർക്കുളിയാൽ വെടിപ്പാക്കി വിശുദ്ധീകരിക്കയും — കറ ഒട്ടൽ മുതലായത് ഒന്നും ഇല്ലാതെ പവിത്രയും നിഷ്കളങ്കയും ആയൊരു സഭയെ തേജസ്സോടെ തനിക്കുതാൻ മുന്നിറുത്തുകയും ചെയ്യേണ്ടതിന്നു സ്നേഹിച്ചു തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്ത — അവ്വണ്ണം പുരുഷന്മാർ സ്വഭാൎയ്യമാരെ തങ്ങളുടെ ശരീരങ്ങളെ പോലെ സ്നേഹിക്കേണ്ടു — സ്വഭാൎയ്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു — തന്റെ ജഡത്തോടല്ലൊ ഒരുവനും ഒരുനാളും പകെച്ചില്ല ക്രിസ്തൻ സഭയെയും പോലെ അതിനെ പോററി ലാളിക്ക അത്രെ ചെയ്യുന്നു —

(എഫെ. ൫, ൨൨–൨൪) സ്ത്രീകളെ കർത്താവിന്ന് എന്നപോലെ സ്വഭർത്താക്കന്മാൎക്ക കീഴടങ്ങുവിൻ — കാരണം ശരീരത്തിന്റെ രക്ഷിതാവാകുന്ന ക്രിസ്തൻ സഭെക്ക തലയായുള്ള പ്രകാരം ഭർത്താവ് സ്ത്രീയുടെ തലയാകുന്നു — എന്നാൽ സഭ ക്രിസ്തന്ന കീഴടങ്ങും പോലെ ഭാൎയ്യമാരും സ്വഭർത്താക്കന്മാൎക്ക സകലത്തിലും (കീഴടങ്ങുക)

(൧ പെ. ൩, ൩–൫) അവൎക്ക അലങ്കാരമൊ മുടിപിന്നൽ സ്വൎണ്ണാഭരണം വസ്ത്രധാരണം ഇത്യാദി പുറമെ ഉള്ളതല്ല — ദൈവത്തിന്നു വില ഏറിയതാകിയ സൌമ്യതയും സാവധാനവും ഉള്ള ഒർ ആത്മാവിന്റെ കെടാഴ്മയിൽ ഹൃദയത്തിന്റെ ഗൂഢമനുഷ്യനത്രെ അലങ്കാരമായി — ഇപ്രകാരം അല്ലൊ പണ്ടു ദൈവത്തിൽ ആശവെച്ചു സ്വഭർത്താക്കന്മാൎക്ക അടങ്ങിയ വിശുദ്ധസ്ത്രീകൾ തങ്ങളെ തന്നെ അലങ്കരിച്ചു —

നാലാമത് നമ്മുടെ കർത്താവായ ദൈവം വിവാഹാവസ്ഥയെ അനുഗ്രഹിച്ചു ആശീൎവ്വാദത്തെ കൊടുക്ക —

(൧ മൊ. ൧, ൨൭.) ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ദൈവസാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു ആണും പെണ്ണുമാക്കീട്ട് അവരെ സൃഷ്ടിച്ചു — പിന്നെ ദൈവം അവരെ അനുഗ്രഹി

ച്ചു നിങ്ങൾ വൎദ്ധിച്ചു പെരുകി ഭൂമിയെ നിറഞ്ഞ് അടക്കികൊള്ളിൻ-

അനന്തരം ശലൊമൊ ചൊല്ലിയതു (സുഭ. ൧൮, ൨൨) ഭാൎയ്യയെ കി-
ട്ടി നന്മ കിട്ടി യഹോവയൊട് അവൻ പ്രസാദം വാങ്ങിച്ചു-

അഞ്ചാമതു ദൈവം വിവാഹാവസ്ഥയിൽ ചുമത്തിയ കഷ്ട-
തയെയും കേൾക്കുക-

(൧മൊ. ൩, ൧൬) സ്ത്രീയൊട് അവൻ പറഞ്ഞു ഞാൻ നിന്റെ
കഷ്ടവും ഗൎഭധാരണവും ഏറ്റവും വൎദ്ധിപ്പിക്കും കഷ്ടത്തോടെ
നീ മക്കളെ പ്രസവിക്കയും നിന്റെ ഭൎത്താവിങ്കലെക്ക് കാമം ഉണ്ടാക
യും അവൻ നിന്റെമെൽ വാഴുകയും ചെയ്യും- ആദാമിനൊട് പ
റഞ്ഞതൊ- നീ ഭാൎയ്യയുടെ ശബ്ദം കെട്ടു കൊണ്ടു ഭക്ഷിക്കരുത് എ
ന്നു ഞാൻ നിന്നൊടു കല്പിച്ച മരത്തിൽ നിന്ന് ഭക്ഷിച്ചതു കൊണ്ടു നി
ന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടതു നിന്റെ ആയുസ്സുള്ള നാൾ എ
ല്ലാം നീ കഷ്ടത്തൊടെ അതിന്റെ അനുഭവം ഭക്ഷിക്കും- അതു
നിനക്കു മുള്ളും ഞെരിഞ്ഞിലും മുളെപ്പിക്കും വയലിലെ സസ്യത്തെ നീ
ഭക്ഷിക്കും- നീ നിലത്തിൽ നിന്ന് എടുക്കപ്പെട്ടതാകയാൽ അതിൽ തിരി
കെ ചെരുവൊളം നിന്റെ മുഖത്തെ വിയൎപ്പൊടു കൂടെ നീ ആഹാ
രം ഭക്ഷിക്കും- കാരണം നീ പൊടിയാകുന്നു പൊടിയിൽ പിന്നെയും
ചെരുകയും ചെയ്യും-

ആറാമതു- കഷ്ടതയൊടും കൂടെ കല്പിച്ചിട്ടുള്ള ആശ്വാസ
ത്തെയും കുറിക്കൊള്ളെണ്ടതു- നമ്മുടെ കൎത്താവായ യെശുക്രിസ്തു
നാം കഷ്ടകാരണമായ പാപത്തെ താൻ എടുത്തു വഹിച്ചു നീക്കി
യതുമല്ലാതെ തന്നിൽ വിശ്വസിക്കുന്നവൎക്ക എവൎക്കും കഷ്ടത്തെ
ഒക്കയും അനുഗ്രഹിച്ചു വിശുദ്ധീകരിച്ചിരിക്കുന്നു- അതു കൊണ്ടും പുരു
ഷനെ ചൊല്ലി സങ്കീൎത്തനത്തിൽ കെൾക്കുന്നിതു- യഹോവയെ ഭ
യപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്നവൻ എല്ലാം ധന്യൻ- നി
ന്റെ കരങ്ങളുടെ അദ്ധ്വാനത്തെ നീ ഭക്ഷിക്കും ആകയാൽ നീ ധന്യ

ൻ തിരുസഭയുടെ (എഫെ. ൫. ൨൫ മുതൽ വായിക്കാം) — ഭാൎയ്യയെയൊ
ളി യെന്നൽ എഴുതുന്നിതു — വിശ്വാസസ്നേഹങ്ങളിലും സുബോധം കൂ
ടിയ വിശുദ്ധീകരണത്തിലും പാൎക്കുന്നാകിൽ അവൾ ശിശുപ്രസവത്താ
ൽ രക്ഷിക്കപ്പെടും (൧ തിമൊ. ൨. ൧൫)

ഇങ്ങനെ വായിച്ച ദൈവവചനങ്ങളെ മുന്നിട്ടു വിവാഹനി
യമത്തിൽ പ്രവേശിപ്പാൻ മനസ്സുണ്ടെങ്കിൽ അടുത്തു വരുവിൻ-

പിന്നെ പുരുഷനോടു ചോദിപ്പതു — (ഇന്നവനെ)
ഈ നില്ക്കുന്ന (ഇന്നവളെ) വിവാഹഭാൎയ്യയാക്കി കൈക്കൊൾ്വാനും വാ
ഴുനാൾ ഒക്കയും സുഖത്തിലും ദുഃഖത്തിലും ഉപേക്ഷിയാതെ സ്നേഹി
പ്പാനും മനസ്സുണ്ടൊ -

ഉത്തരം — മനസ്സുണ്ടു

അപ്രകാരം സ്ത്രീയോടു ചോദിപ്പതു

(ഇന്നവളെ) ഈ നില്ക്കുന്ന (ഇന്നവനെ) വിവാഹഭൎത്താവാക്കി ഇ
ത്യാദി *W.*

[അല്ലെങ്കിൽ

(ഇന്നവനെ) ഈ നില്ക്കുന്ന (ഇന്നവളെ) ഭാൎയ്യയാക്കി കെട്ടുന്ന സത്യത്തി
ൽ സ്നേഹിച്ചു സുഖത്തിലും ദുഃഖത്തിലും കൈവിടാതെ മരണം നി
ങ്ങളെ വേർപിരിപ്പോളം വിവാഹനിൎണ്ണയം കുറവെന്നി പാലിച്ചു
ഒന്നിച്ചു വാഴുവാൻ മനസ്സുണ്ടൊ — എന്നാൽ ദൈവത്തിന്നും ഈ ക്രി
സ്തീയസഭെക്കും മുമ്പാകെ മനസ്സുണ്ടെന്നു ചൊല്ലുക -

(ഇന്നവളെ) ഈ നില്ക്കുന്ന (ഇന്നവനെ) ഭൎത്താവാക്കി കെ
ട്ടു ഇത്യാദി] *W. ae.*

അങ്ങനെ സമ്മതം എങ്കിൽ അന്യോന്യം വലക്കൈ പിടി
ച്ചുകൊള്ളിൻ.

(ഇരുവരുടെ കൈകളിന്മേലും കൈവെച്ചു പറയേണ്ടതു)

നിങ്ങളിൽ വിവാഹ സ്നേഹവും വിശ്വാസവും നെൻ കൊണ്ടതാൽ ക്രിസ്തിയസഭയുടെ ശുശ്രൂഷക്കാരനാകുന്ന ഞാൻ നിങ്ങളുടെ ബാന്ധവം ദൈവക്രമപ്രകാരം ഒരുനാളും ഇളകാത്തതെന്നു പിതാവുപുത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ ഉറപ്പിച്ചുചൊല്ലുന്നു — ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുതു a u

(ഇരുവരും മുട്ടുകുത്തി നില്ക്കെ പ്രാർത്ഥിക്കുന്നിതു)

യഹോവയായ ദൈവമെ സ്വർഗ്ഗസ്ഥപിതാവെ നീ ആണും പെണ്ണും സൃഷ്ടിച്ചും പുലയാട്ടുകളെ ഒഴിപ്പാൻ വിവാഹത്തെ സ്ഥാപിച്ചും ഗർഭഫലം കൂടെ കല്പിച്ചനുഗ്രഹിച്ചും നിന്റെ പ്രിയപുത്രനായ യേശുക്രിസ്തനും അവന്റെ കാന്തയായ വിശുദ്ധസഭെക്കും ഉള്ള രഹസ്യത്തെ ഇതിനാൽ സൂചിപ്പിച്ചും തന്നവനെ — ഇതാ നിന്റെ ക്രിയയും ക്രമവും അനുഗ്രഹവും ഇവർ ഇരുവരിലും തെടാതെയും ഇളകാതെയും കാത്തുകൊണ്ടു വാഴിക്കേണമെ — നിന്റെ കരുണയുടെ ധനം എല്ലാം അവരുടെ മേൽ പൊഴിഞ്ഞിട്ടു ഈ അവസ്ഥയിൽ അവർ ദൈവഭക്തിയെ തിരഞ്ഞു തങ്ങളെ മരണപര്യന്തം പൊൻനടപ്പാനും നിന്റെ സ്തുതി ബഹുമാനത്തെയും കൂട്ടക്കാരുടെ നന്മയെയും വളർത്തുവാനും ഉത്സാഹിപ്പിച്ചു നിന്റെ പ്രിയപുത്രനാം ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുമൂലം രക്ഷിച്ചരുളേണമേ — ആമെൻ Lu.

അല്ലെങ്കിൽ

ഞങ്ങളുടെ ദൈവമായ യഹോവയെ എന്നെക്കും ഞങ്ങളുടെ സഹായവും ആധാരവും ആയുള്ളോവെ — നിന്റെ വിശുദ്ധനിയോഗപ്രകാരം വിവാഹനിയമത്തിൽ പ്രവേശിച്ചു അന്യോന്യം സ്നേഹവും വിശ്വാസവും നെൻ കൊണ്ടു ഇന്നു ഇണെച്ചുകെട്ടിയവരെ കടാക്ഷിക്കേണമെ — അവരുടെ വരവും പോക്കും അനുഗ്രഹിച്ചു വിശുദ്ധാത്മാവെ കൊണ്ടു നടത്തി നല്ലതും സുഗ്രാഹ്യവും തികവുള്ളതും ആയ നിന്റെ ഇഷ്ടത്തെ

അവരിൽ എല്ലാംകൊണ്ടും ഏറ്റിക്കേണമെ—അവരുടെ ദെഹികളെ ക്രിസ്തുവിൽ ഒന്നിച്ചു ചെൎത്ത സ്നെഹം എന്ന ഏകാന്തികയിൻ മാലയെ അണിഞ്ഞു കൊണ്ടു ഒരു മനപ്പെട്ടു മാറാക്കുക—ക്രിസ്തന്റെ വചനം ഐശ്വൎയ്യമായി അവരിൽ വസിക്കയും അവർ പ്രാൎത്ഥനയിൽ ഉറ്റിരുന്നു സ്തോത്രത്തോടെ അതിൽ ജാഗരിച്ചു കൊൾകയും സകലത്തിലും നിന്റെ നല്ല ആത്മാവിന്നു വശമായി ചമകയും ആവു—ശാന്തവും ഐക്യമേറവും വരുത്തുന്ന ദുരാത്മാവിനെ തടുക്കുക അന്യോന്യം പൊറുത്തു ക്ഷമിക്കുന്ന ജ്ഞാനവും ശാന്തതയും ഉയരത്തിൽ നിന്നു നല്കുക—അവരുടെ കൈകളുടെ പ്രവൃത്തിയെ സാധിപ്പിക്ക വിളിക്കു തക്ക വിശ്വസ്തതയും ഉത്സാഹവും വൎദ്ധിപ്പിക്ക—അവരൊ വൃദ്ധിയെ അനുഗ്രഹിക്ക—അവൎക്കു കഷ്ടതയും ദുഃഖവും പിണെക്കുന്നൊരും അനുതാപവും വിശ്വാസവും ക്ഷാന്തിയും [illegible] സങ്കടങ്ങളെയും നിത്യാനുഗ്രഹമാക്കി തീൎക്കേണമെ—അവരുടെ നെഞ്ചും വീടും നിന്റെ ആലയമാക്കി അവരവർ തമ്മിൽ സ്വൎഗ്ഗഗതിയെ പ്രാപിപ്പിക്കേണ്ടതിന്നു ജാഗ്രതയുണ്ടാക്കേണമെ—ആയുസ്സിന്റെ അവസാനത്തോളം അവർ വിശ്വാസത്തെ കാത്തുനില്ക്കയും ആവു—പിന്നെ ഈ പരദെശയാത്രയെ തികെച്ചു നിത്യസന്തോഷത്തിന്നായി പിതാവിൻ ഭവനത്തിൽ പ്രവെശിപ്പിച്ചു യെശുക്രിസ്തൻ നിമിത്തം എന്നും കൈക്കൊണ്ടരുളെണമെ—ആമെൻ—

സ്വൎഗ്ഗസ്ഥനായ ഇത്യാദി

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക—യഹോവ തിരുമുഖത്തെ നിങ്ങളിലെക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക—യഹോവ തിരുമുഖത്തെ നിങ്ങളുടെ മെൽ ആക്കി നിങ്ങൾക്കു സമാധാനം ഇട്ടുമാറാക—ആമെൻ. W.

V. ശവസംസ്കാരം

(ശവക്കുഴിയരികെ നില്ക്കുമ്പോൾ)

രാജാധിരാജാവും കർത്താധികർത്താവും ഏകാസ്ഥനായുള്ളവനും ആയ നമ്മുടെ ദൈവത്തിന്നു ബഹുമാനവും തൊഴുത്തും എന്നെന്നേക്കും ഉണ്ടാവുതാക-ആമ്മെൻ

അല്ലെങ്കിൽ

മരിച്ചവനായി ഇനി എന്നേക്കും യുഗങ്ങളൊക്കെയും ജീവിച്ചിരിക്കുന്നവനായ യെശുക്രിസ്തുസ്സിൻ എന്നും വാഴ്ത്തപ്പെട്ടവനാക-ആമ്മെൻ-

(പിന്നെ സങ്കീർത്തനം-൧൩൦ആമത്തും ൧൪൩ാമതു-൯൦-൨൧-ഉള്ളതു ചൊല്ലുകയാവും വായിക്കുക — അല്ലെങ്കിൽ)

കർത്താവിൽ നിദ്രയുള്ളവരെ—സർവ്വശക്തിയും ഒക്കെ ജ്ഞാനവും ഉള്ളവനായ ദൈവത്തിന്നു ഇന്നു നമ്മുടെ സഹോദരനെ (—) ഈ ലോകത്തിൽ നിന്നു വിളിപ്പാൻ തോന്നുകകൊണ്ടു നാം അവന്റെ ശരീരം ഭൂമിയിൽ അടക്കുകൊണ്ടു മണ്ണായതിനെ മണ്ണിൽ ഏല്പിച്ചുവിടുന്നു— ആദാം വഴിയാകട്ടെ സകല മനുഷ്യപുത്രന്മാരും അങ്ങിനെ ഷ്ടാന്തിത്രനിപെട്ടിരിക്കുന്ന പൊടിയിൽ പിന്നെയും ചെരുകയും ചെയ്യും. (൧ മൊ. ൩)— കാരണം ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പുക്കതിന്നാൽ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരോളവും പരന്നിരിക്കുന്നു (റൊമ. ൫)— അതുകൊണ്ടു സകല ജഡവും ക്ഷയിച്ചുപോകുന്നു മുഖവടിവും ഇനിമേൽ ഒട്ടും ഇല്ലല്ലൊ—ആകയാൽ ധ്യാനിച്ചു വിനയത്തോടെ നിന്നുകൊണ്ടു നമ്മുടെ പാപകടങ്ങളെ ഏറ്റുപറഞ്ഞുകൊണ്ടു പൊടിഷന്നം

ഞങ്ങളുടെ വാഴുനാൾ പുകപൊലെ മങ്ങി പൊകുന്നു എന്നും ചിന്തിച്ചു
കൊണ്ടു ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴു നമ്മെ നാം തന്നെ
താഴ്ത്തി വെക്കുമാറാക — സ്ത്രീയെറ്റുള്ള മനുഷ്യൻ അല്പായുസ്സുള്ളവനും
ക്ലെശമിലയാൽ തൃപ്തനാകുന്നു — പൂപൊലെ മുളച്ചു വാടുന്നു നിഴൽ
കണക്കെ നില്ക്കാതെ മങ്ങി പൊകുന്നു (യൊബ്-൧൪) — യഹൊവെ നീ
ചാൺ നീളമായി ഞങ്ങൾക്കു നാളുകൾ തന്നതെ ഉള്ളു — ഞങ്ങളു
ടെ ആയുസ്സ് നിന്റെ മുമ്പാകെ ഒന്നും ഇല്ല — വെറുമ്മായയായി എ
ല്ലാ മനുഷ്യനും ഭാവിക്കപ്പെട്ടതെ ഉള്ളു — അവനവൻ നിഴലായ
നടക്കുന്നു മായയായി അലമ്പലാകുന്നതെ ഉള്ളു (സങ്കീ. ൩൯)

എങ്കിലും നമ്മെ ഉയിർപ്പിച്ചു നിത്യാശ്വാസവും കരുണയാലെ നല്ല
പ്രത്യാശയും തന്ന കർത്താവായ യെശു ക്രിസ്തനും പിതാവായ ദൈവ
ത്തിന്നും സ്തോത്രം ഉണ്ടാകെയാവു — അവൻ തന്റെ കനിവിന്റെ ആ
ധിക്യപ്രകാരം യെശു ക്രിസ്തൻ മരിച്ചവരിൽ നിന്ന് എഴുനീറ്റതിനാ
ൽ നമ്മെ പിന്നെയും ജനിപ്പിച്ചു ജീവനുള്ള പ്രത്യാശെക്കു തന്നെ (൧
പെത. ൧) — ആദാമിൽ ആകട്ടെ എല്ലാവരും ചാകുന്ന പ്രകാരം ത
ന്നെ ക്രിസ്തനിൽ എല്ലാവരും ഉയിർപ്പിക്കപ്പെട്ടും (൧ കൊ. ൧൫) — സ്വമ
രണത്താലും പുനരുത്ഥാനത്താലും അവൻ നമ്മുടെ പാപങ്ങളെ പരി
ഹരിച്ചു മരണത്തെ നിർമ്മൂലവിശെഷം കൊണ്ടു ജീവനെയും കെ
ടായ്മയെയും വിളങ്ങിച്ചു (൨ തിമ. ൧) — അവൻ മരിച്ചവരിൽ നി
ന്ന് ആദ്യജാതനായി എഴുനീറ്റു — ഞാനെ പുനരുത്ഥാനവും ജീവ
നും ആകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും — ജീ
വിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ എല്ലാം എന്നെക്കും മരിക്ക
യും ഇല്ല — (യൊ. ൧൧) — അതുകൊണ്ടു ജീവിച്ചാലും മരിച്ചാലും നാം
അവങ്കൽ തന്നെ ആശ്വസിക്കുന്നു — അവനാൽ മരണം ജയത്തി
ൽ വിഴുങ്ങപ്പെട്ടു — അവനെ വിശ്വസിക്കയാൽ ദൈവജനത്തിന്ന് ഇനിയാ
ശ്വാസം ഉണ്ടു — ഈ ക്ഷയമുള്ളതു അക്ഷയത്തെയും ഈ ചാകുന്നതു

ചാകായ്മയെയും ധരിക്കും — ബലഹീനതയിൽ വിതെക്കപ്പെടുന്നു ശക്തിയിൽ ഉണരുന്നു അവമാനത്തിൽ വിതെക്കപ്പെടുന്നു തെജസ്സിൽ ഉണരുന്നു — നാം മണ്ണുള്ളവന്റെ പ്രതിമയെ ചുമന്നപൊലെ സ്വൎഗ്ഗീയന്റെ പ്രതിമയെയും ചുമക്കും (൧ കൊ. ൧൫) — എന്നതൊ നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പ്രതിമ തന്നെ — ആയവൻ സകലവും കൂടെ തനിക്ക് കീഴ്പെടുത്തുവാൻ കഴിയുന്ന സാമൎത്ഥ്യശക്തിയെ കൊണ്ട് നമ്മുടെ താഴ്ചയുടെ ശരീരത്തെ തന്റെ തെജസ്സിൻ ശരീരത്തൊട് അനുരൂപമാകുവാൻ മറുവെഷമാക്കി തീൎക്കും (ഫിലി. ൩)

(മെല്പറഞ്ഞവാക്യങ്ങൾ കഴിഞ്ഞിട്ടൊ ഈ പ്രബോധനത്തിന്റെ ശെഷമൊ ചൊല്ലെണ്ടത്)

എന്നതുകൊണ്ട് നാം ഈ കല്ലറെക്കൽ നില്ക്കുമ്പോൾ പ്രത്യാശ ഇല്ലാത്തവരെപൊലെ ദുഃഖിക്കാതെ തലകളെ ഉയൎത്തിക്കൊള്ളുന്നു — നമ്മുടെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നവനല്ലൊ — കൎത്താവിൽ നിദ്രകൊണ്ടവർ ക്ലെശം ഒന്നും തൊടാത്ത ദൈവ മഹത്വത്തിൽ സന്തൊഷത്തിൽ പ്രവെശിച്ചു എന്നും അറിയാമല്ലൊ — കൎത്താവിൽ ചാകുന്ന മൃതന്മാർ ഇന്നുമുതൽ ധന്യർ — അതെ അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് ഒഴിഞ്ഞു തണുക്കെണ്ടതിന് അവരുടെ ക്രിയകൾ അവരെ പിഞ്ചെല്ലുകയും ചെയ്യുന്നു എന്ന് ആത്മാവ് പറയുന്നു — (വെളി. ൧൪)

എന്നാൽ ഈ പ്രത്യാശ ഉള്ളവർ എല്ലാം ആയവൻ നിൎമ്മലനാകുമ്പോലെ തന്നെയും നിൎമ്മലീകരിച്ചു നീതിമാന്മാരുടെ എഴുനീല്പിനൊട് എത്തുവാൻ ശ്രമിക്കുന്നു — കാരണം അവനവൻ ശരീരം കൊണ്ട് നല്ലതാകിലും തീയതാകിലും ചെയ്തതിന്ന് തക്കവണ്ണം പ്രാപിക്കെണ്ടതിന്നു നാം എല്ലാവരും ക്രിസ്തന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാകെണ്ടതു (൨ കൊ. ൫) — അതുകൊണ്ട് വിശ്വാസമുള്ളവരെ ലൊകത്തിൻ മൊഹങ്ങളുള്ള കെടിനും തെറ്റിന്റെ വഞ്ചനകളുള്ളതുമായ ഇതി അവഹരിക്കപ്പെട്ടു ഒത്തുകൂടെ ബൊധിച്ചനന്തരം ...

ട്ടാറാക - വിശ്വാസത്തിന്റെ നല്ല പോർ പൊരുക നിത്യജീവനെ പി-
ടിച്ചുകൊൾക അതിന്നായി നീ വിളിക്കപ്പെട്ടുവല്ലോ - നിങ്ങളുടെ
യജമാനൻ എപ്പോൾ വരും എന്നു കാത്തിരിക്കുന്ന വിശ്വസ്തദാസ-
ന്മാരെ പോലെ നാം എപ്പൊഴും ഒരുമ്പെട്ടു നിന്നു സത്യത്തെ അനു-
സരിക്കയാൽ ദേഹികളെ നിർമ്മലീകരിച്ചു വെളിച്ചത്തിൽ നടന്നുകൊ-
ള്ളുക - ഈശ്വരം ബുദ്ധിമാനായവനോടു ഒക്കയും കാത്തായ്വി-
ളിച്ചു പറയുന്നിത്യ മരണപര്യന്തം വിശ്വസ്തനാക എന്നാൽ ഞാൻ
ജീവകിരീടത്തെ നിണക്ക തരും - (വെളി. ൨. W.

[അല്ലാക്കിൽ മെല്ലറഞ്ഞ വെദവചനങ്ങളാൽ

ഒന്നിനെ സംബന്ധിച്ചു പ്രസംഗിക്ക]

പ്രാർത്ഥന - ൧,

പ്രിയ കർത്താവായ യെശുക്രിസ്തനെ - നീ മരണത്തെ നീക്കി സുവിശെ-
ഷം കൊണ്ടു ജീവനെയും കെടായ്മയെയും വിളങ്ങിച്ചതുകൊണ്ടു ഞങ്ങ-
ൾ വാഴ്ത്തുന്നു - മരണത്തെ ജയിച്ച വീരനെ നിന്നെ ഞങ്ങൾ പ്രശംസിക്കു-
ന്നു - നിന്നെ പുനരുത്ഥാനമെന്നും ജീവൻ എന്നും നിശ്ചയിച്ചു ഞങ്ങൾ
ആരാധിക്കുന്നു - നിന്റെ കൂട്ടായ്മയിൽ അത്രെ ജീവനെയും ഭാഗ്യ-
ത്തെയും ഞങ്ങൾ അന്വെഷിക്കുന്നു - നമ്മെ ചെർത്തെടുക്കുന്ന സ്നെഹ-
ത്തിന്റെ ദയ ഒഴിച്ചു മൃത്യുഭയത്തെയും മരണവും നമ്മെ വെല്ലുവി-
ളിക്കാതിരിക്കെണമെ - നിന്നിൽ മാത്രം ഞങ്ങൾ ജീവിക്കെവണ്ടു-
ഷന്നിട്ടു സമയം ആയാൽ നിന്നിൽ മാത്രം മരിപ്പാനും സംഗതി ഉണ്ടാ-
ട്ടെ - ഞങ്ങളുടെ മരണനെരത്തിൽ നിന്റെ മരണത്തിന്റെ ശുഭഫലങ്ങ-
ളെല്ലാം ഞങ്ങൾ അനുഭവിച്ചു അനവധി ആശ്വാസിക്കുമാറാക - മഹാജ്ഞ-
ക്കൂടിയായ വീരനൊടു കൂടെ പൊരാട്ടത്തിൽ ഞങ്ങൾക്കു തുണ-

നില്ല—നിന്റെ ശൌൎയ്യം നല്കി സകലശത്രുക്കളെയും ജയിപ്പാനും ദൈവ
സന്തോഷത്തിന്ന ആളായവനും ആക്കെണമെ—ഇനി പ്രാണിപ്പാനും
കഴിയാത്ത നെരത്തിൽ നിന്റെ വിശുദ്ധാത്മാവ് തന്നെ ഉച്ചരിയാത്ത ഞ
രക്കങ്ങളെ കൊണ്ട ഞങ്ങളുടെ പക്ഷം എടുക്കുമാറാക—മരണനിഴലി
ന്റെ താഴ്വരയിൽ സ്വൎഗ്ഗീയ പ്രകാശവും ദിവ്യശക്തിയും അയച്ചു ഞങ്ങ
ളെ നടത്തി ആനന്ദത്തിലെക്ക എത്തിക്കെണമെ—ഞങ്ങൾക്ക വെ
ളിച്ചം മങ്ങി ചുറ്റിലും അന്ധകാരവും ഉള്ളിൽ പീഡയും അതിക്രമിച്ചു
വരുമ്പൊഴൊക്കെയും നിന്റെ മരണത്താലെ സമാധാനവും നിന്റെ ജീ
വന്റെ വെളിച്ചവും ആത്മശക്തിയും തിരുരാജ്യത്തിന്റെ വാടാത്ത അ
വകാശവും ഞങ്ങളിൽ നിറഞ്ഞു വഴിയുമാറാക്കി രക്ഷിക്കെണമെ—
ആമെൻ— W. b. m.

അല്ലെങ്കിൽ

൨.

ചാകാത്തവരും സൎവ്വശക്തിയുമുള്ള ദൈവമെ സ്വൎഗ്ഗസ്ഥപിതാവെ—എ
ല്ലാരെല്ലാരും നീ അവൻ തന്നെ നിന്റെ ആണ്ടുകൾ ഒടുങ്ങാതെ
തലമുറ തലമുറയൊളവും ഉണ്ടു—ഞങ്ങളൊ ക്ഷണികരത്രെ—സക
ലജഡവും പുല്ലുപൊലെയും അതിന്റെ തെജസ്സ് എല്ലാം പുല്ലിൻ പൂവൊ
ലെയും ആകുന്നു—പുല്ലുവാടി പൂവുതിരുകയും ചെയ്യുന്നു—ഞങ്ങൾ ഹൃദ
യം കൊണ്ടു വരത്തക്കവണ്ണം ഞങ്ങളുടെ ദിവസങ്ങളെ എണ്ണുവാ
ൻ ഗ്രഹിപ്പിക്കെണമെ—സത്യമാനസാന്തരത്താലെ ഞങ്ങൾ മര
ണനെരത്തിന്ന ഒരുങ്ങിയിട്ടു ചാവുന്നവരാകുന്ന കാലത്തിൽ ഞെ
ട്ടിപൊകാതെ ഭാഗ്യമുള്ള പുനരുത്ഥാനവിശ്വാസത്തോടെ കാത്തു
നില്ക്കുമാറാക— കൎത്താവായ യെശുവെ ഞങ്ങളുടെ അന്ത്യനാ
ഴിക അടുക്കുമ്പൊൾ ദയചെയ്തു ഞങ്ങളെ ഇഹലൊകത്തിൽനിന്ന
എടുത്തു നിന്റെ സ്വസ്ഥതയിൽ പ്രവെശിപ്പിക്കെണമെ—ഇതാ

നിഷ്ഠതയിൽ തന്നെ യാത്രയാകുംവരെ സത്യവിശ്വാസത്തിലും ഭക്തി കൃതജ്ഞതകളിലും ഞങ്ങളെ വൎദ്ധിപ്പിക്ക കൎത്താവെ—നീ പുനരുത്ഥാനവും ജീവനും ആകുന്നു–നിന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും–ജീവിച്ചിരുന്നു നിങ്കൽ വിശ്വസിക്കുന്നവൻ എല്ലാം എന്നെക്കും മരിക്കയും ഇല്ല–നിന്റെ നാളിൽ ഞങ്ങൾ ഉറക്കങ്ങളിൽനിന്നു സന്തോഷത്തോടെ ജീവകാലെക്ക് എഴുനീറ്റു സ്വൎഗ്ഗീയ ആനന്ദത്തിൽ കടക്കുമാറാകെണമെ എന്നു നിന്റെ സ്നേഹം നിമിത്തം യാചിക്കുന്നു- ആമെൻ- W.

൩.

സൎവ്വശക്തിയും നിത്യജീവനുമുള്ള ദൈവമെ–നിന്റെ പ്രിയമകന്റെ മരണത്താലെ പാപത്തെയും മരണത്തെയും നീ ഇല്ലാതാക്കിയതല്ലാതെ അവന്റെ പുനരുത്ഥാനത്താലെ നിൎദ്ദോഷത്തെയും നിത്യജീവനെയും ഞങ്ങൾക്കു പിന്നെയും വരുത്തി പിശാചിന്റെ അധികാരത്തിൽനിന്നു ഞങ്ങൾ വീണ്ടുകൊള്ളപ്പെട്ടു നിന്റെ ഉയിൎപ്പിൻ ശക്തിയാൽ ഈ മൎത്യശരീരങ്ങളും കൂടെ മരിച്ചവരിൽനിന്നു എഴുനീല്പാൻ ഞങ്ങളെ കടാക്ഷിച്ചിരിക്കുന്നു സത്യം– എന്നതിനെ ഞങ്ങൾ വിശ്വസിച്ചിരിക്കു സൎവ്വാത്മനാ തെളിഞ്ഞുകൊണ്ടു ശരീരത്തിന്റെ സന്തോഷമുള്ള പുനരുത്ഥാനത്തിൽ നിന്റെ എല്ലാ ഭക്തന്മാരൊടും കൂടെ എത്തെണ്ടതിന്നു കരുണ ചെയ്ക നിന്റെ ഏകജാതനും ഞങ്ങളുടെ രക്ഷിതാവും ആയ യേശുക്രിസ്തുനെകൊണ്ടു പ്രസാദിച്ചരുളെണമെ- ആമെൻ- stb.

൪.

ഞങ്ങളുടെ ദൈവമായ യഹോവെ നീ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു–മനുഷ്യപുത്രന്മാരെ ഈ ഭൂമിയിൽ അല്പം പാൎപ്പിച്ച ഉടനെ പൊടിയും ഭസ്മവും ആയവൻ തിരിപ്പിക്കുന്നു– ജഡം എല്ലാം പുല്ലും

ജഡതെജസ്സ് എല്ലാം പുല്ലിൻ പൂവും അത്രെ— മായയായിരിക്കുമ്പൊൾ
ച്ചുപൊന്ന ശെഷം അവൻ ബിംബവും നിഴലും പൊയി മറഞ്ഞുപൊ
കുന്നു— എന്നിട്ടു ജീവന്റെ ഉറവായ ദിവ്യ പുത്രനാകയെശുവി
ൽ താനെ അവതരിച്ചതിലും വിശുദ്ധാത്മാവിന്റെ പ്രകാശനത്താ
ലും പുനരുത്ഥാനത്താലും ഞങ്ങളെ സന്ദർശിച്ചുവരുന്നതിലും നിത്യ
ജീവന്റെ ഉണ്മസത്യം— വിശ്വാസികളുടെ ഹൃദയങ്ങളിൽ നിവസി
ച്ചു പ്രവൃത്തിക്കുന്നതിനാൽ നിനക്കു സ്തൊത്രം— ജീവവൃക്ഷമായയെ
ശുവിൽ ശാഖയായിരിക്കുന്നതുകൊണ്ടു അവനൊടു ഐക്യഭവിച്ചു തി
ന്റെ സ്വഭാവമായി ചമഞ്ഞു വളർന്നു ആത്മാവിന്റെ ഫലങ്ങളെ
ഉണ്ടാക്കുവാനും നിത്യസന്തൊഷത്തിൽ കടക്കപ്പെടുവാനും ഇടയാകുന്ന
തിനാൽ കഴിവുണ്ടാകയാൽ നിനക്കു സ്തൊത്രം—

വിശ്വാസ്യദൈവവും പിതാവുമായുള്ളൊവെ ഞങ്ങളുടെ നാ
ളുകളെ എണ്ണുവാൻ ഞങ്ങളെ പഠിപ്പിക്കെണമെ— വിശെഷിച്ചു
ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു വെച്ചിരി
ക്കുന്നതു എന്നു വിചാരിപ്പാൻ ഞങ്ങളെ ഉപദെശിക്കെണമെ—
എന്തെന്നാൽ ഞങ്ങളുടെ വാഴുനാൾ കൊണ്ടു ഞങ്ങൾ മരണത്തിന്നു
ഒരു വെട്ടുവന്ന അല്ലൽ മാത്രമെ ചെയ്തുകൊണ്ടതെ നിദ്രാമയ
ങ്ങളെ തീരെ ഉണർത്തി സ്വർഗ്ഗത്തിൽ നിന്നു മന്നാവാകുന്ന ക്രിസ്ത്വാ
ള്ളുന്ന ബുദ്ധിയുള്ള കന്യമാരൊട് ഒന്നിച്ചു പുത്രന്റെ ഹൃദയവാതിൽ
ക്കിൽ വിശ്വാസത്താൽ എണ്ണനിറെക്കുമാറാകെണമെ— ഞ
ങ്ങളുടെ അന്ത്യശയനവെളിച്ചവും ആത്മജീവനുമായുള്ളൊരു
ക്കിലെ നന്മകളും എല്ലാം വ്യർത്ഥമിട്ടു സഫലമായ വിശ്വാസവും നി
ത്യാളെ സ്നെഹവും ആകുന്ന ശുഭപ്രകാശം കൊണ്ടു നിത്യം വിളങ്ങെണമെ
ന്നു മരണങ്ങളാലുള്ള ഇരുളും ഭയവും എല്ലാം അകറ്റി കളയുമാ
റാക— ആപ്രകാശം ഇടവിടാതെ ഞങ്ങളിൽ തെളിഞ്ഞു ജീവനിലും മര
ണത്തിലും ഉത്തമമായി വിളങ്ങുന്ന യെശുക്രിസ്തുൻ എന്ന ദിവ്യമന്നവാ

ളനെ ഞങ്ങളുടെ വീണ്ടെടുപ്പും പുനരുത്ഥാനവും ജീവനും ആകുന്ന കാ
ണിച്ചു മധുരമുള്ള ആശ്വാസങ്ങളെ ഞങ്ങളിൽ നിറെക്കെണ
മെ — ആമെൻ. Sfh.

(പിന്നെ ശവം കുഴിയിൽ ഇറക്കിയശെഷം)

പെട്ടിയിൽ നിന്നെടുക്കപ്പെട്ടു പെട്ടിയിൽ കിടക്കുന്ന ഈ ശ
രീരത്തെ കൎത്താവായ യെശുക്രിസ്തുൻ തന്റെ നാളിൽ എഴുനീല്പിക്കും
ആത്മാവിനെ ഞങ്ങൾ ദൈവത്തിൻ കരുണയിൽ ഭരമെല്പിക്കു
ന്നു അവന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവും മദ്ധ്യസ്ഥ
നും ആയവനെ ആശ്രയിച്ചിട്ടു തന്നെ — ആമെൻ - ae

അല്ലെങ്കിൽ

ജീവന്റെ മദ്ധ്യെ നാം മരണത്തിൽ ഇരിക്കുന്നു — ഞങ്ങളെ നി
ന്നിരിക്കുന്ന സഹായം ഉണ്ടാവാൻ ഞങ്ങൾ പൊരുതയായി ഇപ്ര
കാരം വ്യസനിച്ചിരിക്കുന്ന നിന്നൊടല്ലയൊ — എന്നാലും പരിശുദ്ധ
ദൈവമെ സൎവ്വശക്തനായ കൎത്താവെ പരിശുദ്ധനും കരുണയും
നിറഞ്ഞ രക്ഷിതാവെ നിത്യമരണത്തിന്റെ യാതനകളിൽ ഞ
ങ്ങളെ ഏല്പിക്കരുതെ — കൎത്താവെ ഞങ്ങളുടെ ഹൃദയങ്ങളുടെ രഹസ്യ
ങ്ങളെ നീ അറിയുന്നു ഞങ്ങളുടെ പ്രാൎത്ഥനെക്കു നിന്റെ കരുണയു
ള്ള ചെവികളെ അടെക്കരുതെ പരിശുദ്ധ കൎത്താവെ സൎവ്വശക്തനായ
ദൈവമെ കരുണാപൂൎണ്ണ രക്ഷിതാവെ എന്നെക്കും വരമായ ന്യാ
യാധിപതിയായുള്ളൊവെ ഞങ്ങളുടെ അന്ത്യനെരത്തിലും നിന്നെ വി
ട്ടു പിഴുകി പൊകാതവണ്ണം ഞങ്ങളെ ഒന്നൊടെ രക്ഷിച്ചുകൊള്ളെണ
മെ — ആമെൻ. CP

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ --

സമാധാനത്തിന്റെ ദൈവമായവൻ നിങ്ങളെ എല്ലാം —

വിശുദ്ധികരിക്ക നിങ്ങളുടെ ആത്മാവും ദെഹിയും ദെഹവും നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ അനിന്ദ്യമായി കാക്കപ്പെടുക—ആമെൻ W.

൨., ശിശുമരണങ്ങൾ

മെല്പറഞ്ഞതു ചുരുക്കി ചൊല്ലിയാലുമെന്ന പ്രത്യെകം പ്രയൊഗിപ്പാനുള്ള പ്രാൎത്ഥനയായിതു-

ബപ്തിസ്മാനായ ക്രിയ പിതാവെ—ഈ ശിശുവിനെ നീ സ്നെഹിച്ചു ഈ ലൊകത്തിന്റെ നാനാ സങ്കടങ്ങളിൽ അകപ്പെട്ടുപൊകാതെ വെഗത്തിൽ പല്ലാളാട്ടുകളിൽ നിന്നും എടുത്തു ക്രിയപുത്രനായ യെശുമൂലം അപ്പന്റെ ഭവനത്തിൽ ചെൎത്തുകൊൾകയാൽ ഞങ്ങൾ സ്തുതിക്കുന്നു—ഇപ്രകാരം അമ്മയപ്പന്മാൎക്ക നീ കൊടുത്തതിനെ വിയൊഗം ഏറ്റതിനാൽ അവരുടെ ഹൃദയത്തൊട് സമീപിച്ചുവന്നു നിന്റെ രക്ഷയാൽ ഉള്ള ആശ്വാസത്തെ പകൎന്നു വൎദ്ധിപ്പിക്കുന്നവരെ മെലെവരുന്നെ വിചാരിക്കുമാറാക്കുക—നിസ്സാരമായിരിക്കുന്ന ക്ഷണികമായ വഴിയാത്രയിൽ സകല ദിവസങ്ങളിലും ധ്യാനം ചെയ്തു ഈ ലൊകത്തെ സമ്പാദ്യങ്ങളെ ചൊല്ലി ഇനി കണ്ണുനീർ ഒഴുക്കാതെ അവരെ പ്രബൊധിപ്പിക്കെണമെ—നിന്റെ പ്രിയപുത്രനായ യെശുക്രിസ്തുവിൽ ഞങ്ങളുടെ ശിശുക്കളെയും നിത്യരാജ്യത്തിലെക്ക് തിരിച്ചുകൊള്ളാതെ വിശ്വാസം കൊണ്ടു നിന്റെ സ്വാന്തനത്തിൽ ചെൎത്തിന്റെ മക്കളൊക്കെയും സകലബുദ്ധിയുള്ളവരാക്കി അവരെ നിത്യം ഓൎത്തു കാത്തുകൊള്ളുകയും ചെയ്യുന്ന—ഞങ്ങൾ കാണുന്ന ഞങ്ങൾക്കുള്ളവരെ ഉപെക്ഷിയാതെ നടത്തിക്കൊണ്ട് വാനവിശ്വാസം തെളിഞ്ഞു ദയ നല്കണമെ—ഞങ്ങൾക്കുള്ള ഈ ഞങ്ങളെ രക്ഷിക്കുന്നതിനും വരിയാനിച്ചവൎക്ക് പ്രാൎത്ഥനയിൽ നിന്നെ ഭരമെല്പിച്ചു ചൊല്ലുന്നു മരണത്തിന്റെ

യത്തിലും സ്നേഹത്തിലും വളൎന്നുകൊൾ്വാൻ ഞങ്ങളെ ഉത്സാഹിപ്പിച്ചു
ക്കൊള്ളെണമെന്നിയെ — എല്ലാറ്റിലും ഞങ്ങളുടെ കൈകളി
ൽനിന്നു അവരെ വേൎപെട്ടതാൽ ഞങ്ങളുടെ ഹൃദയം അങ്ങേ
ൾക്കുതന്നെ ശിക്ഷാവിധിക്കാതവണ്ണം വരുത്തെണമെ — ഞങ്ങൾക്കും
മക്കൾക്കും സമാധാനത്തിനുള്ളവ ഈ ഞങ്ങളുടെ സമയത്തി
ൽ തന്നെ അറിഞ്ഞും ചിന്തിച്ചും കൊൾ്വാൻ കൃപ കൎത്താവെ എല്ലാ
അപ്പനെയും അമ്മയെയും പരിപാലിച്ചു നടത്തുന്നവനെ — ഞങ്ങൾ
എല്ലാവരും നിത്യപ്രയാണക്കാരും ആകുന്നു സ്വൎഗ്ഗീയമായ ജന്മഭൂമി
യെ അന്വേഷിച്ചു നടന്നു ദൈവമെ നീ താൻ നിൎമ്മാതാവും ശില്പി
യുമായിട്ട അടിസ്ഥാനങ്ങൾ ഉള്ളൊരു പട്ടണത്തിൽ സന്തതിക
ളോടും കൂടെ എത്തി എന്നും നിന്നെ സ്തുതിപ്പാറാകേണമെ — ഈ
തെല്ലാം ഞങ്ങൾ യാചിക്കുന്നതു നിന്റെ പ്രിയപുത്രനും ഞങ്ങ
ളുടെ രക്ഷിതാവും ആയ യെശുക്രിസ്തന്റെ നാമത്തിൽ തന്നെ-
ആമെൻ. W.

VI. സഭാശുശ്രൂഷക്കാർ

൧., ഉപബോധകന്മാരെക്കുറിച്ച

(ഉപദെശി വെലെക്ക യൊഗ്യതയുള്ളവരെന്നു കാണിച്ചിട്ട വിളിക്കപ്പെട്ടവർ സഭക്കൂട്ടങ്ങളിൽ മൂപ്പന്മാരൊല്ലെണ്ടത്)

കർത്താവ നിങ്ങളൊട്ടു കൂടെ ഇരിക്കുമാറാക—നാം പ്രാർത്ഥിക്ക- സർവ്വശക്തിയും അനന്തദയയും ഉള്ള ദൈവമെ യെശുക്രിസ്തുവാം നരരക്ഷിതാവിന്ന പിതാവുമായുള്ളൊവെ—നിന്റെ കൊയ്ത്തിന്നായി വെലക്കാരെ അയപ്പാൻ ഞങ്ങൾ പ്രാർത്ഥിക്കെണ്ടുന്നതല്ലൊ—നിന്റെ കല്പനപ്രകാരം ഞങ്ങൾ നിന്നൊടു യാചിക്കുന്നതിന്നല്ല ഉപദെഷ്ടാക്കളും വചനത്തിൻ ശുശ്രൂഷക്കാരും ആയവരെ അയച്ചു നിന്റെ സുവിശെഷത്തെ അവരുടെ ഹൃദയത്തിലും വായിലും ആക്കി നിന്റെ യൊഗപ്രകാരം അവർ വിശ്വസ്തരായി പ്രവൃത്തിപ്പാറാകെണമെ— അവർ തിരുമൊഴിക്ക വിരൊധമായതൊന്നും ചെയ്യാതെയും പറയാതെയും സഭയിൽ സ്വർഗ്ഗീയ വചനത്താൽ പ്രബൊധനം ഉപദെശം ആശ്വാസം മുതലായ ഇഷ്ടഫലങ്ങളെ തന്നെ നിണക്ക പ്രസാദമായതിന ടുത്തുവാനും കടാക്ഷിക്കെണ്ടത നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവും ആയ യെശുക്രിസ്തുമൂലം തന്നെ—ആയവൻ നിന്നൊടും വിശുദ്ധാത്മാവൊടും ഒന്നിച്ചു സത്യദൈവമായി എന്നും അനുഗ്രഹിക്കപ്പെട്ടവനായി ജീവിച്ചും വാണും കൊണ്ടിരിക്കുന്നു—ആമെൻ

സഭയിലുള്ള വരങ്ങളെയും വെലകളെയും ചൊല്ലി
വിശുദ്ധാത്മാവ് ബൊധിപ്പിക്കുന്നതു കെട്ടിൻ—

കൃപാവരങ്ങൾക്ക വകപ്പുകൾ ഉണ്ടു ഏകാത്മാവ് താനും— ശുശ്രൂഷകൾക്കും വകപ്പുകൾ ഉണ്ടു കർത്താവ് ഒരുവൻ—വ്യാപാരങ്ങൾക്കും വകപ്പുക

൪ ഉണ്ടു എല്ലാവരിലും എല്ലാം വ്യാപരിക്കുന്ന ദൈവം ഒരുവൻ തന്നെ- എന്നാൽ ആത്മാവ് ഓരോരുത്തനിൽ വിളങ്ങുന്ന വിധം സഭയുടെ ഉപകാരത്തിന്നത്രെ നല്കപ്പെടുന്നു (൧ കൊ. ൧൨)

പിന്നെ എഫെസ്യർക്കു എഴുതിയത്-

അവൻ ചിലരെ അപ്പൊസ്തലരായും ചിലരെ പ്രവാചകരായും ചിലരെ സുവിശേഷകരായും ചിലരെ ഇടയർ ഉപദേഷ്ടാക്കന്മാരായും തന്നത് വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിന്നും- ഈവണ്ണം ശുശ്രൂഷയുടെ വേലക്കും ക്രിസ്തുശരീരത്തിന്റെ വീട്ടുവർദ്ധനക്കും വരുവാനം ആക്കീട്ടത്രെ- (എഫെ. ൪)

അപ്രകാരം തന്നെ കർത്താവായ യേശു മൂപ്പവന്മാരെയും പിന്നെ എഴുപതു ശിഷ്യന്മാരെയും തെരിഞ്ഞെടുത്തു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പാൻ അയച്ച പ്രകാരം തിരുവെഴുത്തിൽ ഉണ്ടല്ലൊ-

അന്നു കർത്താവ് ബലഹീനരും എളിയവരും ലൊകത്തിൽ നിന്ദിതരുമായവരെ തന്റെ വലിയ കാര്യത്തിൽ അയച്ചു- അപ്രകാരം ഇന്നും അവൻ ചെറ്റു കൊണ്ടു സുവിശേഷത്തിന്റെ ശുശ്രൂഷക്കായി വേലക്കാരെ വെച്ചിരിപ്പാൻ തനിക്കു മനസ്സു കൊടുത്തു കടാക്ഷിച്ചിരിക്കുന്നു

എന്നാൽ ക്രിസ്തസഭയുടെ ശുശ്രൂഷക്കാർക്കു കല്പിച്ചിരിക്കുന്നതു വാക്കുകളിൽ-

അവ്വണ്ണം ശുശ്രൂഷക്കാർ ഘനമുള്ളവർ ആകേണം ഇരുവാക്കുകാരും മദ്യസക്തരും ദുർല്ലാഭികളും അരുത്- വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ പാർക്കുന്നവരെ വേണ്ടു- ഇവർ മുമ്പെ പരീക്ഷിക്കപ്പെടാവു പിന്നെ അനിന്ദ്യരായി കണ്ടാൽ ശുശ്രൂഷിക്കട്ടെ-

അവ്വണ്ണം സ്ത്രീകളും ഘനമുള്ളവരായി ഏഷണിയില്ലാത്ത

യാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരും ആക — ശുശ്രൂഷക്കാർ ഏകഭാര്യാവാന്മാരും മക്കളെയും സ്വഭവനങ്ങളെയും നന്നായി ഭരിക്കുന്നവരും ആകേണം — നന്നായി ശുശ്രൂഷിച്ചിട്ടുള്ളവർ തങ്ങൾക്കു നല്ല നിലയും ക്രിസ്തുയേശുവിങ്കലെ വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു (൧ തിമൊ. ൩)

(പിന്നെ ഉപബോധകന്മാരെക്കൊണ്ടു ചൊല്ലുന്നതു)

കർത്താവിൽ പ്രിയമുള്ളവരെ സഭയെ മേയ്ക്കുന്നവരായ നിങ്ങൾ സഹായികളും പുറപ്പാടികളിൽ സുവിശേഷകരും ആകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു — ദൈവം സ്വരക്തത്താൽ സമ്പാദിച്ച സഭയെ നിങ്ങൾ മേയ്ക്കയും സകല സൃഷ്ടിയോടും സുവിശേഷത്തെ ഘോഷിക്കയും ചെയ്യുന്നതു — നിങ്ങൾക്കുള്ള നിയോഗം എത്രവലിയതും ഭാഗ്യവും എന്നു നന്നായി വിചാരിച്ചുകൊള്ളിൻ — അപ്പൊസ്തോലൻ ചൊല്ലുന്ന പ്രകാരം കുറവറ്റിപ്പാൻ ഞങ്ങൾ ഒന്നിലും ഒരുതർക്കും കൊടുക്കാതെ സകലത്തിലും ഞങ്ങളെ തന്നെ ദൈവശുശ്രൂഷക്കാർ എന്ന രഞ്ജിപ്പിക്കുന്നു — ബഹു ക്ഷാന്തിയിലും ഉപദ്രവങ്ങളിലും ഞെരുക്കങ്ങളിലും തല്ലുകളിലും കാവലുകളിലും കലഹങ്ങളിലും അദ്ധ്വാനങ്ങൾ ഉറക്കിളപ്പുകൾ പട്ടിണികളിലും — നിർമ്മലതയിലും അറിവിലും ദീർഘക്ഷമ വാത്സല്യത്തിലും പരിശുദ്ധാത്മാവിലും നിർവ്യാജസ്നേഹം സത്യവചനം ദൈവശക്തിയിലും — ഇടവലത്തും ഉള്ള നീതിയുടെ ആയുധങ്ങളാലും മാനാപമാനങ്ങളാലും സൽകീർത്തി ദുഷ്കീർത്തികളാലും — ചതിയർ എന്നിട്ടും സത്യവാന്മാർ — അറിയപ്പെടാത്തവർ എന്നിട്ടും അറിയപ്പെടുന്നവർ — ചാകുന്നവർ എന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു — ശിക്ഷിക്കപ്പെട്ടവർ എന്നിട്ടും മരിപ്പിക്കപ്പെടാത്തവർ — ദുഃഖിതർ എന്നിട്ടും എപ്പൊഴും സന്തോഷിപ്പവർ — ദരിദ്രർ എന്നിട്ടും പലരെ സമ്പന്നരാക്കുന്നവർ — ഒന്നുമില്ലാത്തവർ എന്നിട്ടും എല്ലാം അടക്കുന്നവർ ആകുന്നു — (൨ കൊരി. ൬) എന്നത്രെ നിങ്ങൾക്കും പറ്റുന്നു — ഈ വേലയുടെ വലുതായ ശ്രേഷ്ഠതയെ

യുംകൂടെ വിചാരിപ്പിൻ — നിങ്ങൾ കൂട്ടത്തിന്ന മാതൃകകളായിട്ടാ
ൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ മഹത്വത്തിന്റെ വാടാത്ത
കിരീടം പ്രാപിക്കും സത്യം — അതുകൊണ്ടു ഞാൻ ചോദിക്കു
ന്നതിന്നു ഉത്തരം ചൊല്ലുവിൻ — നിങ്ങളൊട്ടു കല്പിക്കുന്ന ശുശ്രൂഷയി
ൽ യേശുക്രിസ്തന്റെ നല്ല ഭടരായി കൂടെ കഷ്ടപ്പെടുവാൻ ഒരുമ്പെ
ട്ടിരിക്കുന്നുവൊ —

എന്നാൽ ഉവ്വ എന്നവർ പറവിൻ —

൧. നിങ്ങൾ കേട്ട സൌഖ്യവചനങ്ങളുടെ മാതിരിയെ ക്രിസ്തു
യേശുവിങ്കലുള്ള വിശ്വാസസ്നേഹങ്ങളിലും ധരിച്ചു സത്യത്തെ
വിശുദ്ധാത്മാവിനാൽ നിന്നും നമ്മുടെ സൃഷ്ടിഭേദസഭയുടെ
ഉപദേശത്താലും അറിഞ്ഞ പ്രകാരം തന്നെ പരിപാലിപ്പാൻ
മനസ്സുണ്ടോ —

എന്നാൽ ഉവ്വ എന്നവർ പറവിൻ —

൨. നിങ്ങളെ നടത്തുന്നവരെ കൎത്താവിൽ അനുസരിക്കും
അവർ ശാസിച്ചു വിലക്കിക്കൊണ്ടുവന്നാൽ കീഴ്പെട്ടു കൎത്താവി
ന്റെ ഭരണത്തിൽ ആരാഞ്ഞു കൊണ്ടേ വഴിപ്പെടുവാനും
ദൈവസഭകളെല്ലാമേൽ ഉപയോഗമുള്ളവരായിരു
ന്നു വാൻ ഉത്സാഹിക്കുമൊ

എന്നാൽ ദൈവകൃപയാൽ ഉവ്വ എന്നവർ പറവിൻ

ഈ പ്രകാരം നിങ്ങൾ ഒപ്പിക്കുന്നതു ഉറപ്പിക്കുവാൻ സഭക്കാരോടു
ഏകിക്കു വരെ ചൊല്ലുവിൻ —

(ദേവനവൻ നല്ലതു വന്നവരെ ഉയൎത്തിട്ടു
ട്ടുകൊള്ളുവാൻ ഫലമുള്ള ശക്തിയോടെ അനുഗ്രഹിക്ക
ട്ടെ)

സൃഷ്ടിഭേദസഭയുടെ ശുശ്രൂഷക്കാരനാവാൻ നമ്മുടെ ദിവ്യമായ
കൃത്യത്തിന്റെ ശ്രേഷ്ഠതയിൽ ഈ പ്രകാരം നിങ്ങൾ ഒരുങ്ങണം — എ

ക്കും നിങ്ങടെ ശുദ്ധമനം കെടുത്താതെ ഉത്സാഹത്തോടും വിശ്വസ്തമനസ്സോ
ടും ഈ വേല ചെയ്തുകൊണ്ട നമ്മുടെ കർത്താവിന്റെ ന്യായാസനത്തിന്റെ
മുമ്പിൽ ഭയമില്ലാതെ കണക്ക ബോധിപ്പിപ്പാൻ ശക്തന്മാരായിരു
ക്ക — പിതാവുപുത്രൻ വിശുദ്ധാത്മാവ എന്ന ദൈവനാമത്തിൽ നിങ്ങൾ
വരങ്ങളെ വഹിപ്പാൻ കർത്താവ നിങ്ങളെ അനുഗ്രഹിക്കുമാറാക — ആ
മെൻ —

പിന്നെ പ്രാർത്ഥന.

സർവ്വശക്തിയുള്ള ദൈവവും സ്വർഗ്ഗസ്ഥപിതാവുമായുള്ളോവെ — നിന്റെ
പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തന്റെ വാഗ്ദത്തം നി
വൃത്തിക്കയാൽ — കൊടുത്തുവരുന്ന ഏറ്റവും പ്രവൃത്തിക്കാരെ ഏല്പിക്കാം
കൊള്ളുന്ന യജമാനനൊടു തന്റെ കൊയ്ത്തിനായി പ്രവൃത്തിക്കാ
രെ അയക്കേണ്ടതിന്നു യാചിച്ചതിൽ — എന്നതുകൊണ്ട ഇന്നിന്റെ
ശുശ്രൂഷക്കാരെയും നിന്റെ വിശുദ്ധവേലെക്കു വിളിച്ചുകൊള്ളുവാ
ൻ ഒരുങ്ങും ആകുന്നതുകൊണ്ട വിശുദ്ധാത്മാവിന്റെ വരങ്ങളെയാൽ
ഇമ്മാതിരിക്ക നിന്റെ സുവിശേഷകർത്തിമെ നിന്നെ സേവിപ്പൂ
വാൻ പിശാചും ലോകം ജഡം ഈ ശത്രുക്കളൊട്ട പോരുന്ന വിജയിപ്പ
രാക്കിത്തീരുവാൻ വേണ്ടി ഇപ്പോൾ അനുഗ്രഹിക്കയും ഇപ്രകാരം നിന്റെ
നാമം വിശുദ്ധീകരിക്കപ്പെട്ടും നിന്റെ രാജ്യം വർദ്ധിച്ചും നിന്റെ
ഇഷ്ടം നടന്നും വരുവാൻ സംഗതിവരുത്തുകയും ചെയ്തു — ഇനിയും വ
ലിയ ഞങ്ങൾ നടക്കുന്ന വിഗ്രഹാരാധനക്കും മുഹമ്മദ് വാദികളാവരെയ്ക്കു
ദ്ധാരവും തിരുനാമത്തെ പുകഴ്ത്തും നിന്റെ രാജ്യത്തിന്റെ അതിർത്തിയും നി
ന്റെ ഇഷ്ടത്തോടു മറ്റും കൊള്ളുന്ന സകല ഭൂമിയിലും നിന്റെ
ദാസന്മാരുടെ അവസ്ഥ അറുതിവരുത്തി തിരുസഭയെ വർദ്ധിപ്പിക്കേണമെ —
ഈ പ്രാർത്ഥനങ്ങളെ നിന്നെ കേട്ടു അങ്ങുന്നു നിന്റെ പ്രിയപുത്ര
നും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തന്റെ നാമത്തിൽ ആ

൨൭൨ സർവ്വാത്ഭുതപ്പെട്ടോർക്കുക

ഒന്ന- ആമെൻ. Stb.

പിന്നെ മന്ത്രപ്രാർത്ഥനയും ആശീർവ്വചനവും ചൊല്ലു

൧- ബോധകന്മാർക്കു ഹസ്താർപ്പണം-

തിരുവത്താഴത്തിന്നു മുമ്പിലെ ചൊല്ലുന്നതു

നമ്മുടെ കർത്താവാകുന്ന യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും വിശുദ്ധാത്മാവിൻ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാക- ആമെൻ-

കർത്താവ് തന്റെ കരുണപ്രകാരം ഇവിടെ നില്ക്കുന്ന നമ്മുടെ സഹോദരനെ(രെ)യ -- തിരുസഭയുടെ വേലക്കാരൻ(ർ) എന്നു വിളിച്ചിരിക്കകൊണ്ടു നാം ക്രിസ്തീയമര്യാദെക്കു തക്കവണ്ണം ഹസ്താർപ്പണത്താലും പ്രാർത്ഥനയാലും അവനെ(രെ) വേർതിരിച്ചു ആ വേലെക്കു ആക്കുവാൻ ഇവിടെ കൂടിവന്നിരിക്കുന്നു— ഇപ്രകാരം നാം ചെയ്യുന്നതു ദൈവം അനുഗ്രഹിക്കേണ്ടതിന്നു നാം അവനോടു വിളിച്ചു ഒരുമനപ്പെട്ടു പ്രാർത്ഥിച്ചുകൊൾക-

കനിവുള്ള ദൈവവും സർവ്വശക്തനായ ക്രിയയിനാവുമായുള്ളോവെ- നിന്റെ ഏകജാതനും ഞങ്ങളുടെ രക്ഷിതാവുമായ യേശുക്രിസ്തുവിൻ അടിസ്ഥാനം ഇട്ട പണിചെയ്യുന്ന തിരുസഭയെ നീ ഇന്നുവരെയും ശക്തിയോടെ പരിപാലിച്ചു കരുണയാലെ നടത്തിയതാകയാൽ ഞങ്ങൾ സ്തോത്രം ചെയ്യുന്നു- നിന്റെ ആത്മാവ് ഇതിനെ വിട്ടുപോകിട്ടില്ല— സത്യത്തിന്റെ വിശേഷവചനത്തെ ഘോഷിച്ചുകൊണ്ടു സമാധാനസുവിശേഷത്തിന്റെ മുമ്പിലെ കാലുകൾക്കു ചെരിപ്പായി നടക്കുന്ന ഇടയന്മാരെയും ഉപദേഷ്ടാക്കളെയും നീ തന്നു ഞങ്ങളെ ഉണർത്തി ഉയിർപ്പിക്കുന്നു തിരുരക്തത്താൽ സമ്പാദിച്ച സഭയെ ഇനിമേലാൽ കരുണയാലെ പോറ്റി നിന്റെ സത്യത്തിൽ പരിപാലിച്ചു ശത്രുക്കൾക്കു ജയിപ്പാൻ സമ്മതിക്കാതെ കാത്തു രക്ഷിക്കേണമേ

ളെ രക്ഷിപ്പാൻ ശക്തമായ വചനത്തെ വിശ്വസ്തരായ ഉപദേഷ്ടാക്ക ന്മാരുടെ ശുശ്രൂഷയാൽ സമൃദ്ധിയായി തന്നരുളേണമെ — വിശെഷിച്ച് ഇവി ടെ തിരുമുമ്പിൽ നില്ക്കുന്ന ഇവനിൽ ശുശ്രൂഷക്കാരൻ(രെ) വെണ്ടി ഞങ്ങൾ പ്രാൎത്ഥിക്കുന്നു — അവൻ(ർ) നിന്നെ സെവിപ്പാൻ മനസ്സായി വിശുദ്ധ ശുശ്രൂഷയിൽ പ്രവെശിപ്പാൻ ഒരുങ്ങിയിരിക്കുന്നു — നിന്റെ വിശുദ്ധാത്മാവിന്റെ വരങ്ങളെ അവന്ന(ൎക്കു) മെല്ലമെൽ സമൃദ്ധിക്ക ഉയരത്തിൽ നിന്നു ശക്തി ധരിപ്പിക്ക കൎത്താവായ യെശുക്രിസ്തന്റെ സൌമ്യവചനങ്ങളിലും ഭക്തിക്കായുള്ള ഉപദെശത്തിലും നിലനില്പാറാക്കി അവൻ(ർ) ഘോഷിക്കുന്ന സുവിശെഷത്തിന്നു യോഗ്യമായി ജീവിച്ചും പെരുമാറുവാൻ കൃപ നല്കേണമെ — ത്രിയെകൎത്താവെ നിന്റെ നിത്യസ്നെഹത്താലെ ഞങ്ങളിൽ വ്യാപരിച്ചു കൊണ്ടു ഇവന്റെ(രുടെ) സാക്ഷ്യത്താലെ അനെകർ ജീവന്റെ വഴിയെ കണ്ടെത്തി യെശുക്രിസ്തന്റെ കൃപയിലും അറിവിലും വളൎന്നു വിശുദ്ധൎക്കു വെളിച്ചത്തിലുള്ള അവകാശപങ്കിന്നായി പ്രാപ്തരായ്തീരെണ്ടതിന്നു സംഗതിവരുത്തിയരുളിക്കെണമെ — ആമെൻ.

കൎത്താവിൽ സ്നെഹിക്കപ്പെട്ട സഹോദരന്മാരെ ഒരുവൻ അദ്ധ്യക്ഷനെന്നുള്ള മൂപ്പന്റെ ശുശ്രൂഷയെ വാഞ്ഛിക്കുന്നു എങ്കിൽ നല്ല വെലയെ ആഗ്രഹിക്കുന്നു എന്നതി(ങ്ങളെ) ദെവവചനത്തിൽ നിന്നു അറിയുന്നു — ഈ പ്രകാരമുള്ളവൻ ദെവമൎമ്മങ്ങളെ ഉപവരിക്കുന്ന വീട്ടു വിചാരകനും ദൈവത്തോടു നിരന്നുവരുവിൻ എന്നു കൎത്താവ് താൻ പ്രബൊധിപ്പിക്കും പൊലെ ലോകരൊടു യാചിക്കുന്ന ക്രിസ്തുമന്ത്രിയുമായിരിക്കെണ്ടതല്ലൊ — ദെവപുത്രൻ സ്വരക്തത്താലെ സമ്പാദിച്ച സഭയെ മെയ്ക്കുന്ന ഇടയനും നിത്യജീവനാകുന്ന പിതാവിൻ അറിവിനെ വിശുദ്ധാത്മാവിന്റെ പ്രകാശനത്താൽ ഉണ്ടാക്കുവാനും അവൻ ഭരമെല്ക്കുന്നവൻ — ആകകൊണ്ടു നിങ്ങൾ കുറെ അതിശയ വിളിയുടെ ഘനത്തെയും അതിനൊടു ചെൎന്നുള്ള വിഷ

ഷസ്ത്രകളെയുംതന്നെ നിരാകരിച്ചുകളഞ്ഞിരിക്കുന്നു-

വിശേഷാൽ ദൈവത്തിന്റെ ശുദ്ധവചനത്തിൽ പ്രസി ദ്ധമാക്കിയതും നമ്മുടെ സുവിശേഷസഭയുടെ സ്വീകാരത്തോടു ചേരുന്നതും ആയുള്ളതു ഒഴികെ വേറൊരുപദേശവും നീ (ഞങ്ങൾ) കേൾക്കരുതു - നീ (ഞങ്ങൾ) സേവിക്കുന്ന സഭയാകട്ടെ ക്രിസ്തൻ താൻ മൂലക്കല്ലായിരിക്കെ അപൊസ്തലരും പ്രവാചകരും ആകുന്ന അടിസ്ഥാനത്തിന്മേൽ പണിചെയ്യപ്പെട്ടതാകുന്നു - ആ അടിസ്ഥാനം ഇട്ടിരിക്കുന്നതല്ലാതെ മറ്റൊന്നുവെപ്പാൻ ആൎക്കും കഴികയില്ല സത്യം - ഈ വരമാൎഗ്ഗത്തെ നീ (ഞങ്ങൾ) ആബാലവൃദ്ധം സകലജനങ്ങളോടും പഠിപ്പിച്ചുകൊണ്ടേ താനൊന്നിച്ചവും പ്രതികൂലതയും ഉള്ള ഉപദേശങ്ങളെ ഒക്കയും ഒഴിക്കേണ്ടു - പ്രത്യെകം സുവിശേഷസത്യത്തിന്റെ ഗുണത്തെ വിവരിച്ചുനില്ക്കേണ്ടതു - അതാവിതു പാപമൊചനവും ദൈവനീതിയും നമ്മുടെ ക്രിയയാലും പുണ്യങ്ങളാലും അല്ല ക്രിസ്തമൂലം വെറും ദയയാലെ വിശ്വാസം കൊണ്ടേ അത്രെ ലഭിക്കുന്നതു - എന്നതിനാലെ വ്യാകുലപ്പെട്ടുന്ന മനസ്സാക്ഷിക്ക് സമാധാനവും ആശ്വാസവും നിറഞ്ഞുവരു - മാനസാന്തരത്തിന്നു യോഗ്യവും ദൈവത്തിന്നു ഹിതവുമായ ഫലങ്ങളെ ഉണ്ടാക്കുവാൻ പ്രാപ്തിയാക്കുന്നതും ഈ ഉപദേശത്താലത്രെ - ഇങ്ങനെ ഉപദേശിക്കകൊണ്ടു നമ്മുടെ കൎത്താവായ യെശുക്രിസ്തൻ നിന്നിൽ നിന്നെ നാട് ഒത്തവണ്ണം വിലയെറിയ ആത്മാക്കളെയും നീ ഉപയോഗിച്ചു നടത്തെണ്ടതു അവന്റെ സഭെക്കു വിശ്വസ്തനായി ഉണ്ടാവാൻ യത്നിച്ചാൽ അവന്റെ നിറവിൽനിന്നു കൃപെക്കു വെണ്ടി കൃപയും ലഭിപ്പാനും തന്നെ -

വിശേഷിച്ചു ക്രിസ്തീയപാഠശാലകളെ ഉത്സാഹത്തോടെ വിചാരിക്കയും കുട്ടികളെ നൊക്കി കാപ്പാനും സുവിശേഷസ്ഥർകൊടുക്കളെയും ദുഃഖിതരെയും കൊല്ലിക്കയും മരണമട്ടവരെ വിശ്വസ്തത

യോടെ പ്രബൊധിപ്പിക്കയും ആശ്വാസം ചൊല്ലുകയും വെണം—

നീ സെവിക്കുന്ന സഭയിൽ യൊഗ്യമായതിനെ ആചാരങ്ങളെ ഒക്കെയും വെദത്തിൽ കല്പിച്ച പ്രകാരം ക്രമത്തിന് ഉചിതമാകും വണ്ണം നടത്തുകയും ആവു— സഭയൊട്ടും വീട്ടുതൊറും സത്യദൈവഭക്തിയെയും സ്നെഹസമാധാനങ്ങളിലും സുബൊധസ്വസ്ഥതകളിലും കുറവില്ലാത്ത വിശുദ്ധനടപ്പിനെയും വൎദ്ധിപ്പിച്ചു പ്രബൊധിപ്പിക്കയും— രാജ്ഞിയെയും സകല അധികാരസ്ഥരെയും അനുസരിപ്പാനും അവൎക്കു വെണ്ടി പ്രാൎത്ഥിപ്പാനും സഭയുടെ അവയവങ്ങൾ ഒക്കയും ഉണൎത്തുകയും വെണ്ടു— പ്രത്യെകം വാക്കിലും നടപ്പിലും സ്നെഹ വിശ്വാസങ്ങളിലും നിൎമ്മലതയിലും വിശ്വാസികൾക്കു മാതൃകയാകുമതു— അദ്ധ്യയനത്തിലും ദൈവവചനത്തെ അറിയിക്കുന്നതിലും ഉത്സാഹിച്ചു നിന്റെ മുഴുപ്പു എല്ലാവൎക്കും പ്രസിദ്ധമാകെണ്ടതിന്ന ആവക എല്ലാം കരുതുക— വചനത്താൽ മാത്രമല്ല അപ്രകാരമെ നടപ്പിനാലും സുവിശെഷത്തെ അലങ്കരിക്ക— ഞാൻ ക്രിസ്തനെ എന്ന പൊലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ എന്നു പറവാൻ തക്ക പ്രാപ്തിയെ സമ്പാദിച്ചു കൊൾക— വചനത്തിൽ ശുശ്രൂഷിക്കുന്നവൻ കെവലം നിരപവാദ്യനും ഒന്നിലും ഒരു തടങ്ങലും കൊടുക്കാത്തവനും നിന്ദയിലും പിശാചിന്റെ കണിയിലും വീഴായ്വാൻ പുറത്തുള്ളവരിലും നല്ല ശ്രുതിയുള്ളവനും ആകെണ്ടു—

കൎത്താവിൽ പ്രിയസഹൊദരന്മാ(രാ)യുള്ളൊവെ ഈവക കാൎയ്യത്തിൽ തന്നെ പ്രാപ്തിക്കില്ലൻ എന്നതു നിങ്ങൾക്ക അറിയാം— കൊമ്പു വള്ളിയിൽ നിന്നില്ലാതെ താനായി തന്നെ കായ്പാൻ കഴിയാത്ത പ്രകാരം എന്നിൽ വസിച്ചിട്ടില്ലാതെ നിങ്ങളും തന്നെ— ഞാൻ കൂടാതെ നിങ്ങൾക്ക ഒന്നും ചെയ്വാൻ കഴികയില്ല എന്നു ക്രിസ്തൻ പറഞ്ഞിരിക്കുന്നുവല്ലൊ— അതുകൊണ്ടു അവന്റെ സൎവ്വശക്തിയുള്ള കൃപയിൽ ആശ്രയിച്ചു സൎവ്വത്തിനും മതിയായുള്ള അവന്റെ സഹായത്തിൽ സന്തൊഷിപ്പാൻ ഞങ്ങൾ നിങ്ങളെ പ്രബൊധിപ്പിച്ചു അപെക്ഷിക്കു

ന്നു— തനിക്കുള്ളവരൊട് കൂടെ യുഗസമാപ്തിയൊളം എല്ലാനാളും ഇരിപ്പാൻ വാഗ്ദത്തം ചെയ്തവൻ നിന്റെ ഭാഗത്തിലുണ്ടായിരിക്കെ അയച്ച കാര്യത്തെ സാധിപ്പിക്കയും ചെയ്യും— ആകയാൽ ഉറപ്പുള്ളവനും ഇളകാത്തവനും നിന്റെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറികയാൽ കർത്താവിൻ വെലയിൽ എപ്പൊഴും വഴിയുന്നവനും ആക— എന്നാൽ നിന്റെ വിളിയുടെ എല്ലാ വെരാട്ടങ്ങളിലും വെദനാചിന്തകളിലും അവന്റെ വിലയെറിയ സമാധാനം നിന്റെ ശക്തിയും ആശ്വാസവും എന്ന കാണ്കയും അവന്റെ വായിൽനിന്ന ഒരുനാൾ ഈ വചനത്തെ കെൾക്കയും ചെയ്യും— നന്ന നല്ലവനും വിശ്വസ്തനുമായ ദാസനെ നീ അല്പത്തിൽ വിശ്വസ്തനായിരുന്നു ഞാൻ നിന്നെ വലതിന്മെലും ആക്കിവെക്കും നിന്റെ കർത്താവിൻ സന്തൊഷത്തിൽ അകത്തുക—

എന്നതിന്നു തക്കവണ്ണം ഞാൻ ദൈവത്തിനും നമ്മുടെ കർത്താവായ യെശുക്രിസ്തനും മുമ്പാകെ ഈ ക്രിസ്തസഭകളൊട് നിന്നൊട്ടു ചൊദിക്കുന്നിതു—

ഈ വചനങ്ങളെ പ്രമാണിച്ചു വിശുദ്ധ ദൈവശുശ്രൂഷയുടെ ഭാരം ഏല്പാൻ മനസ്സുണ്ടൊ—

ഈ വെലയിൽ നിന്റെ കാലവും ബലവും ഉദാരതയൊടെ ചെലവഴിപ്പാനും ദൈവവചനപ്രകാരം യെശുക്രിസ്തനെ ക്രൂശിക്കപ്പെട്ടു മരിച്ചെഴുനീറ്റവനെ തന്നെ ഘൊഷിപ്പാനും ആയവൻ നമ്മുടെ ദൈവത്തിൽനിന്ന ജ്ഞാനവും നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും ആക്കിവെച്ച പ്രകാരം പ്രസംഗിപ്പാനും മനസ്സുണ്ടൊ—

ശെഷമുള്ളവർ ഭാവത്തിലും നടപ്പിലും ദൈവഭക്തന്മാരാലെ മാതിരിയാവാൻ കർത്താവിൽ തന്നെ നിശ്ചയിച്ചിരിക്കുന്നവൊ—

എന്നാൽ സൎവ്വസാക്ഷിയായ ദൈവവും ജീവികൾക്കും മരിച്ചവൎക്കും ന്യായാധിപതിയായ യെശുക്രിസ്തനും അറിയെ സത്യം ചെയ്തു ഉത്തരം ചൊല്ലു—

ഉത്തരം— കൎത്താവ് തന്റെ ആത്മാവിൻ ശക്തിയാലും കൃപയാലും എനിക്കു തന്നിരിക്കുന്നതിൻ പ്രകാരം ചെയ്യും—

(പിന്നെ മുട്ടുകുത്തിയ ശെഷം ബൊധകനെയൊ
ക്കൂടെ ഉള്ള രണ്ടു മൂന്നു ബൊധകന്മാരൊട് ഒന്നിച്ചൊ ത
ലമെൽ കൈ വെച്ചു ചൊല്ലുന്നിതു)

ഞാൻ നിന്നെ സുവിശെഷസഭയുടെ ന്യായപ്രകാരം ബൊധകൻ എന്നു വരിച്ചു കല്പിച്ചു നമ്മുടെ കൎത്താവായ യെശുക്രിസ്തൻ സ്ഥാപിച്ച ശുശ്രൂഷയിങ്കൽ ഭരമെല്പിക്കുന്നു പിതാപുത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ തന്നെ—

കൎത്താവ് നിന്നെ ഉയരത്തിൽ നിന്ന ശക്തി ധരിപ്പിച്ചു തനിക്കു അനുഗ്രഹമാക്കി തീൎക്ക— നിറെയ ഫലം തരെണ്ടതിന്നും നിന്റെ ഫലം നിത്യജീവനൊളം വസിക്കെണ്ടതിന്നും അവൻ താൻ നിന്നെ ആക്കിവെക്കെ— ആമെൻ—

(പിന്നെ സാക്ഷികളുടെ അനുഗ്രഹങ്ങൾ ഒന്നൊര
ണ്ടെ)

യഹോവ നിന്റെ വെളിച്ചവും നിന്റെ രക്ഷയും ആക— യഹോവ നിന്റെ ജീവന്റെ ബലമാക— ധൈൎയ്യം കൊണ്ടു യഹോവയിൽ ആശ്രയിച്ചു ക്ഷമയൊടെ അവനെ ആശിച്ചു വാഴ്ക— ആമെൻ—

കൎത്താവായ യെശുക്രിസ്തൻ നിന്റെ ആത്മാവൊട് കൂടഇരിക്കെണമെ ആമെൻ—

മരണപൎയ്യന്തം വിശ്വസ്തനാക— എന്നാൽ ഞാൻ ജീവകിരീടത്തെ നിണക്കു തരും— ആമെൻ—

നാം പ്രാൎത്ഥിക്ക

കരുണയുള്ള ദൈവവും സ്വൎഗ്ഗസ്ഥപിതാവുമായുള്ളൊ
വെ — കൎത്താവിന്റെ മഹാമനസ്സായിട്ടൊട്ടു കൎത്താവാം ക്രി
സ്തുവിനെ അയച്ചതിനാൽ ഞങ്ങളെ രക്ഷിപ്പാനായി ക്രിയയുത്രയു
മെന്ന ഞങ്ങളെ ഉപദ്രവിച്ചുവല്ലൊ — അതുകൊണ്ടു ഞങ്ങളുമക്കൾ
ഉള്ള ശുശ്രൂഷയെ ഞാൻ അവെ കാണിക്കുന്നിത്ര — ഈ നിന്റെ ദാസന്മാ
രിൽ നിന്റെ വിശുദ്ധാത്മാവിന്റെ നിറവുള്ളവരാകുന്നെന്നു എന്നമെ —
അവരെ ഭരമെല്പിച്ച വേലയിൽ വിശ്വസ്തന്മാരായി — താഴ്മയൊ
ടെ ആയതിനെ അനുഷ്ഠിപ്പാനും ശിക്ഷയുള്ളതിനെ ഉറപ്പി
പ്പാനും ചഞ്ചലഭാവമുള്ളവരെ നിശ്ചയം കൊടുപ്പാനും ദുഃഖിതന്മാ
രെ ആശ്വസിപ്പിപ്പാനും യേശുക്രിസ്തുവിന്റെ അറിവിലും കൃപയിലും വിശ്വാ
സികളെ സ്ഥിരീകരിപ്പാനും അവരെ ജ്ഞാനവും പ്രാപ്തിയും നല്കേണമെ
മ — അവന്റെ സാക്ഷ്യത്തിന്മെൽ നിത്യാനുഗ്രഹത്തെ അയച്ചിട്ടു അവ
ന്റെ ശുശ്രൂഷയാൽ തിരുനാമം വിശുദ്ധീകരിക്കപ്പെടുവാനും നി
ന്റെ രാജ്യം വരുവാനും നല്ലതും പ്രസാദവും തികവുള്ളതും ആയ നി
ന്റെ ഇഷ്ടം എല്ലാറ്റിലും നടപ്പാനും വരം തരേണമെ — സത്യാ
ത്മാവിൻ ശക്തിയാൽ നിന്റെ മാനത്തിനും വലത്താത്മാക്കളുടെ ര
ക്ഷെക്കും ആയിട്ട് അവന്റെ വേലയെ സാധിപ്പിച്ചു സ്ഥിരമാക്കേ
ണമെ — ആമെൻ —

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ

നിത്യനായ ദൈവത്തിൻ ക്രിയകളെ മെച്ചുകൊണ്ടു അദ്ധ്യക്ഷവേല്ക്ക —
ലിന്നു തിരിച്ച സഭയെല്ലാം പരിശുദ്ധമാകുന്ന ദ്രവ്യമല്ലാതെ നാലൊ
ന്നുമായിതന്നെ — സമ്പാദിതരിൽ കൎത്താവും നടത്തുന്നവനായുമല്ലാതെ
ടത്തിന്നു മാത്രമായി തീൎന്നത്രെ — എന്നാൽ ഇടയശ്രേഷ്ഠൻ പ്ര
ത്യക്ഷനാകുമ്പൊൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാ

ഷിക്കും — ആമെൻ

യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുക
യഹോവ തിരുമുഖത്തെ നിങ്കലെക്ക പ്രകാ
ശിപ്പിച്ചു കരുണ ചെയ്ക — യഹോവ തിരുമുഖ
ത്തെ നിന്റെമെൽ ഉയൎത്തി നിണക്കു സമാധാ
നം ഇട്ടുമാറാക — ആമെൻ. W.

സ്ഥിരീകരണത്തിനുള്ള

ഉപദേശം

൧. മനുഷ്യന് ഇഹത്തിൽ മുഖ്യവിചാരം ആകെണ്ടത എന്ത-

ഉ-ം നിത്യജീവന്റെ പ്രത്യാശ തനിക്ക ഉറെച്ചുവരെണം എന്ന
ത്രെ- മത്ഥ. ൬, ൩൩. മുമ്പെ ദൈവത്തിന്റെ രാജ്യത്തെയും അ
വന്റെ നീതിയെയും അന്വെഷിപ്പിൻ എന്നാൽ ഇവ എല്ലാം
നിങ്ങൾക്ക കൂടെ കിട്ടും എന്നു ക്രിസ്തൻ പറഞ്ഞുവല്ലൊ-

൨. ഈ പ്രത്യാശ എല്ലാ മനുഷ്യനും വരികയില്ലയൊ

ഉ-ം ക്രിസ്തഭക്തന്നല്ലാതെ ആർക്കും വരാ- മത്ഥ. ൭, ൨൧. എന്നൊ
ട കർത്താവെ കർത്താവെ എന്നു പറയുന്നവർ എല്ലാം സ്വർഗ്ഗരാജ്യ
ത്തിൽ കടക്കയില്ല സ്വർഗ്ഗസ്ഥനായ എൻ പിതാവിൻ ഇഷ്ടത്തെ
ചെയ്യുന്നവനത്രെ എന്നുണ്ടല്ലൊ-

൩. നീ ആർ ആകുന്നു-

ഉ-ം ഞാൻ ക്രിസ്ത്യാനൻ തന്നെ-

൪. ക്രിസ്ത്യാനൻ ആകുന്നത എങ്ങിനെ

ഉ-ം ക്രിസ്ത്യാനരിൽ ജനിക്കുന്നതിനാൽ അല്ല ക്രിസ്ത്യാനരൊട സംസർഗ്ഗം ഉ
ള്ളതിനാലും അല്ല- ക്രിസ്തനിലെ വിശ്വാസം ക്രിസ്തനിലെ സ്നെഹം
ഇവ രണ്ടിനാലത്രെ-

൫. നിണക്ക ചെറുപ്പത്തിൽ സ്നാനം ഉണ്ടായ്വന്നുവൊ-

ഉ-ം അതെ പിതാ പുത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ എ
നിക്ക സ്നാനം ഉണ്ടായ്വന്നിരിക്കുന്നു- ആയത പറഞ്ഞുകൂടാത്ത ഉപകാ
രത്തിനായി ത്രിയേക ദൈവത്തിന്ന എന്നും സ്തോത്രവും വന്ദന
വും ഉണ്ടാകെണമെ-

൬. സ്നാനം എന്നത എന്ത-

ഉ — സ്നാനം എന്നതു വിശുദ്ധകൎമ്മവും ദിവ്യമായ ചൊല്ലിയും ആകുന്നു — അതിനാൽ ദൈവമായ പിതാവും പുത്രനൊടും വിശുദ്ധാത്മാവൊടും ഒന്നിച്ചു ഈ സ്നാനം ഏല്ക്കുന്നവൻ താൻ തങ്ങളെയുള്ള ദൈവമാകും എന്നും അവൻ സകല പാപങ്ങളെയും യെശുക്രിസ്തുവിൻ നിമിത്തം സൌജന്യമായി ക്ഷമിച്ചു കൊടുക്കുന്നു എന്നും അവനെ മകൻ്റെ സ്ഥാനത്തിൽ ആക്കി സകല സ്വൎഗ്ഗവസ്തുവിന്നും അവകാശിയാക്കി അംഗീകരിച്ചു കൊള്ളുന്നതും ഉണ്ടു എന്നും സാക്ഷിപറയുന്നു —

൧. സ്നാനം ഏല്ക്കിനാൽ ഉണ്ടാകുന്നു

ഉ — വെള്ളത്താലും ആത്മാവിനാലും അത്രെ — (യൊഹ. ൩, ൫) വെള്ളത്തിലും ആത്മാവിലും നിന്നു ജനിച്ചല്ലാതെ ഒരുത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്നു ചൊല്ലിയ പ്രകാരം തന്നെ —

൨. സ്നാനത്താലുള്ള പ്രയൊജനം എന്തു —

ഉ — അതു ദൈവകൃപയെയും പാപമൊചനത്തെയും ദൈവപുത്രത്വത്തെയും നിത്യജീവൻ്റെ അവകാശത്തെയും നമുക്കു ഉറപ്പിച്ചു കൊടുക്കുന്നു — തീത. ൩, ൫-൭. അവൻ്റെ കരുണയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവൻ്റെ അവകാശികളായി തീരെണ്ടതിന്നു ദൈവം തൻ്റെ കനിവാലത്രെ നമ്മെ രക്ഷിച്ചിരിക്കുന്നതു — നമ്മുടെ രക്ഷിതാവായ യെശുക്രിസ്തുമൂലം നമ്മുടെ മെൽ ധാരാളമായി പകൎന്ന വിശുദ്ധാത്മാവിലെ പുനൎജ്ജനനവും നവീകരണവും ആകുന്ന കുളികൊണ്ടു തന്നെ — ഈ വചനം പ്രമാണം

൩. ദൈവവചനം സ്നാനത്തെ എങ്ങിനെ വൎണ്ണിക്കുന്നു —

ഉ — അതു നല്ല മനൊബൊധത്തിന്നായി ദൈവത്തൊടു ചൊദിക്കുന്നതു എന്നത്രെ — ൧ പെത. ൩, ൨൧

൨൦. ആകയാൽ വിശുദ്ധസ്നാനത്താൽ ദൈവം നിന്നോടിന്നിട്ട് ഒരു നിയമം ഉണ്ടാക്കിയൊ

ഉ—ം അതെ മഹാ ദൈവമായവൻ എനിക്കു കരുണയുള്ള ദൈവവും പിതാവും ആവാൻ വാഗ്ദത്തം ചെയ്തിരിക്കുന്നു—ഞാനൊ പിശാചിനോടും അവന്റെ സകല ക്രിയാഭാവങ്ങളോടും ദുഷ്ടലോകത്തിൽ ആഡംബരമായവയോടും ജഡത്തിന്റെ സകല പാപമോഹങ്ങളോടും വെറുത്തും ദൈവത്തെയും എന്റെ കർത്താവായ യേശുവെയും ജീവപര്യന്തം സേവിച്ചുകൊൾവാൻ കൈയേറ്റിരിക്കുന്നു—

൨൧. ആകയാൽ സ്നാനനിയമത്താൽ നിനക്കു കടമായുള്ളത് എന്ത—

ഉ—ം ദൈവം കൈയേറ്റുകൊണ്ട പ്രകാരം എനിക്ക് എന്നും വിശ്വസ്തനായിരിപ്പാനും സകല വാഗ്ദത്തങ്ങളെയും ഭേദം വരാതെ നിവൃത്തിപ്പാനും മനസ്സായിരിക്കുന്നത് പോലെ പുത്രഭാവത്തോടും നിത്യവിശ്വസ്തതയോടും തന്നെ എന്റെ കടം ആകുന്നു. അതുകൊണ്ട് ആ നിയമത്തെ നാൾതോറും വിശേഷാൽ തിരുവത്താഴത്തിന്നു ചെല്ലുമ്പൊഴും സകല ഭക്തിയോടെ പുതുക്കി എന്റെ നടപ്പിനെ അതിനൊത്തവണ്ണം ശോധന ചെയ്തും ക്ഷമാപ്രമത്തിൽ ആയിക്കൊണ്ടും എനിക്ക് ഏറ്റം അടുത്തുള്ള പാപങ്ങളോടു കാവലും പോരാട്ടവും പോരേണ്ടതു—

൨൨. എന്നതുകൊണ്ട് സ്നാനത്തോടും കൂട വിശ്വാസത്തെ കൂട്ടാക്കിയിരിക്കുന്നവർ മാത്രം സത്യക്രിസ്ത്യാനർ ആകയാൽ ദൈവത്തിൽ വിശ്വസിക്ക എന്നത് എന്ത—

ഉ—ം ദൈവത്തെ അറികയും അവന്റെ വചനത്തെ കൈക്കൊള്ളുകയും അവനിൽ മുറ്റും ആശ്രയിക്കയും ചെയ്യുന്നത് അത്രെ—

൨൩. നാം വിശ്വസിക്കേണ്ടുന്ന ദൈവം എത്ര ഒരുവൻ—

ഉ. ദൈവം സൃഷ്ടിക്കപ്പെടാതെ ഉള്ളൊരു ആത്മാവ്- നിത്യൻ, സർവ്വശക്തൻ, ഏകകാരണി, സർവ്വസമീപൻ, സർവ്വജ്ഞൻ, നീതിമാൻ, വിശുദ്ധിമാൻ, സത്യവാൻ, ദയയും കനിവും നിറഞ്ഞവനത്രെ-

ചൊ. ൪. ഏക ദൈവം ഒഴികെ വേറെ ഉണ്ടൊ

ഉ. ഒരുത്തനെ ഉള്ളു- (൫ മൊ. ൬, ൪.) ഞാനല്ലൊ ഇസ്രയെലെ കേൾക്ക നമ്മുടെ ദൈവമാകുന്നു യഹോവ തന്നെ ഏക യഹോവയത്രെ

ചൊ. ൫. ഈ ഏക ദൈവത്തിൽ വിശേഷങ്ങൾ ഉണ്ടൊ-

ഉ. അതെ പിതാ പുത്രൻ വിശുദ്ധാത്മാവ് ഈ മൂവർ ഉണ്ടു- സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടല്ലൊ പിതാവ് വചനം വിശുദ്ധാത്മാവ് എന്നിവർ മൂവരും ഒന്നു തന്നെ (൧ യൊ. ൫, ൭)

ചൊ. ൬. ദൈവത്തിൽ ഒന്നാം പുരുഷനാകുന്ന പിതാവായ ദൈവത്തെ കൊണ്ടു വിശ്വാസപ്രമാണത്തിൽ എന്തു ചൊല്ലിയിരിക്കുന്നു-

ഉ. സ്വർഗ്ഗങ്ങളെയും ഭൂമിയെയും സ്രഷ്ടാവായി സർവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു-

ചൊ. ൭. മനുഷ്യരെയും ദൈവം പടെച്ചിരിക്കുന്നുവൊ-

ഉ. അതെ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു (൧ മൊ. ൧, ൨൭)

ചൊ. ൮. ആ ദൈവസാദൃശ്യം ഇന്നും ഉണ്ടൊ-

ഉ. ഇല്ല കഷ്ടം- ഒന്നാമത്തെ പാപം ഹേതുവായി അതു വിട്ടുപൊയിരിക്കുന്നു (൧ മൊ. ൩)

ചൊ. ൯. ആദ്യപിതാക്കന്മാരുടെ പാപത്താൽ നാം എന്തിൽ അകപ്പെട്ടു പൊയി

ഉ. പാപത്തിലും അതിനാൽ ദൈവകോപത്തിലും പിശാച് മരണം നരകം മുതലായ ശത്രുക്കളുടെ വശത്തിലും അകപ്പെട്ടു- (രൊമ. ൫, ൧൨.) ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലൊകത്തിൽ പുക്കു ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മര

ണം സകലമനുഷ്യരെയും വരുന്നു-

൧൦. പാപം എന്നത് എന്തു-

ഉ- പാപം അധൎമ്മം തന്നെ- ൧ യൊഹ. ൩, ൪. ധൎമ്മത്തിന്റെ ലംഘനം എന്നത്രെ-

൧൧. പാപം എത്രവിധമായിരിക്കുന്നു-

ഉ- ജന്മപാപം ക്രിയാപാപം ഇങ്ങിനെ രണ്ടുവിധമായിരിക്കുന്നു-

൧൨. ജന്മപാപം എന്നത് എന്തു-

ഉ- മാനുഷസ്വഭാവത്തിന്നു ജനനം മുതല്ക്കുള്ള കെട്ടും ദൊഷത്തിലെക്ക ചായുന്ന ഇച്ശയും തന്നെ- യൊഹ. ൩, ൬. ജഡത്തിൽനിന്നു ജനിച്ചത് ജഡം ആകുന്നു-

൧൩. ക്രിയാപാപം എന്നത് എന്തു-

ഉ- ജന്മപാപത്തിൽനിന്നു ജനിക്കുന്ന ഒരൊരൊ വിചാരമൊഹങ്ങളും പുറമെയുള്ള ഭാവങ്ങൾ വാക്കുകൾ കൎമ്മങ്ങൾ മുതലായവയും എല്ലാം തന്നെ- മത. ൧൫, ൧൯. ദുശ്ചിന്തകൾ കുലകൾ വ്യഭിചാരങ്ങൾ പുലയാട്ടുകൾ മൊഷണങ്ങൾ കള്ളസാക്ഷികൾ ദൂഷണങ്ങൾ ഇവ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു-

൧൪. ഗുണം ചെയ്യാതിരിക്കുന്നതും ദൊഷം തന്നെയൊ-

ഉ- അതെ ദൊഷത്തെ വെറുക്കെണം എന്നു തന്നെ അല്ല ഗുണത്തെ ചെയ്യെണം എന്നും കൂടെ ദൈവകല്പനയാകുന്നുവല്ലൊ- യാക്കൊ. ൪, ൧൭. നല്ലതു ചെയ്വാൻ അറിഞ്ഞിട്ടും ചെയ്യാതവന്നു അതു പാപം ആകുന്നു-

൧൫. ക്രിയാപാപങ്ങൾ എത്രവിധമാകുന്നു.

ഉ- ബലഹീനതയാലെ പാപം- മനഃപൂൎവ്വത്താലെ പാപം ഇങ്ങിനെ രണ്ടുവിധമാകുന്നു-

൧൬. ബലഹീനതയാലെ പാപം എത്രപ്രകാരമുള്ളതു-

ഉ—ം വിശ്വാസി മനസ്സൊടെ പാപം ചെയ്യാതെ അറിയായ്കയാലും ബലഹീനതയാലും ഒരു തെററിൽ അകപ്പെട്ടുകയും അതിനായി ഉടനെ അനുതപിക്കയും അതിനെ വെറുത്തു വിട്ടുകയും ചെയ്യുന്നതത്രെ-

൨൭. മനഃപൂൎവ്വത്താലെ പാപം എത്രപ്രകാരമുള്ളതു-

ഉ—ം മനുഷ്യൻ ഇന്നതു് അധൎമ്മം എന്നറിഞ്ഞിട്ടും മനസ്സൊടെ ചെയ്തുകൊള്ളുന്നതു തന്നെ-

൨൮. ഇവ പാപങ്ങളാൽ നമുക്കു എന്തു വരുവാറാകും.

ഉ—ം ദൈവത്തിൻ കൊപവും രസക്കെടും അല്ലാതെ തല്ക്കാലശിക്ഷകൾ പലവും നരകത്തിൽ നിത്യദണ്ഡവും തന്നെ- രൊമ. ൬, ൨൩- പാപത്തിന്റെ ശമ്പളം മരണമത്രെ

൨൯. ഈ അരിഷ്ടതയിൽനിന്നു നമ്മെ ഉദ്ധരിച്ചതാർ.

ഉ—ം എല്ലാവൎക്കും വെണ്ടി വീണ്ടെടുപ്പിൻ വിലയാക്കി തന്നെത്താൻ കൊടുത്ത ക്രിസ്തുയെശുവത്രെ (൧ തിമ. ൨, ൬).

൩൦. യെശുക്രിസ്തൻ ആർ ആകുന്നു-

ഉ—ം ദൈവപുത്രനും മനുഷ്യപുത്രനും ആകയാൽ ദിവ്യമാനുഷസ്വഭാവങ്ങൾ പിരിയാതെ ചെൎന്നുള്ളൊരു പുരുഷൻ തന്നെ-

൩൧. യെശുക്രിസ്തനെ ചൊല്ലി നിന്റെ വിശ്വാസപ്രമാണം എന്തിന്നെ-

ഉ—ം ദൈവത്തിന്റെ ഏകജാതനായി നമ്മുടെ കൎത്താവായ യെശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു- ആയവൻ വിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉല്പാദിതനായി ജനിച്ചു പൊന്ത്യപിലാതന്റെ കീഴെ കഷ്ടമനുഭവിച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി മൂന്നാം ദിവസം ഉയിൎത്തെഴുനീററു സ്വൎഗ്ഗാരൊഹണമായി സൎവ്വശക്തപിതാവായ ദൈവത്തിന്റെ വലഭാഗത്തിരിക്കുന്നു- അവിടെനിന്നു

ജീവികൾക്കും മരിച്ചവർക്കും ന്യായം വിസ്തരിപ്പാൻ വരികയും ചെയ്യും

൩൧. യെശുക്രിസ്തൻ പിതാവിൽനിന്ന യുഗാദികൾക്കു മുമ്പെ ജനിച്ച സത്യദൈവമാകുന്നു എന്നുള്ളതിനെ പ്രമാണിപ്പിക്കുന്നത എങ്ങിനെ-

ഉ-൦ ശുദ്ധവെദത്തിന്റെ സ്പഷ്ടസാക്ഷ്യങ്ങളെക്കൊണ്ട തന്നെ- അതിനാൽ അവൻ ദൈവത്തിന്റെ ഏകജാതനും (യൊ. ൧, ൧൪) സ്വപുത്രനും എന്നും (റൊമ. ൮, ൩൨) സർവ്വത്തിന്നും മീതെ ദൈവമായി യുഗാദികളൊളം വാഴ്ത്തപ്പെട്ടവൻ എന്നും (റൊമ. ൯, ൫) സത്യദൈവവും നിത്യജീവനും എന്നും (൧ യൊ. ൫, ൨൦) ഉള്ള പെരുകളെ കൊണ്ട വിളങ്ങുന്നു-

൩൨. ഈ യെശുക്രിസ്തനെ നിങ്ങൾ കർത്താവ എന്ന പറവാനായും വിശ്വസിച്ചും അവൻ നിങ്ങൾക്കായി എന്ത ചെയ്തു എന്ത അനുഭവിച്ചു-

ഉ-൦ ഒന്നാമത അവൻ എനിക്ക വെണ്ടി സകല വെദധർമ്മത്തെയും നിവൃത്തിച്ചു പിന്നെ എനിക്ക വെണ്ടി ക്രൂശിന്റെ കഷ്ടമരണങ്ങളെയും അനുഭവിച്ചു (റൊമ. ൪, ൨൫) നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണത്തിന്നായി ഉണർത്തപ്പെട്ടും ഇരിക്കുന്നു-

൩൩. ഈ അനുസരണത്താലും കഷ്ടത്താലും ക്രിസ്തൻ നിങ്ങൾക്ക എന്തെല്ലാം സമ്പാദിച്ചു-

ഉ-൦ ദൈവം കരുണയാലെ സ്വപുത്രനെ വിചാരിച്ച എന്റെ സകല പാപങ്ങളെയും ക്ഷമിച്ചുവിടുന്നതും എന്നെ അല്ലവൻ എന്നും നീതിമാൻ എന്നും പ്രിയമകൻ എന്നും കൈക്കൊള്ളുന്നതും എന്നെക്കു മുഴുസുഖം വരുത്തുവാൻ നിശ്ചയിക്കുന്നതും തന്നെ അവൻ എനിക്ക സമ്പാദിച്ചിട്ടുള്ളതാകുന്നു-

൩൪. ഈ സമ്പാദിച്ചതിനെ എല്ലാം അനുഭവിപ്പാൻ നിങ്ങൾക്ക യൊഗ്യത എങ്ങിനെ വരുന്നു-

ഉ. സത്യവും ജീവനും ഉള്ള വിശ്വാസത്താൽ അത്രെ-

൪൬. സത്യവിശ്വാസം എന്തു പൊൽ

ഉ. ദൈവം യെശുവിന്റെ പുണ്യമാഹാത്മ്യം വിചാരിച്ചു എ
ന്നെ കനിഞ്ഞു മകന്റെ സ്ഥാനത്തിൽ ആക്കുകയും എ
ന്നെ രക്ഷിക്കയും ചെയ്യും എന്നു തന്നെ അവനെ ഉള്ളു
കൊണ്ടു ആശ്രയിക്കുന്നതത്രെ- യൊ. ൩, ൧൬. ദൈവം
ലൊകത്തെ സ്നെഹിച്ച വിധമാവിതു തന്റെ ഏകജാതനാ
യ പുത്രനിൽ വിശ്വസിക്കുന്നവൻ ആരും നശിച്ചു പൊകാതെ
നിത്യജീവനുള്ളവൻ ആകെണ്ടതിന്നു അവനെ തരുവൊ
ളം തന്നെ സ്നെഹിച്ചത്

൪൭. യെശു ക്രിസ്തനെ വിശ്വസിപ്പാൻ നിന്നാൽ തന്നെ കഴിവുണ്ടൊ

ഉ. അതിന്നു ഒരു മനുഷ്യനും ശക്തി പോരാ- ൧ കൊ. ൧൨, ൩.
വിശുദ്ധാത്മാവിലല്ലാതെ യെശു കൎത്താവെന്നു പറവാൻ
ആൎക്കും കഴികയില്ല-

൪൮. വിശുദ്ധാത്മാവെ കൊണ്ടുള്ളതിന്റെ വിശ്വാസ പ്രമാണം
എങ്ങിനെ.

ഉ. വിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയുള്ള ശുദ്ധസാധാരണ
സഭയിലും പാപമൊചനത്തിലും ശരീരത്തിന്റെ പുനരുത്ഥാനത്തി
ലും നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു-

൪൯. വിശുദ്ധാത്മാവും കൂടെ നീ വിശ്വസിക്കെണ്ടുന്ന സത്യദൈവം
തന്നെയൊ-

ഉ. അതെ- വെദത്തിൽ അവന്നു ദൈവനാമങ്ങളും ദൈവഗുണങ്ങ
ളും ദെവക്രിയകളും ദെവമാനം ഇവ എല്ലാം കൊള്ളുന്ന പ്രകാരം
കാണ്മാൻ ഉണ്ടു (അപ. ൫, ൩. ൪. ൧ കൊ. ൨, ൧൦. രൊമ. ൧൫, ൧൩.
മത. ൨൮, ൧൯.)

൫൦. ഇങ്ങിനെ നീ വായി കൊണ്ടു ഏറ്റുപറയുന്നതെല്ലാം ഹൃദയം

കൊണ്ടും വിശ്വസിച്ചാൽ ഈവിശ്വാസത്തിന്റെ ഫലം എ
ന്താകുന്നു-

ഉ- ഈവിശ്വാസത്തെ ദൈവം കണ്ടു യെശുക്രിസ്തൻ നിമിത്തം എ
ന്നെ നല്ലവനും വിശുദ്ധനും എന്നെണ്ണി കൊള്ളുന്നതല്ലാതെ
പ്രാർത്ഥിപ്പാനും ദൈവത്തെ അബ്ബാ എന്നു വിളിപ്പാനും അവ
ന്റെ കല്പനകളിൻ പ്രകാരം നടപ്പാനും വിശുദ്ധാത്മാവ് എനി
ക്ക് നല്കപ്പെടുന്നതു തന്നെ ഫലം ആകുന്നതു-

൪൧. വിശ്വാസത്തിലെ ഒന്നാം ഫലം എന്തു-

ഉ- എന്റെ നീതീകരണമത്രെ- ദൈവം എന്റെ പാപങ്ങ
ളെ ക്ഷമിച്ചു വിട്ടു ക്രിസ്തന്റെ നീതിയെ എനിക്ക് കണക്കി
ട്ടു ആത്മഹെതുവായി സകല കരുണകളെയും പറഞ്ഞുത
രുന്നതു തന്നെ-

൪൨. വിശുദ്ധീകരണം എന്നും മൊക്ഷം എന്നും ഉള്ള രണ്ടാമത്
ഒരു ഫലം വിശ്വാസത്തിൽ ജനിക്കുന്നില്ലയൊ-

ഉ- ജനിക്കുന്നു- ഞാൻ കുട്ടിയായി പ്രാർത്ഥിപ്പാനും ദൈവയൊഗ്യ
മായി നടപ്പാനും തക്കവണ്ണം വിശ്വാസത്താൽ മെല്ലെമെല്ലെ വി
ശുദ്ധാത്മാവ് തന്നെ എനിക്ക് കിട്ടുന്നുണ്ടു-

൪൩. പ്രാർത്ഥന എന്നത് എന്തു-

ഉ- പ്രാർത്ഥന എന്നത് ലൌകികത്തിലും ആത്മികത്തിലും നന്മയെ
ലഭിപ്പാനൊ തിന്മയെ നീക്കിപ്പാനൊ ദൈവത്തൊ
ടു വിളിക്കുന്നത് അത്രെ ആകുന്നു-

൪൪. പ്രാർത്ഥനകളിൽ വെച്ചു സാരവും ശീലവും ഭംഗിയും എറിയത്
എന്തൊന്നാകുന്നു-

ഉ- ക്രിസ്തൻ താൻ നമുക്ക് ഉപദെശിച്ചു തന്നതത്രെ- അതായിതു-
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ നാമം വിശു
ദ്ധീകരിക്കപ്പെടെണമെ- നിന്റെ രാജ്യം വരെണമെ-

ന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പൊലെ ഭൂമിയിലും നടക്കേണമെ
— ഞങ്ങൾക്കു വെണ്ടുന്ന അപ്പം ഇന്നു തരെണമെ — ഞങ്ങളുടെ
കടക്കാരൊടു ഞങ്ങളും വിടുന്നതു പൊലെ ഞങ്ങളുടെ കടങ്ങളെ
വിട്ടുതരെണമെ — ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദൊ
ഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമെ — രാജ്യവും ശക്തി
യും തെജസ്സും യുഗാദികളിലും നിനക്കല്ലൊ ആകുന്നു — ആമെൻ.

൪൭. എങ്ങിനെ പ്രാൎത്ഥിക്കേണം —

ഉ—ം ദൈവത്തിൻ തിരുമുമ്പിൽ എന്നെ വെച്ച് ഏകാഗ്രതയും അന്ത
ൎഭാവവും ശുദ്ധ ഹൃദയത്തിലും പുറമെ ഭാവത്തിലും താഴ്മയുള്ളവ
നായി സത്യവിശ്വാസത്തോടും യെശുക്രിസ്തുവിന്റെ നാമത്തിലും
പ്രാൎത്ഥിക്കേണം —

൪൮. ഈ പ്രകാരമുള്ള പ്രാൎത്ഥനെക്കു ഫലവാഗ്ദത്തം ഉണ്ടൊ —

ഉ—ം ആമെൻ — ആമെൻ ഞാൻ നിങ്ങളൊടു പറയുന്നിതു നിങ്ങൾ എ
ന്റെ നാമത്തിൽ പിതാവിനൊടു എന്തെല്ലാം യാചിച്ചാലും അവ
ൻ നിങ്ങൾക്കു തരും എന്നു നമ്മുടെ രക്ഷിതാവ് അരുളിച്ചെ
യ്തു — (യൊ. ൧൬, ൨൩) —

൪൯. എന്നാൽ വിശ്വാസിക്കു ദൈവഭക്തിയൊടുള്ള നടപ്പു വെണം എ
ങ്കിൽ എന്തൊന്നിനെ പ്രമാണമാക്കേണം —

ഉ—ം തന്റെ ഇഷ്ടവും തൊന്നലും അല്ല ലൊകത്തിന്റെ പാപമൎയ്യാ
ദകളും അല്ല ദൈവത്തിന്റെ ഇഷ്ടവും കല്പനകളും അത്രെ പ്ര
മാണമാക്കേണ്ടിയതു —

൪൰. ദൈവത്തിന്റെ ഇഷ്ടവും കല്പനകളും എങ്ങിനെ അറിവാറാകും —

ഉ—ം പഴയനിയമം പുതിയനിയമം എന്നുള്ള വെദപുസ്തകങ്ങളി
ൽ അടങ്ങിയ ദൈവവചനത്താൽ അത്രെ —

൪൧. പഴയനിയമത്തിലെ ദൈവകല്പനകൾ ഏവ

ഉ—ം ൧- യഹൊവയായ ഞാൻ നിന്റെ ദൈവമാകുന്നു ഞാനല്ലാ

 സ്ഥിരീകരണത്തിന്നുള്ള ഉപദേശം

ഞാനല്ലാതെ ദൈവങ്ങൾ നിനക്കുണ്ടാകരുത്

൨. നിനക്ക് ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുത്- അവയെ നമസ്കരിക്കയും സേവിക്കയും അരുത്.

൩. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്

൪. സ്വസ്ഥനാളിനെ വിശുദ്ധീകരിപ്പാൻ ഓൎക്ക

൫. നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക.

൬. നീ കുല ചെയ്യരുത്

൭. നീ വ്യഭിചരിക്കരുത്

൮. നീ മോഷ്ടിക്കരുത്

൯. കൂട്ടുകാരന്റെ നേരെ കള്ളസാക്ഷി പറയരുത്

൧൦. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത് കൂട്ടുകാരന്റെ ഭാൎയ്യയെയും ദാസീദാസന്മാരെയും കാളകഴുതകളെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത് (പുറ ൨൦.)

൬൦. ഈ കല്പനകളുടെ സാരാംശം എന്താകുന്നു-

ഉ- ദൈവത്തെയും കൂട്ടുകാരനെയും സ്നേഹിക്ക എന്നത്രെ (മത്ത. ൨൨, ൩൭-൪൦.)

൬൧. ദൈവത്തെ സ്നേഹിക്ക എന്നത് എന്ത്-

ഉ- ദൈവത്തെ സ്നേഹിക്ക എന്നതൊ ദൈവത്തെ പരമധനം എന്നു വെച്ചു ഹൃദയത്താൽ പറ്റിക്കൊണ്ടും നിത്യം ഓൎത്തും സൎവ്വത്തിന്നു മീതെ കാംക്ഷിച്ചും ഇങ്ങനെ അവങ്കൽ ആനന്ദിച്ചും മുറ്റും തന്നെത്താൻ സമൎപ്പിച്ചും കൊണ്ട് അവന്റെ ബഹുമാനത്തിന്നായി എരിവുള്ളവനാക-

൬൨. കൂട്ടുകാരനെ സ്നേഹിക്ക എന്നത് എന്ത്-

ഉ- കൂട്ടുകാരനെ സ്നേഹിക്ക എന്നതൊ അവനായി നന്മയുള്ളത് എല്ലാം ആഗ്രഹിക്കയും പക്ഷമനസ്സാലെ വിചാരിക്കയും വാക്കിനാലും ഭാവത്താലും ക്രിയ കാട്ടുകയും ക്രിയയാലെ തന്നെ ചെയ്കയും അ

ല്ലാതെ അവന്റെ ബലഹീനതയെയും വിരോധത്തെയും ക്ഷാ
ന്തിയോടെ പൊറുത്തും സൌമ്യതയാലെ അവനെ യഥാസ്ഥാ
നപ്പെടുത്തും കൊള്ളുന്നതത്രെ-

൧൩. ഇപ്രകാരം എല്ലാം നിന്നെത്തന്നെ ശോധന ചെയ്താൽ നിനക്കു
എന്തു തോന്നുന്നു-

ഉ. ഞാൻ സംശയം കൂടാതെ വഷളായ പാപി ആകുന്നു എന്നും ദൈ
ദവം ഇഹത്തിലും പരത്തിലും ശിക്ഷിക്കുന്നതിന്നു ഞാൻ പാത്ര
മെന്നും തെളിയുന്നു-

൧൪. പാപങ്ങളെ ഓൎക്കുന്നേരം നിനക്കു സങ്കടം തോന്നുന്നുവൊ-

ഉ. അതെ ഞാൻ ദൈവത്തോടു പാപം ചെയ്തു വിശ്വസ്തനായ ശ്രേഷ്ഠ
നും രക്ഷിതാവും കാരുണ്യവാനും ആയവനെ പല വിധത്തിലും കൂ
ടക്കൂടെ മനഃപൂൎവ്വമായും ദുഃഖിപ്പിച്ചും കോപിപ്പിച്ചും കൊ
ണ്ടതിനാൽ എനിക്കു ഉള്ളിൽ വളരെ സങ്കടം തോന്നുന്നു-

൧൫. ദൈവത്തിന്റെ കോപം മാറി കനിവു തോന്നുവാൻ ഒരു
വഴി ഉണ്ടൊ-

ഉ. സത്യമായുള്ള മാനസാന്തരവും ദൈവത്തിങ്കലെക്കു തിരി
യുന്നതും വഴിയാകുന്നതു-

൧൬. മാനസാന്തരം എന്നതു എന്തു-

ഉ. മാനസാന്തരം എന്നതൊ പാപങ്ങളെ ഹൃദയം കൊണ്ടു അ
റിഞ്ഞു കൊള്ളുകയും ദൈവമുമ്പിലും ചിലപ്പോൾ മനുഷ്യരുടെ മു
മ്പിലും ഏറ്റുപറകയും അനുതപിച്ചു വെറുക്കയും യേശു
ക്രിസ്തുവിങ്കൽ വിശ്വസിക്കയും നടപ്പിനെ ക്രമത്തിൽ ആക്കുവാ
ൻ ഉത്സാഹിക്കയും ചെയ്യുന്നതത്രെ-

൧൭. ഇതിങ്കൽ വിശ്വാസത്തിന്നു ദൈവത്തിൽനിന്നു ഒരു തുണ
വരുന്നതു കൂടെ ആവശ്യം അല്ലയൊ-

ഉ. ആവശ്യം തന്നെ- വിശ്വാസമാകട്ടെ ഇന്നത്തെ ശ്രേഷ്ഠവും ദ്രൂ

ശുദ്ധ്യവും മറ്റിട്ടവല്ലത്രം വിണ്ണെരെരാസംശയഭയങ്ങളും വൈ
ഷമ്യങ്ങളും കലൎന്നിട്ടു ചെറുത്രം എളിയത്രം ആകുന്നു—

൧൪൭. വിശ്വാസത്തിന് ഉറപ്പും സ്നെഹത്തിൽ ആശ്വാസവും വളൎപ്പി
ക്കുന്ന സാധനം എന്തു—

ഉ—. നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ അത്താഴം തന്നെ—

൧൪൮. നമ്മുടെ കൎത്താവിന്റെ തിരുവത്താഴം എന്നത് എന്തു—

ഉ—. തിരുവത്താഴം എന്നത് വിശുദ്ധ കൎമ്മവും ദിവ്യമായ ചൊല്ലുറിപ്പും
ആകുന്നു—അതിൽ ക്രിസ്തുൻ നമുക്ക അപ്പത്തൊടും വീഞ്ഞിനൊ
ടുംകൂട തന്റെ ശരീരത്തെയും രക്തത്തെയും ഉള്ളവണ്ണം
സമ്മാനിച്ചു തരുന്നു ഒതാങ്ങൾ പാപമൊചനവും നിത്യജീവനും
ഉണ്ടെന്നു നിശ്ചയം വരുത്തുന്നു—

൧൪൯. തിരുവത്താഴത്തിന്റെ ഉപദെശം എല്ലാം അടങ്ങിയ സ്ഥാപ
ന വചനങ്ങളെ പറക—

ഉ—. കൎത്താവായ യെശു താനെ കാണിച്ചു കൊടുക്കുന്നാൾ രാത്രിയി
ൽ പന്തിരുവരൊടുകൂട അത്താഴത്തിന്നിരുന്നു അപ്പത്തെ
എടുത്തു സ്തൊത്രം ചെയ്തു നുറുക്കി പറഞ്ഞു—വാങ്ങി ഭക്ഷിപ്പിൻ
ഇതു നിങ്ങൾക്ക വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകു
ന്നു എന്റെ ഒൎമ്മക്കായിട്ടു ഇതിനെ ചെയ്വിൻ—അപ്രകാരം ത
ന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും എടുത്തു സ്തൊ
ത്രം ചെയ്തു അവൎക്കു കൊടുത്തു പറഞ്ഞിതു—നിങ്ങൾ എല്ലാവ
രും ഇതിൽനിന്നു കുടിപ്പിൻ ഇത പാനപാത്രം എന്റെ രക്തത്തി
ൽ പുതിയ നിയമം ആകുന്നു ഇതു പാപമൊചനത്തിന്നായി നി
ങ്ങൾക്കും അനെകൎക്കും വെണ്ടി ഒഴിച്ച എന്റെ രക്തം ഇതിനെ
ന കുടിക്കുന്തൊറും എന്റെ ഒൎമ്മക്കായിട്ടു ചെയ്വിൻ—

൧൫൦. തിരുവത്താഴത്തിൽ നിനക്ക എന്തു അനുഭവിപ്പാൻ കിട്ടുന്നു—

ഉ—. അപ്പരസങ്ങളൊട്ടുംകൂട യെശുക്രിസ്തുവിന്റെ സത്യമായുള്ള ശ

ശരീരത്തെയും സത്യമായുള്ള രക്തത്തെയും ഞാൻ ഭക്ഷിച്ചു കുടി
ക്കുന്നു - ൧ കൊ. ൧൦, ൧൬ - നാം ആശീർവ്വദിക്കുന്ന അനുഗ്രഹ
പാത്രം ക്രിസ്തരക്തത്തിന്റെ കൂട്ടായ്മ അല്ലയൊ നാം നുറുക്കു
ന്ന അപ്പം ക്രിസ്തശരീരത്തിന്റെ കൂട്ടായ്മ അല്ലയൊ -

൩൨. തിരുവത്താഴം ആൎക്കാ കിട്ടിയ ഭക്ഷിച്ചു കുടിക്കുന്നു -

ഉ - തങ്ങളെ ശോധന ചെയ്വാൻ കഴിയുന്ന ക്രിസ്ത്യാനരെല്ലാം കി
ട്ടി ഭക്ഷിച്ചു - ൧ കൊ. ൧൧, ൨൮ - മനുഷ്യൻ തന്നെത്താൻ
ശോധന ചെയ്തിട്ടു വെണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാ
ത്രത്തിൽ കുടിച്ചും കൊൾവാൻ.

൩൩. തന്നെത്താൻ ശോധന ചെയ്ക എന്നതെങ്ങിനെ -

ഉ - താൻ തന്റെ ഹൃദയത്തിലും മനൊബൊധത്തിലും പ്രവെശി
ച്ചുകൊണ്ടു തന്റെ മാനസാന്തരത്തെയും വിശ്വാസത്തെ
യും വൃത്തിയനുസരണത്തെയും ആരാഞ്ഞുകൊള്ളുന്നതത്രെ.

൩൪. നമ്മുടെ മാനസാന്തരത്തെ ശോധന ചെയ്യുന്നതെങ്ങിനെ

ഉ - നമ്മുടെ പാപങ്ങളെ നാം ഉള്ളവണ്ണം അറികയും ദൈവത്തി
ന്മുമ്പാകെ ഏറ്റുപറകയും മനസ്സോടെ വെറുക്കയും അനു
തപിക്കയും ചെയ്യുന്നുവൊ എന്ന് ആരാഞ്ഞു നൊക്കുമ്പൊ
ഴത്രെ -

൩൫. നമ്മുടെ വിശ്വാസത്തെ ശോധന ചെയ്യുന്നതെങ്ങിനെ -

ഉ - നാം യെശുക്രിസ്തനെ ഉള്ളവണ്ണം അറികയും അവന്റെ
പുണ്യത്തിലും കരുണയിലും മാത്രം ആശ്രയിക്കയും തി
രുവത്താഴത്തിന്റെ സത്യബൊധം ഉണ്ടാകയും ചെയ്യു
ന്നുവൊ എന്ന് നല്ലവണ്ണം ആരാഞ്ഞു നൊക്കുമ്പൊഴത്രെ -

൩൬. നമ്മുടെ വൃത്തിയനുസരണത്തെ ശോധന ചെയ്യുന്നതെ
ങ്ങിനെ -

ഉ - ഇനിമെൽ പാപത്തെ വെറുത്തു വിട്ടുംകൊണ്ടു ദൈവപ്ര

സാദം വരുത്തി നടപ്പാനും അവന്റെ കരുണയാലെ ദൈ
വസ്നേഹത്തിലും ക്രിസ്തുകാരന്റെ സ്നേഹത്തിലും ഉറച്ചുനില്പാ
നും ആശാംതാല്പൎയ്യത്തൊടെ നിന്നു കിട്ടുവൊ എന്നെന്നുമുള്ള
മായി യാചിക്കുമ്പൊഴത്രെ-

൰൭. ശൊധന കഴിക്കാതെ അപാത്രമായി തിരുവത്താഴത്തി
ൽ ചെരുന്നവൎക്കുള്ള ശിക്ഷകൾ എന്തെല്ലാം-

ഉ- ദൈവത്തിന്റെ ദണ്ഡവിധിയത്രെ- ൧ കൊരി. ൧൧, ൨൯- അയോഗ്യമായി ഭക്ഷിച്ചു കുടിക്കുന്നവൻ കൎത്താവിന്റെ ശരീരത്തെ വിവെചിക്കായ്കയാൽ തനിക്കു താൻ ന്യായവിധിയെ ഭക്ഷിച്ചു കുടിക്കുന്നു-

൰൮. അനുതാപിച്ചു ഉള്ളുരുകിയ ഹൃദയത്തൊടെ അനുഭവിച്ചാ
ൽ തിരുവത്താഴത്തിലെ ഫലം എന്ത്-

ഉ- എന്റെ വിശ്വാസം ഉറെക്കയും മനസ്സാക്ഷിക്കു ആശ്വാസം ലഭിക്കയും പാപങ്ങളുടെ മൊചനത്തിന്നു നിശ്ചയം കിട്ടുകയും നടപ്പിന്നു പുതുക്കം വൎദ്ധിക്കയും തന്നെ ഫലം ആകുന്നത്-

൰൯. തിരുവത്താഴത്തിൽ ചെരുവാൻ നമുക്കു എങ്ങിനെ വഴി
തുറന്നു വരും-

ഉ- അപ്പൊസ്തലവെലയാലത്രെ- അനുതാപിക്കാത്തവൎക്കു പാപങ്ങളെ പിടിപ്പിപ്പാനും അനുതാപിക്കുന്നവൎക്കു മൊചിപ്പാനും അധികാരം ഉണ്ടു-

൨൦. ഈ താക്കൊലായ അധികാരം അപ്പൊസ്തലൎക്കു എന്നാ
ൽ വന്നു-

ഉ- കൎത്താവായ യെശുക്രിസ്തുനാലത്രെ- അവൻ തന്റെ ശിഷ്യന്മാരൊടു പറഞ്ഞിതു (മത. ൧൬, ൧൯) നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടിയാലും അതു സ്വൎഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും- നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടഴിച്ചാലും അതു

സ്വൎഗ്ഗത്തിലും അഴിഞ്ഞിരിക്കും — എന്നെല്ലാം തെ(യോ: ൨൦, ൨൩) നിങ്ങൾ ആരുടെ എങ്കിലും പാപങ്ങളെ മോചിച്ചാൽ അവൎക്ക മോചിക്കപ്പെട്ടിരിക്കും ആരുടെ എങ്കിലും വിടിപ്പിച്ചാൽ പിടിക്കപ്പെട്ടിരിക്കും എന്നും തന്നെ-

൧൭. തിരുവത്താഴത്തിൽ ചെരുന്ന വിശ്വാസികൾ എന്ത ഓൎക്കെണ്ടുന്നു-

ഉ— നാം കൎത്താവായ ക്രിസ്തനെയും അവന്റെ മരണത്തെയും ഓൎക്കയും അവന്റെ നാമത്തെ സ്തുതിക്കയും ഹൃദയത്താലും ക്രിയകളാലും അവന്റെ ഉപകാരങ്ങൾക്ക കൃതജ്ഞത കാട്ടുകയും വെണ്ടതു (൧ കൊ. ൧൧, ൨൬)-

൧൮. ക്രിസ്തന്റെ മരണത്തെ പ്രസ്താവിക്കെണ്ടുന്ന പ്രകാരം സ്പഷ്ടമാക്കി പറകയാമൊ-

ഉ— ഞാൻ തിരുവത്താഴത്തിൽ ചെരുമ്പോഴും ചെന്നശെഷവും ക്രിസ്തന്റെ ക്രൂശിലെ മരണത്തെ താല്പൎയ്യത്തോടും വിശ്വാസത്തോടും കൂടെ ധ്യാനിക്കയിൽ പ്രിയരക്ഷിതാവ ശരീരത്തെ ബലികഴിച്ചും രക്തത്തെ ഒഴിച്ചും കൊണ്ട എനിക്കും സൎവ്വലോകത്തിന്നും പാപത്തെ ഇല്ലാതാക്കി നിത്യരക്ഷയെ സമ്പാദിച്ചുകൊള്ളുമ്പൊൾ എത്രയെല്ലാം കഷ്ടിച്ചും അദ്ധ്വാനിച്ചും ഇരിക്കുന്നു എന്നു നന്ന വിചാരിച്ചുകൊള്ളുന്നതു-

൧൯. ഈ ബലിമരണത്തെ ധ്യാനിച്ചു പ്രസ്താവിക്കുന്നതിന്റെ ഫലം എന്തു-

ഉ— കൎത്താവായ യെശു എന്റെ പാപങ്ങളാൽ അതിക്രൂരവെദനകളും കൈപ്പുള്ള മരണവും സംഭവിച്ചതുകൊണ്ടു ഞാൻ പാപത്തിൽ രസിക്കാതെ അതിനെ ദ്വെഷം ഒഴിച്ചു മനസ്സൊടെ പൊകയും എന്നെ ഉദ്ധരിച്ച രക്ഷിതാവിന്റെ പ്രിയം കിട്ടുകെ വലം അവന്റെ ബഹുമാനത്തിന്നായി ജീവിക്ക

യും കഷ്ടപ്പെട്ടുകയ്യും മരിക്കയ്യും ചെയ്യുണ്ടത- എന്നാൽ
എന്റെ അന്ത്യനെരത്തിൽ ഭയം കൂടാതെ തെളിവൊടു
കൎത്താവായയെശുവെ ബലെക്കാക്കിതൊൻ ശ്ലാഘിക്കുന്നി
ങ്ങൾ കഷ്ടപ്പെട്ടുന്നു- ബലെക്കമരിക്കുന്നു ചത്തും ഉയിൎത്തുംനി
ന്നിട്ടുള്ളവനായിരുന്നു- യെശുവെ എന്നെക്കും എന്നെരക്ഷി
ക്കെണമെഎന്നെപറയുമാറാവു- ആമെൻ-

1922 G 9992

കൎണ്ണാടകത്തു മലയാളത്തു

ദെശങ്ങളിലും ഗൎമ്മാന്യബൊധകരാൽ

ഉണ്ടായ സുവിശെഷസഭകളിൽ

വായിച്ചു നടക്കുന്ന

പ്രാൎത്ഥനാസംഗ്രഹം

Prārtthanāsamgraha

Tellicherry

തലശ്ശെരിയിലെ ഛാപിതം

൧൮൫൭

1857.

/.